KOTTAYAM PUBLIC LIBRARY

Call No. M ൯൧൦ Acc. No. ൨8൭൨

Author നരേന്ദ്രനാഥ് ആൻ ജോൺ ആൻ

Title ഠാന്നിവണ്ണ്

1288

# കന്നിമണ്ണ്

(ആൻഡമാൻ ദ്വീപസമൂഹത്തെപ്പറ്റിയുള്ള–
ന്നം.)

കോന്നിയൂർ ആർ. നരേന്ദ്രനാഥ്.

NATIONAL BOOK STALL
SPCS
LTD.
BR. KOTTAYAM

(Malayalam)

Kannimannu

A study about Andaman Islands

By KONNIYOOR R. NARENDRA NATH. B. Sc , B. L.
All India Radio, Port Blair

First Published January 1967

Copies 1000

Printed at
INDIA PRESS, KOTTAYAM

Price Rs. 5.00

Rights Reserved

Published by Mrs. Ganga Narendranath

Distributors:

NATIONAL BOOK STALL
Kottayam Kerala State India

# ഉള്ളടക്കം


| | | |
|---|---|---|
| | മുഖവുര | 9 |
| 1 | പൊതുവിവരണം | 13 |
| 2 | ചരിത്രം—ഒന്നാംഘട്ടം | 23 |
| 3 | ചരിത്രം—രണ്ടാംഘട്ടം | 32 |
| 4 | ഒരു ആക്രമണത്തിൻെറ കഥ | 39 |
| 5 | ദ്വീപുകൾ—ഭൂചരിത്ര വിജ്ഞാനികളുടെ നോട്ടത്തിൽ | 49 |
| 6 | കാലാവസ്ഥ | 57 |
| 7 | ആദിവാസികളുടെ ആവിർഭാവം | 63 |
| 8 | ആൻഡമാനികൾ | 74 |
| 9 | ജറുവകൾ | 77 |
| 10 | സെൻറിനലികൾ | 84 |
| 11 | ഓംഗികൾ | 85 |
| 12 | മററു ജനങ്ങൾ | 92 |
| 13 | കുടിയേററക്കാരുടെ കൂടെ | 99 |
| 14 | തുറമുഖങ്ങൾ | 114 |
| 15 | വിമാനത്താവളം | 123 |
| 16 | നിരത്തുകൾ | 126 |
| 17 | വനങ്ങളും വനവിഭവങ്ങളും | 130 |
| 18 | കുററവാളികളുടെ ലോകം | 142 |
| 19 | ഒരു വൈസ്രോയിയുടെ അന്ത്യം | 156 |
| 20 | ചില വിവരങ്ങൾകൂടി | 164 |
| 21 | ജന്തുലോകം | 176 |
| | സഹായകഗ്രന്ഥങ്ങൾ | 183 |

# ചിത്രങ്ങൾ

ഭൂപടം
1 കടലോരത്തുനിന്നുള്ള വീക്ഷണം
2 പഞ്ചവടിക്കുന്ന്
3 പഞ്ചവടി കടലോരം
4 കോർബിൻസ്കോവ്
5 ചാത്തംദ്വീപ്—ഇന്ന്
6 സെല്ലുലാർ ജയിൽ
7 അബർഡീൻ ജെട്ടി
8 ബാറൻ ദ്വീപ്
9 ജവഹർ സരോവർ
10 സായംസന്ധ്യ
11 ആദിവാസികളുടെ തോണിയും മററും
12 ആൻഡമാനിദമ്പതിമാർ
13 ജറുവ കുട്ടികൾ
14 ഓംഗിസുന്ദരി
15 ഓംഗിദമ്പതിമാർ
16 മറെറാരു മാതാവ് കുഞ്ഞിനോടുകൂടി
17 മത്സ്യവേട്ട
18 ആദ്യത്തെ കുടിയേററക്കാർ
19 മലബാർ മാപ്പിളക്കുടി
20 ബംഗാളിവനിത
21 ദിഗ്ലിപ്പൂർ ഉൾനാട്
22 കേരളപുരത്തെ വിളഭൂമിയിൽ
23 രംഗത്തു ജെട്ടി
24 ഉട്ടറാ ജെട്ടി
25 കണ്ടൽ കാട്
26 ആനകൾ—മധുപുരം താവളത്തിൽ
27 ഡാ. സാവക്കർ കിടന്നിരുന്ന മുറി
28 യാർ മുഹമ്മദ്
29 രംഗചങ്ങിലെ സഹകരണകേരത്തോട്ടം
30 ചാത്തം സമിൽ
31 കടൽപ്പുഷ്പം
32 വില്ലുപാട്ട്

287 26

# കന്നിമണ്ണ്

(ആൻഡമാൻ ദ്വീപസമൂഹത്തെക്കുറിച്ച് ഒരു പഠനം)

KANNIMANNU.
(A Study about the Andaman Islands)
Konniyur R. Narendranath.

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

വിതരണം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 5.00

M910

## കോന്നിയൂർ ആർ. നരേന്ദ്രനാഥിന്റെ

### കൃതികൾ

നമ്മുടെ ഭരണഘടന
പുതിയ ചക്രവാളങ്ങൾ
വളരുന്ന ചക്രവാളം
ശാസ്ത്രഗതി
ജന്തുലോകം
അണു—കുടുംബത്തിൽ
വിശ്വദർശനം
ചക്രവാളത്തിനപ്പുറം
ആത്മമിത്രം
കടപ്പാടുകൾ
മനുഷ്യബന്ധങ്ങൾ
വിവാഹത്തിനുശേഷം
മനുഷ്യരാശിക്കുവേണ്ടി
തെററിദ്ധാരണ നീങ്ങുന്നു
ജീവിതം ആരംഭിക്കുന്നു
മുത്തശ്ശിക്കഥകൾ
വെളിച്ചത്തിലേക്ക്
പുനർജ്ജന്മം
കന്നിമണ്ണ്

S727 D70/66-67 1-1000 JK 109

സ്നേഹനിധിയായ അപ്പൂപ്പൻ

**മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾക്ക്**

ബഹുമാനപൂർവ്വം

—തങ്കപ്പൻ

# മുഖവുര

ആൻഡമാൻ ദ്വീപസമൂഹങ്ങൾ എന്നെങ്കിലും സന്ദർശിക്കണമെന്നും അവിടത്തെ വിവരങ്ങൾ നേരിട്ടു പഠിക്കണമെന്നും വളരെമുമ്പുമുതൽ ആഗ്രഹിച്ചുതുടങ്ങിയതാണു്. ദ്വീപുകളെക്കുറിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വസ്തുതകൾ തിരക്കിപ്പിടിച്ചു സമാഹരിക്കുന്നതിനു് ഇതു് എന്നിൽ താല്പര്യം ഉണ്ടാക്കി. രസകരങ്ങളായ നിരവധി വിവരങ്ങൾ എനിക്കു കിട്ടി. എങ്കിലും, ആ നാടു് തികച്ചും അപ്രാപ്യമായിത്തന്നെ നിലനിന്നു. എൻെറ ജിജ്ഞാസയെ കെടുത്തുകയല്ല, പെരുക്കുകയാണു് ഇതു ചെയ്തതു്. അടുത്തകാലത്തു് അവിടെ പോകുവാനും തുടർന്നു താമസിക്കുവാനും ഇടയായി. ഈ കാലഘട്ടത്തിൽ, കഴിയുന്നത്ര പ്രദേശങ്ങൾ സന്ദർശിക്കുവാനും നേരിട്ടു പഠിക്കുവാനും സാധിച്ചു. നേരത്തെ സമ്പാദിച്ചിരുന്ന വിവരങ്ങളും, ഇവിടെ എത്തിയശേഷം സിദ്ധിച്ച വസ്തുതകളും, നേരിട്ടു നടത്തിയ നിരീക്ഷണങ്ങളും പഠനങ്ങളും നല്കിയ കാര്യങ്ങളും, എല്ലാം അത്യന്തം രസകരങ്ങളാണെന്നു തോന്നി. ജീവിതത്തിൽ പല തൊഴിലുകളിൽ ഏർപ്പെട്ടു്, ആൻഡമാൻദ്വീപുകളിൽ ദീർഘകാലം ജീവിച്ചിട്ടുള്ള നിരവധി വ്യക്തികളുമായി ആശയവിനിമയം നടത്താനും അവസരം സിദ്ധിച്ചു. ഇവയൊക്കെ ചേർത്താണു് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളതു്. ഇന്നത്തെ ആൻഡമാൻദ്വീപുകളെപ്പററി സാമാന്യം വ്യക്തമായ ഒരു ചിത്രം ഇതുകൊണ്ടു വായനക്കാരനിൽ ഉണ്ടാക്കാൻ കഴിയുമെന്നാണു് എൻെറ

പ്രതീക്ഷ. അജ്ഞാതവും അത്ഭുതകരവുമായ ഒരു വിദൂര ലോകത്തിലേക്കു് എൻെറ മനസ്സു നടത്തിയ ധീര സാഹസികസഞ്ചാരത്തിൻെറ ചരിത്രം കൂടിയാണു് ഈ ഗ്രന്ഥം. ഇനിയും എത്രയോ കാര്യങ്ങളുണ്ടു് ഈ ദ്വീപുകളെക്കുറിച്ചു പറയാൻ! മനുഷ്യൻെറതുപോലെ തന്നെയാണല്ലോ ഒരു നാടിൻെറയും കഥ. എന്തൊക്കെ, എത്രകാലം പറഞ്ഞാലും, പിന്നെയും കാണും പറയപ്പെടേണ്ട കാര്യങ്ങൾ. ഈ അർത്ഥത്തിൽ ഈ പുസ്തകം അപൂർണ്ണമാണു്.

അനവധി സ്നേഹിതന്മാർ എനിക്കു സഹായ ഹസ്തങ്ങൾ നീട്ടിയിട്ടുണ്ടു്. അവരുടെയെല്ലാം പേരുകൾ എടുത്തുപറഞ്ഞാൽ പട്ടിക വളരെ ദീർഘിച്ചു പോകും. എന്നുതന്നെയല്ല, അവരിൽ അധികംപേരും തിരശ്ശീലയ്ക്കു പിന്നിൽ നില്ക്കാനല്ലാതെ, അരങ്ങത്തു വരുവാൻ ആഗ്രഹമുള്ളവരുമല്ല. അവരോടുള്ള എൻെറ ആത്മാർത്ഥമായ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ചിത്രങ്ങൾ ആൻഡമാൻ ഭരണവിഭാഗത്തിലെ ഔദ്യോഗിക ഫോട്ടോഗ്രാഫറായ ശ്രീ പി. സി. ഫിലിപ്പ് തയ്യാറാക്കിയിട്ടുള്ളവയാണു്. അവ പ്രസിദ്ധപ്പെടുത്തുവാൻ അനുമതി നല്കിയ ഭരണവകുപ്പിനോടും, അവ പ്രയോജനപ്പെടുത്തുവാൻ അവസരമുണ്ടാക്കിയതിനു ശ്രീ ഫിലിപ്പിനോടും എനിക്കു് അത്യധികം കൃതജ്ഞതയുണ്ടു്.

പുസ്തകരചനയിൽ ദ്വീപുകളെ സംബന്ധിച്ചു് പുറത്തുവന്നിട്ടുള്ള നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും പ്രബന്ധങ്ങളും ഞാൻ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. അവയിൽ പ്രധാനപ്പെട്ടവയുടെ വിവരങ്ങൾ ഒടുവിൽ ചേർത്തിരിക്കുന്നു. വൈസ്രോയിയായിരുന്ന

മേയോപ്രഭുവിൻെറ മരണവിവരങ്ങൾ അദ്ദേഹത്തി ൻെറ ഒരു ജീവചരിത്രത്തിൽനിന്നുമാണ് പ്രധാന മായി സ്വീകരിച്ചിട്ടുള്ളത്.

ഈ പുസ്തകത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള അഭിപ്രാ യങ്ങൾ എൻെറ വ്യക്തിപരമായവയാണെന്ന സംഗ തിയും പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളുന്നു. അന്യ രിൽനിന്നു സ്വീകരിച്ചിട്ടുള്ള ആശയങ്ങൾ അതതു സ്ഥലത്തു സൂചിപ്പിച്ചിട്ടുമുണ്ട്. ആധികാരികങ്ങളെ ന്നും അറിയിക്കപ്പെടേണ്ടതെന്നും തോന്നിയിട്ടുള്ള പ്പോഴേ അപ്രകാരം ചെയ്തിട്ടുമുള്ളു.

അറിവിൻെറ കുറവുകൊണ്ട് വന്നുപോയിട്ടുള്ള പാകപ്പിഴകൾ പരിചയസമ്പന്നരായ വായനക്കാർ കണ്ടെത്തുകയാണെങ്കിൽ അവ അറിയിക്കണമെന്ന് താല്പര്യപ്പെടുന്നു. അടുത്ത പതിപ്പിൽ വേണ്ട തിരുത്ത ലുകൾ വരുത്താനും പുസ്തകം കൂടുതൽ ഉൾക്കനമുള്ളതാ ക്കാനും അത്തരം അഭിപ്രായങ്ങൾ വളരെ സഹാ യിക്കുമല്ലോ.

പോർട്ട് ബ്ളെർ
29-9-1966

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

1

# പൊതുവിവരണം

ആൻഡമാൻ ദ്വീപസമൂഹങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോഠം ഭാരതീയരുടെ മനസ്സിൽ സമ്മിശ്രങ്ങളായ വികാരങ്ങളും വിചാരങ്ങളുമാണ് സ്വാഭാവികമായി ഉയരുക. നിബ്ബന്ധിതമായ ഏകാന്തത അനുഭവിച്ച് വിശാലമായ സാഗരമേഖലയിൽ അവിടവിടെ പൊട്ടുകഠംപോലെ സ്ഥിതിചെയ്യുന്ന ഈ ദ്വീപുകഠം മനുഷ്യൻെറ മാൎദ്ദവചിന്തകളെ വെല്ലുവിളിക്കുകയാണു ചെയ്യുന്നതു്. പരിഷ്കാരവുമായി ബന്ധപ്പെടുന്നതിനു് വിമുഖത പ്രകടിപ്പിച്ചിട്ടുള്ള കുറേ ആദിവാസികഠം മാത്രമാണു് മുമ്പു് ഇവിടെ അധിവസിച്ചുവന്നിരുന്നതു്. ധീരസാഹസികരായ ഭാരതീയസഞ്ചാരികഠം പ്രാചീനകാലത്തു് ഇവിടവും കടന്നു് കിഴക്കേ ഏഷ്യൻ ദ്വീപസമൂഹങ്ങളിൽ താവളങ്ങഠം ഉറപ്പിച്ചു്, പുതിയ സംസ്കാരത്തിന്റെ പ്രഭാതദീപങ്ങഠം കൊളുത്തി. ഇൻഡോനേഷ്യയിലും, മലയയിലും, സയാമിലും, കംബോഡിയയിലും മററും അവർ കത്തിച്ച നെയ്ത്തിരികളിൽനിന്നു് പുതിയ ജീവിതത്തിന്റെ പ്രകാശം പ്രസരിക്കുകയുണ്ടായി. ആ നാടുകളിലെ ഐതിഹ്യങ്ങളിലും ആദികാലകഥകളിലും ഭാരതീയസാഹസികന്മാരുടെ വീരാപദാനങ്ങളുടെ വിസ്മയിപ്പിക്കുന്ന ആഖ്യാനങ്ങഠം അവശേഷിക്കുന്നുണ്ടു്. ഇതിഹാസവീരന്മാരുടെ ജീവിതത്തെ പ്രകീൎത്തിക്കുന്ന ശില്പമാതൃകകഠം, അവിടത്തെ പുരാതനങ്ങളായ ആരാധനാസങ്കേതങ്ങളിൽ എണ്ണമില്ലാതെ നിലനില്ക്കുന്നതു്, ഭാരതീയസംസ്കാരം നല്കിയ സ്വാധീനത്തിന്റെ പ്രത്യക്ഷലക്ഷണങ്ങളായി പരിഗണിക്കാം. കാംബോജം, ചംബ(അന്നാം),

സയാം, സുമാട്രാ, ജാവാ, ബാലി, ബർമ്മ, മലയ തുടങ്ങിയ പ്രദേശങ്ങളുടെ ആദ്യകാലചരിത്രം ഇതു വിശദമാക്കും.

ഈ സംസ്കാരഗംഗയുടെ പ്രവാഹത്തിൽ പെടാതെ ഒഴിഞ്ഞുമാറി നിലനില്ക്കുവാൻ ആൻഡമാൻ ദ്വീപുകൾക്കു്



എങ്ങനെ സാധിച്ചു എന്നുള്ളതു് ചരിത്രഗവേഷകന്മാരുടെ സവിശേഷമായ ശ്രദ്ധയ്ക്കു പാത്രമാകേണ്ട കാര്യമത്രേ. വാസ്തവം എന്തുതന്നെയായാലും ആൻഡമാൻ ദ്വീപസമൂഹങ്ങൾ നൂററാണ്ടുകളായി ഏകാന്തത പരിപാലിച്ചു കഴിഞ്ഞുകൂടി. സമുദ്രസഞ്ചാരികളുടെ അന്വേഷണദൃഷ്ടികളിൽ ഈ സുന്ദരങ്ങളായ നാടുകൾ പെട്ടിരുന്നില്ലെന്നു പറയുക വിഷമംതന്നെ.

ബംഗാൾ ഉൾക്കടലിൻെറ മദ്ധ്യഭാഗത്തുനിന്നു് അല്പം കിഴക്കോട്ടുനീങ്ങി ആറും പതിന്നാലും അക്ഷാംശരേഖകൾക്കും, തൊണ്ണൂററിരണ്ടും തൊണ്ണൂററിനാലും രേഖാംശങ്ങൾക്കും ഇടയിലാണു് ഈ ദ്വീപസമൂഹങ്ങളുടെ സ്ഥാനം. ഈ സമൂഹത്തിൽ വലുതും ചെറുതുമായി ഇരുനൂററിനാലു് ദ്വീപുകളുണ്ടു്. ഇവയുടെ മൊത്തം വിസ്തീർണ്ണം 2461 ചതുരശ്രനാഴികയാണു്. ഇതിൽ ജനവാസമില്ലാത്ത ദ്വീപുകളും ഉണ്ടു്.*

മറെറാരു പ്രദേശത്തിനും ഇല്ലാത്ത പ്രകൃതിഭംഗി ഈ ഭൂവിഭാഗത്തിനുണ്ടെന്നു പറഞ്ഞാൽ അതിശയോക്തിയാകുകയില്ല. സമുദ്രം വിരിച്ച നീലനീരാളത്തിൽ തുന്നിച്ചേർത്തിട്ടുള്ള ഹരിതരത്നങ്ങൾപോലെ ശോഭിക്കുന്ന ഈ ദ്വീപുകളുടെ സസ്യസമൃദ്ധിക്കു നിദാനം, കാലംതെററാതെ ചൊരിയുന്ന കാലവർഷവും ലോഭമില്ലാതെ ലഭ്യമാകുന്ന വെയിലുമാണു്. മദ്ധ്യരേഖാപ്രദേശങ്ങളിൽ വളൎന്നു വിരാജിക്കുന്ന വൃക്ഷലതാദികൾ ഈ ദ്വീപുകളെയും ഹരിതാവരണം അണിയിക്കുന്നു. ഇവിടെ മാത്രമുള്ള സസ്യങ്ങളും വിരളമല്ല. തീരങ്ങളെ, വിശ്രമമില്ലാതെ തഴുകിക്കൊണ്ടിരിക്കുന്ന തരംഗങ്ങൾ, അന്തരീക്ഷസ്വഭാവത്തിൻെറ മാറുന്ന താളത്തിനൊപ്പിച്ചു്, ചില കാലങ്ങളിൽ ഉഗ്രമായി ഇരമ്പിയടിക്കുന്ന വേലിയേററങ്ങളായി രൂപംപ്രാപിക്കാറുണ്ടു്. കപ്പൽസഞ്ചാരികൾക്കു വിനയും വിപത്തും വിതറുന്ന ഇത്തരം സന്ദർഭങ്ങൾ അപൂർവ്വമല്ല. പ്രകൃതിക്ഷോഭത്താലുളവാകുന്ന കപ്പൽച്ചേതങ്ങളിൽ കുടുങ്ങി, എത്രയെത്ര മനുഷ്യരാണു് ഈ പ്രദേശങ്ങളിൽ ആത്മാവു് അർപ്പിച്ചിട്ടുള്ളതു്!

---

* Census of India 1961 Vol. XVII–Andaman and Nicobar Islands (1964)

ആയിരമായിരം കൈപ്പടങ്ങരംകൊണ്ടു് ബലമായി ഗ്രഹിച്ച്, ആശ്ലേഷിക്കുവാൻ ആഞ്ഞുനില്ക്കുന്ന ഭീമകായനെപ്പോലെ, ദ്വീപുകളെ കടന്നു പിടിച്ചിരിക്കുകയാണു് കടൽ. ആഴസമുദ്രത്തിലെ അസ്വാസ്ഥ്യതയും കരയോരക്കടലിലെ അസഹനീയതയും ഇല്ലാതെ, കാററിൽനിന്നും കനത്ത തിരകളിൽനിന്നും, രക്ഷനേടി ശാന്തിയനുഭവിച്ചുകഴിയുന്ന നിരവധി ഉരംക്കടലുകരം ദ്വീപുകളിൽ പലയിടങ്ങളിലുമുണ്ടു്. ഇവ പ്രകൃതിതന്നെ കെട്ടിയൊരുക്കിയിട്ടുള്ള കൊള്ളാവുന്ന തുറമുഖങ്ങളുമാണു്. പ്രധാനപ്പെട്ട എല്ലാ ദ്വീപുകളിലും ഇത്തരം പ്രശാന്തമേഖലകരം പ്രയോജനങ്ങരം പ്രദാനം ചെയ്യുവാൻവേണ്ടി മനുഷ്യരെ മാടിവിളിച്ചുകൊണ്ടു് സ്ഥിതിചെയ്യുന്നു.

വിസ്തീർണ്ണത്തിൽ, പൊതുവെ, ദ്വീപുകളെല്ലാം ചെറുതാണു്. തറ നിരപ്പല്ല, കുന്നും കുഴികളുംകൊണ്ടു തട്ടില്ലാതെ കിടക്കുകയാണു്. അപൂർവ്വം ചില ദ്വീപുകരം നിരപ്പുള്ളതായിട്ടുണ്ടു്. അവയിൽ കുന്നുകളില്ലതാനും. ദ്വീപുകളുടെ പ്രകൃതിഭംഗി വർദ്ധിപ്പിക്കുന്നതു് കുന്നും ചരിവും അടിവാരങ്ങളും കടലും ഉരംക്കടലും എല്ലാം ആണു്. സമാന്തരമായിട്ടാണു് മലകളുടെ നില. വിസ്തീർണ്ണമേറിയ താഴ്വരകരം, നന്നേ വിഷമിച്ചാലെ കണ്ടെത്താനുള്ളു.

സമുദ്രാന്തർഭാഗത്തിലെ പർവ്വതശൃംഗങ്ങളുടെ അഗ്രങ്ങളാണു്, ദ്വീപുകളായി ജലപ്പരപ്പിനു മുകളിൽ ഇവിടെ ദൃശ്യമാകുന്നതെന്നാണു്, ചില ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ മതം. കര വിട്ടാൽ കടുത്ത കയങ്ങളാണു് ദ്വീപുകരംക്കു ചുററും. അപൂർവ്വം പ്രദേശങ്ങളിൽ കരയോടടുത്തു് പവിഴപ്പുററുകൊണ്ടുണ്ടായിട്ടുള്ള പാറക്കൂട്ടങ്ങരം കാണാം. അല്പം ചില അപവാദങ്ങളൊഴിച്ചാൽ ദ്വീപുകളെല്ലാം, സാഗരത്തട്ടിൽനിന്നു് എഴുന്നുവന്നിട്ടുള്ളവയാണു്. പവിഴപ്പുററുകൊണ്ടു രൂപംപ്രാപിച്ചിട്ടുള്ളവയാണു് അപവാദങ്ങളെന്നു പറഞ്ഞതു്. അഗ്നിപർവ്വതജന്യങ്ങളായ ദ്വീപുകരം രണ്ടെണ്ണമുണ്ടു്; ബാരൻ ദ്വീപും നാർകൊണ്ടം ദ്വീപും. ഭാരതത്തിൽ ആകെയുള്ള സജീവമായ ഒരേഒരു അഗ്നിപർവ്വതം ബാരൻ ദ്വീപിലാണുള്ളതു്. കഴിഞ്ഞ 165 കൊല്ലമായി

അത്് നിദ്രയിലാണ്ടിരിക്കുകയാണ്.[1] കടൽരേഖ മുതൽ, സസ്യജാലങ്ങൾ ഇടതൂർന്ന് തഴച്ചുവളരുന്ന ഭൂപ്രകൃതിയാണ് മിക്കവാറും എല്ലാ ദ്വീപുകളിലും. വേലിയേററവും ഇറക്കവും സഹിച്ചുകൊണ്ട് ചതുപ്പുനിലങ്ങളിൽ വേരുറപ്പിച്ചിട്ടുള്ള സസ്യങ്ങൾ അധികവും കണ്ടലിനത്തിൽപ്പെട്ടവയാണ്.

ആൻഡമാൻ ദ്വീപസമൂഹങ്ങളുടെ ആകെ വിസ്തീർണ്ണത്തിൽ എഴുപത്തിരണ്ടു ശതമാനത്തോളം—കൃത്യമായിപ്പറഞ്ഞാൽ 1964—65–ൽ 71.6 ശതമാനം—വനമാണ്.[2] മനുഷ്യന് ഉപയോഗമുള്ള അനവധി സസ്യജാതികൾ ഈ കാനനങ്ങളിൽ കാണാം. നേരും ചൊവ്വുമൊത്ത് നിവന്നു വളരുന്ന വന്മരങ്ങൾ ആരുടെയും ശ്രദ്ധയെ പിടിച്ചു നിർത്തും.

ഈ സമൂഹങ്ങളിൽ ഇരുനൂററിനാല് ദ്വീപുകളുണ്ടെന്നു പറഞ്ഞല്ലോ. ഇവയിൽ വിസ്തീർണ്ണം കൂടിയവ, പ്രധാനമായി, വടക്കെ ആൻഡമാൻ (531.3 ചതുരശ്രനാഴിക.), മദ്ധ്യആൻഡമാൻ (592.9 ചതുരശ്രനാഴിക.), തെക്കെ ആൻഡമാൻ വൈപ്പറും ചാത്തവും ചേർത്ത് (520.4 ചതുരശ്രനാഴിക.), ലിററിൽ ആൻഡമാൻ (282.4 ചതുരശ്രനാഴിക.) എന്നിവയാണെന്നു പറയാം.[3] വടക്കെ ആൻഡമാനോടു തൊട്ടു സ്ഥിതിചെയ്യുന്ന ഇൻറർവ്യൂദ്വീപിനും മററു നാലു ദ്വീപുകൾക്കും 59 ചതുരശ്രനാഴിക കരയുണ്ട്. ബാരടാംഗും സമീപസ്ഥലങ്ങളായ ചെറിയ ദ്വീപുകളും ചേർത്താൽ 11.34 ചതുരശ്രനാഴിക വിസ്തീർണ്ണം വരും. റിച്ചീസ് ദ്വീപസമൂഹം എന്ന നാമധേയത്തിൽ അറിയപ്പെടുന്ന ദ്വീപുകളിൽ ഹാവ്ലോക്ക് ദ്വീപും മററു ആറു ചെറിയ ദ്വീപുകളുമാണു ചേർത്തിരിക്കുന്നത്. അവയുടെ 94 ചതുരശ്രനാഴികയാണ് വിസ്തീർണ്ണം. ഇവയെല്ലാം മദ്ധ്യആൻഡമാ

---

1 Gazetteer of India-Vol. I (1965)

2 മറെറാരു കണക്കനുസരിച്ച് വനശതമാനം 77.8 ആണ്.

3 Report by the Inter Departmental Team on Accelerated Development Programme For Andaman and Nicobar Islands—1965,, Page 6

നിൻെറ പാശ്വവത്തികളാണ്. തെക്കെ ആൻഡമാനിനും ചില ഉപഗ്രഹദ്വീപുകളുണ്ട്. റട്ലണ്ട്ദ്വീപും മററു മൂന്നു ദ്വീപുകളുമാണ് ഇവയിൽ മുഖ്യം. ആകപ്പാടെ 94.20 ചതുരശ്രനാഴികയുണ്ട് ഇവയുടെ വിസ്തീർണ്ണം. ടാർമുഗ്ളിദ്വീപും അതിൻെറ സമീപത്തു സ്ഥിതിചെയ്യുന്ന മററു ദ്വീപുകളും ചേന്നാൽ 12.20 ചതുരശ്രനാഴിക വരും. ഇരുന്നൂററിനാലെണ്ണത്തിൽ ബാക്കിയുള്ളവ ചെറിയ ദ്വീപുകളാണ്. അതിനാൽ അവയെ ഒററതിരിച്ച് എടുത്തുപറയേണ്ടതില്ല. അങ്ങനെയുള്ള നൂററിയറുപത്താറു ദ്വീപുകളുണ്ടെന്ന സംഗതിമാത്രം ഇവിടെ സൂചിപ്പിക്കട്ടെ. ഏതു കാര്യങ്ങളിലുമെന്നപോലെ ഇവിടെയും ഭൂരിപക്ഷം എളിയവക്കാണ്. ഈ ചെറിയ ദ്വീപുകൾക്ക് ആകെ 430.97 ചതുരശ്രനാഴികയോളം വിസ്തീർണ്ണം വരുമെന്നാണു കണക്കാക്കിയിരിക്കുന്നത്.*

ദ്വീപുകളെ സംബന്ധിക്കുന്ന ഏകദേശരൂപം മുകളിൽ കൊടുത്ത വിവരങ്ങളിൽനിന്ന് ഊഹിക്കാമല്ലോ. ഏറവും വലിയ ദ്വീപിനു് കേരളക്കരയിലെ ഏററവും ചെറിയ ജില്ലയായ ആലപ്പുഴയുടെ (703.9 ചതുരശ്രനാഴിക) വിസ്തീർണ്ണത്തിൽ കുറവേയുള്ളു. എങ്കിലും കരയുടെ വൈവിദ്ധ്യം വിസ്മയിപ്പിക്കത്തക്കതാണ്. കടലും, തീരപ്രദേശവും, ഉൾക്കടലും ഉൾനാടുകളും, കുന്നുകളും താഴ്വരകളുംകൊണ്ട് മോടികൂട്ടിയിരിക്കുന്ന നാടിനു തനതായ ഒരു വ്യക്തിത്വം, പൊതുവേയുള്ള ഐകരൂപ്യത്തിൻെറ പശ്ചാത്തലത്തിൽ ദശിക്കാം. നദികൾ വളരെ ഉണ്ടാകുവാൻ വഴിയില്ലാത്ത സാഹചര്യമാണെന്നു പറയേണ്ടതായിട്ടില്ല. എങ്കിലും, ചില ദ്വീപുകളിൽ ആറുകൾ രൂപംകൊണ്ടിട്ടുണ്ട്. മദ്ധ്യ ആൻഡമാനിലെ ബേടാപ്പൂർനദി ഇതിനൊരുദാഹരണമാണ്. അവിടത്തുകാർ അതിനെ നദിയെന്നാണു വിശേഷിപ്പിക്കുന്നതെങ്കിലും, നമുക്ക് അതു കാണുമ്പോൾ ഒരു നല്ല തോടായിട്ടേ തോന്നൂ.

പൊതുവെ പറഞ്ഞാൽ ദ്വീപുകളുടെ കിഴക്കൻപ്രദേശങ്ങളിലാണ് താരതമ്യേന ഉയരമേറിയ കുന്നുകളധികമുള്ള

* Land and People of the Andamans by P. K. Sen. (1962)

ത്ത്. എങ്കിലും, ചില ദ്വീപുകളിൽ ഇതിന്ന് ഒഴിവുകളുണ്ടെ ന്ന വസ്തുതയും മറന്നുകൂടാ, വടക്കേ ആൻഡമാനിന്റെയും മദ്ധ്യആൻഡമാനിന്റെയും കിഴക്കൻമേഖലയിൽ കാണുന്ന കുന്നിൻനിരകളാണ് ഈ ദ്വീപസമൂഹത്തിലെ ഏററവും ഉന്നതമായ ഭാഗം. ഏററവും ഉയരമുള്ള സാഡിൽകൊടുമുടി ക്ക് 2402 അടി ഉയരം വരും. അതായത്ത് സഹ്യപവ്വത ത്തിലെ അഗസ്ത്യകൂടത്തിന്റെ പൊക്കത്തോളം എന്നത്ഥം. കൊടുമുടിയെന്നു കരുതി അതു കാണുവാൻ ചെല്ലുന്ന ഒരാളി ന്ന് നിരാശയോടേ മടങ്ങാനൊക്കൂ! മററു പവ്വതങ്ങൾ ദശി ച്ചിട്ടുള്ള ആളിന്ന് സാഡിൽശൃംഗം സാമാന്യം വലിപ്പം വരുന്ന ഒരു എളിയ കുന്നുമാത്രമാണ്. അതു ചവിട്ടിക്കട ന്ന് അപ്പുറത്തേക്കു സാധാരണ സഞ്ചരിക്കാറുള്ളവർ കുറവ ല്ല. എങ്കിലും മോഴകളുടെയിടയിൽ ഒറ്റക്കൊമ്പൻ വമ്പൻ എന്നപോലെ സാഡിൽകൊടുമുടി ദിവ്യനായി ഇവിടെ വിരാജിക്കുകയാണ്!

പരാമശം അഹിക്കുന്ന അടുത്ത പവ്വതശൃംഖല ചൗളം ഗയാണ്: അത്ത് തെക്കെ ആൻഡമാനിലാണ സ്ഥിതി ചെയ്യുന്നത്. ദ്വീപുകൾ തിരിച്ച്, കുന്നുകളെക്കുറിച്ചു പറ യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും മുഖ്യങ്ങ ളായ ഉന്നതപ്രദേശങ്ങളെപ്പററി അല്പംകൂടി സൂചിപ്പിക്കാം. തെക്കെ ആൻഡമാനിലെ പശ്ചിമപവ്വതമേഖലയുടെ തുട ച്ച് ഇൻററ്വ്യൂദ്വീപിലേക്കു വ്യാപിച്ചുകിടക്കുകയാണ്. ഉയരം ഏററവും കുറഞ്ഞ കുന്നുകൾ ഇവിടെയാണെന്നു പറ യാം. തെക്കെ ദ്വീപിൽത്തന്നെ ഏതാണ്ടു നടുഭാഗത്തും, മദ്ധ്യആൻഡമാനിലെ പശ്ചിമദേശത്തും, തുടന്ന് റേഞ്ചർ ദ്വീപിലും വ്യാപിച്ചുകിടക്കുന്ന പവ്വതശൃംഖലയെയാണ് മുമ്പു പറഞ്ഞ ചൗളംഗാ എന്നു വിളിക്കുന്നത്. ഇതിലെ ഉയരംകൂടിയ മലകൾ, ഫോർഡുമല (1426 അടി) റട്ലണ്ടുദ്വീപിലും, ചൗളംഗാ (1057 അടി) കാഡൽ (1163 അടി) എന്നിവ തെക്കെ ആൻഡമാനിലും, മറെറാന്ന് (1019 അടി) മദ്ധ്യ ആൻഡമാനിലും ആണ സ്ഥിതിചെ യ്യുന്നത്. തെക്കെ ആൻഡമാനിന്റെ പൂവ്വഭാഗത്തു ബാരാ ടാംഗിൽക്കൂടി വടക്കെ ആൻഡമാനിലും തുടന്നുനില്ക്കുന്ന

ഹാരിയട്ടമേഖല ഗണ്യമായ 'ഔന്നത്യത്തോടുകൂടിയ കുന്നുകഠം ഒരുക്കിയിട്ടുള്ള പ്രദേശമാണു്. ഇതിലുള്ള ഹാരിയട്ട് മലയ്ക്കു് 1196 അടിയും, കോയോമ്പിനു് 1509 അടിയും, ഹഡ്സൺമലയ്ക്കു് 1109 അടിയും ആണു് ഉയരം.

ഹാരിയട്ടമലയ്ക്കു് ഇവിടത്തെ ചരിത്രവുമായി അടുത്ത ബന്ധമുണ്ടെന്ന സംഗതിയും ഇവിടെ പറയട്ടെ. ഉഷ്ണകാലത്താവളമായി ഇതു മുമ്പു് ഉപയോഗപ്പെടുത്തിവന്നു. ഭരണാധികാരിയായിരുന്ന ചീഫ്കമ്മിഷണരും ഉദ്യോഗസ്ഥവൃന്ദവും വേനൽക്കാലത്തു പ്രവത്തനകേന്ദ്രം ഇവിടേക്കു നീക്കുകയായിരുന്നു പതിവു്. ഈ സങ്കേതത്തെ ഇതിലേറെ സ്മരിക്കുന്നതു മറെറാരു കാര്യംകൊണ്ടാണു്. ഇവിടം ഒരു മധുവിധുകേന്ദ്രമായിരുന്നു. പഴയ ആളുകഠം പലരും കൗതുകമുള്ള സ്വാനുഭവങ്ങഠം ഇന്നും പറയാറുണ്ടു്.* കുന്നിന്റെ താഴ്വരയിലെ കടലോരത്തു ഹോപ്പ് ടൗൺ എന്നു പേരുള്ള ഒരു സ്ഥലമുണ്ടു്. വള്ളങ്ങഠംക്കും ബോട്ടുകഠംക്കും ചങ്ങാടങ്ങഠംക്കും സൗകര്യമായി അടുക്കുന്നതിനു് ഇവിടെ ഒരു ജെട്ടി തീത്തിരിക്കുന്നു. മലമുകളിലേക്കു പോകുന്നവർ ഇവിടെയാണു് ഇറങ്ങുന്നതു്.

വടക്കെ ആൻഡമാനിൽ ഏററവും ഉന്നതമായ സാഡിൽമലയാണു് ഈ ദ്വീപസമൂഹങ്ങളിലെ ഏററവും ഉന്നതമെന്നു പറഞ്ഞല്ലോ. ജിറോമിക്കു (2247 അടി) എന്ന മലയും ഈ മേഖലയിൽത്തന്നെ. മദ്ധ്യആൻഡമാനിൽ ഇതേ ശൃംഖലയിൽപ്പെടുന്ന മറെറാരു ഉന്നതമായ മല ഡിയനാലോ (1678 അടി) ആണു്.

ആൻഡമാൻ ദ്വീപസമൂഹങ്ങളിലെ ഏററവും വടക്കു സ്ഥിതിചെയ്യുന്ന ദ്വീപു്, ലാൻഡ് ഫാഠം ആണു്. വിസ്തീർണ്ണത്തിൽ താരതമ്യേന ചെറുതുതന്നെ. ബമ്മയുടെ നെഗ്രയിസ് മുനമ്പിൽ(Cape Negrais)നിന്നു് ഇവിടേക്കു് 120 നാഴിക ദൂരമേയുള്ളു. ലാൻഡ് ഫാഠം മുതൽ സമൂഹത്തിലെ തെക്കെയററത്തുള്ള ലിററിൽ ആൻഡമാൻവരെ

* A Voyage of Discovery—Feature Programme by Mani Balasundaram. September 8, 1966.

ഇരുന്നൂറോളം നാഴിക നീളം വരുന്ന ചാപശൃംഖലയിലാണ ദ്വീപുകളെല്ലാം സ്ഥിതിചെയ്യുന്നതു്.

കഠിനശിക്ഷകാംക്ക വിധിക്കപ്പെടുന്നവരെ നാടുകടത്തുന്നതിനായി നീക്കിവെയ്ക്കപ്പെട്ടിരുന്ന ഒരു നാടായിട്ടാണു്, ബഹുജനങ്ങരം 1945 വരെ അറിഞ്ഞിട്ടുള്ളതു്. മററു വിവരങ്ങളെക്കുറിച്ചു് അധികംപേരും അജ്ഞതയിലാണ്ടിരുന്നു. അധികാരികാംക്കല്ലാതെ മററാക്കും വിവരങ്ങരം സിദ്ധിക്കുന്നതിനു വഴിയുമുണ്ടായിരുന്നില്ല. ഇതുമൂലം സാധാരണജനങ്ങരംക്ക ഭയവും സംശയവുമാണു് ഈ ദ്വീപുകളെപ്പററി ഉണ്ടായിരുന്നതു്. ഇതു് ഉറപ്പിക്കുവാൻ ആദിവാസികളുടെ ക്രൂരതയെ സംബന്ധിക്കുന്ന കഥകളും ഉതകി. എന്നാലും, പ്രകൃതിസമ്പത്തുകാം—പ്രത്യേകിച്ചു വനവിഭവങ്ങരം—ചൂഷണംചെയ്യുന്നതിനും തുറമുഖങ്ങരം നവീനരീതികളിൽ സജ്ജീകരിക്കുന്നതിനും പരിപാടികാം മുറയ്ക്കു നടന്നുവന്നു.

സ്വതന്ത്രഭാരതത്തിൻെറ അവിഭാജ്യാംശമായ ഈ പ്രദേശം വിഗണിക്കപ്പെടാവുന്ന സങ്കേതമല്ല. രാജ്യഭദ്രതയുടെ കാര്യങ്ങളിലും പുതിയ ജനപദങ്ങരം ഉയത്തുന്ന പരിപാടികളിലും ഈ ദ്വീപുകാംക്ക പ്രമുഖമായ സ്ഥാനമുണ്ടു്. ബംഗാരം ഉരംക്കടൽപ്രദേശത്തിൻെറ പ്രതിരോധസംവിധാനത്തിൽ ഈ ദ്വീപുകാം പരമപ്രാമാണ്യം നേടുന്നതാണു്. ഭാരതത്തിൻെറ തെക്കെ അതിരു കന്യാകുമാരിയല്ല. അതിലും തെക്കു സ്ഥിതിചെയ്യുന്ന ഗ്രേററ് നിക്കോബർ ദ്വീപിലെ പിഗ്മാലിയൻ മുനമ്പാണു്. കാശ്മീരംമുതൽ പിഗ്മാലിയൻ മുനമ്പുവരെ എന്ന ശൈലി നമ്മുടെ പൗരന്മാരിൽ ദൃഢമൂലമാകണം.

ഒരു മഹാരാജ്യത്തിലെ വിവിധദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങരം തമ്മിൽ വൈകാരികമായ ദൃഢബന്ധം പരിപാലിക്കുവാൻ മനഃപൂവ്വമുള്ള പരിശ്രമങ്ങരം നിരന്തരം നടന്നുകൊണ്ടിരിക്കേണ്ടതാവശ്യമാണു്. ഏകതബത്തിൻെറ പശ്ചാത്തലം അരക്കിട്ടുറപ്പിക്കുവാൻ അതു കൂടാതെ കഴിയുകയില്ല. സ്നേഹബന്ധങ്ങളുടെ ഉറപ്പു പരസ്പരധാരണകൊണ്ടുവേണം സാക്ഷാത്കരിക്കുവാൻ. സഹാനു

ഭൂതിയിലും സഹകരണത്തിലും സഹിഷ്ണുതയിലും ഉറച്ച സമീപനങ്ങളാലേ ഇതു സാദ്ധ്യമാകൂ. നൂററാണ്ടു നൂററാണ്ടുകളായി ഒററപ്പെട്ടു നിലനിന്നിരുന്ന ഈ സങ്കേതങ്ങഠം ഭാരതവൻകരയോടു കൂടുതൽ അടുപ്പിക്കുവാൻ ഒട്ടും അമാന്തിച്ചുകൂടാ. പുതിയ ജീവിതത്തിൻെറ അരുണോദയം ഇവിടെ സമാഗതമായിക്കഴിഞ്ഞു. നവചൈതന്യത്തിൻെറ സ്പന്ദനങ്ങഠം ഏതു മുക്കിലും മൂലയിലും ഉണൎന്നുതുടങ്ങി. ജനാധിപത്യജീവിതത്തിൻെറ പ്രകാശകന്ദളങ്ങഠം പഴയ പാരമ്പര്യങ്ങളുടെ ഇരുട്ടുകഠം ഒടുക്കിക്കൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിലാണു ധാരണയുടെ പാലങ്ങഠം പണിതീൎക്കുന്നതിനുള്ള ഏററവും നല്ല സാഹചര്യങ്ങളുള്ളത്.

ശാസ്ത്രവിജ്ഞാനവും സാങ്കേതികപുരോഗതിയും സംഭാവനചെയ്യുന്ന നൂതനോപാധികഠം സ്വീകരിച്ച്, പഴമയുടെ പാതിരാത്രിയിൽനിന്നു പുതുമയുടെ പ്രഭാതത്തിലേക്ക് ഈ ദ്വീപുകളെ പ്രവേശിപ്പിക്കുവാൻ ഇന്നു പല പദ്ധതികളും നടപ്പിലായിക്കൊണ്ടിരിക്കുകയാണ്.

കൽക്കത്തയിൽനിന്ന് 1255 കിലോമീറ്ററും മദിരാശിയിൽനിന്ന് 1191 കിലോമീറ്ററും അകലെയാണു ദ്വീപസമൂഹങ്ങളുടെ തലസ്ഥാനമായ പോർട്ട് ബ്ളെയർ. വൻകരയിലെ മുഖ്യപട്ടണങ്ങളായ മദിരാശിയും ബോംബെയും ഡൽഹിയും കൽക്കത്തയും തമ്മിൽ ഇതിനെക്കാളേറെ ദൂരമുണ്ട്. എന്നാൽ അകലെയാണ് അവ സ്ഥിതിചെയ്യുന്നതെന്ന ധാരണ അധികംപേരും വച്ചുപുലത്തുന്നില്ല. ഇന്നും പോർട്ട് ബ്ളെയർ ഏതോ വിദൂരദേശത്താണെന്നാണ് ആളുകളുടെ സങ്കല്പം. ഇതു് അറിവിൻെറ കുറവുകൊണ്ടുണ്ടായിട്ടുള്ള മാനസികപ്രതിഭാസമാണ്. ഈ സ്ഥിതി മാറേണ്ടതും മാറേറണ്ടതും ആണെന്ന് എടുത്തുപറയേണ്ടതായിട്ടില്ല. ധാരണയുടെ പാലം തീൎക്കാനുള്ള അതിമോഹത്തിൽനിന്ന് ഉത്ഭവിച്ച സാഹസികത്വമാണ് ഈ പുസ്തകരചനയ്ക്കു പ്രചോദനം നല്കിയതു്. ഈ ഗ്രന്ഥംവഴി ആശയവിനിമയം അല്പമെങ്കിലും സാധിക്കുമെങ്കിൽ അതിൽ കവിഞ്ഞ് ഒരു പ്രതിഫലം ഞാൻ പ്രതീക്ഷിക്കുന്നില്ല.

## 2
## ചരിത്രം—ഒന്നാംഘട്ടം

ആൻഡമാൻദ്വീപസമൂഹങ്ങളെ സംബന്ധിക്കുന്ന ചരിത്രവിവരങ്ങൾ കൗതുകമുളവാക്കുന്ന വസ്തുതകൾ സംഭാവനചെയ്യുന്നുണ്ട്. തനി സ്വദേശികളായ ആദിവാസികൾ ഇവിടെ എത്തിയ കാലത്തെക്കുറിച്ചോ അവരുടെ തനതായ പൂർവ്വചരിത്രത്തെക്കുറിച്ചോ ആധികാരികങ്ങളായ കാര്യങ്ങൾ തീരെ ഇല്ല. അധികവും നിഗമനങ്ങളിലാണു നാം നില്ക്കേണ്ടിയിരിക്കുന്നതു്. വൻകരയുമായി ഒട്ടും സമ്പർക്കമില്ലാതെ ദീർഘകാലം കഴിയാനിടവന്നിട്ടുള്ളതിനാൽ ഇവിടത്തുകാർക്കു് ആധുനികങ്ങളായ ആശയങ്ങളോ രീതികളോ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. തങ്ങളുടേതു മാത്രമായ ഒരു ലോകത്തിൽ ഒതുങ്ങി ഒററപ്പെട്ടാണു് അവർ ജീവിച്ചതു്. ഈ ദ്വീപുകളെപ്പററിയുള്ള അറിവു പ്രാചീനകാലംമുതൽ വിദേശികൾക്കുണ്ടായിരുന്നു. എങ്കിലും, ഇവിടത്തെ നാട്ടുകാരുമായി ഏതെങ്കിലും രമ്യമായ സമ്പർക്കമോ സഹവാസമോ ആരും സ്ഥാപിക്കുകയുണ്ടായിട്ടില്ല.

ഈ ദ്വീപസമൂഹങ്ങൾക്കു് 'ആൻഡമാൻ' എന്ന പേർ എങ്ങനെ ഉണ്ടായി എന്നതിനെപ്പററി നിശ്ചിതമായി പറയാൻ വിഷമമുണ്ടു്. പഴയ കാലംമുതൽ ഈ നാമധേയം ഉണ്ടായിരുന്നുതാനും. ഭാരതീയ ഇതിഹാസത്തിലെ—രാമായണത്തിലെ —ഹനുമാനുമായി ഇതിനു ബന്ധമുണ്ടെന്നു പറയപ്പെടുന്നു. ഹനുമാൻെറ കൂട്ടർ ഇവിടെയായിരുന്നത്രേ അധിവസിച്ചിരുന്നതു്. അതിനാൽ 'ഹാൻഡുമാൻ' എന്ന പേർ ഇതിനു വീണു. വാനരരോടു രൂപസാദൃശ്യമുള്ളവർ ജീവിക്കുന്ന നാടു് എന്ന അർത്ഥത്തിലാണു് അതു് ഉപയോഗിച്ചിരുന്നതെന്നാണു് അനുമാനം.

ഏ. ഡി. രണ്ടാംദശകത്തിലെ ക്ലാഡിയസ് ടോളമി (Claudius Ptolemy)യുടെ കുറിപ്പുകളിൽ ഈ പ്രദേശത്തെക്കുറിച്ചുള്ള സൂചന ഉണ്ടെന്നു കരുതാമെന്നാണു ചിലരുടെ പക്ഷം.

അദ്ദേഹത്തിൻെറ 'അഗാത്തോ ഡൈമോനോസ് നെസോസ്' (Agathou Daimonos Nesos) ഈ നാടുകളെപ്പററി സൂചിപ്പിച്ചിരുന്ന കാര്യങ്ങളെ ആസ്പദമാക്കി നടത്തിയിട്ടുള്ള പരാമർശമായി കണക്കാക്കപ്പെടുന്നു. ഈ ദ്വീപുകളുടെ സ്ഥാനത്തുള്ള പ്രദേശങ്ങളെപ്പററിയാണു് ഈ പ്രസ്താവന എന്നാണു് അനുമാനം. 'അഗ്മാറേറ' (Agmatae) എന്നും ചില രേഖകളിൽ കാണുന്നുണ്ടു്. ഒൻപതാംനൂററാണ്ടിലെ അറബിസഞ്ചാരികൾ പറഞ്ഞിട്ടുള്ള വിവരങ്ങളിൽ 'അംഗമാനേൻ' (Angamanain) എന്നാണു കാണുക. മലയൻതീരങ്ങളിലെ ആളുകൾ ആദികാലത്തു് 'അംഗമാനിയൻ' എന്നാണു വിളിച്ചിരുന്നതു്. ഈ ദ്വീപുകളെക്കുറിച്ചുള്ളതെന്നു വ്യക്തമായി വിധിക്കാവുന്ന പ്രസ്താവനകൾ രാമായണത്തിലോ ഭാരതത്തിലോ ഉണ്ടെന്നു പറയാമെന്നു തോന്നുന്നില്ല. എങ്കിലും 1951—ലെ കാനേഷുമാരി കണക്കുകളുടെ അനുബന്ധമായി ചേർത്തിരിക്കുന്ന എസ്. കെ. ഗുപ്തയുടെ ലേഖനത്തിൽ, രാമായണത്തിലെ കിരാതരെന്ന ജനങ്ങൾ ഇവരായിരിക്കാമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. 'അംഗമാനിയനോ', 'ഹാൻഡുമാനോ'—ഹനുമാനുമായി അതിനു ബന്ധമുണ്ടെങ്കിലും ഇല്ലെങ്കിലും—ആയിരിക്കാം 'ആൻഡമാൻ' എന്നു പരിണമിച്ചതു്.

പ്രാചീനകാലത്തെ സഞ്ചാരികൾ പലരും ഈ ദ്വീപുകളെക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ടു്. ഒരു ബൗദ്ധഭിക്ഷുവായിരുന്ന ഇ സിംഗ് (I Sing 672 A. D.) ചില അറബിസഞ്ചാരികൾ, മാർക്കോപോളോ (Marco Polo1286), ഫ്രിയർ ഒഡോറിക്ക് (Friar Odoric 1322), നിക്കോളോ കോർട്ടി (1430) തുടങ്ങിയവരുടെ സഞ്ചാരവിവരണങ്ങൾ തുടങ്ങിയവ ഇ[illegible] തിനു് ഉപോൽബലകങ്ങളത്രേ. മുകളിൽ പറഞ്ഞ അറബി[illegible] സഞ്ചാരികൾ ഈ ദ്വീപിൽ ഇറങ്ങിയിട്ടുള്ളതായി നല്കി[illegible] യിരിക്കുന്ന സഞ്ചാരക്കുറിപ്പുകളിലെ പ്രസ്താവനകൾ പി[illegible] ല്ക്കാലത്തു് പെംബർട്ടൻെറ സഞ്ചാരവിവരണങ്ങളിൽ ചേ[illegible] ർത്തിരിക്കുന്നു. ഇവിടത്തെ നിവാസികളെക്കുറിച്ചു വ്യക്തമെങ്കിലും കൂടുതൽ നിറം ചേർത്തിട്ടുള്ള ചിത്രങ്ങളാണു് അവർ രചിച്ചിട്ടുള്ളതു്. കറുത്തനിറവും എഴുന്നുനില്ക്കുന്ന

മുടിയും ക്രൂരത ദ്യോതിപ്പിക്കുന്ന നയനങ്ങളും ആയിരുന്നു ആദിവാസികൾക്കുണ്ടായിരുന്നതു്. നഗ്നരായ അവക്കു മനുഷ്യമാംസത്തിലായിരുന്നത്രേ വലിയ കൊതി. പട്ടിയുടെ തലയുള്ള പ്രാകൃതമനുഷ്യരായിരുന്നു ഇവിടെ അധിവസിച്ചിരുന്നതെന്നും ചില വിവരണങ്ങളിലുണ്ടു്. നിറംപിടിപ്പിച്ച നുണകൾ എന്നുമാത്രമേ ഇവയെപ്പററി പറയാനുള്ളു. കടൽക്കൊള്ളക്കാരുടെ രഹസ്യസങ്കേതങ്ങളായിരുന്നു ഈ ദ്വീപുകളിൽ ചിലതൊക്കെ. അവിടേക്കു് എത്തിനോക്കുവാൻപോലും ആരും ശ്രമിക്കരുതെന്നു കരുതി, ഭീകരങ്ങളായ വിവരണങ്ങൾ പ്രചരിപ്പിക്കുന്നതിനു തല്പരകക്ഷികൾ മനപ്പൂവ്വം താല്പര്യം കാണിച്ചിരിക്കണം. അങ്ങനെയുള്ള കഥകളെ, അപ്പാടെ സഞ്ചാരികൾ സ്വന്തം വൃത്താന്തങ്ങൾക്കു വില കൂട്ടുവാൻ, വിനിയോഗിച്ചതുകൊണ്ടാകാം സാഹസികയാത്രക്കാരുടെവിവരണങ്ങളിൽ ഇവ സ്ഥാനം പിടിച്ചതു്.*

ഏഴാംനൂറ്റാണ്ടിനുശേഷം ദേശാടനക്കാരുടെയും നാവികരുടെയും പ്രസ്താവനകളിൽ, ഇടതടവില്ലാതെ, തുടർച്ചയായി ഈ ദ്വീപുകളെപ്പറ്റി പരാമശ്ശങ്ങൾ കാണാം! മദ്ധ്യകാലങ്ങളിലെ ഭൂപടങ്ങളിലും ദ്വീപുകൾ രേഖപ്പെടുത്തിക്കാണുന്നു. ഔറംഗ്സീബ് ഭാരതം വാണിരുന്ന കാലത്തു്, ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാർ കിഴക്കനേഷ്യയിൽ അധികാരം സ്ഥാപിക്കുന്നതിനു മനപ്പൂവ്വം മത്സരിച്ചുതുടങ്ങിയല്ലോ. അപ്പോൾ ഈ മേഖലയെക്കുറിച്ചു കൂടുതൽ വ്യക്തമായ ധാരണകൾ ഉണ്ടാകേണ്ടതു് അവരുടെ ഒരാവശ്യമായിത്തീന്നു. എങ്കിലും, ആധുനികരീതിയിലുള്ള വിശ്വസനീയങ്ങളായ വസ്തുതകൾ ശേഖരിക്കുവാൻ ഗൗരവമേറിയ പരിശ്രമങ്ങളാരംഭിച്ചതു പതിനെട്ടാംനൂററാണ്ടിലാണെന്നു പറയാം.

ഈ പ്രദേശങ്ങളിലെ സമുദ്രത്തിൽ പ്രവത്തിച്ചുപോന്ന കടൽക്കൊള്ളക്കാരുടെ താവളങ്ങൾ നശിപ്പിച്ചു കപ്പലുകൾക്കു സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതു് ഒഴിച്ചുകൂടാനാ

---

* A History of Our Relations with the Andamanese by M. V. Portman.

വാത്ത ആവശ്യമായി. കപ്പൽച്ചേതങ്ങളിൽ കുടുങ്ങിപ്പോകുന്ന നാവികന്മാർ നീന്തിക്കയറി രക്ഷതേടുമ്പോഠം, ആദിവാസികളിൽനിന്നു നിരന്തരം ലഭിച്ചുകൊണ്ടിരുന്ന വിഷമതകഠംക്കു് അന്തംവരുത്തേണ്ടതും ആവശ്യമായിത്തീൎന്നു. ഇവിടെമെല്ലാം സൎവ്വേചെയ്തു് ഒരു സങ്കേതം സ്ഥാപിക്കുന്നതിനായി ഈസ്റ്റു് ഇന്ത്യാ കമ്പനിക്കാർ നടപടികളെടുത്തു.[1] ആൻഡമാൻ ദ്വീപുസമൂഹങ്ങളിൽ ഇത്തരം താവളങ്ങഠംക്കുള്ള സൗകര്യങ്ങഠം കണ്ടെത്തുവാൻ കോൺവാലീസ് പ്രഭു രണ്ടു് ഉദ്യോഗസ്ഥന്മാരെ 1788-ൽ നിയോഗിച്ചു. ക്യാപ്റ്ററൻ ആച്ചിബാഠംഡു് ബ്ളെയറും (Captain Achibald Blair) കേണൽ കോഠംബ്രൂക്കും (Col. Colebroke) ആണു് അന്നു നിയുക്തരായവർ. ബ്ളെയർ, ഈസ്റ്റു് ഇന്ത്യാക്കമ്പെനിയുടെ സമുദ്രപഠനവിദഗ്ദ്ധനും, കോഠംബ്രൂക്ക്, അന്നത്തെ സൎവ്വേയർ ജനറാളുമായിരുന്നു. ഇവരുടെ പര്യടനം 1789-ൽ അവസാനിച്ചു. അക്കൊല്ലം ജൂണിൽ ബ്ളെയറിൻെറ റിപ്പോർട്ടു തയ്യാറായി. സ്വന്തം നിരീക്ഷണങ്ങളെ സംബന്ധിച്ച വിശദവിവരങ്ങളും അവയ്ക്കു് ആധാരമായി പടങ്ങളും സ്ഥലങ്ങളുടെ സ്ഥാനം രേഖപ്പെടുത്തിയ സൎവ്വേപടങ്ങളും റിപ്പോർട്ടിലുണ്ടായിരുന്നു.[2] നാട്ടുകാരെക്കുറിച്ചു ബ്ളെയറിൻെറ വിശദീകരണങ്ങളിൽ അനുകൂലമായ അഭിപ്രായങ്ങളാണു് അടങ്ങിയിരുന്നതു്. അതിനെ ആസ്പദമാക്കി ഈ പ്രദേശത്തു ചില താവളങ്ങഠം സ്ഥാപിക്കുന്നതിനുള്ള തീരുമാനമായി. തൽഫലമായി ആദ്യത്തെ സങ്കേതം കോൺവാലീസ് തുറമുഖം (Port Cornwallis) എന്ന പേരിൽ തെക്കെ ആൻഡമാൻ ദ്വീപിൽ 1789-ൽ സംസ്ഥാപിതമായി.

കോഠംബ്രൂക്കിൻെറ റിപ്പോർട്ടു് 1795-ൽ ആണു് പ്രസിദ്ധീകൃതമായതു്. അത്യധികം ആധികാരികങ്ങളായ വസ്തുതകഠം അതിൽ അവതരിപ്പിച്ചിരുന്നു. എങ്കിലും, റിപ്പോർട്ടു് പൊതുജനങ്ങഠംക്കു ലഭിക്കുന്നതിനു സൗകര്യമായില്ല. ചിത്രകാരൻകൂടിയായിരുന്ന കോഠംബ്രൂക്ക് സ്വയം രചിച്ച നിരവധി വൎണ്ണചിത്രങ്ങഠം ഇതിൽ ചേൎത്തിരുന്നു.

1 See: Indian Survey Department, 1883—86.

2 Indian Antiquary—Vol. xxviii—onwards.

ഇതു് ഈ വിവരണങ്ങളുടെ മാററുകൂട്ടിയെന്നു പറയേണ്ടതാ യിട്ടില്ല.

ക്യാപ്ററൻ ബ്ളെയർ 1789 സെപ്തംബർ 28-ാം തീയതിയാണ മാക്ക്ദ്വീപിൽ—ഇന്നു് അതിൻെറ പേർ ചാത്തംദ്വീപ് എന്നാണു്—എത്തിയതു്. ആറുമാസത്തേക്കു് ആവശ്യമായ സാധനസാമഗ്രികഠം സംഭരിച്ചു്, പരിവാരത്തോടുകൂടിയാണു് അദ്ദേഹം എത്തിയതു്. ദ്വീപിൻെറ കിഴക്കേമൂലയ്ക്കു പീരങ്കികഠം ഉറപ്പിക്കുകയാണു് അവർ ആദ്യമായി ചെയ്ത പ്രവൎത്തനം. തുടൎന്നു് ആവശ്യംവരുന്ന പച്ചക്കറികളും മററും ചെറിയ തോതിൽ കൃഷിചെയ്യുവാൻ നിലമൊരുക്കി. ശുദ്ധജലസംഭരണത്തിനുള്ള പണിയും പൂൎത്തിയാക്കി. ആദിവാസികളിൽനിന്നു് അനുകൂലമായ മനോഭാവമായിരുന്നില്ല അന്നുണ്ടായതു്. ഒരവസരത്തിൽ സംഘംചേൎന്നു് അവർ താവളം ആക്രമിക്കുകയുണ്ടായി.

അക്കൊല്ലം ഡിസംബർ 19-ാംതീയതി പെർസിവറൻസ് (Perseverance), ഏറിയൽ (Ariel) എന്നീ കപ്പലുകളുമായി കോമ്മഡോർ കോൺവാലീസ് ഈ സങ്കേതം സന്ദൎശിച്ചു. കോൺവാലീസ്പ്രഭുവിൻെറ സഹോദരനായിരുന്ന കോമ്മഡോർ കോൺവാലീസ്, ഈസ്റ്റ് ഇൻഡീസിലെ ഇംഗ്ലീഷ് നാവികപ്പടയുടെ തലവനായിരുന്നു. ഈ താവളത്തിലെ സ്ഥിതിഗതികളിൽ ഇദ്ദേഹത്തിനു സംതൃപ്തി തോന്നിയതായി രേഖപ്പെടുത്തിയിട്ടുണ്ടു്. തുറമുഖത്തിനു് അത്യന്തം പററിയ സ്ഥലമാണിതെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. പണികളുടെ പുരോഗതി ഉത്തേജിപ്പിക്കുവാൻ കല്ക്കത്തയിൽനിന്നു് കൂടുതൽ ജോലിക്കാരെ കൊണ്ടുവരുവാൻ വ്യവസ്ഥയുണ്ടായി. താവളം പരിപാടിയനുസരിച്ചു് അഭിവൃദ്ധിപ്പെട്ടുവന്നെങ്കിലും ആദിവാസികളുടെ എതിൎപ്പ് രൂക്ഷമാകുകയാണുണ്ടായതു്. അവിടെ താമസത്തിനെത്തിയ നാലു മുക്കുവരെ ഒരു സായാഹ്നത്തിൽ കാണാതായി. മൂന്നുദിവസത്തിനുശേഷം അവരിൽ രണ്ടുപേരുടെ മൃതദേഹങ്ങഠം ധാരാളം മുറിവുകളോടുകൂടി കണ്ടുകിട്ടി. രക്ഷാപ്രവൎത്തനങ്ങളുടെ ശക്തി കൂട്ടുന്നതിനു് ഈ സംഭവം വഴിയുണ്ടാക്കിയെന്നു പറയാം.

കോൺവാലീസ് തുറമുഖത്തിൻെറ ഉത്തരവാദിത്വം ലെഫ്ററനൻറ് വേൽസിൻെറ (Lieutenant Wales) ചുമതലയിലാക്കി, ബ്ളെയർ ആൻഡമാൻസിൻെറ കിഴക്കേത്തീരം സർവ്വേ ചെയ്യുന്ന പണിതുടങ്ങി. പൂർവ്വതീരത്തുള്ള ഒരു സങ്കേതം ഗവർണ്ണർജനറലിൻെറ സത്വരശ്രദ്ധ അർഹിക്കുന്നുണ്ടെന്നു് 1790 ഏപ്രിൽ 13–ാംതീയതി ബ്ളെയർ എഴുതി. നവംബറിൽ കോമ്മഡോർ കോൺവാലീസ് അവിടം സന്ദർശിച്ചു. കൂടുതൽ വസ്തുതകൾ സമാഹരിക്കുവാൻ കോമ്മഡോർ ആവശ്യപ്പെട്ടതനുസരിച്ച് അവ ശേഖരിക്കുകയുണ്ടായി. പിന്നെ റിപ്പോർട്ടു കിട്ടിയപ്പോൾ, അന്നത്തെ കോൺവാലീസ് തുറമുഖത്തെക്കാൾ വടക്കുകിഴക്കുള്ള ഈ സങ്കേതമായിരിക്കും മെച്ചമെന്നു് ഗവർണ്ണർ ജനറലിനോടു കോമ്മഡോർ ശുപാർശചെയ്തു. നാവികസൈന്യവിന്യാസത്തിനും മററും കൂടുതലായി തന്ത്രപ്രാധാന്യമുള്ള ഈ സങ്കേതമാണു് ഉതകുന്നതെന്നായിരുന്നു ശുപാർശ.

മാക്ക്ദ്വീപിലെ (ചാത്തംദ്വീപിലെ) പണികൾ ഇടതടവില്ലാതെ പുരോഗമിച്ചുവന്നു. അവിടെ ആണ്ടിൽ മൂന്നുതവണ കപ്പലുകൾ സന്ദർശിച്ചുതുടങ്ങി. ഈ പ്രദേശത്തെ വനങ്ങളിൽനിന്നു വെട്ടിയിറക്കിയ തടികളുടെ മാതൃകകൾ കല്ക്കത്തയിൽ എത്തിച്ചു. 1790 ആഗസ്റ്റിൽ ഇവിടെ 119 വേലക്കാരാണുണ്ടായിരുന്നതു്. അവരുടെ ആരോഗ്യനില തികച്ചും തൃപ്തികരമായിരുന്നു. 1791 ഫെബ്രുവരിയിൽ കപ്പൽപ്പാലം (Wharf) പൂർത്തിയായി. ബംഗാൾ ഉൾക്കടലിൽ പ്രവർത്തിച്ചുവന്നിരുന്ന കപ്പലുകൾ ഇവിടെ നങ്കൂരമടിക്കുന്നതു് സാധാരണമായി. ജോലിക്കാർക്കു് തങ്ങളുടെ കുടുംബാംഗങ്ങളെ കൊണ്ടുവരുന്നതിനുള്ള അനുമതി കൊടുക്കേണ്ടതാണെന്നു് ബ്ളെയർ ശുപാർശചെയ്തു. ഇങ്ങനെ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്ന കാലത്തു് കോമ്മഡോർ കോൺവാലീസിൻെറ വിദഗ്ദ്ധനിർദ്ദേശമനുസരിച്ച് ഈ സങ്കേതം വടക്കോട്ടു നീക്കുന്നതിനുള്ള ഉത്തരവായി. ഒക്ടോബർ 16–ാംതീയതിയാണു് തീരുമാനം ബ്ളെയർ അറിഞ്ഞതു്. പുതിയ സങ്കേതത്തിലേക്കു മാറേണ്ട പരിപാടിയെന്തായിരിക്കണമെന്നുള്ള ഔദ്യോഗികമായ ഉത്ത

രവ്  നവംബർ 5–ാംതീയതി ഗവണ്ണർജനറൽ ഒപ്പുവച്ചു. അവിടെ ഒരു നാവികപ്പടക്കോപ്പുശാല സ്ഥാപിക്കുകയെന്നായിരുന്നു ആദ്യത്തെ നടപടി. അതിനുവേണ്ട കെട്ടിടങ്ങളും മററും നിർമ്മിക്കുവാൻ ക്യാപ്റ്ററൻ അലക്സാണ്ടർ കൈഡ് (Captain Alexander Kyd) നിയമിതനായി. കൈഡ് ചാർജ്ജെടുക്കുന്നതുവരെ ബ്ളെയർ അവിടെ ഉത്തരവാദിത്വത്തിലിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടു. പഴയ സങ്കേതത്തിൻെറ പേരുതന്നെ പുതിയതിനും ഇടണമെന്നും, ബ്ളെയർ അതിൻെറ അടിസ്ഥാനം സ്ഥാപിക്കണമെന്നുമായിരുന്നു വ്യവസ്ഥകൾ.

തെക്കെ ആൻഡമാനിലെ ആദ്യത്തെ സങ്കേതം 'പഴയ തുറമുഖം' (Old Harbour) എന്നാണ് അന്നുമുതൽ അറിയാൻ തുടങ്ങിയതു്. എന്നാൽ വടക്കെ ആൻഡമാനിൽ ആരംഭിച്ച കേന്ദ്രം ക്രമേണ അസ്വീകാര്യമായിത്തീരാൻ തുടങ്ങി. 1794–ൽ ഗവണ്ണർജനറലിൻെറ കൗൺസിൽ, കോൺവാലീസ് തുറമുഖത്തിലെ സാഹചര്യങ്ങൾ ആരോഗ്യത്തിനു തീരെ അനുകൂലമല്ലെന്നും, കാടുകൾ വെട്ടിയഴിക്കുമ്പോൾ മെച്ചപ്പെട്ടേക്കുമെന്നും അഭിപ്രായപ്പെട്ടു. അഞ്ചു് യൂറോപ്യൻകുററവാളികളെ ഈ സങ്കേതത്തിലേക്കു് അയക്കുന്നതിനു് അഭിപ്രായമുണ്ടായി. എന്നാൽ അവരെ അവിടെ സ്വീകരിക്കുന്നതിനു പററിയ സാഹചര്യമല്ലെന്ന കാരണത്താൽ അതു നടന്നില്ല. 1794 നവംബർ 22–ാംതീയതി ബംഗാളിൽനിന്നു കൂട്ടതലായി അൻപതു കുററവാളികളെ വേലചെയ്യാൻവേണ്ടി ഇവിടേക്കു് അയച്ചു. അടുത്ത വർഷകാലത്തു് അവരെല്ലാം മൃതരായി. ഇവിടെ സേവനത്തിലിരുന്ന റെയ്സിച്ച് എന്ന ശസ്ത്രക്രിയാവിദഗ്ദ്ധൻെറ മരണവും ലെഫ്ററനൻറ് റാംസേയുടെ അധഃപതിച്ചുകൊണ്ടിരുന്ന ആരോഗ്യവും കണക്കിലെടുത്തു് ഈ സങ്കേതം ഉപേക്ഷിക്കുന്നതിനു് 1796–ൽ തീരുമാനിച്ചു, ഈ കാലത്തു് 270 കുററവാളികളും 550 സ്വതന്ത്രരും ആയിരുന്നു ഇവിടത്തെ ജനങ്ങൾ. ജോലിചെയ്യാൻ കൊണ്ടുവന്നിരുന്ന കുററവാളികളെ പ്രിൻസ് ഓഫ് വേൽസ് ദ്വീപിലേക്കും

സ്വതന്ത്രരെ ബംഗാളിലേക്കും അയയ്ക്കുവാനാണ് ഏർപ്പാട ചെയ്യതു്.

ദ്വീപുകളിലെ മുഖ്യസങ്കേതം പിന്നെ പഴയ തുറമുഖത്തിൽത്തന്നെയായെന്നു പറയാം. എന്നാൽ ഈ കേന്ദ്രത്തിൻെറ പേർ, ബ്ളെയറിന്റെ സ്മരണയെ ലാക്കാക്കി പോർട്ട് ബ്ളെയർ എന്നായിത്തീരുകയുണ്ടായി.

ഇനിയുള്ള അരന്ത്രാററാണ്ടുകാലത്തെ വിശദമായ വിവരങ്ങൾ സിദ്ധിക്കുന്നില്ല. 1824-ൽ ബർമ്മായുദ്ധത്തിൽ പങ്കെടുക്കാനുള്ള സൈന്യത്തെ വഹിച്ചുകൊണ്ടു് ആർച്ചിബാൾഡ് ക്യാംബെലിൻെറ നേതൃത്വത്തിൽ ഒരു കപ്പൽവ്യൂഹം കോൺവാലീസ് തുറമുഖത്തു് അടുത്തതായിട്ടറിവുണ്ടു്. പിന്നീട്ടുള്ള പരാമർശം 1839-നെപ്പററിയാണു്. ഈ ദേശത്തു് സ്വർണ്ണം ധാരാളമുണ്ടെന്നു പ്രചരിച്ചിരുന്ന കഥകളുടെ പൊരുൾ പരിശോധിക്കാൻ ഒരു ശ്രമം അന്നു നടന്നു. ഇന്ത്യാഗവണ്മെൻറിൻെറ സേവനത്തിലിരുന്ന റഷ്യക്കാരനായ ഡാക്ടർ ഹെൽഫർ (Dr. Helfer) ഇതിനായി കോൺവാലീസ് തുറമുഖത്തിനു വടക്കു് ഒരു സ്ഥലത്തു് സ്വർണ്ണനിക്ഷേപസാദ്ധ്യത ആരാഞ്ഞുകൊണ്ടിരിക്കവേ ആദിവാസികളുടെ അമ്പിനു് ഇരയായി. 1844-ൽ ബ്രിട്ടൻ (Briton), റണ്ണിമേട്ട് (Runnymede) എന്ന കപ്പലുകൾ പട്ടാളക്കാരെ വഹിച്ചുകൊണ്ടു് യാത്രചെയ്യുമ്പോൾ കൊടുങ്കാററിൽപ്പെട്ടു. അതിൽനിന്നു രക്ഷപെട്ടവർ കരയിലെത്തിയപ്പോൾ ആദിവാസികളിൽനിന്നു് അത്യന്തം പ്രതികൂലമായ അനുഭവങ്ങൾക്കു വിധേയരായിത്തീൎന്നു.

അപകടകാരികളായ കുററവാളികൾക്കു് ഒരു താവളമാക്കിത്തീർക്കാവുന്ന ഒരു സങ്കേതം സ്ഥാപിക്കാനായി സ്ഥലം ശുപാർശചെയ്യുവാൻ ഒരു പര്യടനസംഘം നിയുക്തരായി. ഫ്രെഡ്രിക്ക് ടി. മോവട്ടിൻെറ (F. J. Mouat) നേതൃത്വത്തിലായിരുന്നു 1857-ൽ ഇതുണ്ടായതു്. ഇതിനുവേണ്ടി പ്ലേഫെയർ (Dr. George Playfair), ഹീത്കോട്ടു് (J. A. Heathcote) എന്നിവരോടൊത്തു് 1857 നവംബർ 23-ാംതീയതി സെമിറാമിസ് (Semiramis) എന്ന കപ്പലിൽ അദ്ദേഹം യാത്രതിരിച്ചു. ഭാരതത്തിൽ ഇംഗ്ലീഷുകാ

രുടെ പരമാധികാരത്തെ ആകെ പിടിച്ചുകുലുക്കിയ ഒന്നാമത്തെ സ്വാതന്ത്ര്യസമരം ഉഗ്രമായി ആരംഭിച്ചുകഴിഞ്ഞിരുന്നു. വിദേശമേധാവികളുടെ അഭിപ്രായത്തിൽ അപകടമുണ്ടാക്കുന്ന ആളുകളുടെ എണ്ണം പെരുകി. ഇവരെ ശിക്ഷിച്ചു് കഠിനമായ പണികൾ ചെയ്യിക്കുവാൻ പററിയ സങ്കേതം പോർട്ട്ബ്ളെയർ ആയിരിക്കുമെന്ന മോവട്ടിന്റെ ശുപാശ് അംഗീകരിച്ചു്, ഇവിടെ കുററവാളികളുടെ സങ്കേതം 1858-ൽ സ്ഥാപിതമായി.

3

# ചരിത്രം—രണ്ടാംഘട്ടം

ആൻഡമാൻദ്വീപുകളുടെ ചരിത്രത്തിൻെറ രണ്ടാം ഘട്ടം 1858–ൽ കുററവാളികാംക്കുള്ള താവളം സ്ഥാപിതമായതോടുകൂടി ആരംഭിക്കുന്നു. ഈ സങ്കേതം തുടങ്ങിയതു ജെനറൽ മാൻ ആണു്. ഇതിനു മുമ്പും കുററവാളികളെ കൊണ്ടുവന്നിട്ടുണ്ടെങ്കിലും അങ്ങനെ ചെയ്തിരുന്നതു് ഇവിടത്തെ പരിപാടികളുടെ വിജയത്തിനു വേണ്ട മനുഷ്യാദ്ധ്വാനം ആദായകരമായി സിദ്ധിക്കുന്നതിനുവേണ്ടിയാണു്. ബെൻക്കുളെൻ (Bencoolen), പെനാംഗ് (Penang), മലാക്കാ (Malacca), സിംഗപ്പൂർ (Singapore), മോാംമീൻ (Moulmein) തുടങ്ങിയ സങ്കേതങ്ങളിലും ഇങ്ങനെ പണിയെടുപ്പിക്കുവാൻ കുററവാളികളെ കൊണ്ടുപോയിട്ടുണ്ടു്. പരിചയസമ്പന്നനായ ഒരു ഇൻഡ്യൻ ജയിൽസൂപ്രണ്ടായിരുന്ന ഡാ. പി. ജെ. വാൽക്കറിൻെറ അധീനത്തിൽ 1858 മാച്ചിൽ നാലു യൂറോപ്യൻ ഉദ്യോഗസ്ഥന്മാരും 773 കുററവാളികളും പോർട്ടബ്ളെയറിൽ എത്തി. ഇവരിൽ 292 പേരോളം തടങ്കൽപാളയത്തിൽനിന്നു രക്ഷപ്പെടുകയോ മരിക്കുകയോ വധിക്കപ്പെടുകയോ ഉണ്ടായി. കശ്നമായ രക്ഷാനടപടികാം എടുത്തിരുന്നെങ്കിലും തടവുപുള്ളികാം ഇവിടെനിന്നു ധാരാളം രക്ഷപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇവരിലധികവും ആദിവാസികളുടെ ആയുധങ്ങാംക്കു് ഇരയാകുകയാണു ചെയ്തിട്ടുള്ളതു്. ബ്രിട്ടീഷുകാരുടെ തലവേദന, ആദിവാസികളുടെ ആക്രമണങ്ങാംകൊണ്ടു്, നിരന്തരം വദ്ധിച്ചുവന്നു. എന്നാൽ ഇവരുടെ സുസംഘടിതമായ പ്രവത്തനങ്ങാം 1859 മേയ് 14–ാംതീയതി അബർഡീനിൽവച്ചു നടന്ന യുദ്ധത്തോടുകൂടി അവസാനിച്ചെന്നു പറയാം. അന്നു്, യുദ്ധത്തിൽ വിദേശികശ്ക്കു വിജയം കൈവന്നതു്, തടവിൽനിന്നു രക്ഷപ്രാപിച്ചു് ആദിവാസികളോടുകൂടി ജീവിച്ചുവന്ന ഒരു ദൂധ്നാഥ് തിവാരി, ആദിവാസിക

ളുടെ ആക്രമണസന്നാഹത്തെപ്പററി ഭരണാധികാരികാംക്ക മുന്നറിയിപ്പു കൊടുത്തതുകൊണ്ടു് ആയിരുന്നു. ഭാരതചരിത്രത്തിലെ വിധിനിർണ്ണായകങ്ങളായ പ്രതിസന്ധിഘട്ടങ്ങളിൽ നടന്നിട്ടുള്ളതുപോലെ, ഇവിടെയും ഒററുകൊടുപ്പുകാരൻ വിദേശികാംക്ക വഴി തുറന്നുകൊടുത്തു. ഇതിൻെറ നന്ദിയായി അധികാരികാം അയാളെ പിന്നീടു മോചിപ്പിക്കുകയും ചെയ്തു.

ആൻഡമാനിലെ ദണ്ഡനീതിക്രമം (Penal System) അവിടത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ തനതായി പരിണമിച്ച ഒന്നാണെന്നു പറയാം. ഇൻഡ്യയിൽ സ്വീകരിക്കപ്പെട്ടിരുന്ന വ്യവസ്ഥകളിൽനിന്നു സ്വതന്ത്രമായിട്ടാണു് ഇതു സംഭവിച്ചതും. അതും സർ സ്റ്റാംഫോർഡ് റാഫിാംസ് (Sir Stamford Raffles) ആരംഭിച്ചശേഷം ഒരു നൂററാണ്ടോളം സ്വതന്ത്രമായി, തനതായ രൂപത്തിൽത്തന്നെ, വളരുകയുണ്ടായെന്നു പറയാം. ശിക്ഷയനുസരിച്ചു തടവുപുള്ളികളെ തരംതിരിക്കുന്ന രീതി, അവരെ നിയന്ത്രിക്കുന്നതിനുവേണ്ടി നിയമിതരാവുന്നവരുടെ തിരഞ്ഞെടുപ്പു്, പുള്ളികളുടെ വേഷവിധാനം, അവരെ വേലയ്ക്കു വിടുന്ന വിധം, അവരുടെ അവകാശങ്ങാം തുടങ്ങിയ കാര്യങ്ങളിൽ ആദ്യത്തേതിൽനിന്നു വലിയ വ്യത്യാസങ്ങളൊന്നും ദീർഘമായ കാലയളവിൽ സംഭവിക്കുകയുണ്ടായിട്ടില്ല.

ആൻഡമാൻസിലെ ആദ്യത്തെ സൂപ്രണ്ടായിരുന്നതു ക്യാപ്ററൻ ഹെൻട്രി മാൻ (Captain Henry Man) ആയിരുന്നു. സ്ട്രെയിററ് സെററിൽമെൻറിൽ നിലവിലിരുന്ന ദണ്ഡനീതിക്രമങ്ങളെ പൊതുവായി ഇവിടെയും പ്രയോഗിക്കുന്നതിനു് ഇൻഡ്യാഗവണ്മെൻറ് അയാളെ അധികാരപ്പെടുത്തി. വിപ്ലവകാരികളെ കൈകാര്യം ചെയ്യുന്നതിനായി 1857-ൽ പാസ്സാക്കിയിരുന്ന രണ്ടു് ആക്ടുകാം* ആണു് അതിൻെറ അടിസ്ഥാനം. ക്യാപ്ററൻ മാനിന്റെ കാലാവധി കഴിഞ്ഞു സൂപ്രണ്ടായതു ഡാ. പി. ജെ. വാൽക്കർ ആയിരുന്നു. ഇൻഡ്യാഗവണ്മെൻറ് പിന്നീടു് അംഗീകരിച്ച ചില ചട്ടങ്ങാം ഇയ്യാളാണു് എഴുതിയുണ്ടാക്കി

---

* Mutineers Acts xiv & xvii of 1857 (Since repealed)

യത്ത്. ഇതിനുശേഷം പോർട്ട്ബ്ളെയർ ആൻഡമാൻസ് ആക്ട് 1861–ൽ പ്രാബല്യത്തിൽ വന്നു. ചട്ടങ്ങളിൽ ചില പരിഷ്കാരങ്ങൾ, 1863–ൽ നേപ്പിയർപ്രഭു ഇവിടെ നടത്തിയ സന്ദർശനത്തിലെ ശുപാർശകളനുസരിച്ച്, ഉണ്ടായി. 1868-ൽ ഹെൻട്രിമാനിനെ വീണ്ടും സൂപ്രണ്ടായി സ്ഥിരമായി നിയമിച്ചു. ഇയ്യാൾ ചട്ടങ്ങളിൽ കൂടുതൽ വ്യത്യാസങ്ങൾ വരുത്തി. ഔപചാരികമായി ഒരു റഗുലേഷൻെറ നക്കൽ തയ്യാറാക്കി, ഇവിടത്തെ ചീഫ്കമ്മിഷണർ ആയിരുന്ന സർ ഡൊനാൾഡ് സ്റ്റീവർട്ട്, സ്കാർലററ് ക്യാംബൽ, സർ ഹെൻട്രി നോർമൻ എന്നിവർ ചർച്ചചെയ്ത്, അവസാനരൂപംവരുത്തി. ഇതാണ് ആൻഡമാൻ നിക്കോബർ റഗുലേഷനായി 1874–ൽ പ്രഖ്യാപിതമായത്. 1876–ൽ ഒരു പുതിയ റഗുലേഷൻ പാസാക്കിയെങ്കിലും ഇതിനുമുമ്പുണ്ടായിരുന്ന അനുബന്ധച്ചട്ടങ്ങൾ തന്നെ തുടൎന്നു. ഈ നിയമങ്ങളും ഉപനിയമങ്ങളും ആണ് അല്പം ചില ഭേദഗതികളോടുകൂടി ഇവിടത്തെ തടങ്കൽസങ്കേതത്തിലെ നടപടിക്രമങ്ങളെ നിയന്ത്രിച്ചിട്ടുള്ളത്.

തടവുപുള്ളികളെ ഫലപ്രദമായി നിൎമ്മാണപദ്ധതികളിൽ പണിയെടുപ്പിച്ച് അവൎക്കു കഴിയുന്നത്ര സ്വാശ്രയശേഷിയുണ്ടാക്കുകയെന്നതായിരുന്നു ഇവയുടെ മുഖ്യലക്ഷ്യമെന്നു പറയപ്പെടുന്നു. പണിക്കാരുടെ മേൽനോട്ടം തടങ്കൽപുള്ളികളിൽനിന്നു തിരഞ്ഞെടുത്തവരാണു നടത്തിയിരുന്നത്. ഒരു കാലഘട്ടത്തിനുശേഷം പുള്ളികൾക്കു വിവാഹംചെയ്തു കുടുംബമുറപ്പിച്ചു ജീവിതം നയിക്കുവാൻ അനുമതി നല്കും.

പോർട്ട്ബ്ളെയറിലേക്കു് അയച്ചിരുന്ന കുററവാളികളിൽ ഏറിയപങ്കും മരണശിക്ഷയിൽനിന്നു് ഇളവുലഭിച്ച കൊലപ്പുള്ളികളോ അതുപോലെ ഹീനങ്ങളായ മററു കുററങ്ങൾ തുടരെ ചെയ്യുന്നവരോ ആയിരുന്നു. ജീവപര്യന്തം തടവോ, ദീൎഘകാലത്തടവോ ശിക്ഷ കിട്ടിയിട്ടുള്ളവരായിരുന്നു കൂടുതൽ. പ്രത്യേക സാഹചര്യങ്ങളിലല്ലാതെ പതിനെട്ടു വയസ്സിനു താഴെയും നാല്പതു വയസ്സിനു മേലെയും പ്രായമുള്ളവരെ ഇവിടെ കൊണ്ടുവരുവാൻ പാടില്ലെ

ന്നായിരുന്നു വ്യവസ്ഥ. കഠിനങ്ങളായ വേലകഠംക്കു കരു ത്തും ആരോഗ്യവുമുണ്ടെന്നു ചികിത്സാവിദഗ്ദ്ധന്മാർ നല്കി യ സർട്ടിഫിക്കററും ഇവക്കുണ്ടായിരിക്കണം. പതിനെട്ടി നും ഇരുപതിനും ഇടക്കു പ്രായമുള്ള യുവാക്കന്മാരെ ബോയി സ് ഗാംഗിൽ (Boys Gang) പ്രത്യേകരീതിയിലാണു താമ സിപ്പിച്ചിരുന്നതു്. പതിനാറുവയസ്സിനോടടുത്തു പ്രായമു ള്ള പെൺകുട്ടികളെ ഇവിടെ കൊണ്ടുവന്നിരുന്നു. വിവാ ഹിതരായവരും അല്ലാത്തവരുമായ എല്ലാ സ്ത്രീകളെയും വനിതകഠംക്കായുള്ള പ്രത്യേകം ജെയിലിലാണു താമസി പ്പിച്ചിരുന്നതു്.

തടവുപുള്ളികളെ ബാധിച്ചിരുന്ന ചില വിവരങ്ങളാ ണു മുകളിൽ സൂചിപ്പിച്ചതു്. ഇനി ഭരണപരമായ സംഭ വവികാസങ്ങളുടെ ചരിത്രത്തിലേക്കു കടക്കാം. 1861—ൽ ആൻഡമാനിന്റെ ഭരണച്ചുമതല ബർമ്മയിലെ ചീഫ് കമ്മിഷണറുടെ അധീനത്തിലാക്കി. കേണൽ ടൈററ് ലർ ഇവിടെ പ്രാദേശികഭരണാധികാരിയായി. ഇദ്ദേഹത്തിനു ടെ കാലത്തു് ഏതാണ്ടു് ആ  യിരത്തോളം ഏക്കർ സ്ഥലം കാടു വെട്ടിത്തെളിച്ചു കൃഷിക്കു് ഉപയോഗപ്പെടുത്തി. പ ണിക്കാർ തടങ്കൽവാസികളായിരുന്നു. കൃഷിക്കായി വീ ണ്ടെടുക്കപ്പെട്ട സ്ഥലത്തിന്റെ വിസ്തീർണ്ണം അനുക്രമം വദ്ധിച്ചുവന്നു.

ആൻഡമാൻ ദ്വീപുകളുടെ ഭരണത്തലവന്റെ പദവി ചീഫ് കമ്മിഷണർ ആയി ഉയർത്തിയതു് 1872—ൽ ആണു്. ഇക്കൊല്ലം മറ്റൊരു സംഗതിയാലും സ്മരണീയമാ യിട്ടുണ്ടു്. അന്നു് ഇൻഡ്യയിലെ വൈസ്രായിയായിരുന്ന മേയോപ്രഭു പരിശോധനാസന്ദർശനാർത്ഥം ഇവിടെ വന്ന പ്പോഠം ഒരു തടവുപുള്ളിയുടെ ആയുധത്തിനു വിധേയനായി മരണമടഞ്ഞു.

കേണൽ ടി. കാഡലിന്റെ (Col. T. Cadell) ഭരണച്ചുമ തലയിൽ ഇരുന്നിരുന്ന കാലത്തു് ഇവിടെ ഗണ്യമായ ചില വികസനപരിപാടികളുണ്ടായി. ആൻഡമാൻ വനം വകുപ്പിന്റെ ആരംഭം ഇക്കാലത്തുതന്നെ. കുപ്രസിദ്ധമായ സെല്ലുലാർ ജയിലിന്റെ പണി തുടങ്ങിയതും ഈ കാല

ഘട്ടത്തിലാണ്. ഇതിൻെറ പണികഠം പൂത്തിയായതു് 1905-ൽ ആണെന്ന കാര്യവും പ്രസ്താവിക്കട്ടെ തുറമുഖ വികസനവും കൂടുതൽ കാര്യക്ഷമമായി പുരോഗമിച്ചു. ഫോണിക്സ് ബേയിലെ കപ്പൽത്താവളം പൂത്തിയാകുകമാത്രമല്ല, അബർഡീൻ പ്രദേശത്തെ ചതുപ്പുനിലങ്ങഠം വീണ്ടെടുത്തു് ജനവാസയോഗ്യമാക്കിത്തീക്കുകയും ചെയ്തു.

ഇവിടത്തെ തടങ്കൽപ്പാളയത്തെ നിരോധിക്കുന്നതു സംബന്ധിച്ചു് ആദ്യത്തെ അഭിപ്രായം പ്രകടമാക്കിയതു് കേണൽ ഡഗ്ലാസ് ആണ്. വിശാലമായ മേഖലയിൽ തെങ്ങുകൃഷി അന്നു് ആരംഭിച്ചു. കേരക്കൃഷിയിൽനിന്നു് ഗണ്യമായ ആദായം സാദ്ധ്യമാണെന്നു് ഈ പ്രവത്തനം തെളിയിച്ചു.

കേണൽ ബീഡണിൻെറ (Col. Beadon) ഭരണകാലത്താണ് മാപ്പിളലഹളയിൽ ശിക്ഷിക്കപ്പെട്ടവരെ ഇവിടെ കൊണ്ടുവന്നതു്. ഇതു് 1920—23-ൽ ആയിരുന്നു. ഇങ്ങനെ 1400 പേരെ ഇവിടെ കൊണ്ടുവന്നിട്ടുണ്ടു്. പിന്നീടു് ഭരണാധികാരിയായി വന്നതു് കേണൽ ഫെറാർ (Col. Ferrar) ആയിരുന്നു. പോർട്ട്ബ്ലെയറിൽ പുതിയ ജനപദങ്ങഠം ഉയരുവാൻ ആരംഭിച്ചു. സെല്ലുലാർ ജയിലിലെ പുള്ളികഠംക്കു് ജോലിചെയ്തു ജീവിക്കുവാനുള്ള അവസരം കൊടുക്കാൻ തുടങ്ങി. മററു തൊഴിലാളികളെപ്പോലെ അവർ തൊഴിലിൽ ഏപ്പെട്ടുതുടങ്ങി. ചെയ്യുന്ന വേലയ്ക്കു് വേതനം കിട്ടുന്നതിനു വ്യവസ്ഥയുണ്ടായി. സ്ഥിരതാമസത്തിനു താല്പര്യമുള്ളവക്കു് കുടുംബാംഗങ്ങളെ കൊണ്ടുവരുന്നതിനു സൗകര്യം ചെയ്തു തുടങ്ങിയതാണ് മറെറാരു പ്രധാനപ്പെട്ട സംഗതി. സ്വദേശങ്ങളിലേക്കു് അയച്ച പല പുള്ളികളും സകുടുംബം ഇവിടേക്കു് തിരിച്ചുവന്നു. ഇവരുടെ യാത്രച്ചെലവിനുള്ള പണം നല്കിയതു് സക്കാരായിരുന്നു. ശിക്ഷാവധികഴിഞ്ഞു് പുള്ളികളെ സ്വന്തം സമൂഹങ്ങഠം സ്വാഗതംചെയ്യുന്നതിനു കാണിച്ച വിസമ്മതമായിരിക്കാം അവരെ ഇങ്ങോട്ടു മടങ്ങുവാൻ പ്രേരിപ്പിച്ചതു്. എങ്ങനെയായാലും പുതിയ സങ്കേതങ്ങഠം ഇവിടെ വളരുന്നതിനുള്ള സാഹചര്യം ക്രമേണ ഉണ്ടായിത്തുടങ്ങി. ഇതു് ഭരണാധി

കാരികളെ പുതിയ രീതിയിൽ ചിന്തിപ്പിക്കുന്നതിനു പ്രേരിപ്പിച്ചു. ആൻഡമാൻ ദ്വീപുകളെ പുനരധിവാസത്തിനുതകുന്ന പ്രദേശമാക്കി രൂപാന്തരപ്പെടുത്താമെന്നുള്ള ആശയം രൂപംകൊള്ളുന്നതു്, ആദ്യമായി കാണാവുന്നതു് ഈ കാലഘട്ടത്തിലത്രേ.

കപ്പലുകൾക്ക സൗകര്യമായി അടുക്കുന്നതിനു കൂടുതൽ ഏർപ്പാടുകൾ ചാത്തം ജെട്ടിയിൽ സജ്ജീകരിച്ചതു് ഇവിടത്തെ അഭിവൃദ്ധിയെ ത്വരിതപ്പെടുത്തി. ഈ കൊച്ചു ദ്വീപിനെ പ്രധാന ദ്വീപുമായി ബന്ധിപ്പിക്കുന്ന ഒരു നല്ല തടിപ്പാലം പണിതീർത്തതു് ഗതാഗതസൗകര്യത്തെ വളരെ വർദ്ധിപ്പിച്ചു. ബാഹ്യലോകവുമായുള്ള സമ്പർക്കം വർദ്ധിച്ചതോടെ കൂടുതൽ കൂടുതൽ സ്വതന്ത്രന്മാർ ഇവിടേക്ക വരുവാൻ തല്പരരായി. പുതിയ പ്രവർത്തനങ്ങൾക്കും തൊഴിൽതേടിയും നിരവധിയാളുകൾ ഇവിടെ വന്നുതുടങ്ങിയപ്പോൾ പുതിയ കാററു് ഇങ്ങോട്ടു പ്രവഹിച്ച പ്രതീതിയാണു് ഇവിടത്തെ ജീവിതത്തിൽ അനുഭവപ്പെട്ടതു്. അബർഡീൻ അങ്ങാടിയിൽ ഭാരതത്തിലെ നാനാഭാഗങ്ങളിൽനിന്നുള്ള കച്ചവടക്കാർ സ്ഥാനം പിടിച്ചു. വെറും തടങ്കൽപ്പാളയം എന്ന നിലവിട്ടു് ഇവിടം ഒരു സ്വതന്ത്രജനപദമായി ഉയ ന്നതുതന്നെ മഹത്തായ പുരോഗതിയല്ലേ സൂചിപ്പിക്കുന്നതു്?

ഈ ഘട്ടത്തിലാണു് രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. മററു പലയിടങ്ങളിലേയുംപോലെ ഇവിടത്തേയും ജീവിതത്തെ അതു് സാരമായി ബാധിച്ചെന്നു പറയണം. ഭാരതത്തിൻെറ മററു് ഏതെങ്കിലും ഭാഗങ്ങൾക്ക യുദ്ധത്തിൻെറ കെടുതികൾ നേരിട്ടു സഹിക്കുവാൻ സംഗതിവന്നില്ല. എന്നാൽ ഇവിടെ അതും ഉണ്ടായി. ആൻഡമാനിലെ, പ്രത്യേകിച്ചു് പോർട്ടു് ബ്ളെയറിലെ, ജനങ്ങളാണു് അതു് അങ്ങേയററം സഹിച്ചതു്. ജപ്പാൻപട്ടാളം 1942 മാച്ച് 23-ാം തീയതി പോർട്ടു്ബ്ളെയറിൽ ഇറങ്ങിയതോടെ ബ്രിട്ടീഷ്മേധാവിത്വം അവസാനിക്കുകയുണ്ടായി. അതിനുമുമ്പു് പലതവണ ഇവിടെ വിമാനാക്രമണം ഉണ്ടായിട്ടുണ്ടു്. ആക്രമണം മാത്രമല്ല, അധിനിവേ

ശവും സഹിച്ച്, ദ്വീപുകൾ പുതിയ അഗ്നിപരീക്ഷയും കടക്കേണ്ടിവന്നു.

1947 ആഗസ്റ്റ് 15–ാം തീയതി ഭാരതം സ്വാതന്ത്ര്യം നേടി. അതോടുകൂടി ഒരു നൂതനയുഗത്തിന്റെ അരുണോദയം ദ്വീപുകളിലും ഉണ്ടായി. ഭാരതത്തിന്റെ ഭരണഘടനയിൽ യൂണിയൻപ്രദേശങ്ങളെ സംബന്ധിച്ചുള്ള ഭരണവ്യവസ്ഥ കൾ ചെയ്തിരിക്കുന്നു. അതിൽ 240-ാം വകുപ്പാണ് ആൻഡമാൻ നിക്കോബർ ദ്വീപസമൂഹങ്ങളെ സംബന്ധിക്കുന്ന മുഖ്യമായ വ്യവസ്ഥ വഹിക്കുന്നത്. ആവശ്യമെന്നു തോന്നുന്നതുപോലെ, രാഷ്ട്രപതി ഒരു അഡ്മിനിസ്ട്രേറ്റർ മുഖാന്തിരം ഈ പ്രദേശം ഭരിക്കുന്നു. പാർലിമെന്റ് മററുതരത്തിൽ നിയമംവഴി നിശ്ചയിച്ചിട്ടുള്ളതിനു വിധേയമായിട്ടായിരിക്കും ഈ ഭരണവ്യവസ്ഥകൾ. സമാധാനത്തിനും പുരോഗതിക്കും സൽഭരണത്തിനും വേണ്ടി രാഷ്ട്രപതിക്ക് ആൻഡമാൻ നിക്കോബർ ദ്വീപുകളിലെ ഭരണത്തിനായി, റഗുലേഷനുകൾ ഉണ്ടാക്കാം.* 1956 നവംബർ 1–ാം തീയതിയാണ് ഈ ദ്വീപുകൾ ഒരു യൂണിയൻ പ്രദേശമായിത്തീർന്നത്.

---

* Constitution of India: Articles: 239 A & 240.

Please ... write

4

# ഒരു ആക്രമണത്തിൻെറ കഥ

രണ്ടാംലോകമഹായുദ്ധത്തിലെ അത്യന്തം നാടകീയമായ സംഭവപരമ്പരകഠം 1941 ഡിസംബർ 7–ാം തീയതി ജപ്പാൻ പേഠം ഹാർബർ ആക്രമിച്ചതോടെ ആരംഭിച്ചെന്നു പറയാം. നാലു കൊല്ലങ്ങഠംക്കുമുമ്പ്, അവ്ർ ചൈനയുമായി നടത്തിവന്നിരുന്ന യുദ്ധം വളരെയധികം ശക്തിപ്പെടുത്തിയിരുന്നെങ്കിലും, ചൈനീസ് വൻകരയിൽ വിധിനിർണ്ണായകങ്ങളായ വിജയങ്ങഠം സമ്പാദിക്കുവാൻ ജപ്പാനു സാധിച്ചിരുന്നില്ല. എന്നാൽ യൂറോപ്യൻസാമ്രാജ്യശക്തികളുടെ പ്രധാനപ്പെട്ട ഏഷ്യൻസങ്കേതങ്ങഠം മിന്നൽവേഗത്തിൽ കീഴടക്കുന്നതിനു് അവക്കു സാധിച്ചതു് വിസ്മയമുളവാക്കുന്ന വസ്തുതയാണു്.

പാശ്ചാത്യരാജ്യങ്ങളിൽ പലതും ചുരുങ്ങിയ കാലത്തു് അത്ഭുതകരമായ പുരോഗതിയും ഐശ്വര്യവും ആജ്ജിച്ചതു് ഏഷ്യയിലും ഇതരഭൂഖണ്ഡങ്ങളിലും അവർ നടത്തിയ കടുത്തചൂഷണത്തിൻെറ ഫലമായിട്ടാണെന്നുള്ളതു ഒരു ചരിത്രസത്യമാണു്. ഐശ്വര്യപൂർണ്ണവും സമ്പന്നവുമായിരുന്ന ഭാരതപ്രദേശങ്ങളിൽനിന്നു് അന്തമില്ലാതെ കുത്തിവാരിക്കൊണ്ടുപോയ ധനമാണു് ഇംഗ്ലണ്ടിൽ വൈവസായികവിപ്ലവത്തിൻെറ അടിത്തറ പാകിയതു്. രണ്ടുനൂററാണ്ടോളം സുസംഘടിതമായി നടന്ന ഈ പരിപാടി ഭാരതത്തെ പൊതുവെ പട്ടിണിയിലേക്കും പാപ്പരത്വത്തിലേക്കും നയിച്ചെങ്കിലും ഇംഗ്ലണ്ട് എന്ന സാമ്രാജ്യശക്തിയെ കൊഴുപ്പിച്ചു*. ഇൻഡോചൈന തുടങ്ങിയ നാടുകളിൽനിന്നു് ഫ്രഞ്ചുകാരും ഇൻഡോനേഷ്യ തുടങ്ങിയ പ്രദേശങ്ങളിൽനിന്നു് ഡച്ചുകാരും സമാഹരിച്ച സമ്പത്തുകളാണ അവരുടെ രാജ്യങ്ങളിൽ ആധുനികയുഗത്തിൻെറ അസ്ഥി

---

* The Discovery of India by Jawaharlal Nehru, Chapter 7. ii

വാരം കൊടുത്തതു്. എല്ലാംകൊണ്ടും പാശ്ചാത്യശക്തികളുടെ സാമ്പത്തികഭണ്ഡാരങ്ങളായിരുന്ന ഏഷ്യൻനാടുകളിൽ ഏതെങ്കിലും വെല്ലുവിളി കാര്യമായി ഇതിനുമുമ്പു് ഉണ്ടായില്ല. ഇവിടം സംരക്ഷിക്കേണ്ടതു് ജീവൽപ്രധാനമായ കാര്യവുമായിരുന്നു. എങ്കിലും സുസജ്ജീകൃതങ്ങളായ പ്രതിരോധപരിപാടികൾ ഇവിടെ നടത്തുകയും ഉണ്ടായി. എന്നാൽ ജപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചപ്പോൾ അവരുടെ കണക്കുകൂട്ടലുകളെല്ലാം തെറ്റി. യൂറോപ്പിൽ ഒരു ജീവന്മരണപ്പോരിൽപ്പെട്ടിരുന്നതിനാൽ പാശ്ചാത്യശക്തികൾക്കു് ഇവിടെ സർവ്വശക്തിയും കേന്ദ്രീകരിക്കാനും കഴിഞ്ഞില്ല. ആവശ്യമായിത്തോന്നിയ സന്നാഹങ്ങൾ അവിടവിടെയുള്ള സൈനികപ്പാളയങ്ങളിലും നാവികത്താവളങ്ങളിലും ചെയ്തിരുന്നുതാനും. അങ്ങനെ ഏതൊരാക്രമണവും തുരത്താമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ കൊടുങ്കാററിന്റെ പ്രഹരത്തിനു വിധേയമായ ഓലക്കുടിൽപോലെ ഈ താവളങ്ങൾ ജപ്പാനീസ് ഉപരോധത്തിൽ ചിതറിവീണു. പാശ്ചാത്യരോടു പൊതുവെ ഉണ്ടായിരുന്ന നാട്ടുകാരുടെ വെറുപ്പും അവരുടെ വിജയത്തെ പൊലിപ്പിച്ചു. ബ്രിട്ടീഷുകാരുടെ ശക്തിദുർഗ്ഗങ്ങളായിരുന്ന സിങ്കപ്പൂരും റങ്കൂണും മററും അതിവേഗത്തിൽ അടിയറപറഞ്ഞു. വിദൂരപൗരസ്ത്യദേശത്തെ നാവികപ്പടയുടെ നട്ടെല്ലു തകന്നു. ഇതോടെ ജപ്പാൻ ഈ പ്രദേശങ്ങളിലെ അനിഷേധ്യശക്തിയായി. ഇതിന്റെ പ്രതിധ്വനിയാണു് ആൻഡമാൻസിൽ മുഴങ്ങിയതു്. പിടിച്ചുനില്ക്കുവാൻ ശ്രമിക്കുന്നതിൽ അത്ഥമില്ലെന്നു വന്നപ്പോൾ ആൻഡമാൻ ദ്വീപുകളിൽനിന്നു വിജയകരമായി പിന്മാറി. തലസ്ഥാനം കൈവശപ്പെടുത്തുവാൻ ജപ്പാനു് പോരൊന്നും വേണ്ടിവന്നുമില്ല.

ഇക്കാലത്തു് ഉണ്ടായിരുന്ന ആളുകളിൽനിന്നു ലഭിച്ച വിവരങ്ങളനുസരിച്ചു്, ജപ്പാൻപട്ടാളം പോർട്ട്ബ്ളെയറിൽ ഇറങ്ങിയതു് അബർഡീൻ ബസാറിന്റെ തെക്കുകിഴക്കും സെല്ലുലാർ ജയിലിന്റെ തെക്കും ഉള്ള ജെട്ടിക്കു സമീപത്താണു്. നേരത്തെ വിമാനങ്ങൾ ബോംബാക്രമണം നടത്തിയിരുന്നു. കപ്പലുകളിൽനിന്നു് ഷെൽപ്രയോഗവും

ഉണ്ടായി. ഇതിൻെറ ഫലമായി നാശനഷ്ടങ്ങരം പലതും സംഭവിച്ചെന്നു് വിശേഷിച്ച പറയേണ്ടതായിട്ടില്ല. നിരപരാധികളും നിരവധി മരിച്ചു. ഇങ്ങനെ മരിച്ച ചില ആളുകളുടെ ബന്ധുമിത്രാദികളെ കാണാനും അവരുമായി സംസാരിക്കുവാനും എനിക്കു സാധിച്ചിട്ടുണ്ടു്.

1942 മാർച്ച് 23–ാം തീയതിയാണു് ജപ്പാൻപട്ടാളം പോർട്ട്ബ്ളെയർ പിടിച്ചെടുത്തതെന്നു് മുമ്പു പറഞ്ഞല്ലോ. വടക്കേയറ്റംമുതൽ തെക്കേയറ്റംവരെയുള്ള പ്രധാനപ്പെട്ട എല്ലാ ദ്വീപുകളിലും അവർ സൈന്യത്തെ ഇറക്കിയെന്ന വസ്തുതയും വിസ്മരിക്കത്തക്കതല്ല. എങ്ങും എതിർപ്പ് ഉണ്ടായിരുന്നുമില്ല. ഇക്കാലത്തു് ചീഫ്കമ്മീഷണർ ആയിരുന്ന സി. എഫ്. വാട്ടർഫാളിനെ(C. F. Waterfall) അവർ തടവുകാരനാക്കി.

പോർട്ട്ബ്ളെയറിൽ ഇറങ്ങിയ പട്ടാളം പ്രതിരോധപ്രധാനങ്ങളായ കേന്ദ്രങ്ങളിലേക്കു നീങ്ങി. സെല്ലുലാർ ജയിലിൽ കാവൽനിന്നിരുന്ന കുറെ പാറാവുകാർ മാത്രമാണു് ബ്രിട്ടീഷുകാരുടെ അധികാരദണ്ഡു വഹിച്ചിരുന്നവർ. മററുള്ളവരൊക്കെ നേരത്തെ സ്ഥലംവിട്ടു. സുസംഘടിതമായി പരിപാടിയനുസരിച്ചു് സൈന്യങ്ങരം സ്ഥാനമുറപ്പിക്കുവാൻ താമസമുണ്ടായില്ല. അവർ ആഗ്രഹിച്ചതുപോലെ ആഹ്ലാദത്തിമർപ്പോടെ സ്വീകരണം അവക്കു സിദ്ധിച്ചുമില്ല. ഒരു മേലാവു മാറി മറ്റൊരു മേലാവു വന്നു എന്നതിൽ കവിഞ്ഞു് ജനങ്ങരംക്കു് ഈ മാററംകൊണ്ടു ഫലമൊന്നും ഉണ്ടായില്ല. അവർ ഈ മാററത്തെ കാര്യമായി കണക്കിലെടുത്തോ എന്നും സംശയമാണു്. എന്നിരുന്നാലും പുതിയ ഭരണാധികാരികരംക്കു് വിഘ്നങ്ങളുണ്ടാക്കാനോ എതിർപ്പു സംഘടിപ്പിക്കാനോ ആരും മുതിർന്നില്ല.

ഒരു സംഘം പട്ടാളക്കാർ സെല്ലുലാർ ജയിലിലേക്കു നീങ്ങി, അവിടെയുണ്ടായിരുന്ന കാവൽക്കാരേയും മററു് ഉദ്യോഗസ്ഥന്മാരേയും നിരായുധരാക്കി, വിലങ്ങുവച്ചു. ഏതാണ്ടു് നാല്പതുകൊല്ലത്തോളം അകത്തേക്കു് ആളെ കയറ്റാനല്ലാതെ തുറക്കപ്പെട്ടിട്ടില്ലാത്ത ജയിലിൻെറ ഗേററുകരം ആദ്യമായി പുറത്തേക്കു തുറന്നുവച്ചു. പുള്ളികളെ പുറത്തു

വിടുന്നതിനുമുമ്പ് ഓരോരുത്തരോടും ''ഇംഗ്ലീഷുകാരോടു കൂറുണ്ടോ? ജപ്പാൻകാരെ ഇഷ്ടമല്ലേ?''—എന്നു രണ്ടു ചോദ്യങ്ങൾ ചോദിക്കുകയുണ്ടായെന്നാണ് അന്നത്തെ ആളുകളിൽനിന്നു കിട്ടിയിട്ടുള്ള വിവരം. സ്വാതന്ത്ര്യത്തിനു ദാഹിച്ചുകഴിയുന്ന തടവുപുള്ളികൾ എന്തായിരിക്കാം ആ ചോദ്യങ്ങൾക്കു മറുപടികൊടുക്കാവുന്നതെന്ന് ഊഹിക്കാമല്ലോ. ജയിലിലെ ആദ്യത്തെ പുള്ളികൾ അങ്ങനെ പുറത്തുപോയെങ്കിലും, ജയിൽ അതോടെ അവസാനിച്ചില്ല. അല്പംമുമ്പുവരെ പുള്ളികളെ കാത്തിരുന്നവർ അവിടെ താമസക്കാരായി. മററുപല ഉദ്യോഗസ്ഥന്മാരെയും വിലങ്ങുവച്ച് അവിടെ കൊണ്ടാക്കി.

പുറത്തിറങ്ങിയ പഴയ പുള്ളികൾ ആഹ്ലാദത്തിമപ്പുകൊണ്ടോ അണകെട്ടി നിത്തിയിരുന്ന വികാരത്തിന് വിഘ്നമില്ലാതെ പ്രവഹിക്കുവാൻ വഴിയുണ്ടായതുകൊണ്ടോ, പലയിടത്തും കൊള്ളചെയ്യാൻ തുടങ്ങി. സമാധാനപാലനത്തിലും അച്ചടക്കത്തിലും അധികം പ്രാധാന്യം കല്പിച്ച ജപ്പാൻകാക്ക് ഇതു് ഇഷ്ടമായില്ലെന്നു പറയേണ്ടതില്ല. ഇത്തരം വിദ്രോഹപ്രവത്തനങ്ങൾക്ക് വിരാമമിട്ടുകൊള്ളണമെന്ന് കശ്നമായി അവർ താക്കീതു നല്കി. പക്ഷേ, അതനുസരിക്കുവാൻ സ്വതന്ത്രരായ പുള്ളികൾ ആദ്യം താല്പര്യം കാണിച്ചില്ല. അതോടെ ജപ്പാൻപട്ടാളം പലയിടത്തും വെടിവെച്ചു. പലരും മൃതിയടഞ്ഞു. അതിൽപ്പിന്നെ സമാധാനഭഞ്ജനങ്ങളൊന്നും ഇവിടെയുണ്ടായില്ലെന്നാണറിവ്. ജനങ്ങൾ സമാധാനത്തോടും അച്ചടക്കത്തോടും സ്വന്തം വേലനോക്കി ജീവിച്ചു.

കള്ളം ചെയ്യുന്നവരോടും നുണപറയുന്നവരോടും സൈനികഭരണത്തിനെതിരായിപ്രവത്തിക്കുന്നവരോടും ജപ്പാൻകാർ ഒരു ദാക്ഷിണ്യവും കാണിച്ചിട്ടില്ല. കള്ളം ചെയ്തതിനു ശിക്ഷയനുഭവിച്ചു മരിച്ച ആളിന്റെ ജഡം, 'ഇവൻ കട്ടു'—എന്നെഴുതിയ കുറിപ്പു കോത്തു്, ആളുകൾക്കു കാണാവുന്ന സ്ഥലത്തു കെട്ടിനിത്തും. ഓരോ കുററത്തിനും ഇതുപോലെ കൊടുക്കുന്ന ശിക്ഷകൾ അന്യരെ അറിയിക്കാൻ നടപടിയെടുത്തു. ഇതൊക്കെ സമാധാനവും മര്യാ

ദയും നിലനിൎത്തുവാൻ വളരെ സഹായിച്ചെന്നതിൽ രണ്ടു പക്ഷമില്ല. പുറത്തുപോന്ന പുള്ളികൾ പലരും പല സ്ഥലങ്ങളിൽ കുടിയുറപ്പിച്ച് കൃഷിക്കാരായും മററും ജീവിച്ചു തുടങ്ങി.

ജപ്പാൻകാരുടെ അധിനിവേശക്കാലത്തെ ഭരണത്തെ സംബന്ധിച്ച് ഔദ്യോഗികപ്രസിദ്ധീകരണങ്ങളൊന്നും കാണുകയുണ്ടായിട്ടില്ല. ഇവിടെ പ്രസ്താവിച്ചതും ഇനി പറയുന്നതുമായ വിവരങ്ങൾ മിക്കതും നിരവധി വ്യക്തികളുമായി നടത്തിയ സംഭാഷണങ്ങൾവഴി ലഭിച്ച വിവരങ്ങളാണ്. പലപ്പോഴും ഒരേ സംഭവത്തെക്കുറിച്ചു രണ്ടുപേർ തമ്മിൽ യോജിപ്പിൽ ഏറെ വിയോജിപ്പാണു കണ്ടതു്. അഭിപ്രായഭേദങ്ങളുള്ള വസ്തുതകൾ ആവുന്നത്ര ഒഴിവാക്കാൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്.

ദ്വീപുകളെ സംബന്ധിച്ചിടത്തോളം പ്രതിരോധപ്രാധാന്യമുള്ള കേന്ദ്രങ്ങളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്നതിനാണ് ആദ്യകാലത്തു പ്രാധാന്യം നല്കിയതു്. ഇതു സ്വാഭാവികംതന്നെ. പോർട്ട്ബ്ളെയറിൻെറ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ മാത്രമല്ല ദ്വീപിൻെറ പല ഭാഗങ്ങളിലും ഇത്തരം പ്രതിരോധസന്നാഹങ്ങൾ നടത്തി. സുചിന്തിതങ്ങളും സുസംഘടിതങ്ങളുമായ പരിപാടിയനുസരിച്ചാണ് ഇതു ചെയ്തിരുന്നതെന്നു തീൎച്ചയാണ്. ഇന്ന് അവശേഷിച്ചിട്ടുള്ള തെളിവുകൾ അതാണു വ്യക്തമാക്കുന്നതു്. സൈന്യവിന്യാസങ്ങൾക്ക് എത്രയും പ്രാധാന്യമുള്ള കേന്ദ്രങ്ങളെ തമ്മിൽ ഒന്നാന്തരം റോഡുകൾകൊണ്ടു ബന്ധിച്ചു. കടലോരങ്ങളിൽ കണ്ണായ സ്ഥലങ്ങളിൽ പീരങ്കിപ്പടയാളികൾക്കും നിരീക്ഷകന്മാൎക്കും മറഞ്ഞിരുന്നു കൎത്തവ്യമനുഷ്ഠിക്കുവാനായി കഠിനമായ കോൺക്രീററിൽ കനത്ത കൊത്തളങ്ങൾ നിൎമ്മിച്ചിരുന്നു. ഇവ മിക്കതും ഇന്നും കേടുകൂടാതെ നിലനില്ക്കുന്നുണ്ട്. ശത്രുവിമാനങ്ങളെ തുരത്തിഓടിക്കുവാൻ, എത്രയും പ്രധാനപ്പെട്ട സങ്കേതങ്ങളിലെല്ലാം വിമാനപ്രതിരോധപ്പീരങ്കികൾ ഉറപ്പിച്ചു. ആകാശാക്രമണമുണ്ടായാൽ സുരക്ഷിതമായി ഒളിച്ചിരിക്കുവാൻ ആശ്രയസങ്കേതങ്ങളും ധാരാളം നിൎമ്മിക്കുകയുണ്ടായി.

ആയുധങ്ങളും വെടിക്കോപ്പും മററ് സാധനങ്ങളുമൊക്കെ സംഭരിച്ചിരുന്ന ഗുദാമുകറം കുന്നു തുരന്നാണു നിർമ്മിച്ചതു്. ഇവയുടെയെല്ലാം മായാത്ത മാതൃകകറം ഇന്നും ധാരാളം കണ്ടെത്താം. ഈ പരിപാടികളുടെ പ്ലാനും രീതിയും കാണുമ്പോറം ഇവിടെ സ്ഥിരമായി കഴിയുമെന്നുള്ള വിശ്വാസം ജപ്പാൻകാർക്കു് ഉണ്ടായിരുന്നെന്നു് അനുമാനിക്കേണ്ടിവരും. എന്നാൽ 1945 ഒക്ടോബർ 8-ാംതീയതി അവർ ബ്രിട്ടീഷുകാർക്കു കീഴടങ്ങേണ്ടിവന്നു. ഇവിടെ സിവിറം ഭരണം പുനഃസ്ഥാപിതമായതു് 1946 ഫെബ്രുവരി 7-ാം തീയതിയുമാണു്.

സൈന്യങ്ങളുടെ സ്ഥിതി സുരക്ഷിതമാക്കിക്കൊണ്ടിരുന്നതോടൊപ്പം, ഭരണപദ്ധതികളിലും മൗലികങ്ങളായ പരിവത്തനങ്ങറം ഇവർ വരുത്തുകയുണ്ടായി. ജപ്പാനീസ് ഭാഷ പഠിപ്പിക്കുന്നതിനു വ്യവസ്ഥചെയ്തു. ജനങ്ങളുടെ സഹകരണം നേടുവാനും അവർ ശ്രദ്ധിച്ചു. കൃഷിക്കാരോടു് അവർക്കുണ്ടായിരുന്ന മതിപ്പു പ്രത്യേകം എടുത്തുപറയേണ്ടതാണു്. സാധാരണജനങ്ങളോടു് അപമര്യാദയായി പട്ടാളക്കാർപോലും പെരുമാറിയില്ല. മര്യാദയും സ്നേഹവും അവരുടെ പെരുമാററങ്ങളിൽ മുന്തിനിന്നു. സ്ത്രീകളെ അവമാനിച്ചിട്ടുള്ളതിനു് ഒരൊററ ഉദാഹരണംപോലും ഉണ്ടായിട്ടില്ല. എല്ലാവരും ഒരുപോലെ എടുത്തുപറയുന്ന ഒരു സംഗതിയാണിതു്. തെമ്മാടികളെ കശ്നമായി നിയന്ത്രിച്ചിരുന്നതിനാൽ ജീവിതം പൊതുവേ ശാന്തമായി തുടന്നു.

ബ്രിട്ടീഷുകാരുടെ നിരന്തരമായ വിമാനാക്രമണങ്ങളും മുങ്ങിക്കപ്പലുകളുടെ രഹസ്യനടപടികളും ജപ്പാൻകാരെ വല്ലാതെ വിഷമിപ്പിച്ചെന്നു പറയാതെ തരമില്ല. ആയുധവും ആഹാരവും മററു കോപ്പുകളും വഹിച്ചുകൊണ്ടു കപ്പലുകറം തുറമുഖത്തെ സമീപിക്കുമ്പോഴോ, തുറമുഖത്തു നങ്കൂരമടിക്കുമ്പോഴോ കൃത്യമായി ബ്രിട്ടീഷ് വിമാനങ്ങറം അവയെ ആക്രമിക്കുന്നതു പതിവായി. ജെട്ടിയിൽ ധാരാളം സാധനസാമഗ്രികളുമായി എത്തിയ ഒരു വലിയ കപ്പൽ നങ്കൂരമിട്ടുകൊണ്ടിരിക്കുമ്പോറം അതിനെ മുക്കി. ഇതാണു് അവരുടെ സ്ഥൈര്യത്തെ വല്ലാതെ ഉലച്ച സംഭവം.

അഞ്ചാംപത്തിക്കാരുടെ നിഗൂഢമായ സുസംഘടിതപ്രവത്തനം ഉണ്ടെന്നു നിസ്സംശയമായിത്തീൎന്നതു് ഇതിനുശേഷമാണു്. ഉത്തരവാദികളെ തിരഞ്ഞുപിടിക്കാനുള്ള ശക്തിയായ പ്രവത്തനം ആരംഭിച്ചതു് ഈ സംഭവത്തിനു ശേഷമത്രേ. കമ്പിയില്ലാക്കമ്പിവഴി അയച്ചുകൊണ്ടിരുന്ന സന്ദേശങ്ങരം പലതും അവരുടെ ശ്രദ്ധയിൽ പെട്ടു. എന്നാൽ അവയുടെ ഉത്ഭവസ്ഥാനമോ, അയക്കുന്നവരുടെ വിവരമോ കിട്ടിയില്ല.

ഇവിടെ ഒരു സംഗതി എടുത്തുപറയേണ്ടതുണ്ടു്. അഞ്ചാംപത്തിപ്രവത്തനത്തിലേപ്പെട്ടിരുന്നവരെ പിടികൂടുവാനുള്ള ജപ്പാൻകാരുടെ കിണഞ്ഞ പരിശ്രമത്തിൽനിന്നു നാട്ടുകാരായ പലരും മുതലെടുക്കാൻ തുടങ്ങി. വൈരാഗ്യമുള്ളവരോടു പകവീട്ടുന്നതിനുവേണ്ടി, മനഃപൂവ്വം അന്യർ രഹസ്യപ്രവത്തകന്മാരാണെന്നു ജപ്പാൻകാരോടു പറഞ്ഞുകൊടുത്തു. കുററം സ്ഥാപിക്കുന്നതിനുവേണ്ടി സമയമധികം വിനിയോഗിക്കുവാൻ ജപ്പാൻകാർ തയ്യാറായില്ല. സംശയമുള്ളവരെ കഠിനമായി മദ്ദിക്കാനും പീഡിപ്പിക്കാനും അങ്ങനെ അവരെ നിമ്മാജ്ജനം ചെയ്യുവാനുമാണു് അവർ ശ്രമിച്ചതു്. സ്വന്തം സഹോദരങ്ങളുടെ വിദ്രോഹപരമായ പെരുമാററത്താൽ, എത്രയെത്ര നിരപരാധികളാണു് ഇങ്ങനെ വിപത്തിനു വിധേയരായതു്! ജപ്പാൻകാരുടെ ക്രൂരമായ പെരുമാററം അധികവും ഉണ്ടായതു് ഈ സാഹചര്യത്തിലാണു്.

ബ്രിട്ടീഷുകാരുടെ ഉപരോധനടപടികരം കൂടുതൽ കൂടുതൽ കശനമായി വളൎന്നുവന്നു. പട്ടാളക്കാരുടെ അത്യാവശ്യങ്ങരംക്കുവേണ്ട സാധനസാമഗ്രികരംതന്നെ, ഇവിടെ ഇറക്കുന്നതിനു വളരെ വിഷമം നേരിട്ടു. അതു മുങ്ങിക്കപ്പലുകരംവഴിക്കേ സാധിക്കൂ എന്നായി. ആഹാരസാധനങ്ങരംക്കു ക്ഷാമം വദ്ധിച്ചു. ഒരുസംഘം രഹസ്യപ്പടയാളികളെ (Commando Party) മുങ്ങിക്കപ്പലുകരംവഴി പലയിടങ്ങളിലും ബ്രിട്ടീഷുകാർ ഇറക്കി. ഇവരായിരുന്നു മററുള്ളവരിൽനിന്നു വിവരങ്ങരം ശേഖരിച്ചു കമ്പിയില്ലാക്കമ്പിവഴി അയച്ചുകൊണ്ടിരുന്നതു്. റാഞ്ചിക്കാരായ രണ്ടു തൊഴിലാളികരം

ഇതിന്റ് ഇംഗ്ലീഷുകാൎക്ക വളരെ ഉപകരിച്ചിട്ടുണ്ട്. യുദ്ധം അവസാനിച്ചപ്പോ൦ അവൎക്ക വളരെ പാരിതോഷികങ്ങ൦ ബ്രിട്ടീഷുകാർ കൊടുക്കുകയും ചെയ്തു.

രഹസ്യപ്പടയാളികളെ പിടികൂടുവാൻ കിണഞ്ഞു പരിശ്രമിച്ചെങ്കിലും അതിൽ ജപ്പാൻകാൎക്ക് വിജയമുണ്ടായില്ല. അഭ്യസ്തവിദ്യരായ ആളുകൾക്ക്—പ്രത്യേകിച്ച് ഇംഗ്ലീഷ് വശമായിരുന്നവൎക്ക്—ഈ പ്രവൎത്തനങ്ങളിൽ വലിയ പങ്കുണ്ടെന്ന നിഗമനത്തിലാണ് അവർ എത്തിയത്. നിരപരാധികളായ നിരവധിയാളുകൾ നിൎദ്ദയമായ മൎദ്ദനങ്ങൾ അനുഭവിക്കേണ്ടിവന്നു. മുമ്പുപറഞ്ഞ ഒററുകൊടുപ്പുകാരുടെ കുതന്ത്രങ്ങൾ ഇതിനു രൂക്ഷത വൎദ്ധിപ്പിക്കുകയും ചെയ്തു. എത്രയോപേർ മരിച്ചു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഇങ്ങനെ അകാലമൃത്യു അനുഭവിക്കേണ്ടിവന്നിട്ടുണ്ട്.

ബ്രിട്ടീഷുകാർ മടങ്ങിയെത്തിയശേഷം റേഷനിംഗിൻെറ ആവശ്യത്തിന്നായി ആളുകളുടെ കണക്കെടുക്കുകയുണ്ടായി. ആധികാരികമായ കാനേഷുമാരിയല്ലെങ്കിലും അന്നെടുത്ത കണക്കുകൾ പല വിവരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ജനസംഖ്യ അന്ന് 18,000 മാത്രമായിരുന്നു. ആഹാരക്ഷാമത്താലും അതിനൊപ്പമുണ്ടായ ആരോഗ്യഹാനിയാലും മൎദ്ദനത്താലും മനഃപൂൎവ്വമുള്ള കൊലയാലും ജനസംഖ്യയിൽ 3,300 പേരുടെ കുറവാണു കണ്ടതു്.* സമൂഹത്തിനു ഭാരമായിരുന്ന വൃദ്ധരേയും അംഗഹീനരേയും രോഗികളേയും ബലഹീനരേയും പരിപാടിയനുസരിച്ചു നശിപ്പിച്ചിട്ടുണ്ട്. നൂററുക്കണക്കിനാളുകളെ വെടിവെച്ചു. ബോട്ടുകളിലും കൊച്ചുകപ്പലുകളിലും കയററി ആളുകളെ ദൂരെ കൊണ്ടുപോയി കടലിൽ എറിഞ്ഞു. കടലിൽ എറിയപ്പെട്ടവരിൽ ചിലർ നീന്തി മററു ദ്വീപുകളിൽ എത്തി ജീവൻ രക്ഷിച്ചിട്ടുണ്ട്. അങ്ങനെയുള്ളവരിൽ ചിലരെ പിന്നീടു രക്ഷപ്പെടുത്തിയിട്ടുള്ളതായിട്ടറിയാം. ചാരവൃത്തി സംബന്ധിച്ച സംശയങ്ങളും ആഹാരക്ഷാമവുമാണ് ഈ

* Census of India 1951, Vol. xvii, Part I, Page xii

കഠോരകൃത്യങ്ങൾ ചെയ്യാൻ ജപ്പാൻകാരെ നിർബ്ബന്ധിതരാക്കിയതെന്നു പറയാം. ശാരീരികമായ മർദ്ദനം സഹിച്ചിട്ടുള്ളവരുടെ കുറെ കണക്കുകൾ 1951-ലെ കാനേഷുമാരി കണക്കുകളിൽ കാണാം. ഏതാണ്ട് അഞ്ഞൂറോളം പേർ ഇങ്ങനെയുള്ളവരായിട്ടുണ്ടെന്നു ജനസംഖ്യക്കണക്കെടുത്ത ഉദ്യോഗസ്ഥന്മാർക്ക് അറിയാൻ കഴിഞ്ഞു.*

ബ്രിട്ടീഷ് നാവികപ്പടയുടെയും വിമാനങ്ങളുടെയും ഉപരോധവലയത്തെ ലംഘിച്ച് കപ്പലുകൾക്ക് ദ്വീപുകളിലേക്കു വരുവാൻ വയ്യാതായപ്പോൾ, പ്രാദേശികവിഭവങ്ങൾ അങ്ങേയററം പ്രയോജനപ്പെടുത്തുക എന്നതായി ജപ്പാൻകാരുടെ നയം. നിർബ്ബന്ധിതവേലകൊണ്ടു കാടുതെളിച്ച് കപ്പയും മധുരക്കിഴങ്ങും മററും കടുംകൃഷിയായി നടത്തി. എങ്കിലും, ക്ഷാമം ഉണ്ടാകാതിരുന്നില്ല. കള്ളക്കച്ചവടവും പൂഴ്ത്തിവയ്പും നടത്തിയവരെ നിർദ്ദയമായും മാതൃകാപരമായും ശിക്ഷിച്ചിരുന്നു. അതിനാൽ സാമൂഹ്യവിരുദ്ധശക്തികൾക്കു തലപൊക്കാൻ തരമുണ്ടായില്ല. എങ്കിലും, ജനങ്ങളുടെ ഭദ്രതാബോധം താറുമാറായി. സൈനികലക്ഷ്യംവച്ച് നിരവധി വീടുകൾ പൊളിച്ചുമാററി. അവസാനഘട്ടമായപ്പോഴേക്കു് ഏതുവിധേനയും യുദ്ധം ജയിക്കുക എന്നുമാത്രമായി അവരുടെ ലക്ഷ്യം. എത്ര മഹത്തായ മാനുഷികതത്വങ്ങളും ഇതിനുവേണ്ടി തിരസ്കരിക്കാനും അവർ നിർബ്ബന്ധിതരായി. സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ ജീവിതത്തിൽ അന്നു് അവർ ഏല്പിച്ച മുറിവുകൾ ഇന്നു് വളരെ ഭേദപ്പെട്ടിട്ടുണ്ട്. എങ്കിലും, ജനങ്ങളുടെ സ്മരണകളിൽനിന്നു് അതിൻെറ പാടുകൾ മാഞ്ഞുപോകുന്നതിനു് ഇനിയും പല തലമുറകൾ കഴിഞ്ഞേ പററൂ.

ജപ്പാൻകാരുടെ അധിനിവേശത്തിൽ ഈ ദ്വീപുകൾ അമർന്നിരുന്ന കാലത്തു് നേതാജി സുഭാസ് ചന്ദ്രബോസ് പോർട്ട്ബ്ളെയർ സന്ദർശിക്കുകയുണ്ടായി. ആസാദ് ഹിന്ദ് സർക്കാരിൻെറ തലവനായിരുന്ന അദ്ദേഹം ഇവിടെ

* Census of India 1951, Vol. xvii, Part I, Page xxxix

സന്ദശിച്ച അവസരത്തിലാണ് ആഘോഷപൂർവ്വം ആദ്യമായി ത്രിവർണ്ണപതാക വാനിലേക്ക് ഉയർത്തപ്പെട്ടതെന്നു പറയാം. ഇന്ന് ജിംഖാനാ മൈതാനമെന്നറിയപ്പെടുന്ന സ്ഥലത്തായിരുന്നു ആ ചടങ്ങുകൾ നടന്നതു്. ആസാദ് ഹിന്ദ് സർക്കാരിൻെറ ആസ്ഥാനം പോർട്ട്ബ്ളെയറിലേക്കു നീക്കുവാൻ ആലോചനയുണ്ടായിരുന്നു. ഇവിടത്തെ ഗവർണ്ണറായി ഡാ. ലോകനാഥനെയാണ് നിശ്ചയിച്ചിരുന്നതു്.

ജപ്പാൻകാരുടെ നിത്യമായ മർദ്ദനമുറകൾക്ക് നേതാജിയുടെ സന്ദശനംകൊണ്ട് അല്പമെങ്കിലും ശാന്തിയുണ്ടാകുമെന്ന് ആളുകൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതൊന്നുമുണ്ടായില്ല. നേതാജിക്ക് ജനങ്ങളുമായി അടുത്ത സമ്പർക്കത്തിനും അവസരമുണ്ടായില്ല. ഒന്നുരണ്ട് ഉജ്ജ്വലപ്രസംഗങ്ങൾ നേതാജി നടത്തിയതു് ഇന്നും ഇവിടത്തുകാർ പ്രത്യേകം സ്മരിക്കുന്നുണ്ട്. ഐ. എൻ. ഏ.യുടെ പ്രവർത്തനങ്ങളെന്തെങ്കിലും ഇവിടെ ഉണ്ടായിട്ടുള്ളതായിട്ടറിവില്ല.

5

# ദ്വീപുകൾ—
# ഭൂചരിത്രവിജ്ഞാനികളുടെ നോട്ടത്തിൽ

എല്ലാററിനുമെന്നപോലെ, ഭൂമിക്കും വിവിധപരിണാമദശകൾ ഉണ്ടായിരുന്നെന്നു് ഇന്നു വിശേഷിച്ചു് പറയേണ്ടതായിട്ടില്ല. ദൈവമെന്ന അമിതപ്രതിഭാശാലിക്കു തോന്നിയ വിനോദംകൊണ്ടു് സൃഷ്ടിയെന്ന നേരമ്പോക്കിൽ ഏർപ്പെട്ടു്, ഭൂമിയും അതിലെ ജീവജാലങ്ങളും അവതരിപ്പിച്ചു എന്നുപറഞ്ഞാൽ, പ്രകൃതിയിലെ വൈവിദ്ധ്യവും വൈരുദ്ധ്യവും വിസ്മയവും നിറഞ്ഞ പ്രതിഭാസങ്ങളെ സംബന്ധിക്കുന്ന, അസൗകര്യമുളവാക്കുന്ന, ചോദ്യങ്ങൾക്കു് മറുപടിയാവും. ഒരുകാലത്തു് ജിജ്ഞാസുക്കളുടെ അന്വേഷണബുദ്ധിയെ അടിച്ചമർത്തുവാൻ ഇതായിരുന്നു ചിലർ ഉപകരണമാക്കിയിരുന്നതു്. എന്നാൽ ഇതു് ഇന്നു കാലഹരണപ്പെട്ട ഒരു ആശയമായിക്കഴിഞ്ഞു. സൃഷ്ടിയുടെ കർത്താവു് ദൈവമായാലും അല്ലെങ്കിലും, ഭൂമിയോടോ മനുഷ്യനോടോ പ്രത്യേക മമതയൊന്നും അദ്ദേഹം കാട്ടിയിട്ടില്ലെന്നുള്ളതു വ്യക്തമാണു്.

പരമാർത്ഥങ്ങളെ കണ്ടെത്താനുള്ള അന്വേഷണം മനുഷ്യനെ വളർത്തി. പലതും നേട്ടമായിക്കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. ഇനിയും നേടിയെടുക്കേണ്ടതാണതാനും കൂടുതൽ. തിട്ടമായി മറുപടി പറയുവാൻ കഴിവില്ലാത്ത കീറാമുട്ടികൾ ശാസ്ത്രജ്ഞന്മാരുടെ മുമ്പിലുണ്ടു്. അതു് എന്നും അങ്ങനെ തുടരുകയും ചെയ്യും. എന്നിരുന്നാലും, സംഗതികളുടെ സത്തയിലേക്കു ധീരതയോടെ കടന്നുചെല്ലുവാൻ സന്നദ്ധത സമാർജ്ജിച്ചു്, സാഹസികതയുടെ പാതയിൽക്കൂടി സഞ്ചരിച്ചുതുടങ്ങിയതുതന്നെ ഗണ്യമായ നേട്ടമല്ലേ? അറിവില്ലാത്തതിനെക്കുറിച്ചു് അജ്ഞത തുറന്നുസമ്മതിക്കയല്ലാതെ എന്തെങ്കിലും സമാധാനം തട്ടിവിടുന്നതു് ശാസ്ത്രകാരന്മാരുടെ നയമല്ല. അങ്ങനെ രക്ഷപ്രാപിക്കുന്നതു് ഭീരുത്വ

ത്തിൻെറ ലക്ഷണമാണുതാനും. ഈ പശ്ചാത്തലത്തിൽ വേണം ഇനി പറയുന്ന കാര്യങ്ങൾ സ്വീകരിക്കുവാൻ. ദൈവത്തിൻെറ ഇന്ദ്രജാലത്തെ ഇതുകൊണ്ടു നിഷേധിക്കുകയാണെന്നോ അദ്ദേഹത്തിന്റെ അതുല്യപ്രഭാവത്തെ ചോദ്യംചെയ്യുകയാണെന്നോ ആരും അർത്ഥമാക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ഭൂഖണ്ഡങ്ങളുടെ പൊതുവായ രൂപവും ഭാവവും ചില കാലങ്ങളിൽ ഇന്നത്തെപ്പോലെ ആയിരുന്നില്ലെന്നുള്ളതു ഭൂചരിത്രത്തിലെ ഒരു വസ്തുതയാണ്. ഒന്നിച്ചു നിന്നിരുന്നവ ഭിന്നിക്കുകയും, ഭിന്നിച്ചുനിന്നിരുന്നവ ഒന്നിക്കുകയും, പഴയതു രൂപഭേദപ്പെടുകയും പുതിയ മേഖലകൾ രൂപംപ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സൂചിപ്പിക്കുകയല്ലാതെ വിശദീകരിക്കുന്നതു് ഇവിടെ അപ്രസക്തമാണ്. ശാസ്ത്രകാരന്മാർ ഈ നിഗമനങ്ങളിൽ എത്തിയിട്ടുള്ളതു് ഉപോൽബലകങ്ങളായ തെളിവുകളെ ആശ്രയിച്ചാണ്.

ഏഷ്യാഭൂഖണ്ഡത്തിൻെറ ആകൃതി അതിപുരാതനകാലത്തു് ഇന്നത്തെ രൂപത്തിൽ ആയിരുന്നില്ല എന്നുള്ളതു മാത്രമാണ് ഇവിടെ പ്രസക്തം. ഒരു ദശാകാലത്തു് തെക്കേഅമേരിക്കയും, ആഫ്രിക്കയും, ഡക്കാൺപ്രദേശവും, പൂർവ്വേഷ്യൻ ദ്വീപസമൂഹങ്ങളും ആസ്ട്രേലിയയും മററും ഒന്നിച്ച് ഒരു പ്രത്യേകഭൂഖണ്ഡമായിട്ടാണ് നിന്നിരുന്നതു്. 'ഗോൻഡ്‌വനലാൻഡ്' (Gondwanaland) എന്ന പേരിലാണ് ഇതു് ഭൂചരിത്രകാരന്മാർ വിവക്ഷിക്കുക*. ഇന്നത്തെ സിന്ധുഗംഗാസമതലപ്രദേശത്തു് അന്നു് ഒരു മദ്ധ്യധരണ്യാഴിയായിരുന്നു. ഹിമാലയമെന്ന ബൃഹത്തായ പർവ്വതമേഖല അന്നു രൂപംപ്രാപിച്ചിരുന്നില്ല. അന്നത്തെ ഏഷ്യൻഭൂഖണ്ഡവുമായി ദക്ഷിണഭൂഖണ്ഡത്തിനു ബന്ധമില്ലായിരുന്നെന്നർത്ഥം. എങ്കിലും, ഒരു വസ്തുത ഇവിടെ സ്മരണീയമായിട്ടുണ്ട്. ബർമ്മയിലെ നെഗ്രയിസ്‌മുനമ്പു(Cape Negrais)വരെ വന്നുനില്ക്കുന്ന കരയുടെയും ആൻഡമാൻ

* Gazatteer of India Vol. I: pp, 133; 134. 141 (1965)

നിക്കോബർ ദ്വീപുകളുടെയും തല്പശിലയായി നില്ക്കുന്ന അസ്ഥിവാരത്തിനു് വ്യക്തമായ തുടർച്ചയുണ്ടു്.[1] ഏതാണ്ടു് അറുപതു ദശലക്ഷം സംവത്സരം മുമ്പു് ആരംഭിച്ചതും നാല്പതു ദശലക്ഷം സംവത്സരം മുമ്പുവരെ നിലനിന്നിട്ടുള്ളതുമായ ദശാകാലത്തെ, ഭൂചരിത്രത്തിൽ ഇയോസീൻ (Eocene)ഘട്ടമെന്നാണു പറയുന്നതു്. ഈ കാലത്തു് രൂപം പൂണ്ട പർവ്വതങ്ങൾ പലതുണ്ടു്. ഏഷ്യയിലെ ഹിമാലയവും, യൂറോപ്പിലെ ആല്പ്സും മററും ഈ കാലത്തിൻെറ സന്തതികളാണു്. ഹിമാലയം രൂപംപ്രാപിച്ച ദശയിലായിരിക്കണം ഈ ദ്വീപുകളും ഔന്നത്യത്തിലേക്കു് ഉയൎന്നതെങ്കിൽ, അതിനുമുമ്പു് ഇവിടം സമുദ്രത്തിലാണ്ടു കിടക്കുകയായിരുന്നിരിക്കും. ഹിമാലയശൃംഖലയുമായി തുടർച്ചയുള്ളതാണു് ആൻഡമാൻസിൻെറ അസ്ഥിവാരമെന്നു് മുമ്പു സൂചിപ്പിച്ചല്ലോ. മററു പ്രദേശങ്ങളുമായി ബന്ധമില്ലാതെ സ്വതന്ത്രമായിട്ടാണു സമുദ്രത്തിൽനിന്നു് ഈ ദ്വീപുകൾ ഉയൎന്നുവന്നതെങ്കിൽ പല കുഴഞ്ഞപ്രശ്നങ്ങളും മറുപടി കാണാതെ തുടരുകയേ നിവ്വാഹമുള്ളു.

ആൻഡമാൻ ദ്വീപസമൂഹങ്ങളുടെ ഭൂചരിത്രപരമായ പഠനങ്ങൾ കാര്യമായി നിർവ്വഹിച്ചിട്ടുള്ളവർ ബാൾ (Valentine Ball 1870), ഓൾഡാം (R. D. Oldham 1885), കർസ് (Kurz 1868), ഗീ(Gee 1924) ടിപ്പർ, (Tipper 1904—5)തുടങ്ങിയവരാണു്[2]. 1870-ൽ വാലൻടൈൻ ബാൾ ഈ ദ്വീപുകളിൽ പര്യടനം നടത്തി ഭൂഗർഭശാസ്ത്രപ്രധാനങ്ങളായ വിവരങ്ങൾ ഇദംപ്രഥമമായി ശേഖരിക്കുകയുണ്ടായി. സസ്യങ്ങളെയും ജന്തുക്കളെയും സംബന്ധിക്കുന്ന വസ്തുതകളും അദ്ദേഹത്തിനു സമ്പാദിക്കുവാൻ സാധിച്ചു. ഇവയെ ആസ്പദമാക്കി ആധികാരികങ്ങളായ ചില ലേഖനങ്ങളും റിപ്പോർട്ടുകളും അദ്ദേഹം രചിക്കുകയുണ്ടായി. സന്ദർശനവിവരങ്ങളെക്കുറിച്ചുള്ള സ്മരണകൾ രസകരമായി ഒരു പുസ്തകത്തിൽ

---

1 Geography of the Andaman Basin—Geographic and Oceanographic Research in Indian Waters by R. B. Sewell.

2 Records of the Geological Survey of Indla, Vol. xviii, p. 135

ഉൾക്കൊള്ളിച്ചിട്ടുമുണ്ട്[1]. വാലൻടൈൻബാളാണ് ഇവിടത്തെ രണ്ട് അഗ്നിപർവ്വതദ്വീപുകളായ ബാറൻദ്വീപും (Barren Island) നാർക്കൊണ്ടം ദ്വീപും (Narcondum Island) ആദ്യമായി വിദഗ്ദ്ധമായി പഠിച്ചത്. പിൽക്കാലത്ത് ഈ ദ്വീപുകളിലെ അഗ്നിപർവ്വതങ്ങളെപ്പററി വിദഗ്ദ്ധനിരീക്ഷണം നിർവ്വഹിച്ചിട്ടുള്ളവർ മാലററും (F. R. Mallet 1884) ഹോബിയും (J. B. Hobby) ആണ്. അവർ ദ്വീപുകളുടെ നല്ല മാപ്പുകളും തയ്യാറാക്കി.

സാങ്കേതികവും വൈജ്ഞാനികവുമായ വമ്പിച്ച നേട്ടങ്ങൾ പിൽക്കാലത്ത് ഉണ്ടായെങ്കിലും, അവ പ്രയോഗിച്ച് കാര്യമായ പഠനങ്ങളൊന്നും വളരെക്കാലത്തേക്ക് ഈ പ്രദേശത്തു നടന്നില്ല. 1950-ൽ ജീയോളജിക്കൽ സർവ്വേയിലെ ഉദ്യോഗസ്ഥന്മാർ ദ്വീപുകൾ സന്ദർശിച്ചെങ്കിലും വർഗ്ഗീകൃതപഠനങ്ങൾ (Systematic Studies) നടന്നത് 1958-ൽ ആണെന്നു പറയാം. ഇതിൻെറ ലക്ഷ്യം എല്ലാ ദ്വീപുകളുടെയും ഭൂഗർഭപ്രധാനങ്ങളായ ഭൂപടങ്ങൾ തയ്യാറാക്കുകയായിരുന്നു.

ഇവിടങ്ങളിലെ ശിലാപാളികളെക്കുറിച്ച് ശേഖരിച്ചിട്ടുള്ള വസ്തുതകളിൽനിന്ന് പല കാര്യങ്ങൾ വ്യക്തമായിട്ടുണ്ട്. ഏററവും പ്രാചീനമായ പാളികൾ ക്രിട്ടേഷ്യസ് (Cretaceous) ദശയിലേതാണ്. ഇത് നൂററിപ്പത്തു ദശലക്ഷം സംവത്സരംമുമ്പുള്ള കാലമാണെന്ന് ഓർമ്മിക്കണം. ടെർഷ്യറി(Tertiary)യുഗത്തിലെ ഇയോസീൻ (Eocene) (അതായത് അറുപതു ദശലക്ഷം വർഷങ്ങൾക്കുമുമ്പ്) മയോസീൻ—പ്ലിയോസീൻ (Miocene—Pliocene) (12–25 ദശലക്ഷം വർഷം) എന്നിവയിലേയും, ക്വാട്ടർനറി (Quartenary) കാലഘട്ടത്തിലേയും ശിലാപാളികൾ മുററും കണ്ടെത്താൻ സാധിച്ചിട്ടുണ്ട്[2]. എണ്ണ, പ്രകൃതിവാതകങ്ങൾ സംബന്ധിച്ച ഒരന്വേഷണം 1963-ൽ നടന്നിട്ടുള്ളതും മറന്നുകൂടാ,

ഇന്നു ലഭ്യമായിട്ടുള്ള വിവരങ്ങളെല്ലാം സമാഹരിച്ച്

---

1 Jungle Life in India by Valentine Ball.

2 Geology of the Andaman and Nicobar Islands by C. Karunakaran—1962.

എന്തെങ്കിലും നിഗമനത്തിൽ എത്തിയാൽ, അതു് നൂററി പ്പത്തു ദശലക്ഷം കൊല്ലങ്ങൾക്കുമുമ്പു് ആരംഭിച്ചു് അറുപതു ദശലക്ഷം വർഷംവരെ നീണ്ടുനിന്ന ഭൂചരിത്രത്തിലെ ക്രിട്ടേഷ്യസ് യുഗത്തിലായിരിക്കണം, ഈ ദ്വീപുകളുടെ അസ്ഥിവാരം ഉയൎന്നതെന്നായിരിക്കും. ബൎമ്മയിലെ അരക്കാൻ യോമ(Arakan yoma)യുമായി ബന്ധമുള്ള സാഗരാന്തർഭാഗത്തിലെ പൎവ്വതപംക്തിയുടെ കൊടുമുടികളുടെ അഗ്രങ്ങളാണു്, ദ്വീപുകളായി, ജലരേഖയ്ക്കു മുകളിൽ കാണുന്നതു്. ചാപാകൃതിയിൽ സ്ഥിതിചെയ്യുന്ന സാഗരാന്തർഭാഗത്തെ ഗിരിനിര, എഴുന്നൂറുനാഴികയോളം ദൈൎഘ്യത്തിലുണ്ടുതാനും. ഭൂമിശാസ്ത്രപരമായി പറഞ്ഞാൽ ഈ ഗിരിനിരയിൽ വിദൂരസ്ഥങ്ങളായ രണ്ടു കുന്നിൻമേഖലകളുണ്ടു്. ഒന്നു് കോക്കോസും (Cocos) ആൻഡമാൻദ്വീപുകളും ആയും, മറേറതു് നിക്കോബർ ദ്വീപസമൂഹങ്ങളായും ഇന്നു പുറത്തു കാണുന്നു. താരതമ്യേന ആധുനികങ്ങളായ ഉയൎച്ച, ദ്വീപസമൂഹങ്ങളുടെ ചില ഭാഗങ്ങളിലും—പ്രത്യേകിച്ചു് റിച്ചീസ് ദ്വീപുകളിൽ—പൂൎവ്വതീരത്തു് ചിലയിടങ്ങളിൽ താഴ്ചയും സംഭവിച്ചിട്ടുണ്ടു്*. ഹിമാലയഗിരിമേഖലയുമായി ഗോത്രബന്ധം മാത്രമല്ല, രക്തബന്ധവും ഈ ദ്വീപുകളുടെ അസ്ഥിവാരത്തിനു് ഉണ്ടെന്നാണല്ലൊ ഇതൊക്കെ സൂചിപ്പിക്കുന്നതു്. പുറത്തെങ്ങും കാണാറാകാതെ ബംഗാൾ ഉൾക്കടലിന്റെ അന്തർഭാഗങ്ങളിലാണു് ഭാരതത്തെയും ദ്വീപുകളെയും ബന്ധിപ്പിക്കുന്ന സിരകൾ ഓടിയിരിക്കുന്നതു്. ഹിമാലയത്തിന്റെ ചില മേഖലകളെപ്പോലെ ആൻഡമാനിൻെറ ചിലഭാഗങ്ങൾ ഇപ്പോഴും ഉയൎന്നുകൊണ്ടുമിരിക്കുന്നു.

ഹിമാലയൻപ്രദേശങ്ങളെപ്പോലെ ആൻഡമാൻദ്വീപുകളും ഭൂകമ്പമേഖലയിൽപ്പെടുന്നുണ്ടു്. എങ്കിലും നിക്കോബർദ്വീപുകളിൽനിന്നു വ്യത്യസ്തമായി, ആൻഡമാൻദ്വീപുകൾ മുഖ്യമായ അസ്ഥിരമേഖല വിട്ടാണു സ്ഥിതിചെ

* Provincial Gazatteers of India: Andaman and Nicobar Islands.

യ്യുന്നതു്. അതിനാൽ കഠിനമായ ഭൂമികുലുക്കങ്ങൾ താരതമ്യേന സംഭവിക്കാത്ത പ്രദേശമാണിതു്. എന്നാൽ 1941 ജൂൺ 26–ാംതീയതി കഠിനമായ ഒരു ഭൂകമ്പം ഉണ്ടായി. സെല്ലുലാർ ജയിലിൻെറ ഒരു ഭാഗം അന്നു് തകൎന്നു വീഴുകയുംചെയ്തു.

താരതമ്യേന നൂതനങ്ങളായ ഭാഗങ്ങളാണു പവിഴപ്പുററു പ്രദേശങ്ങളും ഉയൎന്നുകൊണ്ടിരിക്കുന്ന ഭാഗങ്ങളും. പവിഴപ്പുററിൻെറ രൂപീകരണത്താൽ ഉത്ഭവിച്ച ഒരു ദ്വീപാണു സെൻറിനൽദ്വീപു്. അധികം പ്രാചീനമല്ലാത്ത കാലത്താണത്രേ ഇതു സംഭവിച്ചതും. റട്ട്ലൻഡ്ദ്വീപിൻെറ കടലോരം ഉയൎത്തപ്പെട്ട ഭാഗത്തിനു് ഉദാഹരണമായി ഭൂവിജ്ഞാനികൾ പറയുന്നു.

ചില ഭാഗങ്ങൾ ഉയൎന്നുകൊണ്ടിരിക്കുകയാണെന്ന ആശയത്തിനു കടകവിരുദ്ധമായി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ള ഒരാളാണു കർസ്. അദ്ദേഹത്തിൻെറ പക്ഷം ഇവിടം ക്രമേണ കടലിൽ ആണ്ടുവരുകയാണെന്നാണു്. ഈ ആശയത്തിനു ശക്തികൊടുക്കുന്ന തെളിവുകൾ ഹാജരാക്കുന്നതിനു് അദ്ദേഹം തയ്യാറുണ്ടു്. ചതുപ്പുപ്രദേശങ്ങളിൽ, കണ്ടൽ വളരുന്ന ഭാഗങ്ങളിൽ, വന്മരങ്ങളുടെ അവശിഷ്ടങ്ങൾ അപ്പാടെ കടലിൽ ഇന്നു് ആണ്ടുകഴിയുന്നതു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ആദ്യകാലത്തു് ആളുകൾ താവളമടിച്ചിരുന്ന, ചില കരപ്രദേശങ്ങൾ ഇന്നു കടലിൽ മറഞ്ഞിട്ടുള്ളതും മറക്കാവുന്നതല്ല. ചാത്തംദ്വീപിൽ സ്ഥാപിതമായിരുന്ന ആദ്യത്തെ താവളം 1796–ൽ പരിത്യജിക്കപ്പെടുകയുണ്ടായല്ലോ. ആ താവളത്തിൻെറ ആവശ്യത്തിലേക്കു് അന്നു പണിചെയ്ത സംഭരണശാലയും മററും ഇന്നു് അപ്രത്യക്ഷമായിരിക്കുകയാണു്. പോർട്ട്ബ്ളെയറിൻെറ എതിർഭാഗത്തു്, തുറമുഖത്തിൻെറ പ്രവേശനദ്വാരത്തിൽ, സ്ഥിതിചെയ്യുന്ന റോസ്ദ്വീപിലായിരുന്നു മുമ്പു് ഇവിടത്തെ സൎക്കാരിൻെറ ആസ്ഥാനം. എന്നാൽ ദ്വീപു് ക്രമേണ താണുകൊണ്ടിരിക്കുകയാണെന്ന കാരണത്തിൽ, എല്ലാ സ്ഥാപനങ്ങളും അവിടെനിന്നു നീക്കിക്കഴിഞ്ഞിരിക്കുന്നു.

റോസ്ദ്വീപ് ഭരണകൂടത്തിന്റെ സിരാകേന്ദ്രമായി 1941 വരെ സ്ഥിതിചെയ്തു. ഈ ദ്വീപാണ് ആൻഡമാൻ ദ്വീപുകളുടെ കൂട്ടത്തിൽ ഏററവും ചെറുത്. ഇതിനു് 0.3 ചതുരശ്രനാഴികയാണു വിസ്തീർണ്ണം. ചീഫ്കമ്മീഷണറുടെ ഔദ്യോഗികവസതിയും ആഫീസുകളും എല്ലാം ഇവിടെയായിരുന്നു. വെള്ളക്കാരുടെ സങ്കേതങ്ങളിൽ സാധാരണ സ്ഥാപിതമാകാറുള്ള എല്ലാ സൗകര്യങ്ങളും ആദ്യകാലം തൊട്ട് ഇവിടെ ഉണ്ടായി. ജീവിതം വിരസമായിത്തീരാതിരിക്കുവാൻവേണ്ടി കായികവിനോദങ്ങൾക്കും ഉല്ലാസസ്നാനത്തിനും വിശ്രമത്തിനുമായി പ്രത്യേകം സങ്കേതങ്ങൾ ഇവിടെ തീർത്തിരുന്നു. കുററവാളികളുടെ നിർബ്ബന്ധിതമായ ശ്രമദാനത്താൽ നിർമ്മിതമായിരുന്ന മനോഹരമായ ആരാമം ആരുടെയും ശ്രദ്ധയെ ആകർഷിച്ചിരുന്നെന്ന് അന്നത്തെ ആളുകളുടെ സ്മരണകളിൽനിന്നറിയാം. അവിടെ കടലോരത്തുള്ള പല കെട്ടിടങ്ങളും ഇടിഞ്ഞുതാണു തുടങ്ങിക്കഴിഞ്ഞു. ഇന്ന് ഇവിടം അസ്തമനത്തിന്റെ അവസാനയാമത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവിടം ഇന്നു സന്ദർശിക്കുമ്പോൾ കഴിഞ്ഞകാലത്തിന്റെ ശവകുടീരമാണെന്നേ തോന്നുകയുള്ളു.

ഈ പ്രതിഭാസങ്ങൾ തികച്ചും പ്രാദേശികമായ സംഭവങ്ങൾമാത്രമാണെന്നും, പൊതുസ്വഭാവത്തിന്റെ ഉദാഹരണങ്ങളല്ലെന്നുമാണ്, ചിലരുടെ വാദം. ചില പ്രദേശങ്ങൾ ഉയരുന്നുണ്ടെന്നും മററു ചില ഭാഗങ്ങൾ താഴുന്നുണ്ടെന്നും നേരത്തെ സൂചിപ്പിച്ച ആശയത്തെ സ്വീകരിക്കുന്നതാണ് ഉത്തമമെന്നു തോന്നുന്നു.

ഇതുപോലെ കുരുക്കുപിടിച്ച ഒരു പ്രശ്നമാണ് ആൻഡമാൻദ്വീപുകൾക്കു കരയുമായിട്ടുള്ള ബന്ധം. വൻകരയുടെ തുടർച്ചയായി ഏതെങ്കിലും കാലത്ത് ഇവിടം നിന്നിട്ടുണ്ടെങ്കിൽ അതു സസ്തനികൾ പരിണമിക്കുന്നതിനു മുമ്പായിരിക്കണം എന്നാണു സെവൽ കരുതുന്നത്.* ദ്വീപുകൾക്ക് എന്തെങ്കിലും ബന്ധം വൻകരയുമായി ഒരുകാലത്തും ഇല്ലാ

* The Oceans Round India by R. B. S. Sewell (1937)

യിരുന്നു എന്നു വാദിക്കുന്ന ആളാണു ബേഡൻക്ലോസ്.* ഇങ്ങനെയുള്ള പ്രശ്നങ്ങൾക്ക് വ്യക്തമായ തീരുമാനം കാണുന്നതിനു കൂടുതൽ ഗവേഷണങ്ങൾ നടത്താതെ കഴിയുന്നതല്ല. ധിഷണാശാലികൾ ഇവയ്ക്കെല്ലാം ഭാവിയിൽ മറുപടി കണ്ടെത്തുമെന്നു പ്രതീക്ഷിക്കുക.

* In the Andamans and Nicobars by B. C. Kloss. (1902)

6

# കാലാവസ്ഥ

ദ്വീപുകൾ സന്ദർശിക്കുവാൻ താൽപര്യമുള്ളവർ സ്വാഭാവികമായി അറിയുവാൻ ആഗ്രഹിക്കുന്ന കാര്യമാണു് ഇവിടത്തെ കാലാവസ്ഥ. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇതിനു് അത്യധികം പ്രാധാന്യമുണ്ടു്. ജീവിതത്തിലെ എല്ലാ പരിപാടികളും പദ്ധതികളും സംവിധാനം ചെയ്യുന്നതിൽ കാലാവസ്ഥയ്ക്കു കൂടുതൽ പ്രാധാന്യം കൊടുത്തുവരുന്നതു് അതുകൊണ്ടുതന്നെ. അനുകൂലമല്ലാത്ത കാലാവസ്ഥയോടുകൂടിയ നാടുകളിൽ സാധാരണയായി മനുഷ്യർ കുടിയുറപ്പിക്കാറില്ല. ആധുനികകാലത്തെ സാങ്കേതികനേട്ടങ്ങൾകൊണ്ടു വിപരീതസാഹചര്യങ്ങളുള്ള പ്രദേശങ്ങളെപ്പോലും പ്രയോജനപ്പെടുത്തുവാൻ കഴിവു മനുഷ്യൻ ആർജ്ജിച്ചിട്ടുണ്ടു്. എന്നാൽ ചരിത്രത്തിന്റെ ആദ്യത്തെ അദ്ധ്യായങ്ങളിൽ മനുഷ്യർ കാലാവസ്ഥയുടെ വെറും കളിപ്പാവകളായിരുന്നെന്നു കാണിക്കുന്ന കഥകളാണുള്ളതു്. അവന്റെ കുടിയേററവും സഞ്ചാരവും മററു പ്രവർത്തനങ്ങളുമെല്ലാം കാലാവസ്ഥ സ്വാധീനിച്ചിട്ടുണ്ടു്.

ഭൂമദ്ധ്യരേഖാപ്രദേശത്തിൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് ആൻഡമാൻദ്വീപസമൂഹങ്ങളിൽ വെയിലും മഴയും മുടക്കമില്ലാതെ ലഭിക്കുവാൻ സൗകര്യമുണ്ടു്. ചുററിനുമുള്ള സമുദ്രമേഖല ഇവിടത്തെ സാഹചര്യങ്ങളെ സ്വാഭാവികമായി വളരെ സ്വാധീനിക്കുന്നു. ദ്വീപുകളിലെ ഉഷ്ണത്തേയും അന്തരീക്ഷത്തിലെ ഈർപ്പത്തിന്റെ തോതിനേയും നിയന്ത്രിക്കുന്ന ഏററവും വലിയ ഘടകം കടൽതന്നെ. തെക്കുപടിഞ്ഞാറൻ കാലവർഷക്കാററു സമയം തെററാതെ ഈ പ്രദേശത്തെ പൊതിയുന്നതിനാൽ ശക്തിയായ മഴയ്ക്കുള്ള സാഹചര്യമുണ്ടാകുന്നു. ഈ കാലഘട്ടത്തിലാണു് ഏററവും അധികം മഴ ഇവിടെ അനുഭവപ്പെടുന്നതു്. ഇതു കൂടാതെ വടക്കുകിഴക്കൻ കാലവർഷക്കാററിന്റെയും ഗതി ഇവി

ടെക്കുടെ ആയതിനാൽ അന്നും മഴയ്ക്കു ക്ഷാമമില്ല. താരതമ്യേന ശക്തി കുറഞ്ഞതാണ് ഈ ഘട്ടത്തിലെ മഴ.

ആണ്ടിൽ കിട്ടുന്ന മഴയുടെ ഏകദേശരൂപം കാണിക്കുവാൻ, കണക്കുകൾ ഉദ്ധരിക്കുന്നതാണ് ഉത്തമമായ മാർഗ്ഗം. 1964–ൽ മാസംതിരിച്ച് മഴയുണ്ടായതെങ്ങനെ എന്നു കാണിക്കുന്ന പട്ടിക ഇവിടെ ചേർക്കട്ടെ:

| മാസം | മഴദിവസങ്ങൾ | മാസം | മഴദിവസങ്ങൾ |
|---|---|---|---|
| ജനുവരി | 2 | ജൂലൈ | 14 |
| ഫെബ്രുവരി | 1 | ആഗസ്റ്റ് | 18 |
| മാർച്ച് | 0 | സെപ്റ്റംബർ | 26 |
| ഏപ്രിൽ | 0 | ഒക്ടോബർ | 15 |
| മേയ് | 23 | നവംബർ | 19 |
| ജൂൺ | 21 | ഡിസംബർ | 3 |

ഓരോ മാസത്തിലും പെയ്ത മഴയുടെ തോത് എത്രയെന്നുകൂടി അറിയുന്നതു നന്നായിരിക്കുമല്ലോ. പോർട്ട് ബ്ളെയറിൽ 1964–ൽ ലഭിച്ച മഴയുടെ ശരാശരി കണക്കാണ് ഇത്:

| മാസം | മഴ മില്ലിമീറ്ററിൽ | മാസം | മഴ, മില്ലി മീറ്ററിൽ |
|---|---|---|---|
| ജനുവരി | 16.2 | ജൂലൈ | 354.3 |
| ഫെബ്രുവരി | 2.7 | ആഗസ്റ്റ് | 468.8 |
| മാർച്ച് | 0 | സെപ്റ്റംബർ | 662.4 |
| ഏപ്രിൽ | 3.1 | ഒക്ടോബർ | 217.9 |
| മേയ് | 587.9 | നവംബർ | 394.3 |
| ജൂൺ | 592.3 | ഡിസംബർ | 23.9 |

ഈ കണക്കുകൾക്കു വിശദീകരണം ആവശ്യമില്ല. മഴയുടെ ശക്തി ഓരോ മാസത്തിലും സാമാന്യം എന്തായിരു

ന്നെന്ന് അതു വ്യക്തമാക്കുന്നു. എന്നാൽ എല്ലായിടത്തും ഒന്നുപോലെ ആയിക്കൊള്ളണമെന്നില്ല. പ്രാദേശികമായി ഏററക്കുറവു സംഭവിക്കാം. എങ്കിലും പൊതുസ്വഭാവത്തിൽ വലിയ മാററമൊന്നും ഉണ്ടാകുകയില്ലെന്നു മാത്രം. അതുപോലെ എല്ലാക്കൊല്ലവും ഇതുതന്നെയായിരിക്കും നിലയെന്നും കരുതിക്കൂടാ. അങ്ങോട്ടുമിങ്ങോട്ടും ചില ഏററക്കുറവുകൾ സംഭവിക്കാം.

ഈ കണക്കുകളോടൊത്ത് അന്തരീക്ഷോഷ്മാവിന്റെ നിലകൂടി അറിഞ്ഞാൽ കാലാവസ്ഥയിലെ രണ്ടു മുഖ്യഘടകങ്ങളെപ്പററി സ്പഷ്ടമാകും. മുകളിൽ പറഞ്ഞ അതേ കൊല്ലത്തെ കണക്കുകൾ തന്നെയാണ് ഇതും:

| മാസം | ചൂട്: സെൻറിഗ്രേഡിൽ | | | മഴ | ഈർപ്പം | |
|---|---|---|---|---|---|---|
| | കൂടിയതു് | കുറഞ്ഞതു് | ശരാശരി | | 8.30 A.M. | 5.30 P.M. |
| ജനുവരി | 30.1 | 22.0 | 26.0 | 16.2 | 71 | 78 |
| ഫെബ്രുവരി | 31.9 | 23.2 | 27.5 | 2.7 | 70 | 77 |
| മാർച്ച് | 32.7 | 22.9 | 27.8 | 0 | 67 | 73 |
| ഏപ്രിൽ | 34.0 | 24.0 | 29.0 | 3.1 | 61 | 71 |
| മേയ് | 30.5 | 23.4 | 26.9 | 587.9 | 81 | 86 |
| ജൂൺ | 29.5 | 23.2 | 26.3 | 592.3 | 84 | 87 |
| ജൂലൈ | 29.8 | 23.3 | 26.5 | 354.3 | 83 | 86 |
| ആഗസ്റ്റ് | 29.2 | 23.3 | 26.3 | 468.8 | 83 | 87 |
| സെപ്തംബർ | 28.9 | 22.9 | 25.3 | 662.4 | 85 | 86 |
| ഒക്ടോബർ | 29.8 | 22.7 | 26.3 | 217.9 | 79 | 89 |
| നവംബർ | 29.5 | 22.5 | 26.0 | 394.3 | 83 | 88 |
| ഡിസംബർ | 29.9 | 22.2 | 26.0 | 23.9 | 70 | 76 |

ഈ പട്ടികയിൽ ഈർപ്പത്തിന്റെ വിവരവും കാണിച്ചിട്ടുണ്ട്. കാരണം, കാലാവസ്ഥയിൽ അന്തരീക്ഷത്തിന്റെ തോത്തും പ്രാധാന്യം അർഹിക്കുന്ന ഘടകമാണ്. മഴയും ചൂടും ഈർപ്പവും കഴിഞ്ഞാൽ കാലാവസ്ഥയെ നിയന്ത്രി

ക്കുന്ന മറെറാരു ഘടകം കാററാണ്. ഈ ദ്വീപസമൂഹങ്ങൾ കൊടുങ്കാററിൻെറയും ചുഴലിക്കാററിൻെറയും പാതയിൽ പെടുന്നു. 1792–ൽ പോർട്ട് കോൺവാലീസിലും, റിച്ചി ദ്വീപസമൂഹങ്ങളിൽ 1844–ലും, പോർട്ട്ബ്ളെയറിൽ 1864–ലും, 1891–ലും ശക്തിയായ ചുഴലിക്കാററടിച്ച് വമ്പിച്ച നാശനഷ്ടങ്ങൾ സംഭവിച്ചതായിട്ടറിവുണ്ട്. 1891–ലും, 1893–ലും ഉണ്ടായ കൊടുങ്കാററ് വടക്കുപടിഞ്ഞാറൻ ദിക്കിലേക്കാണ് വീശിയത്. അന്ന് ദ്വീപുകളുടെ കിഴക്കും പടിഞ്ഞാറും ഒരുപോലെ നാശനഷ്ടങ്ങൾ വമ്പിച്ച തോതിലുണ്ടായി.[1] ആധുനികകാലത്തെ കാര്യങ്ങൾ വിശേഷിച്ച് എടുത്തുപറയുന്നില്ല.

ഭാരതത്തിൽ ഉഷ്ണകാലത്തിൻെറ ആരംഭം പ്രകടമാകുന്ന ഏപ്രിൽ മാസത്തിൽ, തെക്കുപടിഞ്ഞാറൻ കാററ് ബംഗാൾ ഉൾക്കടലിൻെറ ദക്ഷിണഭാഗത്ത് പ്രത്യക്ഷമായിത്തുടങ്ങും. എന്നാൽ കരയെ കേന്ദ്രമാക്കിയുള്ള വടക്കുപടിഞ്ഞാറൻ കാററ് അറബിക്കടൽ പ്രദേശങ്ങളിൽ തുടന്നു നില്ക്കുകയാണ്. മേയ് ആകുമ്പോഴേക്ക് തെക്കുപടിഞ്ഞാറൻ കാററ് ഉൾക്കടലിൽ പ്രബലപ്പെടും. അത് അറബിക്കടലിൻെറ പശ്ചിമഭാഗങ്ങളിലും പ്രകടമായിത്തീരുന്നു. ഈ പരിവൎത്തനകാലത്ത് ശക്തിയേറിയ സമുദ്രവാതം ചിലപ്പോഴൊക്കെ തെക്കൻ കടലിലേക്കു ചുഴിഞ്ഞു കയറാറുണ്ട്. പ്രാദേശികമായ തെക്കുപടിഞ്ഞാറൻ കാററിനെ ഇതു് അടിപെടുത്തുമ്പോഴോ, വടക്കുപടിഞ്ഞാറൻ കാററ് സമുദ്രവാതവുമായി ഏററുമുട്ടുമ്പോഴോ ചുഴലിക്കാററുകൾ രൂപമെടുക്കുന്നു.[2] ഈ സന്ദർഭങ്ങളിലാണ് ആൻഡമാൻ ദ്വീപസമൂഹങ്ങളിൽ ചുഴലിക്കാററുകളുടെ പ്രഹരം സഹിക്കേണ്ടിവരുന്നത്.

സാധാരണയുള്ള കാറ്റിന്റെ ശക്തിയെക്കുറിച്ച് പോർട്ട്ബ്ലയറിൽ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ അറിയുന്നതും രസകരമായിരിക്കുമല്ലൊ. കാററിൻെറ പ്രവേഗം മണി

---

1 Cyclone Memoirs No. V, Government of India, 1893

2 Structure and Movement of Cyclones in the Indian Seas by R. C. Roy and A. K. Roy.

ളറിൽ ഇത്ര കിലോമീററർ എന്ന ക്രമത്തിലാണ. താഴെ കൊടുക്കുന്നതു്.

| മാസം | വഷ്ങ്ങറം 1963 | വഷ്ങ്ങറം 1964 | മാസം | വഷ്ങ്ങറം 1963 | വഷ്ങ്ങറം 1964 |
|---|---|---|---|---|---|
| ജനവരി | 10.2 | 8.2 | ജൂലൈ | 20.5 | 12.15 |
| ഫെബ്രുവരി | 7.3 | 8.4 | ആഗസ്റ്റ് | 19.0 | 21.3 |
| മാച്ച് | 6.5 | 5.7 | സെപ്തംബർ | 16.0 | 15.9 |
| ഏപ്രിൽ | 5.8 | 4.9 | ഒക്ടോബർ | 8.5 | 9.3 |
| മേയ് | 10.4 | 14.7 | നവംബർ | 6.6 | 8.1 |
| ജൂൺ | 21.9 | 18.1 | ഡിസംബർ | 8.5 | 8.5 |

ഇവിടെ ഇതുവരെ പ്രസ്താവിച്ച വിവരങ്ങറം കാലാവസ്ഥയുടെ പൊതുസ്വഭാവം സ്പഷ്ടമാക്കുമെന്നു തീച്ച്യയാണ്.

സമശീതോഷ്ണമേഖലകളിൽ അനുഭവപ്പെടുന്ന തരത്തിൽ വ്യക്തമായി ഋതുക്കറം ഉണ്ടാകുക, മദ്ധ്യരേഖാപ്രദേശമായ ഇവിടെ സാദ്ധ്യമല്ലല്ലോ. കേരളക്കരയിലെ മാതിരി സുഖകരമായ കാലാവസ്ഥ ആണ്ടിലെല്ലാക്കാലത്തും അനുഭവമാകുന്നു. കേരളീയക്ക് അസുഖമുളവാക്കുന്ന ചുററുപാട് ഇവിടെ ഇല്ല.

വാസ്തവത്തിൽ മഴയില്ലാത്ത മാസങ്ങറം താരതമ്യേന കുറവാണ്. അന്തരീക്ഷോഷ്മാവു വലിയ ഏററക്കുറവില്ലാതെ എല്ലാക്കാലത്തും നില്ക്കുന്നു. എല്ലാ ദ്വീപുകളിലേയും സ്ഥിതി ഇതുതന്നെയാണ്. അല്പസ്വല്പവ്യത്യാസം ഉണ്ടായെന്നിരിക്കും. കാററും ഇടിയും മിന്നലും മഴക്കാലങ്ങളിൽ ശക്തിയായി അനുഭവപ്പെടുന്നു. എന്നാൽ ഇവിടത്തെ മഴയ്ക്കു് ഒരു പ്രത്യേകതയുണ്ട്. പെണ്ണിന്റെ കരച്ചിൽപോലെയാണ് അതുണ്ടാകുക! വരവും പോക്കും തികച്ചും അപ്രതീക്ഷിതമാണ്. പ്രതീക്ഷിക്കാതെ അതുണ്ടാകും. പെയ്തുകഴിഞ്ഞാൽ പ്രസന്നത പരക്കാനും സമയം അധികം വേണ്ടാ. ഉഷ്ണകാലങ്ങളിൽ കടൽക്കാററു നല്ലതുപോലെ വീശുന്നതിനാൽ അത്യുഷ്ണം അനുഭവപ്പെടാൻ അവസരമില്ല.

മേഘാവൃതമായ ആകാശം ഇവിടെ അഴകുറ്റ ദൃശ്യങ്ങൾ അവതരിപ്പിക്കുന്നതു് ആരേയും ആകർഷിക്കും. വികാരവിചാരങ്ങൾ വ്യത്യാസപ്പെടുന്നതനുസരിച്ചു മുഖഭാവം മാറുന്ന കുട്ടിയെപ്പോലെയാണു് ഇവിടത്തെ അന്തരീക്ഷമെന്നു പറയാം. അന്തിയടുക്കുമ്പോൾ പശ്ചിമചക്രവാളത്തിൽ അപ്സരസ്സുകളെപ്പോലെ അണിഞ്ഞൊരുങ്ങി ഉലാത്താനിറങ്ങുന്ന വെള്ളിമേഘങ്ങളും ചെമ്മാനവും കാണാറാകും. ഉദയത്തേക്കാൾ അഴകുള്ളതാണു സായംസന്ധ്യ. നീലമേലാപ്പിൽ വിഭിന്നങ്ങളായ വർണ്ണചിത്രങ്ങൾ രചിക്കുകയും മായ്ക്കുകയും പിന്നെയും പുതിയ രൂപങ്ങൾ കരുപ്പിടിക്കുകയും ചെയ്തുകൊണ്ടു കളിക്കുന്ന സന്ധ്യാംഗനയുടെ നേരമ്പോക്കുകൾ നോക്കിക്കൊണ്ടിരിക്കുന്നതു് ആനന്ദമാണു്. പച്ചപൊതിഞ്ഞു നില്ക്കുന്ന കുന്നുകളും അവയുടെ മുകളിലത്തെ നീലാംബരവും നിരന്തരം നിറങ്ങൾ മാറിമാറി രംഗത്തുവരുന്ന മേഘജാലങ്ങളും, വെള്ളിയും പൊന്നുമുരുക്കി കടലിലെ നീലനീരാളത്തിൽ ലോഭമില്ലാതെ ഒഴിക്കുന്ന ആദിത്യബിംബവും കാണുമ്പോൾ ആരുടെ ഹൃദയമാണു കോരിത്തരിക്കാത്തതു്!

7

# ആദിവാസികളുടെ ആവിർഭാവം

നരവംശശാസ്ത്രജ്ഞന്മാക്ക് ഗവേഷണങ്ങൾ നടത്തുവാൻ ഇത്രയും സന്ദർഭം നല്കുന്ന സങ്കേതം ആൻഡമാനിലെപ്പോലെ മറെറങ്ങുമില്ല. ഇതിനു പല കാരണങ്ങളുണ്ട്. ഏഷ്യാഭൂഖണ്ഡത്തിൻെറ തെക്കുകിഴക്കേഭാഗങ്ങളിൽ ആദിയിൽ ജീവിച്ചിരുന്ന മനുഷ്യജാതിയുടെ പരമ്പരയാണു ദ്വീപുകളിൽ ആദിവാസികളായി അധിവസിക്കുന്നവരെന്നാണു ശാസ്ത്രകാരന്മാരുടെ വിശ്വാസം. അനേകായിരം വഷ്ങ്ങളായി അന്യസമ്പക്മില്ലാതെ കഴിഞ്ഞുകൂടുവാൻ ഇടയായിട്ടുള്ളതിനാൽ ആദിവംശത്തിൻെറ ശുദ്ധി ഇന്നും ഇവരിൽ നിലനില്ക്കുന്നു. ലോകത്തിൻെറ മറ്റൊരുഭാഗത്തും ഇങ്ങനെയുള്ള ആളുകളെ കാണാവുന്നതല്ല. അതിനാൽ മാനവജാതിവിജ്ഞാനികളെ, പലതരത്തിൽ ഇവർ കുഴക്കുന്നുമുണ്ട്. മനുഷ്യവഗ്ഗത്തിൻെറ ഏററവും പ്രാചീനമായ ഒരു ശാഖയുടെ, പ്രതിനിധികളെന്നനിലയിൽ ഇവരുടെ ശരീരഘടന, ആചാരമര്യാദകൾ, ജീവിതരീതി, സമൂഹബന്ധങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങൾ അത്യന്തം പ്രാധാന്യമഹിക്കുന്നു. ഇരുപതിനായിരം കൊല്ലങ്ങൾക്കു മുമ്പു് മനുഷ്യൻ അനുവത്തിച്ച ജീവിതം, കാലത്തിൻെറ പോക്കിലൊന്നിലും പരിവത്തനമുണ്ടാകാതെ, ഇവിടെ ഇന്നും തുടരുകയാണ്. കാലം ഇവരെ സംബന്ധിച്ചിടത്തോളം ചലനരഹിതമായി നിന്നുപോയിരിക്കുന്നു! പുരോഗതി ഇവരെ പാട്ടിലാക്കിയിട്ടുമില്ല.

ആദിവാസികൾ എങ്ങനെ, എവിടെനിന്നു്, എന്നു്, ഈ ദ്വീപുകളിൽ വന്നുചേന്നു എന്നുള്ളതു് അനുമാനങ്ങൾകൊണ്ടേ മറുപടി പറയാനൊക്കൂ. മുമ്പൊരദ്ധ്യായത്തിൽ ആൻഡമാൻദ്വീപുകൾക്കു് ഏഷ്യൻ വൻകരയുമായി എന്തെങ്കിലും ബന്ധമുണ്ടായിരുന്നോ എന്നു ചച്ചചെയ്തിട്ടുണ്ടല്ലോ.

സമുദ്രത്തിൻെറ നടുവിൽ, ഒററപ്പെട്ടുനില്ക്കുന്ന ദ്വീപുകളിൽ, എങ്ങനെയാണു മനുഷ്യർ എത്തിയതു്? അതിനു തൃപ്തികരമായ സമാധാനം പറയുവാൻ ഇന്നു വഴിയില്ല. അന്യസമ്പർക്കമില്ലാതെ കഴിഞ്ഞുകൂടുവാൻ ഇടവരുമ്പോഴുണ്ടാകുന്ന ഫലങ്ങളുടെ മാതൃകകളായിത്തീർന്നിട്ടുണ്ടു്, ഇവിടത്തെ ജീവജാലങ്ങളെല്ലാം. എണ്ണത്തിൽ കുറവെങ്കിലും, അവ വഹിക്കുന്ന പ്രത്യേകപരിണാമസ്വഭാവങ്ങളുടെ കാര്യത്തിൽ, സമ്പന്നമാണു ജന്തുക്കളും സസ്യങ്ങളുമെല്ലാം.

നരവംശശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ആൻഡമാൻദ്വീപുകളിലെ ആദിവാസികൾ നെഗ്രിറേറാവിഭാഗത്തിൽപ്പെടുന്നു. മലയൻ ഉപദ്വീപിലെ സെമാംഗുകൾ (Semangs), ഫിലിപ്പൈൻ ദ്വീപുകളിലെ എയിററാസ് (Aetas), സിലോണിലെ വേടർ (Vedas), ന്യൂഗിനിയിലെ ടാപിറോസ് (Tapiros) തുടങ്ങിയവരോടു് ഇവക്കു സാദൃശ്യമുണ്ടു്. ആദിവാസികളുടെ ചരിത്രത്തിൻെറ പ്രാചീനത അവരുടെ അധിവാസകേന്ദ്രങ്ങളിൽ കണ്ടെത്തിയിട്ടുള്ള എച്ചിൽക്കുമ്പാരങ്ങളിൽ (Kitchen middens) നിന്നു് അനുമാനിക്കാവുന്നതാണു്.

ആൻഡമാനികളുടെ ആകാരസവിശേഷതകൾ, ആഫ്രിക്കയിലെ നീഗ്രോകളുടേതുമായി താരതമ്യപ്പെടുത്തി പഠിച്ചാൽ ഇവക്കുതമ്മിൽ വിദൂരമായ ബന്ധംപോലും ഇല്ലെന്നു വ്യക്തമാകും. തടിച്ച ചുണ്ടും സാമാന്യം വീതിയുള്ള മൂക്കും, ശരീരാവയവങ്ങളുടെ ആകപ്പാടെയുള്ള അളവുമായി തട്ടിനോക്കുമ്പോൾ നീളമുള്ള ശിരസ്സും, (dolichocephaly) നീഗ്രോജാതിക്കാക്കുണ്ടു്. ഇതൊന്നുമല്ല ഇവിടത്തെ ആദിവാസികളുടെ ആകാരരീതി. തൊലിയുടെ കറുപ്പുകൊണ്ടു മാത്രം ഇവരെ തമ്മിൽ ബന്ധിപ്പിക്കുന്നതു ശരിയല്ല. ആൻഡമാനികൾക്കുള്ളതുപോലെ, ഈട്ടിക്കറുപ്പുള്ള തൊലിയിൽ സൂര്യകിരണം പതിക്കുമ്പോൾ നീലച്ഛായ, നീഗ്രോകളിൽ തോന്നാറില്ല. പ്രാചീനകാലംമുതൽ തികച്ചും ഭിന്നമായിരുന്ന ഏതോ ഏഷ്യൻ വംശക്കാരാണു് ഈ വർഗ്ഗക്കാരുടെ പ്രപിതാമഹന്മാരെന്നു വിധിക്കുന്നതാണു് ഉത്തമം. ലഘുശിരസ്കത, (brachycephalic) ചുരുണ്ട കോണുപോലെ

പററംപിടിക്കുന്ന മുടി, കട്ടിയില്ലാത്ത നാസിക്, ലഘുവായ അധരങ്ങരം, മീശ കുറവുള്ള മുഖം, കക്ഷത്തിലും ഗുഹ്യദേശത്തും പുരുഷന്മാരിൽ അപൂവ്വമായും സ്ത്രീകളിൽ തീരെയും രോമരാഹിത്യം, ദൃഢവും വളർച്ചപ്രാപിച്ചതുമായ മാംസപേശികരം തുടങ്ങിയവ ഇവരുടെ സവിശേഷതകളത്രേ. ആൻഡമാൻ ആദിവാസിസ്ത്രീകളുടെ അമിതവളച്ച്യുള്ള നിതംബം, മററു ചില ആദിവഗ്ഗക്കാരിലും അപൂവ്വമായി കാണാനുണ്ട്. ആഫ്രിക്കൻവഗ്ഗങ്ങളിൽ സവ്വസാധാരണമായ ശരീരഗന്ധം ഇവക്കു തീരെ ഇല്ല. സാംസ്കാരികവും ഭാഷാപരവും ആയ വ്യത്യാസങ്ങളും ഇവരെ ഒററപ്പെടുത്തി നിത്തുന്നു.[1]

ആധികാരികമായി അഭിപ്രായം രേഖപ്പെടുത്തുവാൻ ശേഷിയാജ്ജിച്ചിട്ടുള്ള ഒരു നരവംശശാസ്ത്രജ്ഞനായ ബ്രൗണിൻെറ അഭിപ്രായവും സൂചിപ്പിക്കട്ടെ. ബമ്മയിലെ അരസ്കാൻ പ്രദേശത്തുനിന്നു് ഇവിടേക്കു വന്നിട്ടുള്ളവരുടെ പരമ്പരയായിരിക്കാം ആൻഡമാനിലെ ആദിവാസികളെന്നാണു് അദ്ദേഹത്തിൻെറ പക്ഷം. അരസ്കാൻമേഖലയുടെ അഭംഗുരമായ തുടർച്ചയായിരിക്കാം ഈ ദ്വീപുകരം എന്നു് അദ്ദേഹം അനുമാനിക്കുന്നു. തുടർച്ചയുള്ള കരയായിരുന്നെങ്കിൽ, ആളുകളുടെ കുടിയേററത്തിനു വിഘാതമില്ല. ഒരുപക്ഷേ, അങ്ങനെയല്ലായിരുന്നെങ്കിൽക്കൂടി, വടക്കുകിഴക്കൻ കാലവഷക്കാററിൻെറ ഗതിപിടിച്ച്, ചങ്ങാടങ്ങളിൽ ഇവിടെ അടുക്കുവാൻ ആദിവാസികരംക്കു സാധിച്ചിരിക്കണം. ബമ്മയുടെ കടലോരപ്രദേശങ്ങളിൽ നിന്നു് എങ്ങനെയോ ഇവിടെ എത്തിപ്പിടിച്ച പ്രാചീനജാതിക്കാരുടെ പരമ്പരകളായിരിക്കാം ആൻഡമാനിലെ ആദിവാസികളെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം.[2]

ഭൂചരിത്രത്തിലെ ഹിമയുഗങ്ങളിൽസമുദ്രരേഖ വളരെ താഴത്തക്ക സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ആ കാലഘട്ടത്തിൽ ഒരിക്കൽ (Quartenary period) മുന്നൂറു മീററർവരെ സമു

1 On the Origin of Andamanese by Dr. Lidio Cipriani, Census of India 1951. Appendix Page Lxvi

2 Andaman Islands by A. R. Brown.

ദ്രതലം താഴുകയുണ്ടായി. അന്നു ബർമ്മയുമായി കരബന്ധം ഈ ദ്വീപുകാരംക്കു് ഉണ്ടായിരുന്നിരിക്കണം. ഈ കാലത്താണു് ആദിമജനങ്ങരം ബർമ്മവഴി ഇവിടേക്കു വന്നതു് എന്നാണു കൗഡേണിൻെറ അനുമാനം.[1] മിക്കവാറും എല്ലാ പ്രാചീനജനവിഭാഗങ്ങളുടെ വിശ്വാസങ്ങളിലും സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള മഹാപ്രളയത്തെ സംബന്ധിക്കുന്ന ബോധം ആൻഡമാനിലെ ചില ആദിവാസികളിലും നിലവിലുണ്ടു്. കുടിയേററത്തിനുശേഷം സംഭവിച്ച കടലിൻെറ ഏററത്തെ ആസ്പദമാക്കിയുണ്ടായ സമൂഹവിശ്വാസമായിരിക്കണം ഇവരെ അതിലേക്കു പ്രേരിപ്പിച്ചതു്.

ആദിവാസികളുടെ ആഗമനത്തെപ്പററി അഭിപ്രായം രേഖപ്പെടുത്തിയിട്ടുള്ളവരിൽ ഐക്സ്റ്റെഡ്് (B. V. Eickstedt) പറയുന്നതു്, അവർ ആൻഡമാൻദ്വീപുകളിൽ പ്രവേശിച്ചതു് രണ്ടുകൂട്ടംതിരിഞ്ഞായിരിക്കുമെന്നാണു്. ആദ്യത്തെ കൂട്ടരുടെ പിൻഗാമികളാണു് ഓംഗികരം, ജറുവകരം, സെൻറിനലികരം എന്നിവർ. ബാക്കിയുള്ളവരുടെ മുൻഗാമികളായിരുന്നു, രണ്ടാമത്തെക്കൂട്ടർ. വടക്കുനിന്നു തെക്കോട്ടായിരിക്കാം ഇവരുടെ കുടിയേററം. എന്നാൽ ബ്രൗണിൻെറ അഭിപ്രായം നേരെ തിരിച്ചാണു്. ദക്ഷിണദ്വീപുകളിൽനിന്നായിരിക്കണം മററു സങ്കേതങ്ങളിലേക്കു ജനവർഗ്ഗങ്ങരം വ്യാപിച്ചതു്. ഇതിലേതാണു ശരിയെന്നോ രണ്ടും ശരിയാണോ എന്നോ നിശ്ചയിക്കുക സാദ്ധ്യമല്ല.

ഡാ. ഫ്രെഡ്രിക്് ജെ. മോവട്ട്് 1863—ൽ പ്രസിദ്ധപ്പെടുത്തിയ രസകരമായ ഗ്രന്ഥത്തിൽ ആദിവാസികളെ സംബന്ധിച്ച്്, കൗതുകമുളവാക്കുന്ന ചില വിവരങ്ങരം കാണാനുണ്ടു്.[2] ഏററവും പഴക്കമുള്ള ഒരുവിവരണമെന്ന നിലയിൽ അതിലെ പ്രസക്തങ്ങളായ ചില വസ്തുതകരം ഇവിടെ ചേർക്കുകയാണു്. ചരിത്രപരമായ പ്രാധാന്യമാണു്, ശാസ്ത്രീയപഠനശ്രേഷ്ഠതയല്ല, ഈ വിവരണങ്ങളിൽ മുന്തി

1 Notes on the Geographical Distribution of Pygmies by W. Kaudern.

2 Adventures and Researches Among the Andaman Islanders by F. J. Mouat—1863.

നില്ക്കുന്നതു്. അതിനുമുമ്പും ആദിവാസികളെ സംബന്ധിച്ചുള്ള കുറെ വിവരങ്ങൾ 1794—ൽ കേണൽ സിം (Colonal Sym) എഴുതിയിട്ടുണ്ടെന്ന കാര്യവും സ്മരണീയമത്രെ. കോൺവാലീസ്തുറമുഖത്തിനു സമീപത്തുനിന്നു പിടികൂടിയ രണ്ടു് ആദിവാസിസ്ത്രീകളെ പഠിച്ചപ്പോൾ ലഭിച്ച വിവരങ്ങളാണു്, അദ്ദേഹത്തിൻെറ വിവരണങ്ങളിൽ കൂടുതലായിട്ടുള്ളതു്. കറുത്തു തിളക്കമുള്ള നിറവും മുടി കുറവുള്ള ശിരസ്സും നഗ്നമെങ്കിലും പൊക്കമില്ലാത്ത അരോഗദൃഢഗാത്രവുമായിരുന്നു അവർക്കുണ്ടായിരുന്നതു്. അന്യരുള്ളപ്പോൾ അങ്ങേയററം ജാഗ്രത പാലിച്ചാണു കപ്പലിലെ ബന്ധനത്തിൽ അവർ കഴിഞ്ഞുകൂടിയതു്. ഒരാൾ ഉറങ്ങുമ്പോൾ മറേറ സ്ത്രീ കാവലിരിക്കും. അസാധാരണമായ യാതൊരു പ്രത്യേകതയും രണ്ടുദിവസത്തോളം അവർ കാട്ടിയില്ല. എന്നാൽ മൂന്നാമത്തെ രാത്രിയിൽ മദ്ധ്യയാമത്തോടടുപ്പിച്ചു കാവല്ക്കാരെ കബളിപ്പിച്ചു് അവർ കടലിൽ ചാടി നീന്തി രക്ഷപ്പെട്ടു. ആണും പെണ്ണും വൈദഗ്ദ്ധ്യമുള്ള നീന്തുകാരാണു്. കടലിൽ ധാരാളമുള്ള കള്ള സ്രാവുകളുടെ കഥപോലും കാര്യമാക്കാതെ സ്ത്രീകൾ സാഹസികത്വത്തിനു തയ്യാറായതു് അവരുടെ ധീരതയ്ക്കു് ഉദാഹരണംതന്നെ.

കുററവാളിയായി നാടുകടത്തിയ ഒരു പടയാളി തടങ്കലിൽനിന്നു രക്ഷപ്രാപിച്ചു് അധികനാൾ ആദിവാസികളുടെകൂടെ കഴിഞ്ഞുകൂടി. അയാൾ പിന്നീടു് അവിടെനിന്നു പരിഷ്കാരികളുടെ ലോകത്തിലേക്കു തിരിച്ചുപോന്നു. പൊതുവെ അന്യരുടെ സഹവാസം സ്വീകരിക്കാത്ത ആദിവാസികൾ അയാളെ അവരോടൊപ്പം ജീവിക്കുവാൻ അനുവദിച്ചതും അവരുടെകൂട്ടത്തിൽ കഴിഞ്ഞുകൂടുവാൻ അവസരം കൊടുത്തതും അസാധാരണമായ സംഗതിയാണു്. ആദിവാസികളുടെ കൂടെ അനവധിനാൾ ജീവിച്ച അയാൾ അവരുടെ ജീവിതരീതികളെപ്പററിയും ആചാരമര്യാദകളെക്കുറിച്ചും പല വിവരങ്ങളും പറഞ്ഞിട്ടുള്ളതിൽനിന്നുമാണു മോവട്ടു് അധികം സംഗതികളും പ്രസ്താവിച്ചിട്ടുള്ളതു്. ഇതിൽനിന്നു ചില വിവരങ്ങൾ മാത്രം ഇവിടെ എടുത്തു കാണിക്കാം. എന്നാൽ മോവട്ടിൻെറ വിവരണങ്ങളിൽ

നിന്ന് ആദിവാസികളുടെ ഏതു വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങളാണു നല്കിയിരിക്കുന്നതെന്നു നിശ്ചയിക്കാനാവില്ല. അദ്ദേഹം അന്നു കരുതിയിരുന്നതു് ഇവിടെ ആകപ്പാടെ ഒരേ ഒരു വിഭാഗക്കാർമാത്രമേ ഉണ്ടായിരുന്നുള്ളു എന്നായിരിക്കണം.

ആദിവാസികൾ, പ്രാകൃതമായ കുടിലുകൾകെട്ടി, ചിലപ്പോൾ താവളമടിക്കാറുണ്ടു്. എന്നാൽ ഇവർ എന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരാണു്. കമ്പുകൾ നാട്ടിക്കെട്ടി ഇലകൾ വിരിച്ചു മേഞ്ഞാണു കുടിലുകൾ ഉണ്ടാക്കാറുള്ളതു്. അടുത്തടുത്തു വൃത്താകൃതിയിലാണു കുടിലുകൾ വയ്ക്കുക. അവിടെ ഒരു കുടുംബമെന്നതിനേക്കാൾ ഒരു സമൂഹം എന്ന കണക്കിലാണു താമസം. ഒററയ്ക്കുള്ള ജീവിതം അവക്കില്ല. തലമുടി മുഴുവൻ ശിരസ്സിൽനിന്നു നിർമ്മാജ്ജനംചെയ്യുവാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നു. കടൽക്കരയിൽ അടിഞ്ഞു കയറുന്ന കുപ്പിച്ചില്ലുകളോ മൂർച്ചയുള്ള ചിപ്പിത്തോടോ ആയിരിക്കും ആയുധമായി ഇതിനുപയോഗിക്കുക. സ്ത്രീകളാണു ക്ഷുരകവൃത്തിക്കാർ.

സമൂഹജീവിതത്തിൽ വിവാഹത്തിനു സ്ഥാനമുണ്ടു്. അയഞ്ഞ, സ്വതന്ത്രമായ, ജീവിതം അവക്കില്ല. വിവാഹത്തിനു്, വിശേഷിച്ചു ചടങ്ങുകളോ ആഘോഷമോ ഒച്ചപ്പാടോ ഒന്നുമില്ല. ആണും പെണ്ണും അവരവരുടെ ജീവിതപങ്കാളികളെ കണ്ടെത്തി തീരുമാനിക്കുന്നു. പരസ്പരം ബദ്ധരായാൽപ്പിന്നെ മോചനമെന്നൊരു കാര്യമേയില്ല. അങ്ങനെയൊരു ആവശ്യം വരാറുമില്ല. ഒരുമയോടുള്ള ജീവിതമേ അവക്കുള്ളു. വിവാഹിതയായ സ്ത്രീ അന്യപുരുഷനെ സ്വീകരിക്കുകയില്ല. അതുപോലെതന്നെ പുരുഷനും. പരസ്ത്രീഗമനം അവരുടെയിടയിൽ കേട്ടുകേഴ്വിപോലുമില്ല.

പ്രസവം വലിയ രഹസ്യമൊന്നുമില്ലാതെയാണു നടക്കുന്നതു്. ജനിച്ചാലുടനെ ചോരക്കുഞ്ഞിനെ ബന്ധുവായ ഒരു സ്ത്രീ ഏററുവാങ്ങും. പൊക്കിൾക്കൊടി ഒരു വിരൽ നീളത്തിൽ മുറിക്കുന്നു. എന്നാൽ അതിൻെറ അററം കെട്ടാറില്ല. പ്രസവാനന്തരം മാതാവിനു വിശേഷിച്ചു ശുശ്രൂഷയൊന്നും നല്കാറില്ല, അവൾ സാധാരണപോലെ പെരുമാറുന്നു.

കുറെ നാഴിക കഴിയുമ്പോരം ചുവന്ന മണ്ണ് ആമണ്ണെയ്യിൽ കുഴച്ച ശരീരമാസകലം പൂശും. ഇതു പ്രസവശുശ്രൂഷാ വിധിയൊന്നുമല്ല. സാധാരണമായി മററുള്ളവരും ചെയ്യുന്നതുതന്നെ. കുഞ്ഞുപിറക്കുമ്പോരം, അതു് ആണായാലും പെണ്ണായാലും, സമൂഹമോ മാതാപിതാക്കളോ ആഹ്ലാദ പ്രകടനത്തിന്ന തയ്യാറാകുകയില്ല. പ്രസവത്തിന്നശേഷം കുഞ്ഞിനെ പച്ചവെള്ളത്തിൽ കുളിപ്പിക്കും. കൈകൊണ്ടു തടവിയാണു വെള്ളം കളയുന്നതു്. ചിലപ്പോരം കൈ ചൂടു പിടിപ്പിച്ചു് അങ്ങനെ തടവിയെന്നു വരും. അമ്മയ്ക്കു ബലഹീനതയുണ്ടെങ്കിൽ, അവരംക്കു് ആവുന്നതുവരെ കുഞ്ഞിനെ പാലുള്ള മററേതെങ്കിലും സ്ത്രീയായിരിക്കും പോററുന്നതു്.

കുട്ടികളോടു വലിയ വാത്സല്യവും സ്നേഹവും ഉള്ളവരാണിവർ. നിർബ്ബന്ധംപിടിച്ചു മുലകുടി നിൎത്തുന്ന പതിവില്ല. പാലുള്ളകാലമത്രയും കുഞ്ഞിന്നു് അമ്മിഞ്ഞ കുടിക്കാം. പെൺകുട്ടികരംക്കും ആൺകുട്ടികരംക്കും അവരവരുടെ കളികളും വിനോദങ്ങളുമുണ്ടു്. പിന്നീടു വൈദഗ്ദ്ധ്യം ആൎജ്ജിക്കേണ്ട ജീവിതവൃത്തികളുടെ അടിത്തറയിടുന്നകളികളാണു് ആൺകുട്ടികരം സ്വീകരിക്കുന്നതു്. ചെറുപ്രായത്തിൽത്തന്നെ മീൻ പിടിക്കാനും പക്ഷികളെ എറിഞ്ഞു വീഴ്ത്താനും നീന്തൽ അഭ്യസിക്കാനും മരം കയറാനും മററും അവർ പഠിക്കും. കുറച്ചു പ്രായം കൂടിയാൽ വലിയവരോടൊപ്പം വേട്ടയ്ക്കിറങ്ങിത്തുടങ്ങുന്നു. വെള്ളത്തിൽ വിരുതോടെ നീന്താനും ഊളിയിടാനും ചാടാനും അവർ വലിയ തല്പരരാണു്.

സമൂഹജീവിതത്തിൽ, പരസ്പരസ്നേഹം വളൎത്തുന്നതിൽ, ഒരിക്കലും ഉലച്ചിലുണ്ടാകാറില്ല. ഏതെങ്കിലും തരത്തിലുള്ള മതവിശ്വാസമോ ആചാരക്രമമോ അല്ല അവരെ ഒരുമിച്ചു കെട്ടിനിൎത്തുന്നതു്. ഈശ്വരനെപ്പററിയോ ആത്മാവിനെപ്പററിയോ അവർ അറിഞ്ഞിട്ടില്ല; താല്പര്യം കാണിച്ചിട്ടുമില്ല. അതുകൊണ്ടു് അവക്കു് എന്തെങ്കിലും ക്ഷീണമൊട്ടില്ലതാനും. അന്നന്നുള്ള കാര്യത്തിൽ കവിഞ്ഞു നില്ക്കുന്നതല്ല അവരുടെ താല്പര്യങ്ങരം.

Chingalam Kari
C.M.S. College, KTYM



മരണാനന്തരം ഉദകക്രിയകളോ മററ് അനുഷ്ഠാനങ്ങളോ അവരുടെയിടയിൽ ഇല്ല. മരണത്തിൽ സങ്കടം പ്രകടിപ്പിക്കാറുമില്ല. ശവം മരവിച്ചുതുടങ്ങുന്നതിനുമുമ്പ് കാലുകൾതമ്മിൽ കൂട്ടിക്കെട്ടും. കുഴിയെടുത്ത് ജഡം നിർത്തിയാണ് മറവുചെയ്യുന്നത്. ചീഞ്ഞളിഞ്ഞു് മാംസം നീങ്ങിക്കഴിയുമ്പോൾ ശവക്കുഴി മാന്തി അസ്ഥിയൊക്കെ സംഭരിച്ച്, ആളുകൾ ഒന്നിച്ചുകൂടിയിരുന്ന് കുറേനേരം നിലവിളിക്കും. മരിച്ചയാൾ വിവാഹിതനായിരുന്നെങ്കിൽ വിധവയ്ക്കാണ് അയാളുടെ തലയോട്ടിക്കുള്ള അവകാശം. അത് അവൾ ചരടിൽ കോർത്ത് സ്വന്തം കണ്ഠത്തിൽ മാലപോലെ തൂക്കിക്കൊണ്ടു നടക്കുകയും ചെയ്യും. ഭർത്താവിനോടുണ്ടായിരുന്ന സ്നേഹത്തിൻെറ പ്രത്യക്ഷപ്രകടനമായിട്ടാണ് ഇതു ചെയ്യുന്നത്. ഇതല്ലാതെ പരേതരോട് പ്രതിപത്തി കാണിക്കുന്ന മററു പരിപാടികളൊന്നും അവക്കില്ല.

ഏതെങ്കിലും രൂപത്തിലുള്ള ചികിത്സാസമ്പ്രദായങ്ങളും ഉള്ളതായിട്ടറിവില്ല. പച്ചിലകളും മററും ഉപയോഗിച്ച് ചില ചികിത്സകൾ ചെയ്യുന്ന പതിവുണ്ട്. എന്നാൽ എന്തെങ്കിലും ക്രമമോ ശാസ്ത്രീയാടിസ്ഥാനമോ ഒന്നും ഇല്ലാതെയാണ് അതു ചെയ്യുന്നത്. ചുവന്ന മണ്ണ് കടലാമനെയ്യിൽ കുഴച്ച് ശരീരമാസകലം പൂശുന്നതിൽ നിന്നു് ചില പ്രയോജനങ്ങൾ ഇല്ലാതില്ല. ഒടിവുചതവുകൾ ഉണ്ടായാലും നീക്കേട്ടുകൊണ്ട് വിഷമം സംഭവിച്ചാലും പ്രാകൃതമായ ചില ശസ്ത്രക്രിയകളും ചെയ്യാറുണ്ട്. രാത്രിയിൽ കൊതുകും ഈച്ചയും മററു കീടങ്ങളും കടിക്കാതിരിക്കുവാൻ മണ്ണ് ശരീരത്തിൽ പൂശുന്നതു നല്ലതാണെന്നാണ് അവരുടെ അനുഭവം. എല്ലാ ദ്വീപുകളിലും കൊതുകിൻെറ ശല്യം കഠിനമാണ്. ചോരകുടിക്കുന്ന ഈച്ചയും പുഴുവും അട്ടയും കാട്ടിൽ കമ്മിയല്ലതാനും. നഗ്നരായ മനുഷ്യർക്ക് മണ്ണുകൊണ്ടുള്ള കവചമേ രക്ഷയുള്ളൂ.

ആഹാരം തീകൊണ്ടു പാകംചെയ്യും അല്ലാതെയും ഉപയോഗിക്കുന്നവരാണ് ആദിവാസികൾ. പന്നിയിറച്ചി, മത്സ്യം, കടലാമയിറച്ചി, ചിപ്പിമാംസം, കാട്ടുകാ

ഴ്ങ്ങൾ, കിഴങ്ങുകൾ, തേൻ മുതലായവയാണ് ആഹാരത്തിന് അവർ സ്വീകരിക്കുന്നതു്. മീൻപിടിക്കാൻ അവർ നേടിയിട്ടുള്ള പാടവം ആരെയും വിസ്മയിപ്പിക്കും. കുന്തം കുത്തിയോ, വല ഉപയോഗിച്ചോ, ചാണ്ടുളി എറിഞ്ഞോ ആണ് മത്സ്യബന്ധനം.

അലങ്കാരവസ്തുക്കൾ കുടിലിലോ ശരീരത്തിലോ കാണാറില്ല. കലാപ്രകടനങ്ങളൊന്നും അവക്കില്ലെന്നാണ് അറിവ്. നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സ്വഭാവത്തോടുകൂടിയവരാകയാൽ സ്ഥായിയായ താല്പര്യങ്ങൾ ഉറപ്പിക്കുവാൻ അവക്കു സന്ദർഭമില്ല. ഒരു സ്ഥലത്തു് നാലഞ്ചുനാളിൽ കൂടുതൽ തങ്ങാറുമില്ലെന്നാണറിവ്. മുപ്പതു മുതൽ മുന്നൂറ് അംഗങ്ങളോളമുള്ള കൂട്ടമായിട്ടാണ് അവരുടെ ജീവിതം.

കൈവിരുതിൽനിന്ന് രൂപമെടുക്കുന്ന പല സാധനങ്ങൾ ആദിവാസികൾ നിമ്മിക്കാറുണ്ട്. വള്ളം, തുഴകൾ, വില്ലും അമ്പും, കുന്തം, വല, കുട്ടകൾ, തീപ്പന്തങ്ങൾ, മുളങ്കുഴലിൽ ഉണ്ടാക്കിയ പാത്രങ്ങൾ, തുടങ്ങിയവ ഇവക്കുണ്ട്. ഇതിൽ പ്രാധാന്യമേറിയതു വള്ളമാണ്. ചൊവ്വൊത്ത മരം തിരഞ്ഞുപിടിച്ച് വളരെ ദിവസത്തെ അത്യദ്ധ്വാനംകൊണ്ട് മുറിച്ചിടും. ഒരു മരം മുറിക്കുവാൻ ഏഴുദിവസത്തിലേറെ എടുത്തെന്നുവരും. വീണ മരം പിന്നീട് ചെത്തിഉരുട്ടുന്നു. അതുകഴിഞ്ഞു് വള്ളത്തിൻെറ ആകൃതി പുറത്തുവരത്തക്കവണ്ണം ചെത്തിത്തുടങ്ങും. അതുണ്ടായാൽ അകത്തെ തുരപ്പു തുടങ്ങുകയായി. പണികഴിയുമ്പോൾ ഒന്നാന്തരം ഒരു വള്ളം തയ്യാറായിരിക്കും. പ്രാകൃതങ്ങളായ ആയുധങ്ങളാണ് പണിക്കുപയോഗിക്കുക. എങ്കിലും പരിഷ്കാരികളായ പണിക്കാരെപ്പോലും പരാജയപ്പെടുത്തുന്ന പൂണ്ണതയോടെയാണ് അവർ വള്ളം പൂർത്തിയാക്കുക. വെള്ളത്തിൽ വള്ളത്തിനു മറിവോ കുലുക്കമോ ഉണ്ടാകാത്തവിധത്തിൽ ഇവർ ഇതു ചെയ്യുന്നതു് അത്ഭുതമുളവാക്കുന്ന കാര്യം തന്നെ.

വള്ളം ഉപയോഗിക്കാനും ആദിവാസികൾ അതിവിരുതന്മാർതന്നെ. പങ്കായങ്ങളുടെ നിമ്മാണത്തിലും അവർ

വിദശ്വാന്മാർതന്നെ. വള്ളം തുഴഞ്ഞുപോകുമ്പോഠം അവരോ ടൊപ്പമെത്താൻ പരിഷ്കാരികളായ നാവികന്മാക്കുപോലും സാധ്യമല്ല! കഠിനവും ബലമുള്ളതുമായ തടിയാണ് പങ്കായമുണ്ടാക്കുവാൻ തിരഞ്ഞെടുക്കുക. വലിപ്പവ്യത്യാസമനുസരിച്ച് മൂന്നുതരം പങ്കായങ്ങഠം ഉപയോഗിക്കാറുണ്ട്. ഏററവും വലിപ്പമുള്ളതിന്ന് നാലടി നീളം വരും. ഇവ ഉണ്ടാക്കുന്നതു് സാധാരണയായി സ്ത്രീകളാണ്.

ആദിവാസികളുടെ ആയുധങ്ങളെപ്പററി പരാമശിക്കേണ്ടതുണ്ട്. അമ്പും വില്ലുമാണ് അവയിൽ പ്രധാനം. ബലമുള്ള തടികൊണ്ടാണ് അവ ഉണ്ടാക്കുക. അഞ്ചാറടി നീളം വരും വില്ലിന്ന്. വില്ല് കുലയ്ക്കുവാൻ നല്ല കരുത്തുള്ളവക്കേ സാധിക്കൂ. എന്നാൽ ആയാസമില്ലാതെ അവർ അതു ചെയ്യുന്നു. അതു നിസ്സാരമായ കാര്യമെന്നു കരുതിക്കൂടാ. പരിഷ്കാരം പ്രാപിച്ച പലരും അതിന്നു ശ്രമിച്ചപ്പോഠം, പണ്ട് ഗാണ്ഡീവമെടുത്ത രാജാക്കന്മാരുടെ അനുഭവമാണ് ഉണ്ടായതു്! അസ്ത്രപ്രയോഗത്തിൽ അവർ നേടിയിട്ടുള്ള വിരുതു് വണ്ണനാതീതമെന്നേ പറയേണ്ടൂ. ഉന്നവും ഊക്കും വിടാതെ അതിവേഗത്തിൽ അമ്പുകഠം അയയ്ക്കുന്നതാണ് അവരുടെ പതിവു്. നാല്പതുഗജത്തോളം അകലത്തുനിന്നു് അമ്പേററവക്കുണ്ടായിരുന്ന മുറിവുപോലും കഠിനമായിരുന്നെന്നു പറയുമ്പോഠം ഇതു് ഊഹിക്കാവുന്നതാണ്. അമ്പിൻെറ മുനയ്ക്കു് ചൂണ്ടലിൻെറ രീതിയിൽ മടക്കുള്ളതിനാൽ ഏററ അസ്ത്രം വലിച്ചെടുക്കുമ്പോഠം മാംസം വളരെ പോകേണ്ടിവരും.

മീൻ പിടിക്കുന്നതിനുള്ള ചാണ്ടുളിയുടെ മുനഭാഗം തണ്ടിൽനിന്നു വേർതിരിക്കാവുന്നതരത്തിലാണുറപ്പിക്കുന്നതു്. അതിൽ ബലമുള്ള ചരട് കെട്ടിയിരിക്കും. ഉന്നത്തിലേററാൽ ചരടുപിടിച്ച് ഇരയെ സ്വായത്തമാക്കും. മത്സ്യവേട്ടയ്ക്കു് മററു് ഉപകരണങ്ങളും ഇല്ലാതില്ല. ഉപ്പുവെള്ളം പുരളുമ്പോഠം ഊക്കുകൂടുന്ന നാരുകൊണ്ടാണ് വല നെയ്യുന്നതു്. അതുകൊണ്ട് അഴകുള്ള വല കെട്ടും. നാം സാധാരണ ചിത്രശലഭങ്ങളെ പിടിക്കുവാൻ ഉപയോഗിക്കാറുള്ള കൈവലകളുടെ മാതൃകയിലുള്ള കൊച്ചുവലകളും അവർ

ഉണ്ടാക്കുന്നതു് അസാധാരണമല്ല. പിടിച്ച മീൻ ഇടുന്നതിന് കുട്ടകളും മററും തയ്യാറാക്കുന്നു. കടലാമയെ പിടികൂടുവാൻ ബലമുള്ള ചരടിൽ നെയ്ത പ്രത്യേകതരം വലയും അവക്കുണ്ടു്. കുടിക്കുന്നതിനു് ശുദ്ധജലം സംഭരിച്ചുവയ്ക്കുന്നതു് മുളങ്കുഴലുകളിലാണു്.

പഴയകാലത്തെ സഞ്ചാരികളുടെ കഥകളിൽ മാത്രമല്ല ഭൂമിശാസ്ത്രവിശാരദന്മാരുടെ വിവരണങ്ങളിലും ആദിവാസികൾ നരഭോജികളായിട്ടാണു ചിത്രീകരിച്ചിട്ടുള്ളതു്. എന്നാൽ ഇതിനു് ഉപോൽബലകങ്ങളായ തെളിവുകൾ തീരെയില്ലെന്നുള്ളതാണു് യാഥാർത്ഥ്യം. ഭർത്താവിന്റെ മരണാനന്തരം അയാളുടെ കപാലം കോർത്തു്, ഭാര്യ കഴുത്തിൽ അണിഞ്ഞിരുന്നതു കണ്ടു്, നരഭോജനത്തിൻെറ തെളിവായിരിക്കും അതെന്നു കരുതിയതായിരിക്കാം ഈ തെററായ വിശ്വാസത്തിൻെറ അടിസ്ഥാനം.

# ആൻഡമാനികൾ

ആൻഡമാൻ ദ്വീപസമൂഹങ്ങളിൽ അധിവസിക്കുന്ന ആദിവാസികളെ, വിശാലമായ രണ്ടു വിഭാഗങ്ങളിൽ വേർതിരിച്ചാണു് പഠിക്കുവാൻ സൗകര്യം. ഇവരുടെയെല്ലാം പ്രപിതാമഹന്മാർ ഒരു വിഭാഗക്കാർതന്നെയായിരിക്കണം.* എന്നാൽ ഇവിടെ വന്നെത്തിയശേഷം സാഹചര്യങ്ങളുടെ പ്രത്യേകതകളനുസരിച്ചു് സ്വതന്ത്രമായ വികസനം സംഭവിച്ചപ്പോൾ, സ്വാഭാവികമായി ചില ഉപവകുപ്പുകളായി ആദിവാസികൾ പിരിയുകയുണ്ടായി. മുമ്പു സൂചിപ്പിച്ച രണ്ടു മുഖ്യവിഭാഗങ്ങൾ. (1) തെക്കെ ആൻഡമാനിലെ ജറുവകളൊഴിച്ചു് മററുള്ള വിഭാഗം. (2) ഓംഗികൾ, ജറുവകൾ, സെൻറിനലികൾ—ചേർന്ന വിഭാഗം. ഓംഗികൾ ലിററിൽ ആൻഡമാൻ ദ്വീപിലും, ജറുവകൾ തെക്കേ ആൻഡമാൻ ദ്വീപിൻെറ മദ്ധ്യപ്രദേശങ്ങളിലും, സെൻറിനലികൾ, ചെറിയ സെൻറിനൽ ദ്വീപിലുമാണു് അധിവസിക്കുന്നതു്. ഇന്നു് ആദ്യത്തെ വിഭാഗത്തെ പ്രതിനിധീകരിച്ചിരുന്ന ആൻഡമാനികൾ ഏതാണ്ടു് അന്യംനിന്ന നിലയിലെത്തിയിരിക്കുകയാണു്. കുലം നശിച്ച കൂട്ടരെക്കുറിച്ചു് വിവരിച്ചിട്ടു കാര്യമില്ല. അതിനാൽ അവരുടെ പ്രത്യേകതകളോ ജീവിതരീതികളോ ഇന്നത്തെ ചുററുപാടിൽ പ്രസക്തമല്ല.

1901-ൽ ആണു് ഇവിടെ ശരിയായവിധത്തിലുള്ള ഒരു കാനേഷുമാരി തയ്യാറാക്കുവാൻ സംഘടിതമായ യത്നം നടന്നതു്. അന്നു് ആൻഡമാനികളുടെ എണ്ണം 625 ആയിരുന്നു. അതിനു നാല്പത്തിരണ്ടു കൊല്ലംമുമ്പു് സുസംഘടിതരായി വിദേശികളോടു പോരിനു പുറപ്പെടുവാൻ തക്കവണ്ണം ശക്തരായിരുന്നു ഇവരെന്ന സംഗതി വിസ്മരിച്ചു

* Census of India 1951—Appendix A—by S. K. Gupta.

ക്കൂടാ. പരിഷ്കാരവുമായുണ്ടായ സമ്പക്കം കാരണം ഈ ജന വിഭാഗം ക്രമേണ ക്ഷയിക്കുവാൻ തുടങ്ങി. 1931—ൽ ഇവരുടെ എണ്ണം വെറും തൊണ്ണൂറായിത്തീന്നു. പിന്നെ ഇരുപതു കൊല്ലം കഴിഞ്ഞപ്പോഠം അതു കേവലം ഇരുപത്തിമൂന്നായി ക്ഷയിച്ചു. മററു വിഭാഗങ്ങളുടെയും സംഖ്യ ക്രമേണ ക്ഷയിച്ചുവരുന്നുണ്ടെന്നാണു് കാണുന്നതു്. എന്നാൽ ആൻഡമാനികളെപ്പോലെ അത്ര വേഗത്തിലുള്ള അധഃപതനമല്ല അവരെ തുറിച്ചുനോക്കുന്നതെന്നു മാത്രം. ശിക്ഷാസങ്കേതം, പോർട്ട്ബ്ളെയറിൽ ആരംഭിച്ച ആണ്ടിൽ (1858) ആൻഡമാനികളുടെ എണ്ണം അയ്യായിരത്തോളം വരുമെന്നാണു കണക്കാക്കപ്പെട്ടിരുന്നതു്. ഒരു നൂററാണ്ടു കഴിഞ്ഞപ്പോഠം അസ്തമനത്തിലേക്കു നിപതിച്ച ഇവരുടെ തിരോഭാവത്തിനു പരിഷ്കാരമാണു് ഉത്തരം പറയേണ്ടതു്. ''എവിടെയെല്ലാം യൂറോപ്യന്മാർ പദം വച്ചിട്ടുണ്ടോ അവിടെയെല്ലാം ആദിവാസികഠംക്കു് അധഃപതനമാണുണ്ടായിട്ടുള്ളതു്. അമേരിക്കയിലും, പോളിനേഷ്യയിലും, ആഫ്രിക്കയിലും ആസ്ത്രേലിയയിലും ഇതാണു നാം കാണുന്നതു്—'' എന്നു് ചാറത്സ് ഡാവ്വിൻ പ്രസ്താവിച്ചിട്ടുള്ളതാണു് ഈ അവസരത്തിൽ ഓമ്മയിൽ വരുക.*

ആൻഡമാനികളുടെ സങ്കരസന്തതികളിൽ ചിലർ ഇന്നു് തെക്കെ ആൻഡമാനിലെ തിരുരിനു സമീപപ്രദേശങ്ങളിലാണു താമസിക്കുന്നതു്. ബമ്മാക്കാരുടെ കുടുംബങ്ങളുമായി ചേന്നു് മേമിയോയിൽ ചിലർ ജീവിക്കുന്നു. കുറച്ചുപേരെ പോട്ട്ബ്ളെയറിൽ കാണാം. ലോംഗ് അയലണ്ടിലും ബാരാടംഗ് ദ്വീപിലെ ലൽടികിരിയിലും കുറേപ്പേരുണ്ടു്. ആൻഡമാനികളുടെ പന്ത്രണ്ടു് ഉപജാതികളിൽ അക്കാ ജെറോ(Aka Jero), അകാ കോറാ (Aka Kora) എന്നിവയിലെ ആളുകളേ ഇന്നു് അവശേഷിച്ചിട്ടുള്ളു. അപൂവ്വമായി അകാ ബുവാരേ (Aka Buare), അകാ ബോ (Aka Bo) അകാ ചേരെ (Aka Chere), പുചുക്വാർ (Puchuk war) എന്നിവരുടെ പ്രതിനിധികളും ഇല്ലാതില്ല. അവരെല്ലാം ആശയ

* A Naturalist Round the World by Charles Darwin. (1845)

വിനിമയത്തിന് പൊതുവായി അകാ ജെറോ (Aka Jero) ആണ് സംസാരിക്കുന്നത്.[1]

ആൻഡമാനികളെ പരിഷ്കൃതരാക്കിത്തീർക്കുന്നതിനുള്ള ഉദ്യമം ആദ്യകാലത്തുതന്നെ ആരംഭിച്ചെന്നു പറയാം. റവറണ്ട് കോർബിൻ (Rev. H. Corbyn) എന്ന പാതിരിയുടെ പ്രയത്നത്താൽ ഒരു 'ആൻഡമാൻ ഹോം' റോസ് ദ്വീപിൽ 1863-ൽ ആരംഭിച്ചു. കുററവാളികളോടൊത്ത് പണിചെയ്യുവാനാണ് ഇവരെ ആദ്യം പ്രേരിപ്പിച്ചത്. തുണിയണിയാനും ഇംഗ്ലീഷുപഠിക്കാനും കൂട്ടത്തിൽ ശ്രമം നടന്നു. പിന്നീട് ഈ പരിപാടി ഹോംഫ്രെ (J. N. Homfry) ഏറെറടുത്തശേഷം ഈ സങ്കേതം 1882-ൽ ഹാഡോയിലേക്കു മാററി. സഞ്ചാരപ്രിയരായിരുന്ന ജനവിഭാഗത്തെ സ്ഥിരവാസികളാക്കുന്നതിനുണ്ടായ ഉദ്യമങ്ങൾ, പലതരത്തിൽ അവക്ക് അപകടം ചെയ്തു. രോഗബീജങ്ങൾ പകന്നു്, ഗുഹ്യരോഗങ്ങളും ശ്വാസകോശമാരികളും മററും അവരിൽ പടന്നു. പുകവലിയും മദ്യപാനവും അവയെ വഷളാക്കി. ഇതെല്ലാമാണു നാഗരികത അവക്കു നല്കിയ സംഭാവനകൾ! അവർ നാശത്തിൻെറ ചരിവിൽക്കൂടി താഴേക്കു് നീങ്ങിത്തുടങ്ങി. 1942—45-ൽ ബ്രിട്ടീഷുകാരുടെ രഹസ്യപ്പടയിളികൾ മദ്ധ്യആൻഡമാനിലും തെക്കേ ആൻഡമാനിലും ഇറങ്ങി വിവരങ്ങൾ സമ്പാദിക്കുവാൻ നടന്ന ശ്രമത്തിൽ ഇവരിൽ പലരേയും ഉപകരണങ്ങളാക്കി. പ്രതിഫലമായി മദ്യവും ധൂമപാനസാമഗ്രികളും മററും ലോഭമില്ലാതെ ഇവക്കു സമ്മാനിച്ചു. ഇതു് അവരുടെ ആരോഗ്യത്തെ എത്രമാത്രം ക്ഷയിപ്പിച്ചെന്നു പറയേണ്ടതായിട്ടില്ല.[2]

---

1 Social Panorama of the Andaman and Nicobar Islands and Prospects of Anthrapological Research by Dr. V. K. Kochar—(1965)

2 Census of India 1951, Appendix A.—by S.K. Gupta.

9

# ജറുവകൾ

ആൻഡമാൻദ്വീപുകളിലെ ആദിമനിവാസികളുടെ കൂട്ടത്തിൽ ഇത്രയേറെ ഭയപ്പെടുകയും വെറുക്കപ്പെടുകയും ചെയ്യുന്ന മറെറാരു കൂട്ടർ ജറുവകളെപ്പോലെ ഇല്ല. ഈ ദ്വീപുകളിൽ സമ്പർക്കം സ്ഥാപിക്കുവാൻ പരിശ്രമം തുടങ്ങിയ കാലംമുതൽ ഓരോ കൂട്ടർ ഇവരുടെ സൗഹൃദം സമ്പാദിക്കുന്നതിനു താൽപര്യം കാണിച്ചിട്ടുണ്ട്. സന്മനോഭാവത്തോടും, അതു വ്യക്തമാക്കിക്കൊടുക്കുന്നതിനുതകുന്ന പെരുമാററങ്ങളോടും ഇക്കാലമത്രയും പലരും അവരെ സമീപിച്ചിട്ടുണ്ടെങ്കിലും ഫലം ഒന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഒഴിഞ്ഞും ഒതുങ്ങിയും ഒളിഞ്ഞുമുള്ള ജീവിതത്തിൽനിന്നു വിശാലമായ ലോകത്തിലേക്കു് ഇറങ്ങിവരുവാൻ ഇവക്കു താൽപര്യമില്ല. അവരുടെ കണ്ണിൽ പെട്ടാൽ, ആയുധപരിധിയിൽ അകപ്പെട്ടാൽ, അപകടം കൂടാതെ അന്യക്കു മടങ്ങുവാൻ വളരെ വിഷമംതന്നെ. ജറുവയെ നേരിട്ടു് ഒരിക്കൽ മാത്രമേ കാണാൻ കഴിയൂ. അതു മരണത്തിനു സ്വല്പം മുമ്പായിരിക്കും! ഇതാണു് അന്യരുടെ അനുഭവം! അത്യന്തം അപൂർവ്വമായിട്ടു മാത്രമേ അവരുടെ ഇടയിൽനിന്നു് ആളുകളെ പിടികൂടാൻ സാധിച്ചിട്ടുള്ളു. ആദിവാസികളിൽ ബുദ്ധിസാമർത്ഥ്യം ഏററവും അധികം നിരീക്ഷിച്ചിട്ടുള്ളതു ജറുവകളിലാണു്.* ആധുനികരീതിയിലുള്ള വിദ്യാഭ്യാസം ആജ്ജിച്ച, എടുത്തുവളത്തിയ, പെൺകുട്ടിയുടെ അഭ്യസനത്തിനുള്ള കഴിവു്, മറേറതൊരു പരിഷ്ക്കാരിയായ കുട്ടിയുടേതുംപോലെതന്നെയാണെന്നാണു കണ്ടിട്ടുള്ളതു്. നെഹ്റുവിൻെറ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ', പഠിപ്പുള്ളവരുടെ ഏതൊരു കുട്ടിയും വായിക്കുന്നതുപോലെ ഭാഷാശുദ്ധിയോടും ഉച്ചാരണഭദ്രതയോടുംകൂടി പാരാ

* Provincial Gazetteers of India: Andaman and Nicobar Islands.

യണം ചെയ്യുവാൻ ആ പെൺകുട്ടിക്കു കഴിവുണ്ടായി. അവ
ളും സഹോദരരും, കണക്കും ഹിന്ദിയും മററും അഭ്യസിക്കു
വാൻ വൈഷമ്യം കാട്ടിയിട്ടില്ല. അവരുടെ ഗ്രഹണശക്തി
അത്യന്തം ഉന്നതമായ നിലവാരത്തിലുള്ളതാണെന്നാണു്
അനുഭവം.* പ്രായംചെന്നവരുടേയും ബുദ്ധിസാമത്ഥ്യം,
നല്ല നിലയിലുള്ളതുതന്നെയാണു്. വളരെ ജാഗ്രതയോടെ
കാവൽക്കാർ നിന്നാലും ബന്ധനത്തിൽനിന്നു രക്ഷപ്രാ
പിക്കുന്നതാണു് അവരുടെ പതിവു്. അല്പനിമിഷത്തി
നുള്ളിൽ, ടൈംപീസിൻെറ അലാറമടിക്കുന്ന സാങ്കേതിക
സംവിധാനം, മനസ്സിലാക്കുന്നതിനു് അവൎക്കു കഴിഞ്ഞി
ട്ടുണ്ടു്.

ജറുവകാംക്കു പൊക്കം താരതമ്യേന കുറവാണു്. അ
വർ നഗ്നരായി കഴിയുന്നു. കറുത്ത നിറമുള്ള തൊലിയും
ഉരുണ്ട കൊച്ചു തലയും, പതിഞ്ഞ മൂക്കും, വലിപ്പം താരത
മ്യേന കുറവെങ്കിലും സദാസമയവും ജാഗ്രത പാലിക്കുന്ന
നയനങ്ങളും ആണു് അവൎക്കുള്ളതു്. കാട്ടിലെ ഇടതൂൎന്നുനി
ല്ക്കുന്ന വൃക്ഷലതാദികളുടെ ഇടയിൽക്കൂടി വേഗത്തിൽ ഓടു
വാൻ അവൎക്കു വിഷമമില്ല. കൊടുംകാടുകളിൽ അധിവ
സിക്കുന്ന എല്ലാ മനുഷ്യജാതികാംക്കും കാടുകളിൽ ഒളിച്ചി
രിക്കുവാനും ഓടി രക്ഷപ്പെടുവാനും, സൗകര്യം നല്കുന്ന തര
ത്തിലാണു ശരീരഘടന പരിണാമപ്പെട്ടിട്ടുള്ളതു്. വലിയ
ശരീരം വനത്തിലെ ഈദൃശപ്രവൎത്തനങ്ങാംക്കു വിഘാത
മാണു്. സമൃദ്ധമായ മുടിയും പററിയതല്ല. ഓടാനും മരം
കേറാനും ഒതുക്കവും ലാളിത്യമുള്ളതുമായ കാലുകളാണുത്ത
മം. ഇതൊക്കെ ചേൎന്നിട്ടുണ്ടു് ഇവിടത്തെ ജറുവകാംക്കു്.
മററു ചില ജാതിക്കാരെപ്പോലെ കടലിൽ അവൎക്കു വൈദ
ഗ്ദ്ധ്യമൊന്നുമില്ല. എങ്കിലും നീന്തൽ വശമാക്കിയിട്ടുണ്ടു്.
ചങ്ങാടങ്ങളിൽ കടലുതാണ്ടി മററു ദ്വീപുകളിലേക്കു കട
ന്നുപോകുന്നതും അസാധാരണമല്ല.

ആഫ്രിക്കയിലെ, കോംഗോവനങ്ങളിൽ അധിവ
സിക്കുന്ന പിഗ്‌വൎഗ്ഗക്കാരുടെ കാര്യം ഇവിടെ സൂചിപ്പി

* Census of India, 1951, Appendix. A.

ക്കേണ്ടിയിരിക്കുന്നു. സമാനമായ സാഹചര്യങ്ങളിൽ, സമാനമായ പരിണാമത്തിനു വിധേയരായിട്ടുള്ളവരാണു ജറുവകളും പിഗ്മികളും. ഇതിൽ കൂടുതൽ എന്തെങ്കിലും ബന്ധം ഇവക്കു തമ്മിൽ ഇല്ലതാനും.

ജറുവകളുടെ ജീവിതരീതിയെക്കുറിച്ചും ആചാരമര്യാദകളെപ്പററിയും സാമൂഹ്യസംവിധാനത്തെ സംബന്ധിച്ചും ആധികാരികങ്ങളായ വിവരങ്ങൾ കിട്ടിയിട്ടില്ല. പ്രസ്താവിക്കപ്പെടാറുള്ള സംഗതികളധികവും അറിയാനിടവന്നിട്ടുള്ള അല്പം ചില വസ്തുതകളെ ആസ്പദമാക്കി നടത്തിവരുന്ന നിഗമനങ്ങളാണ്. സ്ഥായിയായ സമ്പക്കം സ്ഥാപിച്ചു നിരീക്ഷണങ്ങൾ നടത്തിയും പഠിച്ചും എന്തെങ്കിലും സംഗതികൾ ശേഖരിക്കുന്നതിന് ഇന്നു സാദ്ധ്യതയില്ല.

സുസംഘടിതരായി ജറുവകൾ ഒരു ആക്രമണത്തിന് ആദ്യമായി തുനിഞ്ഞതായി രേഖപ്പെടുത്തിയിട്ടുള്ളത് 1873—ൽ ആണ്. മാക്ഫേർസൺ ഉൾക്കടലിനു സമീപമുള്ള സ്ഥലത്താണ് അത് അന്നു നടന്നത്. അതിനുശേഷം ഇന്നുവരെയും അവരെ സ്നേഹംകൊണ്ടു ജയിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. പിന്നീടു വളരെ സംഘട്ടനങ്ങൾ ഇവരുമായി ഉണ്ടായിട്ടുണ്ട്. ഇന്നും അതു തീൎന്നിട്ടില്ല. ഒന്നുരണ്ടു സംഘട്ടനങ്ങളെങ്കിലും ഉണ്ടാകാത്ത വഷങ്ങൾ നന്നേ കുറവാണ്.

പരിഷ്കാരികളുടെ പ്രതിരോധനടപടികളെക്കുറിച്ച് ഇന്ന് ജറുവകൾ ബോധവാന്മാരാണെന്നു വ്യക്തമാക്കുന്ന നിരവധി വസ്തുതകൾ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. തെക്കെ ആൻഡമാനിന്റെ തെക്കുപടിഞ്ഞാററൻ പ്രദേശം, മദ്ധ്യആൻഡമാനിന്റെ പശ്ചിമമേഖല മുഴുവൻ, വടക്കേ ആൻഡമാനിന്റെ തെക്കുപടിഞ്ഞാററൻഭാഗം എന്നിവിടങ്ങളിൽ ജറുവകളെ ഇന്ന് ഒതുക്കിനിൎത്തിയിരിക്കുകയാണ്. അതിൎത്തികൾ ലംഘിച്ച് അക്രമം അഴിച്ചുവിടുവാൻ ഇവരെ അനുവദിക്കാതിരിക്കുന്നതിന് പ്രത്യേകം കാവൽപൊലീസിനെ പ്രധാനകേന്ദ്രങ്ങളിൽ താവളമടിപ്പിച്ചിരിക്കുന്നു. ബുഷ്പൊലീസ് (Bush Police) എന്നാണ് ഈ കാവൽപൊലീസിനെ വിളിക്കുന്നത്.

പുതിയ കുടിയേററക്കാർ വനം തെളിച്ച് സങ്കേതങ്ങൾ സ്ഥാപിക്കാനും, വനംവകുപ്പുകാർ തടികൾ വെട്ടിയിറക്കാനും തുടങ്ങിയപ്പോൾ ജറുവകളുടെ എതിർപ്പ് സ്വാഭാവികമായി വർദ്ധിച്ചു. തിരുരെന്ന് ഇന്ന് അറിയപ്പെടുന്ന സങ്കേതത്തിൽ നിരന്തരമായ ആക്രമണങ്ങൾ അനുഭവപ്പെട്ടപ്പോൾ കുടിയേററക്കാരെ രക്ഷിക്കേണ്ടതു് അടിയന്തിരാവശ്യമായി. മുൻകൈയെടുത്ത് ആക്രമണത്തിനു തുനിയാതെ, വസ്തുവകകളുടെ സംരക്ഷണത്തിനും ആത്മരക്ഷയ്ക്കും മാത്രം ബലം പ്രയോഗിക്കാമെന്നുള്ള നിർദ്ദേശത്തോടുകൂടിയാണ് ബുഷ്പൊലീസിനെ സംഘടിപ്പിച്ചതു്. മിക്കപ്പോഴും ജറുവകളുടെ ആക്രമണം ഉണ്ടാകുന്നതു് ഇരുമ്പുസാധനങ്ങളും മററും എടുത്തുകൊണ്ടു പോകുന്നതിനുവേണ്ടിയായിരിക്കും. അവക്ക് ആയുധങ്ങൾ ഉണ്ടാക്കുന്നതിന് ഇവ ലഭ്യമാകുവാൻ ഇതേ വഴിയുള്ളല്ലോ. പ്രചോദനമെന്തായാലും അവരുടെ ആക്രമണങ്ങളിൽനിന്നുളവാകുന്ന ഫലങ്ങൾ അത്യന്തം ദയനീയങ്ങൾതന്നെ. ശത്രുക്കളോട് കഠിനമായ ക്രൂരത കാട്ടുന്നതിന് അവക്ക് ഒരു മടിയുമില്ല. മരണപ്പെട്ട ശത്രുക്കളുടെമേൽ കല്ലുകയററിവയ്ക്കുന്നതു് അവരുടെ ഒരു നടപടിയാണ്.

ദ്വീപുകളിൽ വിവിധഭാഗങ്ങളിലായി ബുഷ്പൊലീസിൻെറ നിരീക്ഷണകേന്ദ്രങ്ങൾ മുപ്പത്തിയാറോളം വരും. ഓരോ സ്ഥാനങ്ങളിലും ആറുമുതൽ പന്ത്രണ്ടുവരെ കാവൽപൊലീസുകാർ ഉണ്ടായിരിക്കും. 1964–ൽ ബുഷ് പൊലീസിൽ 346 പേർ ഉണ്ടായിരുന്നതായിട്ടാണ് അറിവ്.

ജറുവകളുടെ വിക്രിയകൾക്ക് അരങ്ങായിത്തീന്ന പ്രധാനസ്ഥലം തിരുരാണെന്നു മുമ്പു പറഞ്ഞല്ലോ. ഇവിടെയാണ് 1952–ൽ ആദ്യത്തെ ബുഷ്പൊലീസ്കേന്ദ്രം സ്ഥാപിതമായതു്. അതിനിടയാക്കിയ മുഖ്യസംഭവം പറയാം. തിരുരിൽ താമസിച്ചിരുന്ന ഒരു കൃഷികകുടുംബത്തിലെ നാഥൻ എന്തോ ആവശ്യം പ്രമാണിച്ച് തലസ്ഥാനത്തിലേക്കു പോയിരുന്ന അവസരം. ഭാര്യയും കുഞ്ഞും മാത്രമേ കുടിലിൽ ഉണ്ടായിരുന്നുള്ളു. ഗൃഹനായിക കുഞ്ഞും

മുഖവും കഴുകുവാൻ കാലത്ത് പുറത്തുവന്ന അവസരത്തിൽ, ഒളിച്ചു പതിയിരുന്ന ഒരുകൂട്ടം ജറുവകൾ അക്രമാസക്തരായി രംഗത്തുവന്നു. കുട്ടിയെയും വാരിയെടുത്തുകൊണ്ട് അവൾ അടുത്ത കുടിലിലേക്ക് അഭയത്തിന് ഓടി. പിറകിൽനിന്ന് ജറുവകളുടെ അമ്പ് അവളിൽ ആഞ്ഞുതറച്ചു. എങ്കിലും പ്രാണരക്ഷാർത്ഥം അവൾ ഓടി. ജറുവകളുടെ വൈരാഗ്യം തീർന്നില്ല. അടുത്ത കുടിലിലേക്ക് അവർ ആക്രമണം വ്യാപിപ്പിച്ചു. അവിടെയുണ്ടായിരുന്നവർ ഓട്ടംപിടിച്ചതല്ലാതെ എതിർക്കാൻ സന്നദ്ധത കാട്ടിയില്ല. ഒഴിഞ്ഞ കുരകളൊക്കെ തീവെച്ചു നശിപ്പിച്ചശേഷം കണ്ണിൽക്കണ്ട ഇരുമ്പുവസ്തുക്കളൊക്കെ കൈവശപ്പെടുത്തി ജറുവകൾ മടങ്ങി. ഗ്രാമം അതിദയനീയമായ ഒരു അരങ്ങായി അവശേഷിച്ചു. ഇതിനുശേഷം കുടിയേററക്കാരെ രക്ഷിക്കേണ്ടതിന്റെ ഗൗരവം അധികാരികൾക്ക ബോദ്ധ്യമായി. അവിടെ ഒരു കാവൽസ്ഥാനം ഉറപ്പിക്കുകയും ചെയ്തു.*

ജറുവകൾ ഉപയോഗിക്കുന്ന ആയുധങ്ങൾ പലതാണ്. കുന്തം, വില്ലും അമ്പും, ചാണ്ടുളി തുടങ്ങിയവയാണ് ഇതിൽ പ്രധാനം. കാഠിന്യമായ കാട്ടുകമ്പിൻെറ അററത്ത് ഇരുമ്പുമുന ഉറപ്പിച്ചാണ് അമ്പു നിർമ്മിക്കുക. കുന്തത്തിൻെറ മുനയും ഇരുമ്പുതന്നെ. ശത്രുക്കളുമായി അടുത്തുണ്ടാകുന്ന പോരിൽ കൂടുതലും ഉപയോഗിക്കുന്നത് കുന്തമാണ്. സാധിക്കുമെങ്കിൽ അങ്ങനെയുള്ള പോരിനാണ് അവർ കൂടുതൽ ഇഷ്ടപ്പെടുന്നത്. അമ്പ് അധികം ചെലവാക്കുവാൻ അവർക്കിഷ്ടമില്ല. അതിൻെറ പ്രയോഗം കുന്തത്തിൻേറതുപോലെ നിശ്ചയമുള്ളതല്ലല്ലോ. വള്ളത്തിൽ കരയ്ക്കടുക്കുവാൻ ശ്രമിക്കുന്നവരുടെമേൽ, കാട്ടിൽ ഒളിച്ചിരുന്ന് ശരവർഷം ചെയ്യുന്നത് അസാധാരണമല്ല. അതിക്രമിച്ച് അവരുടെ പ്രദേശത്തേക്കു കടക്കുന്നവരെ പതിയിരുന്ന് ആക്രമിക്കുന്നതിൽ വിരുതന്മാരാണിവർ. ശത്രുക്കൾ ഉപയോഗിച്ചേക്കാവുന്ന താരകളിൽ മീൻമുള്ളും മററും കുഴിച്ചിട്ട് കുടുക്കിലകപ്പെടുത്തുവാൻ ചാതുര്യം കാണിക്കുന്നതും

---

* Islands of the Marigold Sun by Suresh Vaidya (1960)

അസാധാരണമല്ല. മുമ്പേ പോകുന്ന നേതാവിന്റെ വഴി യുടെ സൂചന പിറകെ വരുന്നവൎക്ക് കൊടുക്കുവാൻ ചെടി കളുടെ ചില്ലകൾ ഒടിച്ചു നടക്കുന്നത് അവരുടെ പതിവാ ണ്. അതുപോലെ സമൂഹത്തിലുള്ളവരുടെ ശ്രദ്ധ സമാകൎഷിക്കുവാൻ തടിയിൽ കൊട്ടി ശബ്ദമുണ്ടാക്കുന്ന പതിവു മുണ്ട്. ഈ ശബ്ദം കേട്ടാൽ ജറുവകൾ എന്തോ മുഖ്യപ്രവൎത്തനത്തിനു തയ്യാറെടുക്കുകയാണെന്നു തീൎച്ചയാക്കാം.

മററ് ആദിവാസികൾക്കും ജറുവകളുടെ സൗഹൃദം സമ്പാദിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ. എല്ലാവരും അവരെ ഭയപ്പെടുന്നുണ്ട്. അവരുടെ ഭാഷയോ ജീവിതാചാരങ്ങളോ അറിഞ്ഞശേഷമേ ജറുവകളുമായി സമ്പൎക്കത്തിനു സാദ്ധ്യതയുള്ളു. എന്നാൽ അതിനുള്ള കവാടങ്ങൾ ഇന്ന് ഉറപ്പായി അടഞ്ഞുകിടക്കുകയുമാണ്. എങ്കിലും ജറുവകളെ പാട്ടിലാക്കുന്നതിനുള്ള പരിശ്രമം തുടൎന്നു കൊണ്ടേയിരിക്കുന്നുണ്ട്. അവൎക്ക് കൗതുകം ഉളവാക്കിയേക്കാവുന്ന വസ്തുക്കൾ അവരുടെ പ്രദേശങ്ങളിൽ ഇട്ടുകൊടുക്കുകയാണ് ഇതിൽ മുഖ്യം.

ഒരിക്കൽ രണ്ടു ജറുവകളെ ഒരു പൊലീസ്സംഘം പിടികൂടി. അവരെ പോർട്ട്ബ്ളെയർ ആശുപത്രിയിൽ നല്ല ബന്തവസ്സിൽ താമസിപ്പിച്ചു. അവരുടെ ഭാഷ പഠിക്കുന്നതിന് അവർ പറഞ്ഞ വാക്കുകളൊക്കെ താല്പൎയ്യപൂൎവ്വം ചിലർ സമാഹരിച്ചു. എങ്കിലും ഉദ്യമം വിജയിച്ചില്ല. ഒരു പ്രഭാതത്തിൽ തടങ്കലിൽനിന്ന് അത്ഭുതകരമാംവിധം അവർ രക്ഷപ്രാപിച്ചു.

മറെറാരവസരത്തിൽ ഒരമ്മയേയും മൂന്നു കുഞ്ഞുങ്ങളേയും പിടികൂടാൻ ഇടവന്നു. അത്യന്തം കാരുണ്യത്തോടെയാണ് ഇവരോടു പെരുമാറിയത്. നല്ല ആഹാരവും സന്തോഷം ഉണ്ടാക്കാവുന്ന കൗതുകസാധനങ്ങളും ആവശ്യംപോലെ കൊടുത്തു. കുറെ ദിവസങ്ങൾക്കുശേഷം തള്ളയേയും കുഞ്ഞുങ്ങളേയും, അവരെ പിടികൂടിയ സ്ഥലത്തുതന്നെ തിരിച്ചു കൊണ്ടുവിട്ടു. അവരുടെഗതിയെന്തായെന്നറിയാൻകുറെദിവസങ്ങൾക്കുശേഷം നിരീക്ഷകന്മാർ ചെന്നപ്പോൾ കണ്ടത്, കടൽക്കരയിൽ കുഞ്ഞുങ്ങളോടുകൂടി നിരാശയുടെ പ്രതീകം

പോലെ, നിരാലംബയായി, അലഞ്ഞുതിരിഞ്ഞുകൊണ്ടിരുന്ന ആ അമ്മയേയും കുഞ്ഞുങ്ങളേയും ആണ്. ജറുവകറം അവളെ നിഷ്കാസനം ചെയ്തതാണെന്നു വിശ്വസിച്ച്, വീണ്ടും തള്ളയേയും കുട്ടികളേയും പിടിച്ചു പോർട്ട്ബ്ളെയറിലേക്കു കൊണ്ടുപോയി. കരഞ്ഞുകരഞ്ഞു്, കണ്ണുനീരിൽ കുതിന്നു്, ആ മാതാവിൻെറ ജീവിതം പൊലിഞ്ഞുപോയി. ആരിലും കാരുണ്യം പകരുന്ന ഒരു കദനകഥയായിത്തീന്നു ആ മാതാവിൻെറ ജീവിതം. അവളുടെ കുട്ടികളെ നിക്കോബറിലെ ബിഷപ്പ് റിച്ചാർഡ്സൺ എടുത്തുവളത്തി. രണ്ടു് ആൺകുട്ടികളും ഒരു പെൺകുട്ടിയുമായിരുന്നു ഉണ്ടായിരുന്നതു്. അതിൽ ഒരാൺകുട്ടി പിന്നീടു മരിച്ചു. മററുള്ളവർ സാധാരണ കുട്ടികളെപ്പോലെ വളരാൻ തുടങ്ങി. പെൺകുട്ടി ഇന്നു വിവാഹിതയായി ഒരു പൈതലോടുകൂടി സുഖമായിരിക്കുന്നുണ്ടു്. ഇവരെക്കുറിച്ചാണു മുമ്പൊരവസരത്തിൽ സൂചിപ്പിച്ചിരുന്നതു്.

ആയുധനിർമ്മാണത്തിനു് ആവശ്യമായ ഇരുമ്പു സമ്പാദിക്കുന്നതിനാണു ജവറുകറം സാധാരണയായി കുടിയേററക്കാരുടെ കേന്ദ്രങ്ങളും വനംവകുപ്പുപണിക്കാരുടെ താവളങ്ങളും ആക്രമിക്കാറുള്ളതെന്നു പറഞ്ഞല്ലോ. അപകടത്തിൽപ്പെട്ടു് ഉടഞ്ഞ കപ്പലുകളുടെ അവശിഷ്ടങ്ങളിൽനിന്നു് ഇരുമ്പുസാധനങ്ങറം വേർതിരിച്ചെടുത്തും ഇവർ ആവശ്യം സാധിക്കാറുണ്ടു്. ഇന്നുവരെ, ദൈവാധീനത്താൽ, വെടിക്കോപ്പുകളുടെ ഉപയോഗം ഇവക്കു വശമില്ല. ജപ്പാൻകാരുടെ അധിനിവേശകാലത്തു് ഇവരുടെ സങ്കേതങ്ങറം ബോംബു ചെയ്തിരുന്നതായി പറയപ്പെടുന്നു.

പഴയകാലത്തു ജറുവകറം തോണി ഉണ്ടാക്കിയിരുന്നെന്നാണ് അറിവു്. എന്നാൽ ഇന്നു് ഈ പ്രവത്തനത്തിൽ ഏപ്പെടുന്നതായി കണ്ടിട്ടില്ല. കടലും ഉറംക്കടലും താണ്ടി ഉദ്ദിഷ്ടസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിനു പ്രധാനമായി ചങ്ങാടങ്ങളാണ് ഇവർ ഉപയോഗിക്കുന്നതെന്നു മുമ്പു പറഞ്ഞല്ലോ. കൈകൊണ്ടു തുഴഞ്ഞോ കഴക്കോൽ ഊന്നിയോ ആണു ചങ്ങാടത്തിൽ സഞ്ചരിക്കുന്നതു്.

10

# സെൻറിനലികൾ

തെക്കു് ആൻഡമാനിൻെറ ദക്ഷിണഭാഗത്തു കിഴക്കു മാറി സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണു സെന്റിനൽദ്വീപു്. ഇവിടെയും ഒരുവിഭാഗം ആദിവാസികൾ അധിവസിക്കുന്നുണ്ടു്. മററുള്ളവരേപ്പോലെതന്നെ അന്യസമ്പക്ക്മില്ലാതെ നൂററാണ്ടുകളായി ജീവിച്ചുവരുന്നവരാണിവർ. ജറുവകൾക്കും ഇവിടത്തുകാക്കും തമ്മിൽ പല കാര്യങ്ങളിലും സാമ്യമുണ്ടു്. ഈ രണ്ടു കൂട്ടരുടേയും പ്രപിതാമഹന്മാർ ഒരു കൂട്ടരായിരിക്കുമെന്നാണു് അനുമാനം. കാലത്തിൻെറ ഒഴുക്കിൽപ്പെട്ടു രണ്ടു കൂട്ടരായി പിരിഞ്ഞു രണ്ടു കേന്ദ്രങ്ങളിൽ ചെന്നെടുത്തവരാണിവർ.

പരിഷ്കൃതലോകവുമായി ഒരു കാര്യവുമില്ലെന്നു വിശ്വസിച്ചു് ഒററപ്പെട്ടു കഴിയുന്ന സെൻറിനലികൾക്കു പരിഷ്കാരികളിൽനിന്നു ദുരന്താനുഭവങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ജറുവകളുടെ ചരിത്രത്തിലുള്ള സംഘട്ടനങ്ങളൊന്നും ഇവക്കു് അനുഭവമായിട്ടുമില്ല. പൂണ്ണമായും ശത്രുതാമനോഭാവത്തോടെ ജീവിക്കുകയാണെങ്കിലും ഇവരെ നയത്തോടെ മെരുക്കി എടുക്കാമെന്നാണു് ഇന്നത്തെ വിശ്വാസം. അവരെക്കുറിച്ചു് ആധികാരികങ്ങളായ വിവരങ്ങൾ ലഭ്യമായിട്ടില്ല. എങ്കിലും ജറുവകളിൽനിന്നു ഭിന്നമായ ഭാവങ്ങളൊന്നും ഇവരുടെ ജീവിതസംവിധാനത്തിലില്ലെന്നാണു് ഇന്നത്തെ അനുമാനം.

11

# ഓംഗികൾ

ലിററിൽ ആൻഡമാൻ എന്ന ദ്വീപിൽ ജീവിക്കുന്ന ആദിവാസികളാണ് ഓംഗികൾ. ഇന്നും ശിലായുഗത്തിലെ ജീവിതത്തിൽനിന്നു കരകയറിയിട്ടില്ലാത്ത ഒരു കൂട്ടരാണിവർ. ഏതാണ്ട് ഇരുപതിനായിരം സംവത്സരങ്ങൾക്കു മുമ്പു നിലനിന്നിരുന്ന മാനവപരിഷ്കാരത്തിന്റെ പ്രതിനിധികളാണ് ഇവർ. കാലം കഴിഞ്ഞതും, അതിന്റെ പോക്കിൽ കൈവന്നിട്ടുള്ള മനുഷ്യപുരോഗതിയുടെ ഭാവവ്യത്യാസങ്ങളും ചലനങ്ങളും, അറിയുകയും അനുഭവിക്കുകയും ചെയ്യാതെയും ബംഗാൾ ഉൾക്കടലിന്റെ ഒഴിഞ്ഞകോണിൽ ഒററപ്പെട്ടുനില്ക്കുന്ന ഒരു ദ്വീപിൽ നിഷ്കളങ്കരായി ദിനരാത്രങ്ങൾ കഴിച്ചുകൊണ്ടിരിക്കുന്ന സഹോദരരാണ് ഓംഗികൾ. ഇതിൽ അവക്കു വേദനയോ നിരാശയോ ഇല്ല. എന്തെങ്കിലും നഷ്ടപ്പെട്ടെന്ന വിശ്വാസവും ഇല്ല. ജിജ്ഞാസയ്ക്കു വിധേയരായി അന്യർ അവിടെ ചുഴിഞ്ഞുകയറുന്നില്ലെങ്കിൽ, അവരുടെതായ പ്രാചീനലോകത്തിൽ പിറന്ന്, വളന്ന്, മരിക്കുന്നതിൽ ഖേദമൊട്ടില്ലതാനും.

ഇദംപ്രഥമമായി ഓംഗികളുമായി മനഃപൂവ്വം സമ്പക്കമുണ്ടാക്കുവാൻ ശ്രമമുണ്ടായതു് 1866—ൽ ആണെന്നു പറയാം. ഇതിൽ പ്രമുഖമായ പങ്കുവഹിച്ചതു പോർട്ട്മാൻ (M. V. Portman) ആയിരുന്നു. എന്നാൽ ഇതിനുമുമ്പ് ചീനരും ജപ്പാൻകാരും മററും ഇവരുമായി സമ്പക്കത്തിനു ശ്രമിച്ചിരുന്നെന്നു് അറിവുണ്ട്. 'ആസാംവാലി' എന്ന കപ്പലിൽ ലിററിൽആൻഡമാൻ തീരത്തടുത്തു കുറെ ആളുകൾ അവിടെ ഇറങ്ങി. അവരെയെല്ലാം ഓംഗികൾ ബന്ധനസ്ഥരാക്കി. അപകടത്തിൽപ്പെട്ടവരെ മോചിപ്പിക്കുവാൻ പട്ടാളപ്രവത്തനം വേണ്ടിവന്നു. പിന്നീടു സിനിക്ദ്വീപിൽനിന്നു കുറെ ആദിവാസികളെ പിടികൂടുവാൻ പോർട്ട്

മാനു് സാധിച്ചു. അവരിൽ ഒൻപതുപേരെ ഒഴിച്ചു ബാക്കിയുള്ളവരെ അവിടെവച്ചുതന്നെ വിട്ടയച്ചു. ഒൻപതുപേരെ പോർട്ട്ബ്ളെയറിലേക്കു കൊണ്ടുപോകുകയുണ്ടായി. അവിടെ അവക്ക് അത്യന്തം അനുകൂലമായ ഏർപ്പാടുകളുണ്ടാക്കി താമസിപ്പിച്ചു. വൈരാഗ്യത്തിൻെറയൊ പ്രതികാരത്തിൻെറയോ യാതൊരു ലക്ഷണങ്ങളും പ്രകടിപ്പിച്ചില്ല. അപ്രതീക്ഷിതമായി ആദിവാസികൾക്കുണ്ടായ ഈ അനുഭവം അവരുടെ മനോഭാവത്തെ മാററിയെന്നു പറയാം. അധികം താമസിയാതെ അവരെ അവരുടെ ദ്വീപിലേക്കു തിരിച്ചുകൊണ്ടുപോയി മോചിപ്പിക്കുകയുണ്ടായി. ഇവരാണു സൗഹൃദത്തിൻെറ സരളസന്ദേശം ഓംഗികളുടെ ഇടയിൽ പ്രചരിപ്പിച്ചതു്. ക്രമേണ അവരുടെ എതിർപ്പുകൾ ക്ഷയിച്ചു. അവിടെ എത്തുന്നവരോടു സഹകരിക്കാനുള്ള സന്മനോഭാവവും അവരിൽ അങ്കുരിച്ചു. ഈ വിധത്തിലായിരുന്നു പോർട്ട്മാൻ സൗഹൃദത്തിന്റെ ആദ്യത്തെ നാഴികക്കല്ല് ആദിവാസികളുടെ നാട്ടിൽ സ്ഥാപിച്ചതു്.* പില്ക്കാലത്തു് ഈ സൗഹൃദസരണി വികസിപ്പിക്കാനും നീട്ടാനും ഉറപ്പിക്കാനും പലരും പ്രയത്നിക്കുകയുണ്ടായി. പ്രൊ. ലാപ്പികപ് (1893), ജമ്മൻകാരനായിരുന്ന ഐെക്സ്റ്റാഡ് (Eicksktadt 1927), ഡാ. ഗുഹ (Dr. B. S. Guha 1948), സിപ്രിയാനി (Dr. Lidio Cipriani 1954) തുടങ്ങിയവരുടെ നാമധേയങ്ങൾ ഇവിടെ സന്തോഷപൂർവ്വം സ്മരിക്കേണ്ടതുണ്ടു്.

ആൻഡമാൻദ്വീപുകളിലെ ആദിവാസികൾക്കുള്ള പൊതുവായ സവിശേഷതകളിൽനിന്നു ഭിന്നരല്ല ഓംഗികൾ. ആദിയിൽ ഉണ്ടായ കുടിയേററത്തിൽ വിവിധദേശങ്ങളിൽ വിധി കൊണ്ടെത്തിച്ച ഒരുക്കൂട്ടർ ലിററിൽ ആൻഡമാനിൽ സ്ഥിരമായ ജീവിതം നയിച്ചു. പുതിയ ചുററുപാടുകളിലെ ചില പ്രത്യേകതകൾക്കനുസരണമായി ജീവിച്ചു്, ചില സവിശേഷതകൾ ഇവർ പില്ക്കാലത്തു് ആർജ്ജിക്കുകയുണ്ടായി. അന്യർ തങ്ങളുടെ ദേശത്തു കടക്കുന്നതിൽ കഠിനമായ വെറുപ്പുള്ളവരായിരുന്നു ഓംഗികളും.

---

* History of Our Relations with the Andamanese, by M. V. Portman.

എന്നാൽ കാലപ്രവാഹത്തിൽ അവക്ക് അവരുടേതു മാത്ര മായ ഒരു ലോകം ശുദ്ധമായി പുലർത്തിക്കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യം വന്നു. അന്യരുമായുള്ള സമ്പ ർക്കം അനിവാര്യമായി. ശത്രുതയുടെയും വെറുപ്പിൻെറയും മൂർച്ച കുറഞ്ഞു. ക്രമേണ സന്മനോഭാവത്തിൻെറ പ്രകാശ വും സൗഹൃദത്തിൻെറ ചൂടും വഹിക്കുന്ന സൂര്യരശ്മി അവരു ടെ പ്രാകൃതജീവിതത്തിലും പതിച്ചു. ഇതിന്ന് ഇടവരു ത്തിയ മഹാനുഭാവന്മാരുടെ പരമ്പരയിൽ ഏററവും സ്മര ണീയനായിട്ടുള്ള വ്യക്തിയാണു സിപ്രിയാനി എന്ന നര വംശശാസ്ത്രജ്ഞൻ. അദ്ദേഹം ആറുമാസത്തോളം അവരോ ടൊത്ത് അവരുടെ സങ്കേതത്തിൽ ജീവിച്ചു. നിരാക്ഷേപ മായ ഭൂതദയയിൽനിന്നുത്ഭവിച്ച നിരങ്കുശമായ നിരീക്ഷ ണങ്ങൾകൊണ്ട് അദ്ദേഹത്തിനു സമ്പാദിക്കുവാൻ സാധി ച്ച വിവരങ്ങളാണ്, ഓംഗികളുടെ ജീവിതത്തെപ്പററി ആധികാരികങ്ങളായ അറിവുകൾ വ്യക്തമാക്കാൻ ഇടയാ ക്കിയിട്ടുള്ളത്. ധീരസാഹസികരായ ഇത്തരം വ്യക്തിക ളുടെ വ്യർത്ഥമാകാത്ത നിശബ്ദസേവനങ്ങളാണു മനുഷ്യധാ രണയുടെ മഹത്തായ പാലങ്ങൾ പണിയുവാൻ ഇടവരുത്തു ന്നതെന്നു പറയാതിരിക്കുവാൻ വയ്യാ. ശത്രുതയിലും സംശ യത്തിലും ഇന്നു ജീവിക്കുന്ന മററ് ആദിമവർഗ്ഗങ്ങളുടെ ലോകവും ഇത്തരം വ്യക്തികളുടെ ആഗമനം പ്രതീക്ഷിച്ചു കഴിയുകയാണ്. തങ്ങളെക്കാൾ അപകൃഷ്ടരായ ആളുകളാ ണ് ആദിവാസികളെന്നു ധരിച്ച്, അവരെ വീണ്ടെടുക്കുക യാണു സ്വന്തം അവതാരോദ്ദേശമെന്നു വിധിച്ച്, ആരും ആദിവാസികളെ സമീപിച്ചുകൂടാ. ഇങ്ങനെ ചെയ്യുന്നവർ ഉപകാരത്തെക്കാളേറെ അപകാരത്തിൻെറ വിത്തുകളാണ് ഇത്തരം കന്നിമണ്ണിൽ വിതയ്ക്കുക. ആദിവാസികളെ മാത്ര മല്ല, മററു ജനവിഭാഗങ്ങളെയും ഇത്തരം മായാബോധത്തോ ടെ സമീപിച്ചിട്ടുള്ളവർ വരുത്തിവച്ചിട്ടുള്ള വിപത്തുകൾ ക്ക് ഉദാഹരണങ്ങൾ എത്രയാണു ചരിത്രത്തിൻെറ ഏടുക ളിൽ കാണാനുള്ളത്!

അധികം ഉയരമില്ലാത്തതെങ്കിലും അംഗസൗഷ്ഠവമുള്ള ആകാരം. ചുരുണ്ട് ഏറുപമ്പരം പരത്തിനിത്തിയിട്ടുള്ളമാ

തിരി പൊററപിടിച്ച സ്ഥിതിചെയ്യുന്ന മുടി. പതിഞ്ഞ മൂക്ക്. തടിച്ച ചുണ്ട്. ഇരുണ്ട കണ്ണുകളോടുകൂടിയ വീതിയുള്ള മുഖം. കറുത്ത തൊലി—ഇതാണ പൊതുവിൽ ഓംഗികളുടെ ബാഹ്യരൂപം. ശരീരചമ്മത്തിൽ അധികം രോമം കാണുന്ന പതിവില്ല. മീശ കുരുക്കുന്നതും കുറവുതന്നെ. ആണുങ്ങൾ കൗപീനം ധരിച്ചും പെണ്ണുങ്ങൾ കൈതയില ഉണക്കി പന്തുപോലെ ഉണ്ടാക്കിയിട്ടുള്ള ഒരു ഗോളം കെട്ടിത്തൂക്കി നാണം മറച്ചുമാണ കഴിയുന്നത്. സമ്പൂണ്ണനഗ്നതയ്ക്ക് അത്രയുമേ അവരിൽ അപവാദമുള്ളു. പെണ്ണുങ്ങൾ മാറു മറയ്ക്കുകയോ മററു വേഷഭൂഷാദികൾ അണിയുകയോ ഇല്ല. ഇതുകൊണ്ട് അവരുടെ ആരോഗ്യത്തിന് ഒരു കുറവും സംഭവിച്ചിട്ടുമില്ല.* സ്ത്രീകളുടെ നിതംബം സാമാന്യത്തിലധികം പിറകോട്ട് ഉന്തി മാംസളമായി നില്ക്കുന്നു. കുട്ടികൾക്ക് അവിടെ കയറിനില്ക്കുവാൻ വിഷമമില്ലെന്നു പറയുമ്പോൾ ഇതിൻെറ ഏകദേശരൂപം ഊഹിക്കാം. ഈ സവിശേഷത ആഫ്രിക്കയിലെ രണ്ടു വഗ്ഗക്കാരുടെ ഇടയിലും കാണാനുണ്ടെന്ന വസ്തുത ഇവിടെ പറയട്ടെ. ഹോട്ടൻടോട്ടുകളും (Hottentot) ബുഷ്മെനും (Bushmen) ആണ് ഇവർ. ഈ നിതംബസവിശേഷതയ്ക്ക് 'സ്റ്റീറ്റോ പൈജിയ' (Steato-pygia) എന്നാണ പറയുന്നത്.

ചിപ്പിയും ചില അസ്ഥിക്കഷണങ്ങളും കോത്തു മാലകളും കൈയിൽ കങ്കണങ്ങളും അണിയുന്നതു ചിലപ്പോൾ കാണാറുണ്ട്. ആണും പെണ്ണും ഭേദമില്ലാതെ ഇതു ചെയ്യുന്നവരും. ഇവയല്ലാതെ ആഭരണങ്ങൾ മററൊന്നും ഇല്ല. വെള്ള മണ്ണ് കടലാമനെയ്യും വെള്ളവും കലത്തി കുഴച്ച കൃഷ്ണവണ്ണമുള്ള അവരുടെ ശരീരത്തിൽ പൂശാറുണ്ട്. ചികിത്സാവിധിയായും അലങ്കാരമായും ഇതു ചെയ്യുന്നു. കുടുംബത്തിലെ അംഗങ്ങളെയെല്ലാം പൂശിപ്പൊലിപ്പിക്കുന്നതു പെണ്ണുങ്ങളായിരിക്കും. അവരുടെ അംഗുലികളുടെ വിരുതനുസരിച്ച്, മണ്ണു പൂശുമ്പോൾ പല കൗതുകരേഖകളും രചിച്ചെന്നിരിക്കും.

പുതിയതായി എത്തുന്ന അതിഥികളെയും വേർപാടി

* The Adivasis: Chapter VI: The Onge of Little Andaman by Dr. E. C. Buchi.

നശേഷം കണ്ടുമുട്ടുന്ന സ്നേഹിതരേയും സ്വാഗതംചെയ്ത് ഉപചരിക്കുന്നതു മടിയിൽ പിടിച്ചിരുത്തി തലയോട്ടു തല ചേർത്തു കുറേനേരം മിണ്ടാതെയിരുന്നാണ്. വേർപാടിന്റെ ദൈർഘ്യമനുസരിച്ച് ആലിംഗനബദ്ധരായി കഴിയുന്നതിന്റെ ദൈർഘ്യവും കൂടിയും കുറഞ്ഞുമിരിക്കും.

ഓംഗികളുടെ താമസം അധികവും തുറസ്സായ സ്ഥലങ്ങളിലാണ്. രാത്രിയിൽ മാത്രമേ കുടിലിൽ കൂടാറുള്ളു. ഒരു കൂരയ്ക്കു കീഴിൽ കൂട്ടത്തിലെ എല്ലാവരും കാണും. അവർക്കു സ്വകാര്യസമ്പാദ്യങ്ങളൊന്നുമില്ല. എല്ലാം സമൂഹത്തിന്റേതാണ്. കമ്പു നിർത്തി ചൂരൽപൊളി പാകിയ കട്ടിലുണ്ടാക്കി അതിലാണു ശയനം. വേട്ടയുടെ നേട്ടങ്ങൾ കാണിക്കുന്നതിനു പന്നികപാലവും ആമത്തലയും മററും കോർത്തു തൂക്കിയിടുന്ന പതിവുണ്ട്. പെണ്ണുങ്ങൾ വട്ടംകൂടിയിരുന്നു വള്ളികൾകൊണ്ടു കുട്ടയും വട്ടിയും മററും മെനയും. അവയിലാണു വേട്ടയ്ക്കു കിട്ടിയ വിഭവങ്ങൾ സംഭരിക്കുന്നതു്. വെള്ളംവയ്ക്കുന്നതു മുളങ്കുഴലുകളിലാണ്. തീ ഉപയോഗിക്കുന്നതുകൊണ്ട്, എപ്പോഴും തീക്കനൽ സൂക്ഷിക്കുന്ന കാര്യത്തിൽ ജാഗ്രത കാണിക്കുന്നു. പോകുന്നിടത്തെല്ലാം ഭദ്രമായി അതു സൂക്ഷിച്ചു കൊണ്ടുനടക്കുന്നതാണു പതിവ്.

കുട്ടികളെ പുലർത്തുന്നതും വളർത്തുന്നതും അമ്മമാരുതന്നെ. എന്നാൽ ഇക്കാര്യത്തിൽ എല്ലാ സ്ത്രീകളും ഒന്നിച്ചു സഹകരിക്കുന്നു. ഒരു സമൂഹകർത്തവ്യമായിട്ടാണ് അതു കണക്കാക്കപ്പെടുക. കുട്ടികൾക്കു കളിയിൽ കടുത്ത കൗതുകമുണ്ട്. എങ്കിലും കൂടുതൽ സമയം മരം കയറിയും മീൻ പിടിച്ചും കടലോരങ്ങളിൽ കളിച്ചുനടന്നും, കടലിൽ നീന്തിമേളിച്ചും ആണു ചെലവാക്കുന്നതു്.

ആഘോഷങ്ങളോ ആചാരാനുഷ്ഠാനങ്ങളോ ഇല്ലാതെയാണ് വിവാഹം. ഇണയെ നിശ്ചയിക്കുന്നതിന് ആണിനും പെണ്ണിനും ഒരുപോലെ സ്വാതന്ത്ര്യമുണ്ട്. വിവാഹനിശ്ചയത്തിൽ മററാർക്കും പങ്കില്ല. ആണും പെണ്ണും പരസ്പരം അറിഞ്ഞ് അടുത്തുകഴിഞ്ഞാൽ അങ്ങോട്ടുമിങ്ങോട്ടും ശരീരത്തിൽ മണ്ണുപൂശിക്കൊടുക്കും. അതോടെ വിവാഹം തീർന്നു. അതിനുശേഷം പെണ്ണ് നാണം മറയ്ക്കാ

നായി മുമ്പു പറഞ്ഞ ഉണ്ട അണിയുന്നു. അതു രണ്ടാഴ്ച അണിയുമ്പോഠം എല്ലാവക്കും മനസ്സിലാകും അവഠം വിവാഹിതയായിരിക്കുന്നെന്നു്. അവളെ പിന്നെ അന്യരാരും സമീപിക്കയില്ല. പരസ്ത്രീഗമനം ഇവർക്കിടയിൽ പറഞ്ഞുകേഠക്കാറേയില്ല. ഭാര്യാഭർത്താക്കന്മാരിൽ ഒരാഠം മരിച്ചാൽ മറേറയാഠം പിന്നീടു വിവാഹം കഴിക്കുന്നതല്ല. സഹോദരീസഹോദരന്മാരും രക്തബന്ധമുള്ളവരും തമ്മിൽ വിവാഹം നിഷിദ്ധമാണു്. ഒരു സമൂഹത്തിൽനിന്നു മറ്റൊന്നിലേക്കു പ്രായമായാൽ കുട്ടികഠക്കു മാറാം.

സ്ത്രീകളിൽ ഒരു വലിയ ശതമാനവും മച്ചികളാണു്. ഓംഗികളുടെ സംഖ്യ വദ്ധിക്കാത്തതിൻെറ ഒരു കാരണം ഇതാണെന്നാണു വിദഗ്ദ്ധന്മാരുടെ വിശ്വാസം. മററു് ആദിവാസികളേപ്പോലെയുള്ള അധോഗതി ഇവരിൽ വ്യക്തമായിട്ടില്ലെങ്കിലും അഭിവൃദ്ധി ക്ഷയിച്ചിട്ടുള്ള ഒരു കൂട്ടരാണു് ഓംഗികളെന്നു പറയാം. 1885–ൽ ഇവരുടെ എണ്ണം എഴുനൂറോളം ഉണ്ടായിരുന്നെന്നാണു കണക്കാക്കിയിട്ടുള്ളതു്. ഇതു് 1965–ൽ കേവലം 129 ആയിത്തീൎന്നിരിക്കുന്നു.*

കാട്ടുകിഴങ്ങുകഠം, മത്സ്യം, കടലാമയിറച്ചി, കാട്ടുപന്നിമാംസം, തേൻ, തുടങ്ങിയവയാണു് ഇവരുടെ ആഹാരം. കൈതച്ചക്കയും നാളികേരവും അവക്കു പ്രിയമുള്ളതായിത്തീൎന്നിട്ടുണ്ടു്. അവരുടെ ആഹാരത്തിനുതകുന്നതിനു നാളികേരക്കൃഷി ലിററിൽആൻഡമാൻദ്വീപിൽ വദ്ധിപ്പിക്കുന്നതിനു സക്കാരിൽനിന്നു നടപടിയെടുത്തിട്ടുണ്ടു്. സ്ഥിരവാസം അസാധാരണമാകയാൽ കൃഷി അവർ സ്വീകരിച്ചിട്ടേയില്ല. പ്രകൃതിയിൽനിന്നു ലഭിക്കുന്ന വിഭവങ്ങളെ ആശ്രയിച്ചാണു് അവരുടെ നിത്യജീവിതം നില്ക്കുന്നതു്. ആഹാരസമ്പാദനത്തിനാണു് അധികം സമയവും ചെലവാകുന്നതും.

നമ്മുടെ സങ്കല്പത്തിലുള്ള നേതാവു് അവരുടെ ഇടയിൽ ഇല്ല. തികഞ്ഞ വ്യക്തിസ്വാതന്ത്ര്യമുണ്ടു് ഓംഗികളുടെ ഇടയിൽ. ആരെങ്കിലും അന്യക്കു് ഉത്തരവു പുറപ്പെടു

---

* Social Panorama of the Andaman and Nicobar Islands by Dr. V. K. Kochar.

വിക്കുന്ന പതിവേയില്ല. മൂപ്പന്മാർ ഉപദേശം കൊടുത്തെന്നിരിക്കും. മററുള്ളവരെ അനുസരിപ്പിക്കുന്നതിന് ഏർപ്പാടൊന്നുമില്ല. എവിടെയെങ്കിലും അങ്ങനെയുണ്ടെന്നറിയുന്നതു് അവക്ക് അത്ഭുതമുളവാക്കുന്ന കാര്യവുമാണ്. സിപ്രിയാനി പറയുന്നതുപോലെ, അവരുടെ ഇടയിൽ ഇടപ്രഭുക്കന്മാരോ രാജാവോ മററു നേതാവോ ഇല്ല.*

ദൈവവിശ്വാസമോ എന്തെങ്കിലും മതധാരണകളോ ഓംഗികൾക്കില്ല. പ്രത്യേകവിധമായ ആചാരാനുഷ്ഠാനങ്ങളും ഇല്ലതന്നെ. എങ്കിലും പാടിയും ആടിയും ആഴിക്കുചുററമിരുന്നു വെടിപറഞ്ഞും അവർ വെളുക്കുവോളം കഴിയുന്നതു് അപൂർവ്വമല്ല. പാട്ടിലും ആട്ടത്തിലും ആണും പെണ്ണും ഒരുപോലെ ഭാഗഭാക്കുകളാകും. പാട്ടിനും നൃത്തത്തിനും സ്വീകരിക്കുന്ന ഭാവരസങ്ങൾ പൊതുവേ ശോകപൂർണ്ണങ്ങളായ താളലയങ്ങളാണെന്നാണു നമുക്കു് അനുഭവപ്പെടുക. അവരെ സംബന്ധിച്ചിടത്തോളം ജീവിതം ആയാസരഹിതവും ആനന്ദപ്രദവുംതന്നെയാണ്. പരിഷ്കാരികളായ നമ്മെ അലട്ടുന്ന പ്രശ്നങ്ങളൊന്നും അവരുടെ ശിരസ്സിൽ ഭാരമേററാൻ എത്താറില്ല. അതിലളിതമെങ്കിലും അല്ലലറിയാതെ ആനന്ദത്തിൻെറ അലകളിൽ ആലോലമാടി ജീവിക്കുകയാണ് ഓംഗികൾ.

ആശയവിനിമയത്തിനു് ഉതകുന്ന ഭാഷ അവക്കുണ്ടു്. അതു കൂടുതൽ മനസ്സിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അവരുമായി സംഭാഷണത്തിലേർപ്പെടുവാൻ കഴിവുള്ളവർ ഇന്നുണ്ടു്.

---

* Survey of Little Andaman during 1954, by D. L. Cipriani

12

# മററു ജനങ്ങൾ

ഭാരതത്തിന്റെ ചരിത്രവുമായി ആൻഡമാൻദ്വീപുകാം ബന്ധപ്പെട്ടതു ബ്രിട്ടീഷ്‌മേധാവിത്വം ഇവിടെ കൊടി കുത്തിവാഴാൻ തുടങ്ങിയതുമുതലാണു്. അതിനുമുമ്പു ഭാരതവുമായി ദൃഢമായ ബന്ധം ഈ ദ്വീപുകാംക്കു് ഉണ്ടായിരുന്നതായി അവകാശപ്പെടുവാൻ ചരിത്രത്തിൽ തെളിവൊന്നുമില്ല. പ്രാചീനഭാരതീയസംസ്കാരത്തിന്റെ പാദമുദ്രകാം പല പൂർവ്വേഷ്യൻ നാടുകളിലും പതിഞ്ഞിട്ടുണ്ടെങ്കിലും ഇവിടെ അതുണ്ടായില്ല. ഇംഗ്ലീഷുകാരുടെ അധികാരം ക്രമേണ ഭാരതവൻകരയിൽ സ്ഥാപിതമായതു് അവക്കു സമുദ്രത്തിൽ അനിഷേദ്ധ്യമായ പ്രാബല്യം വളൎന്നതിനോടു സമാന്തരമായിട്ടാണെന്നു പറയാം. വിശാലമായ സമുദ്രമേഖലകളിൽ അവരെ വെല്ലുവിളിക്കുന്നതിനു പല പാശ്ചാത്യശക്തികളും പരിശ്രമിച്ചെങ്കിലും എതിപ്പുകാം ചരിത്രപരമായ കാരണങ്ങളിൽ ക്ഷയിക്കുകയാണുണ്ടായതു്. ഏഷ്യയിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത സംഭവവികാസമായിരുന്നു ഇതു്. അനിഷേദ്ധ്യമായ സ്വാധീനമുള്ള ഒരു നാവികശക്തിക്കു്, വൻകരയിലെ സാമ്രാജ്യങ്ങളുടെയും രാജ്യങ്ങളുടെയും വൃദ്ധിക്ഷയങ്ങാം നിയന്ത്രിക്കാനാവുമെന്ന പരിതസ്ഥിതി, മനുഷ്യചരിത്രത്തിന്റെ ഒരു കാലഘട്ടത്തിലെ പ്രതിഭാസമായിത്തീൎന്നു. പഴക്കവും പ്രാമാണ്യവുമുള്ള പല രാജ്യങ്ങളും പാശ്ചാത്യ സാമ്രാജ്യത്വത്തിന്റെ കീഴിൽ അമരുവാൻ ഇടവന്നതു് ഇക്കാലത്താണല്ലോ. നാവികാധികാരത്തിനുണ്ടായിരുന്ന പരമപ്രാമാണ്യത്തെ വെല്ലുവിളിക്കുവാൻ കരുത്തുള്ള സാഹചര്യങ്ങാം പില്ക്കാലത്തു സാങ്കേതികപുരോഗതിമൂലം രൂപംകൊണ്ടപ്പോാം, പഴയ സാമ്രാജ്യത്വശക്തികാം രംഗം വിടുന്നതിനു നിർബ്ബന്ധിതരായി. ഇതു് ഇവിടെ സൂചിപ്പിക്കുകയല്ലാതെ വിശദീകരിക്കേണ്ട ആവശ്യമില്ല.

ബ്രിട്ടീഷുകാരുടെ മേധാവിത്വത്തെ വെല്ലുവിളിക്കുന്ന ശക്തികൾ ഭാരതത്തിൽ ഉത്ഭവിച്ചുതുടങ്ങിയതും, വിദേശാധികാരികൾ കുററവാളികളെന്നു വിധിക്കപ്പെട്ടവരെ, ആൻഡമാൻസിലേക്കു കൊണ്ടുവന്നതും ആണു ഭാരതവുമായി ഈ ദ്വീപുകളെ ബന്ധിപ്പിക്കുന്നതിന് ഇടവരുത്തിയത്. സ്വാതന്ത്ര്യസമരവുമായി പരോക്ഷമായിട്ടായാലും ബന്ധപ്പെട്ട ഈ പ്രദേശം വൈകാരികമായി ഭാരതത്തിൻെറ ഒരംശമായി പരിണമിച്ചു. ചരിത്രത്തിൻെറ അനിയന്ത്രിതമായ ഗതിയിൽ പരസ്പരം അടുത്ത ഭൂവിഭാഗങ്ങളെ, പില്ക്കാലത്തെ ഭരണപരമായ ചരടുകൾ കൂടുതൽ ഉറപ്പോടെ കെട്ടിനിർത്തി. ഭാരതത്തിൻെറ മണ്ണിൽനിന്നു വേരോടെ പിഴുതെടുത്ത് ആൻഡമാൻദ്വീപുകളിലെ കന്നിമണ്ണിൽ വലിച്ചെറിഞ്ഞ അനേകായിരം ജീവിതങ്ങൾ, ആദ്യം വല്ലാതെ വാടിയെങ്കിലും പിന്നെ പുതിയ വേരു പിടിച്ച് ഉറച്ചു വളർന്നു തളിക്കുവാൻ തുടങ്ങി. കുററവാളികളെന്ന മുദ്ര നെററിയിൽ വഹിച്ചുകൊണ്ടാണ് ആദ്യത്തെ ഭാരതീയർ ഇവിടെ രംഗപ്രവേശം ചെയ്തതു്. എങ്കിലും കാലാവധി കഴിഞ്ഞശേഷം പലരും ദത്തുപുത്രരായി കുലം പെരുപ്പിച്ച് ഇവിടെത്തന്നെ കഴിയുകയുണ്ടായി. ഇവരാണു നവജീവിതത്തിൻെറ നൂതനരശ്മികൾ പ്രസരിപ്പിച്ച ധീരസാഹസികന്മാർ. അധികാരികളുടെ നിഷ്ഠൂരമായ പ്രതികാരവാഞ്ഛയിൽനിന്നു രൂപമെടുത്ത മർദ്ദനമുറകളും മററും ഇവരുടെ മനുഷ്യത്വത്തിൻെറ മൂച്ച് കുറച്ചില്ല. വിധിയുടെ ക്രൂരമായ ലീലകൊണ്ടു ഭാരതത്തിൻെറ നാനാഭാഗങ്ങളിൽനിന്ന് ഇവിടെ ഒന്നിച്ചുകൂടാനിടവന്ന മനുഷ്യർ, ഒരു പുതിയ ലോകം, പഴയ പാരമ്പര്യങ്ങളെ തിരസ്കരിക്കാതെ, പടുത്തുയർത്തി. ജാതിയും മതവും ഭാഷയും ദായക്രമങ്ങളും ആചാരങ്ങളുമെല്ലാം വിഭിന്നങ്ങളായിരുന്നെങ്കിലും മനുഷ്യത്വമെന്ന തല്പശിലയിൽ, എല്ലാ വെല്ലുവിളികളേയും നിരാകരിച്ചുകൊണ്ടു സംവിധാനംചെയ്യപ്പെട്ട ജീവിതസൗധത്തിൽ നിറപ്പകിട്ടാർന്ന നിരവധി താഴികക്കുടങ്ങൾ ഉയരാൻ തുടങ്ങി. സാഹചര്യങ്ങളുടെ പ്രേരണകൊണ്ടു ബാഹ്യങ്ങളായ എല്ലാ ഭിന്നിപ്പുകളേയും വിഗണിച്ച്, ഒന്നിച്ച്,

ഉറപ്പോടെ, മനുഷ്യനു ജീവിക്കുവാൻ സാധിക്കുമെന്നാണ് ഇവിടത്തെ ചരിത്രം ഉറക്കെ പ്രഖ്യാപിക്കുന്നതു്.

1901–ലെ കാനേഷുമാരിക്കണക്കുകൾ്ളനുസരിച്ച് ഇവിടത്തെ താവളത്തിൽ 1168 സക്കാർ ഉദ്യോഗസ്ഥരും 11947 കുററവാളികളും, 2991 സ്വതന്ത്രജനങ്ങളും ഉണ്ടായിരുന്നെന്നു കാണുന്നു. സ്വതന്ത്രരിലധികവും ഭാരതം, ബമ്മ എന്നിവിടങ്ങളിൽനിന്നു് എത്തിയ കച്ചവടക്കാരും അവരുടെ ആശ്രിതരും ഇവിടെ കുടിയുറപ്പിച്ച തടങ്കൽപുള്ളികളുടെ അനന്തര തലമുറകളിൽപ്പെട്ടവരും ആയിരുന്നു. കുററവാളികൾക്കായുള്ള തടങ്കൽപ്പാളയത്തിൽ അവരുടെ എണ്ണമായിരിക്കുമല്ലോ സ്വാഭാവികമായി കൂടിയിരിക്കുക. ഈ പരിതസ്ഥിതി 1945 വരെ തുടരുകയും ചെയ്തു. 1931–ലെ ജനസംഖ്യാവിവരങ്ങൾ തെളിയിക്കുന്നതു് അക്കാലത്തു് എഴുപതുശതമാനത്തോളം പേർ തടങ്കൽപുള്ളികളായിരുന്നെന്നാണ്.

ജന്മസ്ഥലം തിരിച്ചു് ഇവിടെ എത്തിയിരുന്നവരെ പരിശോധിച്ചാൽ, ബമ്മയുൾപ്പടെയുള്ള അന്നത്തെ ഇൻഡ്യയിലെ ആകെയുണ്ടായിരുന്ന 504 ജില്ലകളിൽ 347–ൽ നിന്നും ആളുകൾ ഇവിടെയുണ്ടായിരുന്നെന്നാണ് കാണുക. അന്നുണ്ടായിരുന്ന 13,442 പേരിൽ ബംഗാളിൽനിന്നു് 947; ബോംബെ 495; ബീഹാറും ഒറിസയും 619; മദ്ധ്യസംസ്ഥാനം 426; മദിരാശി 2727; പഞ്ചാബു് 1983; ഉത്തരസംസ്ഥാനം 2431; വടക്കുപടിഞ്ഞാറൻ പ്രവിശ്യ 397; ബമ്മ 2953 എന്നിങ്ങനെയായിരുന്നു മുഖ്യ നില. കുററവാളികളുടെ സങ്കേതം നിർത്തിയപ്പോൾ നാലായിരത്തോളംപേർ ജന്മനാടുകളിലേക്കു തിരിച്ചുപോയി. ജപ്പാൻകാരുടെ വരവിനു മുമ്പു് മൂവായിരത്തോളംപേർ കുടിയൊഴിഞ്ഞു. 1946–ൽ ഇതുകൊണ്ടെല്ലാം ജനസംഖ്യ കാര്യമായി കുറഞ്ഞു. എന്നാൽ ഈ മാറ്റങ്ങളിലൊന്നും പെടാതെ സ്ഥിരവാസം നയിച്ച ആളുകളെയാണ് 'ലോക്കൽസ്' എന്ന പേരിൽ അറിയപ്പെടുന്നതു്. തലമുറതലമുറയായി ഇവിടെത്തന്നെ പുലരുന്ന ഇവക്കു് വൻകരയിലെ കുടുംബാംഗങ്ങളുമായോ മിത്രങ്ങളുമായോ ഉണ്ടായിരുന്ന ബന്ധം

ഇന്നു മിക്കവാറും ഛേദിക്കപ്പെട്ട നില വന്നിട്ടുണ്ട്. പലർക്കും പൂർവ്വികന്മാരെക്കുറിച്ചുള്ള വിവരങ്ങൾതന്നെ നിശ്ചയമില്ല. ചിലർക്ക് ഏതു പ്രദേശത്തുനിന്നാണ് പൂർവ്വികന്മാർ വന്നതെന്നു് വ്യക്തമായി പറയാനാവില്ല. എങ്കിലും കുറേപ്പേർ ഇന്നും മററുള്ള ബന്ധുക്കളുമായി സമ്പർക്കം, മുടക്കമില്ലാതെ പരിരക്ഷിച്ചുവരുന്നു. സ്വപ്രയത്നത്താൽ ജീവിതം സംവിധാനം ചെയ്തുകൊണ്ടു് തനിസ്വദേശികളായി ഇവർ ഇന്നു ജീവിതം തുടരുകയാണ്. പഴയ ജീവിതരീതികളെ, പുതിയ സാഹചര്യങ്ങൾക്കനുസരണമായി അനുകൂലമായ ഭേദഗതികളോടെ സ്വീകരിച്ച്, ഇവിടത്തെ അന്തരീക്ഷവുമായി അലിഞ്ഞുചേർന്നാണ് ഇവരുടെ ജീവിതം. നിർബ്ബന്ധിതമായുണ്ടാകുന്ന നൂതനപരിതസ്ഥിതിയിൽ മനുഷ്യന്റെ സാമൂഹ്യജീവിതത്തിലുളവാകുന്ന പരിണാമപ്രക്രിയകളെപ്പററി പഠിക്കുന്നതിനു് പററിയ സങ്കേതമാണ് ഇവിടെ.

ആൻഡമാൻ നിക്കോബർ ദ്വീപസമൂഹങ്ങളിലെ ജനസംഖ്യ 1961—ലെ കാനേഷുമാരിപ്രകാരം 63,548 ആണ്. ഇവരിൽ ഭൂരിഭാഗവും പോർട്ട്ബ്ളെയർ ടൗണിലും 399 ഗ്രാമങ്ങളിലുമായിട്ടാണ് താമസം. ഇതിൽ 326 ഗ്രാമങ്ങളിൽ ഇരുനൂറിൽ താഴെ മാത്രമേ ജനങ്ങൾ ഉള്ളു. 1951—ൽ ജനസംഖ്യ 30971 ആയിരുന്നു. പത്തു കൊല്ലത്തിനുള്ളിൽ ഇവിടെ ജനങ്ങൾ 105 ശതമാനമാണ് വർദ്ധിച്ചതു്. ഭാരതത്തിൽ മററൊരിടത്തും ഇത്രയും വർദ്ധന രേഖപ്പെടുത്തിയിട്ടില്ല. ഇന്നു് ഇവിടത്തെ ജനസംഖ്യ 75,000 ആയിരിക്കുമെന്നാണ് അനുമാനം.

മതവിശ്വാസത്തെ ആസ്പദമാക്കി ആളുകളെ പിരിച്ചാൽ ആൻഡമാൻ—നിക്കോബർ ദ്വീപസമൂഹങ്ങളിൽ ആകെ ഹിന്ദുക്കൾ 32781 (51·6ശതമാനം) ക്രിസ്ത്യാനികൾ 17973 (28·3 ശതമാനം), മുസ്ലീം 7398 (11·6 ശതമാനം), ബുദ്ധമതക്കാർ 1707 (2·7 ശതമാനം), സിക്കുകാർ 241 (0·46ശതമാനം), മറ്റുള്ളവർ 3445 (5·4 ശതമാനം) ആണ്.*

* Statistical Outline of Andaman and Nicobar Islands: 1964—65.

മാതൃഭാഷയെ അടിസ്ഥാനമാക്കി 1961–ലെ കാനേഷുമാരിയിൽ ഇവരുടെ നിലയെന്തെന്നറിയുന്നതും രസകരമായിരിക്കുമല്ലൊ. ഹിന്ദി–ഹിന്ദുസ്ഥാനി 9943; മലയാളം 6628; ബംഗാളി 13853; തമിഴ് 5765; തെലുങ്ക് 3758 എന്നാണു് നില. കൂടാതെ മററു ഭാഷകളുമുണ്ടു്. ഭാഷയിൽ ഈ വൈവിദ്ധ്യം ഉണ്ടെങ്കിലും ജനങ്ങൾക്കു് പരസ്പരം ആശയവിനിമയത്തിനുള്ള കണ്ണിയായി ഹിന്ദുസ്ഥാനിയാണു് ഉപയോഗിച്ചുവരുന്നതു്. വൈയാകരണന്മാർക്കു രുചിക്കാത്തതു പലതും ഇവിടത്തെ കണ്ണിഭാഷയിൽ സ്ഥാനമുറപ്പിച്ചിട്ടുണ്ടെങ്കിലും ആവശ്യങ്ങൾ നടത്തുന്നതിനു് ഈ ഭാഷ ആളുകൾക്കു് ഉതകുന്നുണ്ടെന്നതിൽ അഭിപ്രായവ്യത്യാസമില്ല.

കുടിയേററത്തിനനുകൂലമായ ധാരാളം പ്രദേശങ്ങൾ ദ്വീപുകളിലുണ്ടെന്നു ബോദ്ധ്യമായതിനാൽ ഭാരതത്തിലെ ചില നാടുകളിൽനിന്നു് താല്പര്യമുള്ള കുടുംബക്കാരെ ഇവിടെ കുടിയുറപ്പിക്കുന്നതിനു് 1945–ൽ ഒരു പദ്ധതി ആവിഷ്കരിക്കുകയുണ്ടായി. 1949 മുതൽ കുടിയേററം തുടങ്ങി. എങ്കിലും 1952 ജനുവരിയിലാണു് ഈ പരിപാടി വലിയ പദ്ധതിയായി കേന്ദ്രമന്ത്രിസഭ അംഗീകരിച്ചതു്. പൂർവ്വപാക്കിസ്ഥാനിൽനിന്നു രക്ഷപ്പെട്ടുവന്ന അഭയാർത്ഥികളെയാണു് ആദ്യമായി ഈ പദ്ധതിയനുസരിച്ചു് ഇവിടെ കൊണ്ടുവന്നതു്. 1961 വരെ 3281 കുടുംബങ്ങൾ ഇവിടെ കുടിയുറച്ചിട്ടുണ്ടു്. അവരിൽ 2861 പേർ പൂർവ്വപാകിസ്ഥാനിൽനിന്നും 171 പേർ കേരളത്തിൽനിന്നും, 43 പേർ മദിരാശിയിൽനിന്നും, 4 കുടുംബങ്ങൾ മയ്യഴി, പുതുശ്ശേരി എന്നിവിടങ്ങളിൽനിന്നും, 5 കൂട്ടർ ബർമ്മ അഭയാർത്ഥികളും, 197 കുടുംബങ്ങൾ ബീഹാറിൽനിന്നും ആയിരുന്നെന്നു സംസ്ഥാനങ്ങൾ തിരിച്ചു പറയാം.*

കുടിയേറുന്ന കുടുംബങ്ങൾക്കു പ്രാരംഭവൈഷമ്യങ്ങൾ ഒഴിവാക്കാനും മററു ധനസഹായം ചെയ്യുന്നതിനും വ്യവസ്ഥയുണ്ടു്. ഒരു കൃഷികകുടുംബത്തിനു് വീടുവയ്ക്കാൻ വായ്പയായി 800 ക.യും, കലപ്പ, കാള കാർഷികായുധങ്ങൾ തുട

* Ibid



മത്സ്യവേട്ട



ആദ്യത്തെ കുടിയേററക്കാർ—മോവട്ടിൻെറ പുസ്തകത്തിൽനിന്നു്



മലബാർ മാപ്പിളക്കുടി



ബംഗാളികളായ കുടിയേററക്കാരുടെ
കൂട്ടത്തിലെ ഒരു ഗ്രാമീണ വനിത



ദിഗ്‌ലിപ്പൂർ ഉൾനാട്ട്



കേരളപുരത്തെ വിളഭൂമിയിൽ



രംഗത്തു് ജെട്ടി




ഉട്ടറാ ജെട്ടി

ങ്ങിയതിനു് 700 ക.യും, പാത്രങ്ങൾക്കായി 130 ക.യും, വിത്തും വളവും വാങ്ങാൻ 100 ക.യും കിട്ടും. ഇതുകൂടാതെ സഹായധനമായി 840 ക.യും, യാത്രച്ചെലവിനു് 210 ക.യും നല്കുന്നുണ്ടു്. അഞ്ചു് ഏക്ര വനം തെളിച്ച പാടവും, അത്രയും വനം വെട്ടിയഴിക്കാത്ത കുന്നിൻചരിവും ആണു് കഷ്കനു കൊടുക്കുന്ന ഭൂമിയുടെ അളവു്. കൃഷിക്കാരല്ലാത്ത പണിക്കാരനു് വീടുവകയിൽ 930 ക. കടവും, 410 ക. സഹായധനവും കിട്ടും.

ആൻഡമാനിൽ കുടിയുറപ്പിച്ചിട്ടുള്ളവരുടെ ജീവിതസ്ഥിതിയെപ്പററി സ്ഥിതിവിവരക്കണക്കുകൾ ലഭ്യമല്ല. കുറേപ്പേർ ഇവിടെനിന്നും മടങ്ങിയിട്ടുണ്ടു്. എന്നാൽ സ്ഥിരവാസമാക്കിയിട്ടുള്ളവരിൽ കാര്യമായ പുരോഗതി കാണാനുണ്ടെന്നു് അനുഭവത്തിൽനിന്നു പറയാവുന്നതാണു്.

വടക്കെ ആൻഡമാനിലെ ദിഗ്ലിപ്പൂരിലാണു് കേരളീയരായ കുടിയേററക്കാരെ മുഖ്യമായി കുടിയുറപ്പിച്ചിട്ടുള്ളതു്. അവരുടെ സ്ഥലത്തിനു് കേരളപുരമെന്നാണു് ഇന്നത്തെ പേർ. നേരത്തെ കുററവാളികളായി ശിക്ഷിക്കപ്പെട്ടു് ഇവിടെ വന്നിട്ടുള്ള മലബാർ മുസ്ലീമിങ്ങളിൽ കുറെയധികം പേർ തെക്കെ ആൻഡമാൻദ്വീപിലെ പല പ്രദേശങ്ങളിൽ അധിവസിക്കുന്നു. സ്വന്തം മതാനുഷ്ഠാനങ്ങളിലോ ആചാരക്രമങ്ങളിലോ സ്ഥായിയായ വ്യത്യാസങ്ങളൊന്നും വരുത്താതെ അവർ ഇവിടെ സുഖമായി ജീവിക്കുകയാണു്. മലപ്പുറം, മണ്ണാർകാടു്, അങ്ങാടിപ്പുറം, മഞ്ചേരി, തിരൂർ, തിരുവഞ്ചിക്കുളം, വണ്ടൂർ, പാണ്ടിക്കാടു് എന്നിങ്ങനെ നാമധേയങ്ങളോടുകൂടിയ കേന്ദ്രങ്ങൾ കേരളപുത്രന്മാരുടെ പാദമുദ്രകൾ വഹിക്കുന്ന സ്ഥലങ്ങളാണെന്നു പറയേണ്ടതില്ല. മലബാറിലെ ഉൾനാടുകളിൽ മുസ്ലീംഭൂരിപക്ഷപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന അന്തരീക്ഷം ഒരു സന്ദർശകനു് ഇവിടെ മിക്കവാറും സങ്കേതങ്ങളിൽ ആസ്വാദിക്കാനൊക്കും. മേൻപൂർ, ഗോവിന്ദപുരം, നയാപുരം, വിംബർലിഗഞ്ചു്, കാലിക്കട്ടു് എന്നിവിടങ്ങളിൽ ധാരാളം മാപ്പിളമാരെ കണ്ടുമുട്ടും. അവരുടെ ഗ്രാമങ്ങൾ വിംബർലിഗഞ്ചു്, ബൊംബുഫ്ളാറ്റു്, ഈസ്റ്റ്വട്ട്ഗഞ്ചു്,

നയാപുരം, മണ്ണാർകാട്ട്, മലപ്പുറം തുടങ്ങിയവയാണ്. പ്രാഥമികമലയാളവിദ്യാലയങ്ങൾ ചില കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടുണ്ട്.

1961–ലെ കാനേഷുമാരിയനുസരിച്ച് രണ്ടായിരത്തോളം ബർമ്മാവംശജരാണ് ദ്വീപുകളിലുള്ളത്. കൃഷി, മത്സ്യബന്ധനം തുടങ്ങിയ ജോലികളിലാണ് ഇവർ മുഖ്യമായി ഇടപെടുന്നത്. ബർമ്മയിൽനിന്നു വന്നിട്ടുള്ള കാരേന്മാരും (Karans) ഇക്കൂട്ടത്തിൽപ്പെടും. 1925–ൽ ആണ് ഇവരുടെ ആദ്യത്തെ സംഘം ഇവിടെ എത്തിയത്. മായാബന്തറിനു സമീപമുള്ള വെബി(Webi)യിലാണ് ഇവർ കേന്ദ്രീകരിച്ചിരിക്കുന്നത്.

13

# കുടിയേററക്കാരുടെ കൂടെ

കോൺവാലീസ് തുറമുഖത്തെപ്പററി ഇതിനുമുമ്പ് പല സന്ദർഭങ്ങളിലും സൂചിപ്പിക്കുകയുണ്ടായിട്ടുണ്ടല്ലോ. വടക്കെ ആൻഡമാൻദ്വീപിൻെറ ഏതാണ്ട വടക്കേ അററത്താണ് ഇതിൻെറ സ്ഥാനമെന്നും പറഞ്ഞു. പ്രകൃതിദത്തമായ ഒരു ഒന്നാന്തരം തുറമുഖമാണിത്. ഇവിടെ കുറച്ച് ഉള്ളിലോട്ടുമാറി കുന്നുകളുടെ അടിവാരങ്ങളിൽക്കൂടി മൈതാനപ്രദേശങ്ങളുടെ നടുവിലൂടെ കാൽപോങ്ങ് എന്ന ഒരു കൊച്ചാറ് ഒഴുകുന്നു. ഈ ആററിൽ മഴക്കാലത്തേ വെള്ളമുള്ളു. വേനലായാൽ മിക്കവാറും അത് വരണ്ടുകിടക്കുന്നു. ഇതിൻെറ ഇരുകരകളിലും ഉള്ള പ്രദേശത്തെയാണ് പൊതുവിൽ ദിഗ്ലിപ്പൂർ എന്നു വിളിക്കുന്നത്. ഇവിടത്തെ നാലാംനമ്പർ താവളമാണ് കേരളപുരം. ഈ പ്രദേശത്ത് ആദ്യമായുണ്ടായ കുടിയേററം കേരളപുരത്തായിരുന്നു. ഈ കന്നിമണ്ണിൽ കാലുകുത്തിയ ആദ്യത്തെ കുടിയേററക്കാർ കേരളപുത്രന്മാരാണ്.

ഏറിയൽ ഉൾക്കടലിൽ (Aerial bay) നങ്കൂരമടിക്കുന്ന കപ്പലിൽനിന്ന് കരയ്ക്കിറങ്ങി രണ്ടുനാഴികയോളം ഉൾനാട്ടിലേക്കു പോകണം കേരളപുരത്തെത്താൻ. അവിടം നമുക്ക് ഒന്നു സന്ദർശിക്കുക.

ഇന്ന് ടാറിട്ട ഒന്നാന്തരം രാജവീഥി അവിടവും കടന്ന് സുഭാസ്നഗർവരെ പോകുന്നു. കാലത്തും വൈകുന്നേരവും ഓരോതവണ ട്രാൻസ്പോർട്ടുബസ്സുണ്ട് യാത്രക്കാരുടെ സൗകര്യത്തിന്. എന്നാൽ കുടിയേററക്കാർ ആദ്യം വരുമ്പോൾ ഒററയടിപ്പാതപോലും ഇവിടെ ഉണ്ടായിരുന്നില്ല.

അതിമനോഹരമായ സ്ഥലമാണ് ദിഗ്ലിപ്പൂർ. വിശാലമായ ഏറിയൽ ഉൾക്കടലിൽ കപ്പലുകൾക്കും ബോട്ടുകൾക്കും കിടക്കുവാൻ ധാരാളം ഇടമുണ്ട്. കടൽപ്പാലം

പണി തീൎന്നിട്ടില്ല. കപ്പൽ അകലെ നങ്കൂരമടിക്കുന്നു. കൊച്ചുവള്ളങ്ങളിൽ യാത്രക്കാരേയും സാമാനങ്ങളും ഇറക്കിയാണു കരയ്ക്കു കൊണ്ടുപോകുക. കടലോരമൊക്കെ കണ്ടൽക്കാടു കൊണ്ടു പൊതിഞ്ഞിരിക്കുന്നു. ഇവിടെ കണക്കില്ലാതെ ചീങ്കണ്ണിയും മുതലയും സസുഖം ജീവിക്കുന്നുണ്ടു്. കപ്പൽ ത്തട്ടിൽനിന്നു നോക്കിയാൽ കാടുപിടിച്ചുകിടക്കുന്ന മേടുകളേ കാണാനുള്ളു. ദീൎഘകായരായ വൻവൃക്ഷങ്ങളും അവയിൽ പടൎന്നുകയറി വളൎന്നുകിടക്കുന്ന കാട്ടുവള്ളികളുമാണു് അവിടെ എവിടെത്തിരിഞ്ഞാലും. കടൽക്കരയിലും കുന്നിന്റെ ചില കോണുകളിലും ചൂരലോല മേഞ്ഞ കുറെ വീടുകൾ, പച്ചപ്പുതപ്പിൽ തുന്നിച്ചേൎത്തിട്ടുള്ള കണ്ടങ്ങൾപോലെ, കാണുന്നതു് വനംവകുപ്പുദ്യോഗസ്ഥന്മാരുടെയും തൊഴിലാളികളുടെയും താവളങ്ങളാണു്. റോഡുവക്കുപിടിച്ചു് പത്തിരുപതു കുരകൾ കൂടിനില്ക്കുന്ന സ്ഥലമാണു് ഇവിടത്തെ ബസാർ.

ഇവിടെനിന്നു വേണം കേരളപുരത്തേക്കു പോകാൻ. ദിഗ്ലിപ്പൂരിൽ ഇറങ്ങുമ്പോൾത്തന്നെ മലയാളത്തിന്റെ മണം കേട്ടുതുടങ്ങും. എങ്കിലും അവിടെ കണ്ടുമുട്ടുന്ന കൂട്ടരിൽ കൂടുതലും റാഞ്ചികളും തമിഴരും തെലുങ്കരുമാണു്. റാഞ്ചികളെന്നു പറഞ്ഞതു ബീഹാറിലെ റാഞ്ചിപ്രദേശത്തുനിന്നു വനംവകുപ്പിൽ വേലയ്ക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള തൊഴിലാളികളാണു്. അദ്ധ്വാനശീലരായ ഈ ദീൎഘകായന്മാർ കാടുമായി മല്ലടിക്കുകയാണു്, എന്നും. വേലചെയ്തു പുഷ്ടിപ്രാപിച്ച മാംസപേശികൾ മുഴച്ചുനില്ക്കുന്ന ഇവരുടെ ശരീരം കാണുമ്പോൾ, ഏതു പണിക്കും പററിയ കരുത്തന്മാരാണു് ഇവരെന്നു വിശ്വാസം വരും.

ദിഗ്ലിപ്പൂരിനു ചുററുമായി കുടിയേററത്തിനു പററിയ രണ്ടായിരത്തോളം ഏക്ര സ്ഥലമുണ്ടെന്നാണു് അറിവു്. ഇവിടെ ആദ്യം വന്നിറങ്ങിയ കുടിയേററക്കാർ കേരളീയരാണെന്നു പറഞ്ഞല്ലോ. തിരുവിതാംകൂറിലെ വിവിധദേശങ്ങളിൽനിന്നുള്ളവർ ഇക്കൂട്ടത്തിലുണ്ടു്. വന്നകാലത്തു വനം തെളിച്ചിരുന്നില്ല. ഗതാഗതത്തിനു വഴിയൊന്നും ഇല്ലായിരുന്നു. നല്ല നിരപ്പുള്ള ഭൂമിയും കുന്നുകൾ നിറഞ്ഞ

വനവും ഇവിടെ ധാരാളംതന്നെ. കുന്നുകളുടെ അടിവാരങ്ങളിലെ നിരപ്പുനിലങ്ങളിൽ നെല്ലും കരിമ്പും സമൃദ്ധിയായി വളരും. കാടുതെളിച്ചു നാടായിത്തീൎന്നിട്ടു നാളുകളധികമായിട്ടില്ലെന്നു വിളിച്ചറിയിക്കുവാൻ നിൎത്തിയിട്ടുള്ളവരെപ്പോലെ, മരക്കുററികൾ ഇന്നും ഇവിടെ ധാരാളം നില്പുണ്ട്. തെങ്ങും കവുങ്ങും കരിമ്പും നേന്ത്രവാഴയും മാവും മററും ആരോഗ്യത്തോടെ വളൎന്നു വിരാജിക്കുന്നതു കാണുമ്പോൾ ആനന്ദമുണ്ടാകും.

ഈ കന്നിമണ്ണിൽ പുതുജീവിതത്തിൻെറ നാമ്പുകൾ ഉണൎത്തുന്ന കൈകളുടെ ഉടമസ്ഥരെ കാണുവാനാണല്ലോ നമുക്കു കൂടുതൽ താൽപര്യം. മലയാളികളായ നമ്മെ കാണുമ്പോൾ കുടിയേററക്കാരിൽ പലരും തടിച്ചുകൂടും. കുടിയേററത്തിനുശേഷം ഉണ്ടായിട്ടുള്ള അനുഭവങ്ങളെപ്പററി ആധികാരികമായി സംസാരിക്കുവാൻ, അനുഭവങ്ങളുള്ളവരാണ് അവരെല്ലാവരുംതന്നെ. എങ്കിലും അവരോരോരുത്തരും പറയുന്നതെല്ലാം കേൾക്കുവാൻ നമുക്കു സമയമില്ല. വിവിധാഭിപ്രായക്കാരായ മൂന്നുപേരെ തിരഞ്ഞുപിടിക്കുന്നതാണ് ഉത്തമം. ജീവിതത്തിൽ പുതിയ പാത തുറന്ന അവൎക്കെല്ലാവൎക്കും സ്വാഭാവികമായി ഒരേ അനുഭവങ്ങളായിരിക്കുകയില്ലല്ലോ നേരിടുവാൻ ഇടവന്നിട്ടുള്ളതു്. ഇവരെയെല്ലാം മൂന്നു തരക്കാരായി തിരിക്കാമെന്നാണു തോന്നുന്നതു്. ഓരോ വിഭാഗത്തിൽനിന്നു് ഓരോ പ്രതിനിധികളെ പരിചയപ്പെടുക. സങ്കല്പനാമങ്ങളിൽ അവരെ ഇവിടെ അവതരിപ്പിക്കട്ടെ.

ഇതാ, ഈ നില്ക്കുന്ന ആളാണു ഗോപാലപിള്ള. പ്രായം ഏതാണ്ടു നാല്പത്തഞ്ചു കഴിഞ്ഞിരിക്കണം. ശരീരം പുഷ്ടിയുള്ളതല്ല; മെലിഞ്ഞതാണെന്നു പറയുന്നതാണു കൂടുതൽ ശരി. മുഷിഞ്ഞ ഒരു വേഷ്ടി ഉടുത്തിട്ടുണ്ട്. തോളിൽ തോൎത്തു നെടുകെ ഇട്ടിരിക്കുന്നു. മുഖത്തു പ്രസരിപ്പു കുറവാണ്. കണ്ണു കുഴിഞ്ഞിട്ടുണ്ട്. ആഹ്ലാദത്തെക്കാളേറെ ആവലാതികൾ പറയുവാനാണു താൽപര്യമെന്നു തോന്നും പൊതുവെ അയാളുടെ ഭാവം കാണുമ്പോൾ. ക്ഷൗരം ചെയ്തിട്ടു നാലഞ്ചുനാളായിട്ടുള്ളതിനാൽ കുററിമീശ കുറെ അധികം

കുരുത്തുനില്ക്കുന്ന താടി. ഇടയ്ക്കിടെ വെള്ളരോമങ്ങളും കടന്നുകൂടി ഒളിച്ചുനില്ക്കുന്നുണ്ട്. കോതി ഒതുക്കാത്ത കേശം, അനുസരണയില്ലാതെ, അകലെയുള്ള കുന്നിൻപുറത്തെ കാട്ടുകാംപോലെ, വളർന്നിരിക്കുന്നു.

''എന്തൊക്കെയാണു വിശേഷങ്ങരം? സുഖംതന്നെയല്ലേ?''—കുശലാന്വേഷണം കേംക്കാത്ത താമസം, അയാളുടെ വാക്ധോരണി ആരംഭിക്കുവാൻ. അവിടെയുള്ളവർ അധികംപേരും അയാളുടെ പിടിയിൽപ്പെടാതെ ഒഴിഞ്ഞുപോകാനേ ശ്രമിക്കാറുള്ളു. അയാളുടെ കൈയിൽ കുടുങ്ങിയാൽ രക്ഷാമാർഗ്ഗമൊന്നുമില്ല. നിന്നുകൊടുക്കുകയേ നിവൃത്തിയുള്ളു. അപ്പോഴാണു് അയാംക്കു നമ്മെ സൗകര്യമായി കിട്ടിയതു്.

''എന്തോന്നു സാറെ? ഈ കാട്ടിൽക്കിടന്നു കഷ്ടപ്പെടണമെന്നാ ജാതകം. അല്ലെങ്കിൽ വീടുംകൂടുമുപേക്ഷിച്ചു് ഈ മണ്ണും ചള്ളയും ചവിട്ടി നട്ടംതിരിയേണ്ട കാര്യമുണ്ടോ? നിങ്ങളെയൊക്കെ കാണുമ്പോ കണ്ണു നിറയുന്നു. നാണിച്ചു പുറത്തുവരുവാൻ മടിയാണു്. എന്തു ചെയ്യാം! വന്നതൊക്കെ വന്നു. ഇനി വല്ലച്ചാതീം ഇവിടെനിന്നു രക്ഷപ്പെടണം. അതിനൊക്കുമോന്നു വിചാരമില്ല. ഈ കാട്ടുമണ്ണിൽ അഴകിച്ചേരാനാ ഈ എല്ലിനും തൊലിക്കും വിധി!''—ഒററ ശ്വാസത്തിൽ ഇത്രയും പറഞ്ഞുകഴിയുമ്പോരം അയാളുടെ വാക്കുകളുടെ കുത്തിച്ചാട്ടം കേട്ടു നിങ്ങരം അത്ഭുതപ്പെടും. നാണിച്ചു പുറത്തിറങ്ങാറില്ലെന്നു പറഞ്ഞതു് അസത്യമാണു്. കാരണം, അയാളെയാണു് ആളുകളുടെ കൂട്ടത്തിൽ മുൻവരിയിൽ നാം കണ്ടതു്. എത്ര നിസ്സാരമായ സംഭവം ഉണ്ടായാലും അയാളാണു് ആദ്യം രംഗത്തു് എത്തുന്നതു്.

''അത്രവലിയ കഷ്ടപ്പാടെന്താ പിള്ളേ?''

''അതു പറയാൻ തൊടങ്ങിയാ കൊറച്ചേറെയൊണ്ടു്.'' കാക്കിച്ചു നീട്ടി തുപ്പി കണ്ഠം തെളിച്ചു് അയാരം വീണ്ടും ഒരുങ്ങിക്കഴിഞ്ഞു. ''എന്തു് ആശേം കൊണ്ടാ ഇങ്ങോട്ടു കപ്പൽകേറിയതെന്നറിയാമോ സാറെ? നാട്ടിലൊണ്ടാരുന്ന നാലഞ്ചുസെൻറു ഭൂമീം ഒരു പഴയ തറയും വിററു കാശാക്കി. ഇനി അവിടെ കൈയും വീശി കയറി

ച്ചെല്ലാനേ ഒള്ളൂ! കുടുംബക്കാരൊക്കെ വെറുത്തു. കിട്ടാവുന്നടത്തുന്നെല്ലാം കടം വാങ്ങി. കടം തന്നിട്ടുള്ളവരെല്ലാം നാട്ടനീളെ നടന്നു തെറി പറേന്നൊന്നാ അറിവ്. ഇതൊക്കെയാന്നേലും വലിഞ്ഞുകയറി ചെല്ലാമെന്നു നെനച്ചാൽ, ഇവിടെ പുലിവാലുപിടിച്ച മട്ടിലാ നില. നാലഞ്ചു കുഞ്ഞുകുട്ടി പരാധീനങ്ങളെയൊക്കെ പെറുക്കിയെടുത്തു ദാ! അവിടെ കൊണ്ടിട്ടിട്ടൊണ്ട്. ഭാര്യയാന്നേൽ കണ്ണീരുമൊലിപ്പിച്ച നെഞ്ചത്തടിച്ചോണ്ടു പിരാകിക്കഴിയുകയാ!''

''ഇതിനൊക്കെയെന്നാ ഗോപാലപിള്ളെ കാരണം? ഇങ്ങനൊന്നുമല്ലല്ലോ നിങ്ങളെപ്പറ്റി വിചാരിച്ചിരുന്നെ?''

''അതാണ് ഇതിലൊക്കെ കഷ്ടം! അറിയേണ്ടവരൊക്കെ, ഇവിടെ ഞങ്ങളൊക്കെ സുഖിച്ചുകഴിയുവാണെന്നാ കരുതുന്നെ. അതില്ലാരുന്നെങ്കി കാരുണ്യമെങ്കിലും കാട്ടാൻ ആളുകണ്ടേനേം!''

''സക്കാരിൽനിന്നു കടവും സഹായധനവുമൊക്കെ തന്നിട്ടില്ലേ? അതു്...''

''ഒണ്ടേയൊണ്ട്!''—അയാ‍ാം ഇടയ്ക്കുകയറി പറഞ്ഞു. ''കുറെയേറെ തന്നിട്ടൊണ്ട്. എല്ലാംകൂടി ആയിരത്തോളം രൂപയാ തന്നതു്. അതുകൊണ്ട് ഈ കൊടുംകാട്ടിൽ എന്തോന്നു ചെയ്യാനക്കൊണ്ടാകും? വീടുവെയ്ക്കണമെങ്കിൽ തൂണുമൊതൽ തുരുമ്പുവരെ തന്നത്താനെ കാട്ടിൽ പോയി വെട്ടിച്ചോമന്നോണ്ടു വരണം. വീടുപണിയും തന്നത്താനെ! അതു ചെയ്യാമെന്നു കരുതിയാ, കാടുതെളിക്കണം, തറ നന്നാക്കണം, വിത്തിടണം, കളപെറുക്കണം, വളം പോടണം, ഇതിനൊക്കെ വേറെയാരാണ്ടിരിക്കുന്നോ? ഒരുദെവസം നടുവുനിവത്തി ഒന്നിരിക്കാനൊക്കുമോ? വിത്തുകിളിച്ചാൽമൊതൽ കാവലാ! ഒരു ദെവസം കണ്ണുതെററിയാൽ അതുവരെ ചെയ്തതൊക്കെ സ്വാഹാ! മഴയാന്നേൽ ഇങ്ങനൊണ്ടോ തോരാത്ത മഴ! വെയിലായാൽ തീകോരിയെറിയുന്ന വെയിൽ! ഇതൊക്കെ സഹിച്ചുവേണം രാത്രീം പകലും കാവൽ. കണ്ണടച്ചാൽ, കാര്യമൊക്കെ തീന്നു. കിളിച്ചതെന്തും തിന്നാൻ ഇവിടൊണ്ട് ഒരുകട! നിങ്ങളാരും അറിയത്തില്ല ഇവിടത്തെ മാൻകൂട്ടത്തെ!''

''കൃഷിക്കാരൻ എവിടെയാണെങ്കിലും ഇതൊക്കെ ചെയ്യാതൊക്കുമോ?''

''വേണം! വേണം! എവിടാന്നേലും കൃഷിക്കാരനെന്ന മൃഗം ഇതൊക്കെ ചെയ്യേ പററൂ! പക്ഷേ, ഒരു വ്യത്യാസമൊണ്ടുസാറേ! സഹായത്തിനു് ആളുവേണമെന്നുവെച്ചാൽ കിട്ടുവേല്ലെ? ഈ വനത്തിൽ ആരിരിക്കുന്നു നിങ്ങളു ചാവാൻ കിടന്നാൽ ഒന്നു വന്നുനോക്കാൻ? സക്കാരിനാന്നേൽ ഞങ്ങളോട്ടു് ഒരു കാരുണ്യോം ഇല്ല. ഇവിടെ കൊണ്ടുതള്ളിയിട്ടു പിന്നെ ങ്ടേ! ഹേ! ഒരു മനുഷ്യൻ തിരിഞ്ഞു നോക്കിയിട്ടില്ല. ഒണ്ടോ ചത്തോ എന്നു നോക്കാനെങ്കിലും ഇവന്മാക്കു് ഒന്നു വന്നു നോക്കരുതോ? അതൊക്കെ പറയാതിരിക്കുവാ ഭംഗി!'' കാററുവാക്കുനോക്കി വീണ്ടും കാക്കിച്ചു തുപ്പിയിട്ടു് അയാം അല്പം ശ്വസിച്ചു. പരാതിയുടെ നീണ്ട പട്ടിക നിവത്തിത്തുടങ്ങിയിട്ടേയുള്ളു.

''ആദ്യമൊക്കെ അദ്ധ്വാനിച്ചതിൻെറ ഫലം അല്പം കഴിഞ്ഞു കിട്ടാതിരിക്കുമോ?''

''ഇരിക്കത്തില്ല! കിട്ടാതിരിക്കത്തില്ല. അതു കിട്ടാതെ ഇവിടുന്നു കടക്കണമെന്നാ ഇപ്പോഴത്തെ ചിചാരം! മതിയായി സാറെ! മതിയായി. കണ്ടകശനി മുഴവൻ ശ്രീരാമൻപോലും കാട്ടിൽ കഴിച്ചില്ലേ? അതുപോലെയാ എൻെറം അവസ്ഥ. അതൊന്നു കഴിഞ്ഞുകിട്ടണം; സ്ഥലവും വിടണം. അതിനുള്ള പണിയാ ഇപ്പോ...''

ഗോപാലപിള്ള ഒരു വിഭാഗക്കാരുടെ പ്രതിനിധിയാണെന്നു നേരത്തെ പറഞ്ഞല്ലോ. കുടിയേററക്കാരനായി പോന്നതിൽ നിവ്യാജം വേദനിക്കുന്ന നിരാശരായ കുറെ ആളുകളുടെ പ്രതിനിധി. ആയാസരഹിതമായ ഒരു ജീവിതം മാടിവിളിക്കുകയാണെന്നു കരുതിയാണു് ഇവിടേക്കു പോന്നതു്. എന്നാൽ അവിശ്രമമായ അദ്ധ്വാനത്താലേ, സ്വന്തം പരിശ്രമത്താലേ, മുമ്പോട്ടു് ഓരോ ചുവടും വയ്ക്കുവാൻ സാധിക്കു എന്നു കണ്ടപ്പോൾ നിരാശാവാദിയായി ത്തീന്നു. സകലരേയും സകലതിനേയും തൻെറ ദുരവസ്ഥയ്ക്കു പഴിച്ചുകൊണ്ടു കഴിയുകയാണു് അയാം. വാചാലനെങ്കിലും വയൽ കണ്ടിട്ടു വളരെ നാളുകളായി അയാം. കഴി

യുന്നതും വേഗം സ്ഥലം വിടണം എന്നു മാത്രമേ ഇന്ന് ആഗ്രഹമുള്ളു.

''സാറിനെപ്പോലുള്ളവർ ഒരു കാര്യം ചെയ്താൽ ലോകത്തിനു് ഉപകാരമുണ്ടാകും.''—കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ഗോപാലപിള്ള ഒരു ഉപദേശവുമായി മുന്നോട്ടു നീങ്ങുന്നതു കാണുമ്പോൾ ശ്രദ്ധിക്കാതിരിക്കുവാൻ സാധിക്കുകയില്ല. ''ഇനിയെങ്കിലും ആരും ഇങ്ങോട്ടു് ഇറങ്ങിത്തിരിക്കുവാൻ വിചാരിക്കാത്തമട്ടിൽ ഒള്ള സത്യം എഴുതണം. ഞങ്ങളോ നശിച്ചു. ഇനിയും ആരും ഈ കുണ്ടുകിണററിൽ വീഴാതിരിക്കട്ടെ.''—ചെവിപ്പുറകിലിരുന്ന ബീഡിക്കുററിയെടുത്തു തട്ടി, അടുത്തുണ്ടായിരുന്ന ഒരാളിൽനിന്നു തീപ്പെട്ടി കടംവാങ്ങി, കത്തിച്ചു പുകവലിക്കാൻ ഗോപാലപിള്ള ആരംഭിച്ചു. സജീവമായ ഒരു അഗ്നിപർവ്വതം അപ്രതീക്ഷിതമായി ശാന്തമായതുപോലെ അയാൾ നിശ്ശബ്ദനായി. സങ്കല്പശത്രുക്കളെയൊക്കെ നിലംപരിശാക്കിയെന്ന സംതൃപ്തി അയാളുടെ ക്ഷീണിച്ച മുഖത്തിനുണ്ടു്. അങ്ങകലത്തേക്കു് അർത്ഥമില്ലാതെ നോക്കിനില്ക്കുന്ന അയാളെ, അയാളുടെ ലോകത്തിൽ വിട്ടിട്ടു്, നമുക്കു പിൻവാങ്ങുക.

അതാ! അവിടെ ഒഴിഞ്ഞുമാറി നില്ക്കുന്ന ആളിൻെറ അടുത്തേക്കു നമുക്കു പോകാം. എന്താണു് ഇവിടെ നടക്കുന്നതെന്നറിയാൻ കടുത്ത താല്പര്യം ഉണ്ടെങ്കിലും തിക്കിത്തിരക്കി മുമ്പോട്ടു നീങ്ങുന്നതിനു വ്യഗ്രതയില്ല അയാൾക്കു്. നല്ല പുഷ്ടിയുള്ളതും ആരോഗ്യം തുളുമ്പുന്നതുമായ ശരീരം. വേഷത്തിനും, പൊതുവേ മട്ടിനും, വെടിപ്പുണ്ടു്. ഡബിൾമുണ്ടു് ഉടുത്തിരിക്കുന്നു. കുറച്ചു മങ്ങൽവന്ന ടെറിലീൻ ബുഷ്ഷർട്ടാണു് അണിഞ്ഞിട്ടുള്ളതു്. അദ്ധ്വാനത്താൽ പൂർണ്ണവളർച്ചനേടി കരുത്തുള്ള മാംസപേശികളോടുകൂടിയ ഭുജാമുസലങ്ങൾ. അയാളുടെ ശരീരവുമായി അത്ര ഇണങ്ങുന്നില്ല ഷർട്ട് എന്നു തോന്നും. ഒന്നിലും കൂസാത്ത മനോഭാവത്തോടുകൂടിയ ഈ കർഷകനെ ഗോവിന്ദപ്പണിക്കർ എന്നു നമുക്കു വിളിക്കുക!

''എന്താ ഒഴിഞ്ഞുമാറിനില്ക്കുന്നെ?''—ചോദ്യം കേട്ട

തെല്ലു ശങ്കിച്ചു്, ലജ്ജയോടെ തലകുനിച്ചു്, ചിരിക്കുകയാണു പണിക്കർ. പുറമെ കണ്ടാൽ കാഠിന്യം തോന്നുമെങ്കിലും അകം അതിസരളമാണെന്നു് അപ്പോഠം നമുക്കു ബോദ്ധ്യമായി.

''ക്ഷേമംതന്നെയല്ലേ?''—പിടിച്ചുവലിച്ചു നീക്കിയാലേ അയാഠം മുമ്പോട്ടു നീങ്ങി നിൽക്കൂ.

''ഒരുവിധമൊക്കെക്കഴിഞ്ഞുകൂടുന്നു.''—തീൻ്റ അയാളുടെ മറുപടി. നിരന്തരമായ പ്രേരണയുണ്ടായാലേ അയാഠം എന്തെങ്കിലും പറയൂ.

''കഴിഞ്ഞ വിളയ്ക്കു് കൃഷിയൊക്കെ എങ്ങനെയിരുന്നു?''

''തരക്കേടില്ല.''

''നഷ്ടമൊന്നുമായില്ലല്ലോ?''

''നഷ്ടോമില്ല ലാഭോമില്ല എന്ന നിലയാ.''

''ഓഹോ! അതുതന്നെ ഒരുകണക്കിനു ലാഭമല്ലേ?''

പണിക്കർ കുലുങ്ങി, കുടഞ്ഞുചിരിക്കുകയാണു്—''അതു നേരാന്നേ!''

''കൃഷിപ്പണി നാട്ടിലേക്കാഠം നല്ലതാണോ ഇവിടെ?''

''വേല ചെയ്താ കൂലികിട്ടും സാറെ; ഒള്ളതു വേണമെല്ലോ പറയാൻ. പണിചെയ്താ ഒതകും.''

ക്രമേണ അയാഠം രസംപിടിച്ചു് നമ്മോടു് അടുക്കുകയാണു്.—''എന്നാലും എളവില്ലാതെ എത്രനാളാ പണിയെടുക്കാനക്കൊണ്ടൊക്കുന്നെ? പിള്ളേരെ വളത്തുന്നതുപോലെയാ കൃഷി. കണ്ണുതെററിയാ രണ്ടും വഷളാകും.''

''നേരാ പണിക്കർ പറഞ്ഞതു. രണ്ടിനും ഫലം അവസാനത്തിൽ കിട്ടുമല്ലോ. ആട്ടെ! ഇവിടത്തെ ജീവിതം പിടിച്ചോ?''

''പിടിച്ചെന്നും ഇല്ലെന്നും പറയാം.''

''അതെന്താ അങ്ങനെ?''

''നല്ലൊന്നാന്തരം മണ്ണാ, ഈ കന്നിമണ്ണു്. എന്നാലക്കൊണ്ടു്, അതൊന്നു് ഒരുക്കി ശരിയാക്കിക്കിട്ടാനാ വെ

ഷമം. കാട്ടുപുല്ലു കുരുക്കുവാൻ നേരംവേണ്ടോ. അതുകൊണ്ടെ ന്താ മണ്ണീന്നു കേറാനെടമില്ല.''

''അദ്ധ്വാനിച്ചു തഴമ്പിച്ചവക്ക് അതു് ഒരു സുഖമല്ലേ?''

''അതു ശരിയാ പറഞ്ഞെ! ഒന്നു തൊടങ്ങിയാ മടത്തു മടങ്ങുന്നവരല്ല പണിക്കരുടെ കുടുംബക്കാർ. വെഷമമൊന്നു മില്ലാതിരുന്നാ നല്ലതാ. എന്നാ വെഷമംവന്നാൽ ഓടിക്കളയത്തില്ല. അതാണത്തമാന്നോ സാറെ? സാറുതന്നെ പറഞ്ഞാട്ടെ.''

''അല്ല! തീച്ചയായും അല്ല.'' അയാളുടെ മുഖം വികസിച്ചു. പ്രസന്നതയെക്കാൾ പൗരുഷമാണ് അതിൽ പ്രകാശിക്കുന്നതു്. എന്നിരുന്നാലും, പ്രേരിപ്പിച്ചുകൊണ്ടിരുന്നില്ലെങ്കിൽ പണിക്കരുടെ പ്രതിഭ 'ചിപ്പി'യിലേക്കു പിൻവാങ്ങിക്കളയും. ''തീച്ചയായും അല്ല.'' അയാൾ ആവത്തിച്ചു. ''ഇവിടെ വന്നതിൽപ്പിന്നെ കൂന്താലി താഴത്തുവെച്ചിട്ടില്ല. വേണമെന്നുവെച്ചാലും ഒക്കത്തില്ല. ദാ! ഈ കൈയ് നോക്കിക്കാട്ടെ. കണ്ടോ അതിലെ തഴമ്പ്? ങ്ങും! ആദ്യത്തെ രണ്ടുമൂന്നു കൊല്ലം നല്ല കഷ്ടപ്പാടാരുന്നു. അതാ! ആ കാണുന്നതാ എൻെറ കൂര!''—അയാൾ വിരൽ ചൂണ്ടിയ ഭാഗത്തേക്കു നോക്കുമ്പോൾ നിങ്ങൾ കാണുന്നതു കാടല്ല. വരമ്പുപിടിച്ച്, നല്ല മേൽനോട്ടത്തോടെ സൂക്ഷിക്കുന്ന വിളഭൂമി. കരസ്ഥു്, യുവത്വത്തിലേക്കു പ്രവേശിച്ചുതുടങ്ങിയ തെങ്ങും കമുകും മാവും കശുമാവും മററും കാറ്റേററ് കളിയാടുകയാണ്. ഇടയ്ക്കിടെ, കുലച്ചുനില്ക്കുന്ന കദളിയും പൂവനും പാളാങ്കോടനും കാററിലിളകുന്ന കൈകൾകൊണ്ട് നൃത്തം പഠിക്കുകയാണെന്നു തോന്നും. പാടത്തിൻെറ കരസ്ഥുമാറി, ഓലമേഞ്ഞ ഒരു വീട്. മുററത്തു ചെമ്പരത്തിയും രാജമല്ലിയും പൂത്തു പന്തലിച്ചു നില്ക്കുന്നുണ്ട്.

''അതൊക്കെ എൻെറ ഒരേ ഒരാളിന്റെ അദ്ധ്വാനമാ.'' കഴിഞ്ഞകാലത്തു കാലുറപ്പിച്ചുകൊണ്ടാണ് അതു പറഞ്ഞതെന്ന് നിങ്ങൾക്കു വിശ്വാസമാകും, പണിക്കരുടെ ഭാവം കാണുമ്പോൾ—''അതൊന്നും നഷ്ടമായില്ലെന്ന് ഇന്നു തോ

ന്നുന്നു. ഇവിടെ വന്നതു് വല്യ പിശകായിപ്പോയെന്നു വിചാരിച്ചു. എന്നാൽ നാട്ടിൽ മടങ്ങിച്ചെന്നാൽ കൂട്ടകാരൊക്കെ ചിരിക്കും. അതു കാണാൻ കഴിയത്തില്ല. എന്തൊക്കെയായാലും ഇനി ഇവിടെത്തന്നെ. ഇവിടെക്കിടന്നേ ചാകൂ!'' ആ വാക്കുകളിൽ ആത്മധൈര്യം തുളുമ്പിനില്ക്കുന്നതായി നിങ്ങൾക്കു കാണാം. വികാരങ്ങൾ വിമ്മിപ്പൊട്ടുന്നതരത്തിലാണു് പണിക്കർ അതു പറഞ്ഞതു്. ''ഇനി ഇവിടുന്നു പോക്കില്ല. നന്നായാലും നശിച്ചാലും എല്ലാം ഇവിടെ മതി.''

പിന്നീടു് എന്തെങ്കിലും ചോദിക്കുവാൻ നിങ്ങൾക്കു് ഉണ്ടാവുകയില്ല. അറിയേണ്ടതറിഞ്ഞുകഴിഞ്ഞു. നിരാശയുടെ നീർച്ചുഴിയിൽ കിടന്നു വട്ടംകറങ്ങാതെ, നിർഭയനായി, പിടിച്ചുനില്ക്കണമെന്നു്, വാശിയോടെ പയററുന്ന പടയാളിയാണയാൾ. ലാഭചേതങ്ങൾ തിട്ടപ്പെടുത്തുമ്പോൾ നഷ്ടമാണധികമെങ്കിലും, ആസന്നഭാവിയിൽ അതൊക്കെ പരിഹരിച്ചേ അടങ്ങൂ എന്നു് മനക്കരുത്തോടെ ഇവിടെ കഴിയുന്നു. പൂവും തളിരും വിരിച്ച പരവതാനിയിൽക്കൂടി മുമ്പോട്ടു പോകുവാൻ കൊതിച്ചു. പക്ഷേ, കല്ലും മുള്ളുമാണു് കാലുവച്ചിടത്തെല്ലാം കണ്ടതു്. എങ്കിലും, കൊതിച്ചതു് ഉണ്ടാക്കാൻതന്നെ ഉറച്ചു് പ്രയത്നിക്കുകയാണു്. കർമ്മക്ഷേത്രത്തിൽനിന്നു് പിൻവാങ്ങുന്നതു ഭീരുത്വമാണെന്നുറപ്പുള്ളതിനാൽ വീറോടെ പയററി പടക്കളത്തിൽ വീഴുന്നതാണു ഭേദമെന്നു വിശ്വസിച്ചു് രംഗംവിടാതെ നില്ക്കുകയാണു് അയാൾ.

ഇനി മറെറാരാളിനെക്കൂടി നമുക്കു കാണാനുണ്ടു്; അപൂർവ്വനായ ഒരു വ്യക്തിയെ. നമ്മുടെ ചുററും കൂടിയിട്ടുള്ളവരുടെ കൂട്ടത്തിൽ അയാളില്ല. അതിനാൽ തിരക്കിപ്പോയേ പററൂ.

അകലെ ഒരു വീടു കാണുന്നില്ലേ? നേന്ത്രവാഴയിലകൾ കൈവീശി വിളിക്കുന്നതുപോലെ കാണുന്ന സ്ഥലം? മുററത്തിൻെറ വക്കത്തുനില്ക്കുന്ന കുററിവൃക്ഷങ്ങൾ മാവിൻതൈകളാണു്. രസകദളിയും കണ്ണനും ചെങ്കദളിയും മററും കുലച്ചുനില്ക്കുന്ന കൂട്ടത്തിൽ കറുമൂസാമരം തലനിറച്ചു് ഭാരം

വഹിച്ചു നില്ക്കുന്നതു കാണുന്നില്ലേ? വീട്ടുപറമ്പിന്റെ വട ക്കേക്കോണിൽ കാട്ടുപോലെ നില്ക്കുന്നത് ജോനകനാരക മാണ്. കാരണം, രസഗോളങ്ങൾപോലെ നാരങ്ങാ നിറ ച്ചു തൂങ്ങിനില്ക്കുന്നതു കണ്ടുകൂടെ?

നമുക്ക് അങ്ങോട്ടു ചെല്ലുക.

തൂമ്പയും കൈയിലേന്തി വാഴയുടെ തടം ഒരുക്കുന്ന പണിയിലിരിക്കുന്ന ഒരു വൃദ്ധൻ നിങ്ങൾ കടന്നു ചെല്ലു മ്പോൾ തലയുയർത്തി നോക്കുന്നു. മുററത്തേക്കുള്ള നടപ്പാത യുടെ ഇടത്തുവശത്ത് കഷ്ടിച്ച് ഒരാൾപ്പൊക്കത്തിൽ തടി തെളിഞ്ഞിട്ടുള്ള ഗൗരീഗാത്രത്തെങ്ങിൽ സ്വർണ്ണകുംഭങ്ങൾ കണ്ടപ്പോൾ നിങ്ങളുടെ കണ്ണ് അതിൽ നട്ടുനിന്നുപോയി, ഇല്ലേ? വരൂ! അതാ വൃദ്ധൻ നിങ്ങളെ സ്വാഗതം ചെയ്യു വാൻ മുററത്തേക്കു വന്നുകഴിഞ്ഞു. പാദത്തിലാകെ മണ്ണു പൊതിഞ്ഞിരിക്കുന്നു. വിയപ്പ് ഇററിററു വീഴുന്ന മാറിൽ നിറച്ചു രോമങ്ങൾ. തീരെ ഉയർന്നിട്ടില്ലാത്ത വയറിൽ വര കൾപോലെ ചുളിവുകളുണ്ട്. ക്ഷൗരംചെയ്യിട്ടില്ലാത്ത മുഖം. പകുതി കഷണ്ടിതെളിഞ്ഞ തല. രാമച്ചപ്പുല്ലുപോ ലെ തോന്നിക്കുന്ന പുരികങ്ങൾ.

നിങ്ങളെ അദ്ദേഹം സാകൂതം നോക്കുകയാണ്.

''അല്ലേ! ഇതാരാ കേറിവരുന്നെ? മറിയാമ്മേ, ഇ തൊന്നു നോക്ക്. നമ്മുടെ കൃഷിസാറും മററുമല്ല്യോ?''— നിറഞ്ഞ ചിരി നിങ്ങളെയും കൂട്ടുകാരെയും സ്വാഗതം ചെയ്യുന്നു!

''ഇതാരാ അറിയാത്തോരൊക്കെ? ഞങ്ങളൊക്കെ നാ ട്ടിൻപുറത്തുകാരാ! അതുകൊണ്ടു ചോദിച്ചതാന്നേ! (ചിരി) മറെറാന്നും വിചാരിക്കല്ലേ കുഞ്ഞെ!''—കൂട്ടത്തിലുള്ള നി ങ്ങളെ നോക്കിയാണ് അത്രയും പറഞ്ഞത്. തനി കർഷ കൻെറ കലവറയില്ലാത്ത വികാരപ്രകടനം!

''ഇദ്ദേഹം ഇവിടമൊക്കെ കാണാൻ വന്നതാ. നമ്മുടെ നാട്ടുകാരൻതന്നെയാ.''—എന്നെ കൂട്ടുകാരൻ പരിചയ പ്പെടുത്തി.

ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞു: ''ഞാൻ നിരൂപി ച്ചു വടക്കേന്ത്യക്കാരനാണെന്ന്. അല്ലേ, ഈ കാലസ്രായും

മററുകിട്ടാ ആളെത്തിരിച്ചറിയാനൊക്കത്തില്ല.'' നിങ്ങളും അയാളുടെ നിരപരാധിത്വം നിറഞ്ഞ നേരമ്പോക്കിൽ സഹകരിക്കും!

''മറിയാമ്മേ! വിരുന്നുകാരൊണ്ടേ! പശുനെ അയ്യത്തു ന്നൊന്നഴിച്ച് ഇററു പാലു കറന്നെട്! കന്നിമല ചവുട്ട ന്നോരാ. വെള്ളം കൊടുക്കാതെ പറഞ്ഞയക്കല്ലേ!''—അ കത്തേക്കു വിളിച്ചു പറഞ്ഞിട്ട് നിങ്ങളോടു തിരിഞ്ഞു: ''അപ്പോ സാററിഞ്ഞോ, എൻെറ പൂവാലിപ്പയ്യ് പെറ്റിട്ട് ഇന്നു മൂന്നാഴ്ചയായി. എങ്കിലും, ഒരു തൊടം പാല് കൃഷി സാറിനു കൊടുത്തയയ്ക്കാൻ പററിയില്ല. എന്തോന്നാ, കുഞ്ഞെ, ദാ ഇതു വിട്ടിട്ട് ഒരു വേലയൊണ്ടോ?''—കൈ യിലിരുന്ന തൂമ്പയിലെ മണ്ണ് കാലുകൊണ്ട് ചവിട്ടി ത്തുടച്ച് തിണ്ണയ്ക്കു ചാരിക്കൊണ്ട് അയാറം പറഞ്ഞു: ''കേറിയിരുന്നാട്ടെ. മറിയാമ്മേ! എടിയേ, നീയില്ല്യോ അവിടെങ്ങും?''

''ദാ, വരുന്നേ! ഈ കോഴിയെ ഒന്നു പിടിച്ചിട്ടോ ട്ടെ.'' അകത്തുനിന്നു കേട്ടതാണ്.

''നീ നല്ല പെമ്പിളയാ! കൊള്ളാവുന്നവരു കേറി വരുമ്പോ, നീ പര്യത്തെല്ലാം പാഞ്ഞുനടക്കുവാന്നോ?'' അയാറം ചിരിച്ചു. നിങ്ങളെ നോക്കി: ''പിന്നെന്തൊ ക്കെയാ കുഞ്ഞെ വിശേഷങ്ങറം?''

''വിശേഷങ്ങറം അറിയാനാ ഞങ്ങറം ഇങ്ങോട്ടു കേ റിവന്നതു്.''

''ഇതു നല്ലകൂത്താ! മണ്ണുമായി മല്ലിടുന്ന ഈ ഞങ്ങറം ക്കെന്നാ വിശേഷം? എന്നും ഒന്നുപോലെയാ ഞങ്ങറംക്ക്. പൊന്നാരിവീരൻെറ മേനിയെത്രയെന്നു ചോദിച്ചാ ഞാ മ്പറയാം.'' വീണ്ടും കളങ്കമററ ചിരി.

''ഇവിടെയായിട്ടെങ്ങനെയിരിക്കുന്നു വക്കിമാപ്പി ളേ!''

''അതെന്തോന്നു പറയാനിരിക്കുന്നു? ഞങ്ങക്കൊക്കെ സൊഖമാ! സൊഖമാ കുഞ്ഞേ!'' യാതൊരു മടിയുമില്ലാ തെ, ഇടച്ചിലുണ്ടാകാതെ, ആത്മവിശ്വാസത്തോടെ വക്കി മാപ്പ പറഞ്ഞു. ഇതാ ഇവിടെ ഒരാളിനെ നിങ്ങറം കണ്ടേ

ത്തിയിരിക്കുന്നു, ഇവിടെ സുഖമാണെന്നു് സങ്കോചമില്ലാതെ പറയുന്നതായിട്ടു്.

''ഇവിടെനിന്നു പോകണമെന്നു്....'' അതു പൂർത്തിയാക്കാൻ സമ്മതിക്കാതെ ഇടയ്ക്കുകയറി വക്കി പറയുന്നു: ''എന്തിനാ കുഞ്ഞേ, പോന്നെ? ഇവിടെന്താ കൊറവു്? നാലുകാശുകൊടുത്തു് ഞങ്ങരം ഒന്നും വാങ്ങാറില്ല. ദാ, ഈ പറമ്പിലില്ലാത്തതല്ലേ വാങ്ങേണ്ടു?'' അഭിമാനത്തോടെ അയാരം ചുററിനും നോക്കി. നിങ്ങളും! ഒട്ടും അതിശയോക്തിയില്ല. കൃഷ്കന്നു് കോരംമയിർ കൊടുക്കുന്ന വിളഭൂമി!

''നാട്ടിലാരുന്നപ്പോ, സ്വന്തമെന്നു പറയാൻ അരസെൻറു ഭൂമിയില്ലായിരുന്നു. ഇക്കാണുന്നതെല്ലാം ഇന്നു ഞങ്ങടെയാ. ഉടുതുണിയല്ലാതെ മററൊന്നും ഞാൻ വാങ്ങാറില്ല. വിശ്വാനേ, ഞാൻ ചന്തയിൽ പോകു. ആണ്ടുതോറും വല്ലതും കാശു് മിച്ചം കാണും. നാലഞ്ചു പശും, പത്തുപന്ത്രണ്ടു് ആടും ഒണ്ടു്. മൊട്ടവില കൊറയാതിരുന്നാ, ഉടുതുണിക്കുള്ള കാശു് മറിയാമ്മേടെ കോഴി തരും. പിന്നെന്നാ, ഒന്നുരണ്ടുകൊല്ലത്തിനകം ഏളേ പെണ്ണിനെ കെട്ടിക്കണം. ഈശോമിശിഹായുടെ കാരുണ്യമൊണ്ടായാ അതു നടന്നോളും.''

ഈ സമയം പഴുത്തു മണം വീശുന്ന കൈതച്ചക്ക, ഒരു വലിയ കവടിപ്പിഞ്ഞാണത്തിൽ അരിഞ്ഞുകൂട്ടി, ഇറയത്തു് മറിയാമ്മ കൊണ്ടുവെച്ചു. മിന്നൽപോലെ അവർ മറഞ്ഞുകഴിഞ്ഞു.

''ഇക്കൊല്ലം പൊതുവേ മോശമാരുന്നു.'' പാത്രത്തിലെ കൈതച്ചക്കയിൽ നോക്കിക്കൊണ്ടു വക്കി പറഞ്ഞു. ''എങ്കിലും പത്തുനൂററമ്പതു കായു് വിററു. തിന്നാട്ടെ, കുഞ്ഞുങ്ങളെ! നല്ലതുപോലെ പഴത്താന്നോ എന്തോ?'' പിഞ്ഞാണം നീക്കി നിങ്ങളുടെ അടുത്തേക്കു വച്ചു—''മണ്ണിനുവേണ്ടി കൊതിച്ചിരുന്നവരാ ഞങ്ങളു്. അതു് ഇവിടെ കിട്ടി; പൊന്നുവിളയുന്ന മണ്ണു്. ഇവിടുന്നു പോകാനാരാ കൊതിക്കുന്നെ?'' മുമ്പു നിങ്ങരം പറയാൻ ആഞ്ഞ കാര്യത്തിൻെറ മറുപടിയായിരുന്നു അതു്. ദൃഢസ്വരത്തിൽ അയാരം പറയുന്നതു കേരംക്കുമ്പോരം നിങ്ങരംക്കും സംശയം തീരും.

പോകുകയെന്ന പ്രശ്നം അയാളെ സംബന്ധിച്ചിടത്തോളം ഇല്ല.

വിഭവസമൃദ്ധമായ സല്ക്കാരത്തിന്നിടയിൽ കുശലപ്രശ്നങ്ങരം പലതും പറഞ്ഞിരുന്നതിനാൽ സമയം പോയതറിഞ്ഞില്ല. എങ്കിലും, ഇവിടെ സംതൃപ്തി കണ്ടെത്തിയ, ഒരാളിനെ കാണാൻകഴിഞ്ഞതിലുള്ള ചാരിതാൎത്ഥ്യം നിങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നു.

സമയം സായംസന്ധ്യ കഴിയാറായി. ചേക്കേറുന്ന കോഴികളുടെ കരച്ചിലും ഗൗരീഗാത്രത്തെങ്ങിൻെറ ഓലത്തുമ്പുകളിൽ ഇക്കിളിയിടുന്ന കാററു പുറപ്പെടുവിക്കുന്ന മൎമ്മരശബ്ദവുംകൊണ്ടു മുഖരിതമാണ് അന്തരീക്ഷം. അങ്ങുമിങ്ങും മലയോരങ്ങളിൽ താരങ്ങളുദിച്ചതുപോലെ, ദീപനാളങ്ങരം കാണുമ്പോഴാണ് ഈ വിശാലമായ പ്രദേശത്ത് എത്ര കുടികളുണ്ടെന്ന് നിങ്ങരംക്കു ബോദ്ധ്യം വരുന്നതു്.

ഇനി വിട പറയുക!

മുകളിൽ കണ്ട മൂന്നു വ്യക്തികളിൽ, ഇവിടെ കുടിയേററക്കാരുടെ കൂട്ടത്തിലെ മൂന്നു പ്രതിനിധികളെ നാം പരിചയപ്പെട്ടു. ഇതിനു വിശദീകരണമോ വ്യാഖ്യാനമോ ആവശ്യമില്ല. വിഭിന്നങ്ങളെങ്കിലും, വ്യക്തമായ ആശയഗതിക്കാരെയാണ് അവർ പ്രതിനിധാനം ചെയ്യുന്നതെന്നു പറഞ്ഞുകഴിഞ്ഞല്ലോ.

കേരളീയരായ കുടിയേററക്കാരുടെ ആശയാഭിപ്രായങ്ങളിൽനിന്ന് തികച്ചും ഭിന്നമാണ് മററു കുടിയേററക്കാരുടേതെന്നു സങ്കല്പിച്ചുകൂടാ. ഇതേ അഭിപ്രായങ്ങരം അവരുടെയും ഇടയിലുണ്ടു്. എന്നാൽ കിഴക്കേ പകിസ്ഥാനിൽ വീടുംകൂടും ഉപേക്ഷിച്ചു വന്നിട്ടുള്ള നിർഭാഗ്യവാന്മാൎക്ക് തിരിഞ്ഞുനോക്കുവാൻ ഇടമില്ലെന്നൊരു വ്യത്യാസമുണ്ടു്. അവരുടെ പ്രവൎത്തനങ്ങളിലും ആശയങ്ങളിലും ഇതു് നിഴലിച്ചുകാണാവുന്നതുമാണ്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചപ്പോരം സകലതും പരിത്യജിക്കുവാൻ നിബ്ബന്ധിതരായിത്തീൎന്ന ഹതഭാഗ്യരാണവർ. അവരുടെ ഹൃദയങ്ങളിൽ പ്രതികാരബുദ്ധി കെട്ടടങ്ങിയിട്ടില്ല. അതു പ്രയോജനപ്രദ

ങ്ങളായ സരണികളിലേക്കു് തിരിച്ചുവിട്ടാൽ, അതിൽ നിന്നു രൂപംകൊള്ളുന്ന അഭൗമമായ ലാഭം ഭാരതത്തിന്നാകെ നേട്ടമായി ഭവിക്കും. കാരുണ്യത്തോടും സഹാനുഭൂതിയോടും വേണം അവരെ സമീപിക്കാൻ. അററുപോയ വേരുകൾക്കുപകരം പുതിയവ മുളച്ചുവരുന്നതുവരെ, നീരും വളവും വേണ്ടതോതിൽ ഇട്ടുകൊടുത്തു്, അവരുടെ ജീവിതതരുവിനെ ഇവിടത്തെ കന്നിമണ്ണിൽ ഉറപ്പിക്കേണ്ടിയിരിക്കുന്നു. ഇതു ഭാരിച്ച ഒരു കർത്തവ്യവും വെല്ലുവിളിയുമാണു്.

14

# തുറമുഖങ്ങൾ

ദ്വീപസമൂഹങ്ങളിലെ ഏററവും വലിയ പ്രശ്നം ഗതാഗതമാണ്. ദ്വീപുകൾതമ്മിലുള്ള സമ്പക്കം മാത്രമല്ല, ദ്വീപുകളും ഭാരതത്തിന്റെ മററു ഭാഗങ്ങൾതമ്മിലും ബന്ധം പരിപാലിച്ചുകൊണ്ടു പോകുകയെന്നതു് ഇന്നു വളരെ പ്രയാസമേറിയ കാര്യംതന്നെ. കത്തു വരാനും കാര്യങ്ങൾ അറിയാനും കപ്പലുകൾ കാത്തുകഴിയുകയേ നിവൃത്തിയുള്ളു. മഴക്കാലമായാൽ ഇതു കൂടുതൽ കഠിനമാകും. ഈ പ്രശ്നത്തിൻെറ സ്വഭാവം ശരിക്കു മനസ്സിലാക്കുന്നതിനു വൻകരയിൽ അധിവസിക്കുന്നവക്കു വലിയ വിഷമമാണു്. അതിരാവിലെ ആദ്യത്തെ കാപ്പികഴിക്കുമ്പോൾ പത്രം നിവത്തി മുമ്പിൽ വച്ചു വായിക്കുന്ന ശീലക്കാർ വത്തമാനപ്പത്രങ്ങളുടെ കഥകളൊക്കെ മറക്കാതിരുന്നാൽ, ഇവിടെ മട്ടുപ്പുവദ്ധിക്കും. ഇന്നു താരതമ്യേന ഏററവും അധികം ഗതാഗതസൗകര്യങ്ങളുള്ള പോർട്ട്ബ്ലെയറിൽപ്പോലും സാധാരണക്കാക്കു് ഭാരതത്തിലെ പ്രദേശങ്ങളുമായി വലിയ സമ്പക്കത്തിനു സാദ്ധ്യതയില്ല. വൻകരയിലെ സമൂഹജീവിതത്തിൻെറ എല്ലാ ചലനങ്ങളുടെയും പ്രതിസ്പന്ദനങ്ങൾ ഇവിടെയും ഉളവാകുന്ന സാഹചര്യങ്ങൾ സംജാതമായില്ലെങ്കിൽ പല വിപത്തുകളും ഉണ്ടായെന്നു വരാം. പത്രങ്ങളിൽക്കൂടിയും മററു വിചാരവിനിമയോപാധികളിൽക്കൂടിയും ആശയവിനിമയം അമാന്തമില്ലാതെ സാധിക്കുകയെന്നതാണു പ്രശ്നം. ഭാരതത്തിലെ നാനാഭാഗങ്ങളിൽനിന്നും വന്ന ആളുകളാണു ദ്വീപിലുള്ളതു്. അവക്കോരോരുത്തക്കും ജന്മദേശവുമായി സ്നേഹബന്ധം പുലത്തിക്കൊണ്ടുപോകാനും താല്പര്യമുണ്ടു്. ഒരു സങ്കേതത്തിലുള്ള വിവിധജനങ്ങൾ തമ്മിലും പരസ്പരധാരണ വളരാനുള്ള സാഹചര്യങ്ങളുണ്ടാക്കാതെ തരമില്ല. മനുഷ്യൻെറ ആവശ്യങ്ങൾ അപ്പംകൊണ്ടുമാത്രം അവസാനിക്കുന്നില്ലല്ലോ. ആധുനികകാലത്തെ

അത്ഭുതകരമായ സാങ്കേതികപുരോഗതികഠം പരസ്പരധാരണയ്ക്കുള്ള സരണികഠം പലതും തുറന്നുവച്ചിരിക്കുന്നു. അവയിൽക്കൂടി, ആരോഗ്യമാർജ്ജിച്ച്, സഞ്ചരിക്കുന്നതിനു് അവസരം വരുത്തുകയാണു പ്രധാനം. വൻകരയിൽനിന്നു് അപൂർവ്വമായി ലഭിക്കുന്ന കത്തുകഠം സ്നേഹബന്ധങ്ങളുടെ പട്ടുനൂലുകഠം പരിരക്ഷിച്ചുകൊള്ളുമെന്നു കരുതുന്നതു തെറ്റായിരിക്കും.

ദ്വീപുകഠംതമ്മിൽ നിരന്തരമായ ബന്ധംപുലർത്തുവാനുതകുന്ന സഞ്ചാരസൗകര്യങ്ങഠം സംവിധാനംചെയ്താൽ, പ്രകൃതിദത്തവും പ്രയത്നഫലവുമായി ലഭിക്കുന്ന ഉല്പന്നങ്ങഠം കൂടുതൽ ആദായകരമായി പ്രയോജനപ്പെടുത്തുവാൻ അവസരമുണ്ടാകുമെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടുതന്നെ അഭിവൃദ്ധിയിലേക്കുള്ള രാജപാത പടുക്കപ്പെടുകയും ചെയ്യും. ദ്വീപിൽ കൃഷിചെയ്തുണ്ടാക്കുന്ന വിഭവങ്ങഠംക്കു കാര്യമായ വിപണികഠം മററൊരിടത്തു് ഉണ്ടായെന്നുവരും. എന്നാൽ, വിഭവങ്ങഠം അവിടെ യഥാകാലം എത്തിക്കാൻ സാധിക്കാതെയിരുന്നാൽ എന്താണു പ്രയോജനം? ഇതാണു യഥാർത്ഥത്തിൽ ഇവിടത്തെ ഇന്നത്തെ സ്ഥിതി. പോർട്ട് ബ്ലെയറിൽ പൊള്ളുന്ന വിലകൊടുക്കുന്ന പല സാധനങ്ങഠംക്കും വിദൂരസങ്കേതങ്ങളിൽ നാമമാത്രമായ വിലയേയുള്ളു. വില്പനകേന്ദ്രത്തിൽ എത്തിക്കുവാനുള്ള വൈഷമ്യം പരിഹൃതമായാൽ ഇന്നു് ഇടനിലക്കാരൻ അടിച്ചെടുക്കുന്ന പണത്തിൻെറ മുഖ്യശതമാനവും കർഷകനുതന്നെ കിട്ടുമെന്നു തീർച്ചയാണു്. ഒരുകൂട്ടരുടെ പ്രയത്നഫലങ്ങഠം സമൂഹത്തിലെ എല്ലാവർക്കും പങ്കിട്ടനുഭവിക്കാനും ഇതു സൗകര്യമുണ്ടാക്കും. കൂടുതൽ അദ്ധ്വാനിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്ന കാര്യങ്ങളാണല്ലോ ഇതെല്ലാം. പലതും ഭരണാധികാരികഠം ചെയ്തിട്ടും ചെയ്തുകൊണ്ടും ഇരിക്കുന്നു. എങ്കിലും, എല്ലാവരും ആഗ്രഹിക്കുന്ന നിലവാരത്തിലേക്കു് ഉയരുവാൻ ഇനിയും കാലം വളരെ കഴിഞ്ഞേ പററൂ. ഇവിടത്തെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ എന്തൊക്കെ ചെയ്താലും ഗതാഗതപ്രശ്നം പരിഹരിക്കാതെ ഫലം കാണുകയില്ല. വൻകരയിൽ പൗരന്മാർക്കു് ഒററയ്ക്കും ഒന്നിച്ചും പല പദ്ധതികളും

ത്രുപ്ഷ്കെട്ടക്കാവുന്നതാണ്. എന്നാൽ ഇവിടത്തെ പ്രത്യേകസാഹചര്യത്തിൽ അവക്ക് ഇതിൽ സ്ഥാനമില്ല. സക്കാരിൻെറ പദ്ധതികളെ കാത്തിരിക്കുകയേ നിവൃത്തിയുള്ളു. അടിയന്തിരാവശ്യങ്ങാംക്ക് അമാന്തമുണ്ടായാൽ പൗരന്മാർ ഏകാന്തതയെ ശപിച്ചും ജീവിതത്തെ വെറുത്തും എല്ലാ ഉറപ്പുകളേയും സംശയത്തോടെ വീക്ഷിച്ചും നിരാശാവാദികളായി പരിണമിക്കുവാൻ കൂടുതൽ എളുപ്പമുണ്ട്.

ചുററിലും വിശാലമായ കടലാകയാൽ തൊണ്ണൂറുശതമാനം സംഗതികാംക്കും സമുദ്രഗതാഗതത്തെ ആശ്രയിക്കേണ്ട ചുററുപാടാണ് ഇവിടെ. വള്ളങ്ങളും യന്ത്രവൽകൃത തോണികളും നിമ്മിക്കുന്നതിനു് ഉതകുന്ന ഒന്നാംതരം തടികാം ഇവിടത്തെ വനങ്ങളിൽ സുലഭമായിട്ടുണ്ട്. നിമ്മാണത്തിനുള്ള ഏപ്പാടുകാം ഉണ്ടാകണം എന്നുള്ളതാണു പ്രധാനം. ഏറിവരുന്ന ജനസംഖ്യയെ ഉല്പാദനപ്രധാനങ്ങളായ പ്രവത്തനങ്ങളിൽ ഏപ്പെടുത്താനും, പ്രകൃതിദത്തങ്ങളായ വിഭവങ്ങാം പ്രാദേശികമായി വിററഴിക്കുവാനും ഇതു സഹായിക്കുമെന്നു തീച്ച്യയാണ്. രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പ് ഇവിടെ ഗണ്യമായ ബോട്ടുനിമ്മാണസൗകര്യങ്ങളുണ്ടായിരുന്നില്ല. ചെറിയ ബോട്ടുകാംപോലും അററകുററപ്പണികാംക്കായി ഭാരതത്തിലെ സങ്കേതങ്ങളിലേക്ക് അയയ്ക്കുന്നതായിരുന്നു പതിവ്. ഇവിടെ ഉണ്ടായിരുന്ന ചെറിയ വക്ക്ഷാപ്പുതന്നെ യുദ്ധകാലത്തെ ബോംബാക്രമണത്തിനു വിധേയമായി നാമാവശേഷമായി. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇതു പരിഷ്കരിച്ചു വിപുലീകരിക്കുന്നതിനു ശ്രമങ്ങാം നടന്നു. സാവധാനത്തിലെങ്കിലും, ക്രമമായി, പുതിയ യന്ത്രസാമഗ്രികാം സ്ഥാപിച്ച്, സാമാന്യം നല്ല രൂപത്തിൽ അതു വളരുവാൻതുടങ്ങി. ദ്വീപുകളിൽ ഉപയോഗത്തിലിരിക്കുന്ന മിക്കവാറും എല്ലാ ജലനൗകകളുടെയും അററകുററപ്പണികാം ഇവിടെത്തന്നെ നടത്താമെന്ന നില വന്നു. ഇരുന്നൂറടി നീളംവരുന്ന കപ്പലുകാംപോലും, നന്നാക്കുന്നതിനുപകരിക്കുന്ന ഒരു ഗ്രേവിംഗ്ഡോക്കിന്റെ (Graving dock) പണി 1956—ൽ തീന്നു.

യുദ്ധകാലത്തിനു മുമ്പ് ദ്വീപുകാംതമ്മിൽ ഉണ്ടായി

രുന്ന ഗതാഗതസൗകര്യങ്ങൾ മിക്കവൊറും നാസ്റ്റിയാണിരു ന്നെന്നുവേണം പറയാൻ. ഇതിനു പല കാരണങ്ങളും ഉണ്ടു്. കുററവാളികളെ പ്പാപ്പിക്കുകയെന്നതിൽ കവിഞ്ഞു പോർട്ട് ബ്ളെയറിൽപ്പോലും അധികാരികളുടെ ശ്രദ്ധയുണ്ടായി ല്ല. കുററവാളികളുടെ കാര്യങ്ങൾ അന്യരിൽനിന്നു് ഒഴിച്ചു നിർത്തണമെന്നു നിർബ്ബന്ധമുണ്ടായിരുന്നതിനാൽ മററുള്ളവ രുടെ അന്വേഷണബുദ്ധി ഇവിടെ വ്യാപിക്കുന്ന കാര്യ ങ്ങൾക്കൊന്നിനും പ്രോത്സാഹനം ഉണ്ടായതുമില്ല. ഈ സാഹചര്യത്തിൽ ദ്വീപുകൾക്കു് പരസ്പരസമ്പക്കമെന്ന പ്രശ്നം ഉദിക്കുകയുണ്ടായില്ല. തെക്കെ ആൻഡമാൻ ദ്വീപി ലല്ലാതെ കാര്യമായതോതിൽ പുതിയ ജനപദങ്ങളുയരാ തിരുന്നു. ജനങ്ങൾ ഇല്ലെങ്കിൽ സമ്പക്കത്തിൻെറ കാര്യം ചിന്തിക്കേണ്ടല്ലോ. ഭരണകൂടത്തിന്റെ ആഫീസുകളും മററും അക്കാലത്തു് റോസ് ദ്വീപിലാണു് സ്ഥാപിച്ചിരുന്നതു്. അതുകൊണ്ടു് ദ്വീപും അബർഡീൻ ടൗണും തമ്മിൽ ഒരു കടത്തുവഞ്ചിസൗകര്യം ഏപ്പെടുത്തുവാൻ നിർബ്ബന്ധിത രായി. വൈപ്പർ ദ്വീപുവരെ ഇതു ക്രമേണ വ്യാപിച്ചു. യുദ്ധാവസാനത്തിനുശേഷം ബ്രിട്ടീഷ് അധികാരം പുനഃ സ്ഥാപിതമായപ്പോൾ ഗതാഗതസൗകര്യത്തിന്റെ അഭാവം കൊണ്ടു് അവക്കുണ്ടായ തിക്താനുഭവങ്ങൾ അവരെ പു തിയ രീതിയിൽ ചിന്തിപ്പിക്കുവാൻ നിർബ്ബന്ധിച്ചു. കൂടു തൽ കേന്ദ്രങ്ങളിൽ കപ്പലുകൾ ക്രമമനുസരിച്ചു് അടുക്കുവാ നുള്ള പദ്ധതികളും തയാറാക്കി.

കുടിയേററപദ്ധതി പ്രായോഗികമായിത്തീന്നപ്പോൾ വിദൂരസ്ഥങ്ങളായ നിരവധി ദ്വീപുകൾ തമ്മിൽ അടുക്കാ തെ തരമില്ലെന്നു വന്നു. പുതിയ ജനപദങ്ങളാരംഭിക്കുന്ന തിനു മുമ്പതന്നെ ഗതാഗതസൗകര്യങ്ങൾ വിപുലമാക്കുന്ന സാഹചര്യം ഒരുക്കി. കോൺവാലീസ് തുറമുഖം, മായാ ബന്തർ, എൽഫിൻസ്റ്റൺതുറമുഖം, രംഗത്തു്, തുടങ്ങിയ സ്ഥലങ്ങൾ പ്രാധാന്യത്തിലേക്കു കുതിച്ചുയന്നു.

ആവശ്യമാണല്ലോ സൃഷ്ടിയുടെ മാതാവു്. 1954–ൽ ദ്വീപുകൾ തമ്മിലുള്ള ഗതാഗതവ്യവസ്ഥയുടെ ചരിത്ര ത്തിൽ മുഖ്യമായ ഒരു നാഴികക്കല്ലു നാട്ടി. സക്കാരിൻെറ

കപ്പൽനിർമ്മാണകേന്ദ്രത്തിൽ ഇദംപ്രഥമമായി പണിചെയ്തിറക്കിയ യന്ത്രവൽകൃതകപ്പൽ 1957–ൽ കടലിൽ ഇറക്കി. തുടന്ന് പലതരം ആവശ്യങ്ങൾക്കുപററിയ സാഗരയാനപാത്രങ്ങൾ ഇവിടെ നിർമ്മിക്കുവാനും തുടങ്ങി. 1957–ൽ ആണ് 'എസ്. എസ്. ചൗളംഗാ' ഗതാഗതത്തിനുതകിത്തുടങ്ങിയതു്. പിന്നീട് 'ടി.എസ്.എസ്. യറുവയും' ഇതേപ്രവർത്തനത്തിന് എത്തി. ഈ യാനപാത്രങ്ങളാണ് ദ്വീപുകൾ തമ്മിലുള്ള സമുദ്രഗതാഗതത്തിൻെറ മുഖ്യ പങ്കും നിർവ്വഹിക്കുന്നതു്.

ഭാരതവൻകരയുമായി ദ്വീപുകളെ ബന്ധിപ്പിക്കുന്നതിന് ഇന്നു രണ്ടു കപ്പലുകളാണ് പ്രധാനമായിട്ടുള്ളതു്. എം. വി. നിക്കോബറും എം. വി. ആൻഡമാനും. നിക്കോബർ 1956 നവംബർ 16–ാം തീയതിയും ആൻഡമാൻസ് 1957 ഡിസംബർ 8–ാം തീയതിയും ആണ് ഇതിനായിട്ടെത്തിയതെന്ന സംഗതിയും ഇവിടെ പറയട്ടെ.

കടലിൻെറ സന്തതികളായ ഈ ദ്വീപുകളിൽ ഒന്നാന്തരം തുറമുഖങ്ങളായി രൂപപ്പെടുത്തുന്നതിനു പ്രകൃതിദത്തങ്ങളായ, നിരവധി സൗകര്യങ്ങളോടുകൂടിയ, സ്ഥലങ്ങൾ വളരെയുണ്ട്. ഇവിടെ പഠനപര്യടനം നിർവ്വഹിച്ചിട്ടുള്ളവർ ഇക്കാര്യം അസന്നിഗ്ദ്ധമായ ഭാഷയിൽ ആദ്യകാലംമുതൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. വികസനസാദ്ധ്യതകളെ കണക്കാക്കാൻ നടന്നിട്ടുള്ള പര്യടനങ്ങൾക്ക് ആരംഭം കുറിച്ചതു് ക്യാപ്ററൻ ബ്ളെയർ ആണെന്ന സംഗതിയും മറന്നുകൂടാ. ഇദ്ദേഹത്തിൻെറയും പിൻഗാമികളുടെയും ആത്മാർത്ഥമായ പരിശ്രമങ്ങൾവഴി മൗലികങ്ങളായ ഒട്ടുമുക്കാലും വിവരങ്ങളും സമ്പാദിച്ചിട്ടുണ്ടെങ്കിലും അവയെ അടിസ്ഥാനമാക്കി ആധുനികസജ്ജീകരണങ്ങളോടുകൂടിയ തുറമുഖവികസനം കാര്യമായി തുടങ്ങിയതു് അടുത്തകാലത്തു മാത്രമാണ്. പ്രകൃതി നല്കിയിട്ടുള്ള സാഹചര്യങ്ങളെ ശരിക്കു പ്രയോജനപ്പെടുത്തുന്നതിന് അടുത്തകാലംവരെ പദ്ധതികളൊന്നും തയ്യാറാക്കിയിരുന്നതുമില്ല. പുതിയ യുഗത്തിലേക്കു കടന്നിരിക്കുന്ന ദ്വീപുകളുടെ മുഖച്ഛായ മാററുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

പ്രവർത്തനക്ഷമങ്ങളായ പതിനഞ്ചു തുറമുഖങ്ങളുണ്ട് ഇന്നു് ആൻഡമാൻ ദ്വീപുകളിൽ. ഇവയിൽ ഒൻപതെണ്ണം വിശാലസാഗരത്തിൽ സഞ്ചരിക്കുന്ന വലിയ കപ്പലുകളെ സ്വീകരിക്കുന്നതിനു പററിയ വലിയ തുറമുഖങ്ങളാണു്. ബാക്കിയുള്ളവ ഉൾക്കടൽപ്രദേശത്തു പുതിയ കുടിയേററസ്ഥലങ്ങളിൽ സാധനസാമഗ്രികളേയും സഞ്ചാരികളേയും ഇറക്കുന്നതിനു് ഉപകരിക്കുന്നവയും ആണു്.

തെക്കെ ആൻഡമാനിലെ മുഖ്യമായ തുറമുഖമായ പോർട്ട്ബ്ളെയർ ഈ ദ്വീപസമൂഹങ്ങളുടെ തലസ്ഥാനവുമാണു്. ഈ തുറമുഖംവഴിക്കാണു് ദ്വീപസമൂഹങ്ങളിലെ എല്ലാ പ്രധാന ഗതാഗതപ്രവർത്തനങ്ങളും നടക്കുന്നതു്. മററു പലതിന്റേതുമെന്നപോലെ ഗതാഗതസംവിധാനത്തിന്റെയും സിരാകേന്ദ്രം പോർട്ട്ബ്ളെയർ തന്നെ. ഭാരതത്തിലെ വിവിധ തുറമുഖങ്ങളിൽനിന്നു മാത്രമല്ല, മറുനാടുകളിൽ നിന്നും വരുന്ന കപ്പലുകൾ ഇവിടെയാണു നങ്കൂരമിടുന്നതു്. പ്രധാനപ്പെട്ട ജെട്ടി ചാത്തംദ്വീപിലാണു്. 172 മീററർ നീളംവരുന്ന ഇവിടത്തെ ജെട്ടി തടിയിലാണു് തീർത്തിട്ടുള്ളതു്. ചാത്തം ജെട്ടി കൂടാതെ വിവിധ സ്ഥാനങ്ങളിലായി പതിന്നാലു ജെട്ടികൾകൂടി ഇവിടെയുണ്ടു്. ഒരവസരത്തിൽ ഒരു വലിയ കപ്പലിനു മാത്രമേ ചാത്തം ജെട്ടിയിൽ അടുക്കാനാവൂ. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗതാഗതത്തെ നേരിടുന്നതിനുവേണ്ടി 366 മീററർ നീളംവരുന്ന വാർഫ് (Wharf) കൂടി നിർമ്മിക്കുവാൻ പദ്ധതിയുണ്ടെന്നാണറിവു്. അതു പണിതീരുമ്പോൾ രണ്ടു കപ്പലുകൾക്കു് ഒരേസമയം ഇവിടെ അടുക്കുവാൻ സൗകര്യമുണ്ടാകും.

മുഖ്യമായ തുറമുഖം പോർട്ട്ബ്ളെയർ ആണെന്നും അതിൽക്കൂടിയാണു് ദ്വീപുകളിലെ ഗതാഗതം അധികവും നടക്കുന്നതെന്നും പറഞ്ഞല്ലോ. ഈ തുറമുഖത്തിൻെറ പ്രവർത്തനം സംബന്ധിച്ചു് ചില കണക്കുകൾകൂടി രേഖപ്പെടുത്തട്ടെ. 1964—65-ൽ ഇവിടെ 205 കപ്പലുകളാണു് അടുത്തതു്. കയററുമതി താഴെപ്പറയുന്നതുപോലെയായിരുന്നു.

| സാധനം | വില ആയിരം ഉറുപ്പികയിൽ | | |
|---|---|---|---|
| | 1964 | 1963 | 1962 |
| തീപ്പെട്ടിവസ്തുക്കൾ | 801 | | |
| നാളികേരം | 77 | 176 | 181 |
| കൊപ്ര | 938 | 1516 | 1146 |
| റബ്ബർ | 2 | 13 | 99 |
| അടയ്ക്കാ | 2620 | 546 | 277 |

യാത്രക്കാരുടെ വിവരങ്ങൾ താഴെ പറയുന്നതുപോലെയായിരുന്നു:

| വർഷം | കയറിയതു് | ഇറങ്ങിയതു് | ആകെ |
|---|---|---|---|
| 1960–61 | 6860 | 10240 | 17100 |
| 1961–62 | 7928 | 11193 | 19121 |
| 1962–63 | 8117 | 9439 | 17556 |
| 1963–64 | 8232 | 11052 | 19284 |
| 1964–65 | 7859 | 8760 | 16619 |

വടക്കെ ആൻഡമാനിൽനിന്നും മദ്ധ്യആൻഡമാനിൽനിന്നും മററും പോർട്ട്ബ്ളെയറിലേക്കു വന്നവരുടെ വിവരംകൂടി കാണുക:*

| വർഷം | ദിഗ്ലിപ്പൂർ | മായാബന്തർ | ലോംഗ്ദ്വീപ് | ഗോവിന്നപ്പൂർ |
|---|---|---|---|---|
| 1960–61 | 789 | 2405 | 4304 | 829 |
| 1961–62 | 1028 | 2111 | 3981 | 1279 |
| 1962--63 | 1257 | 2917 | 5335 | 1351 |
| 1963–64 | 1077 | 1944 | 4495 | 771 |
| 1964–65 | 1299 | 2584 | 2903 | 1019 |

* Statistical Outline of Andaman & Nicobar Islands 1964—65.

തലസ്ഥാനത്തുനിന്നു 92 കിലോമീററർ വടക്കാണ് മദ്ധ്യആൻഡമാനിലെ 'രംഗത്തി'ൻെറ സ്ഥാനം. ഇതിനോടു സമീപിച്ചു കുടിയേററക്കാരുടെ സങ്കേതങ്ങളുണ്ട്. സൗകര്യപ്രദമായ സ്ഥിരവാസത്തിനുപററിയ 1100 ഏക്ര സ്ഥലത്തോളം ഇവിടെയുണ്ടത്രേ. നൂതനപദ്ധതിയനുസരിച്ച് 1953 മേയിൽ ആദ്യത്തെ കുടിയേററക്കാർ ഇവിടെ കാലുകുത്തി. സീതാപുരം, ദശരഥപുരം, പഞ്ചവടി, പത്മനാഭപുരം, ശബരി എന്നിങ്ങനെയാണ് ഇവിടെ സ്ഥാപിതമായിട്ടുള്ള സങ്കേതങ്ങളുടെ പേരുകൾ. അധികവും പകിസ്ഥാനിൽനിന്നു കുടിയൊഴിഞ്ഞുപോന്ന അഭയാത്ഥികളെയാണ് ഈ സങ്കേതങ്ങളിൽ കുടിയുറപ്പിക്കുന്നതിന് ഏപ്പാടുചെയ്തിട്ടുള്ളതു്. 1959-ൽ ഒരു നല്ല ജെട്ടി ഇവിടെ പൂത്തിയായി. ബാഹ്യലോകത്തിലേക്കുള്ള കവാടം ഇതോടെ തുറന്നിരിക്കുന്നു. ഈ പ്രദേശങ്ങളിലെ സമൂഹങ്ങളുടെ വളർച്ചയനുസരിച്ചു 'രംഗത്തി'നും പ്രാധാന്യം വദ്ധിക്കുന്നതാണ്.

മദ്ധ്യആൻഡമാൻദ്വീപിൻെറ ഏതാണ്ടു വടക്കേയററത്തായിട്ടാണു മായാബന്തറിൻെറ സ്ഥാനം. കഷ്ടിച്ച് എഴുനൂറോളം ആളുകൾ അധിവസിക്കുന്ന ഈ സ്ഥലത്തു മിക്കവാറും എല്ലാ ആധുനികസജ്ജീകരണങ്ങളും സംവിധാനം ചെയ്തിരിക്കുന്നു. ഒന്നാന്തരം ഒരാശുപത്രിയും ഇവിടെ സ്ഥാപിതമായിക്കഴിഞ്ഞു. വനംവകുപ്പിൻെറ ഒരു മുഖ്യകേന്ദ്രമായും മായാബന്തർ പ്രസിദ്ധമാണ്. തലസ്ഥാനത്തുനിന്നു് 140 കിലോമീററർ ദൂരം വരും ഇവിടേക്കു്. കപ്പലും ബോട്ടും അടുക്കുന്നതിന് ഉപയോഗപ്രദമായ ജെട്ടി ഇല്ലെന്നുള്ളതു് ഒരു വലിയ പോരായ്മയാണ്.

കോൺവാലീസ്തുറമുഖത്തെപ്പററി മുമ്പു പല അവസരങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. പഴക്കം നോക്കിയാൽ പോർട്ട്ബ്ളെയറിൻെറ സമീപം നില്ക്കുവാൻ ഈ സ്ഥലത്തിനു് അഹ്തയുണ്ടെങ്കിലും വളർച്ചയുടെ കാര്യത്തിൽ പോർട്ട്ബ്ളെയറിൻെറ അടുത്തു വരുവാൻ അതിനു കഴിയുകയില്ല. വടക്കേ ആൻഡമാൻദ്വീപിൻെറ വടക്കേയററത്തു സ്ഥിതിചെയ്യുന്ന ഈ സങ്കേതം പ്രകൃതിദത്തമായ ഏറ്റവും

വലിയ തുറമുഖമാണ്. പോർട്ട്ബ്ളെയറിൽനിന്ന് 210 കിലോമീററർ സഞ്ചരിച്ചാലേ ഇവിടെ എത്തൂ. കോൺവാലീസ് തുറമുഖത്തിൻെറ പ്രാധാന്യം ഭാവിയിൽ വളരെ വദ്ധിക്കുമെന്നുള്ളതിനു സംശയമൊന്നുമില്ല. ഇതിൻെറ ഉൾനാടുകളിൽ പുതിയ ജനപദങ്ങൾ ഉയന്നുകൊണ്ടിരിക്കുന്നു. കിഴക്കേബംഗാളിൽനിന്നുള്ള അഭയാത്ഥികളും കേരളത്തിലെ കുടിയേററക്കാരുമാണ് അവിടങ്ങളിൽ ഇന്ന് അധിവസിക്കുന്നതു്. പുതിയ സങ്കേതങ്ങളെ തമ്മിലും കോൺവാലീസ്തുറമുഖവുമായും ബന്ധിപ്പിക്കുന്ന നിരത്തുകൾ രൂപംകൊണ്ടുതുടങ്ങിയിരിക്കുന്നു.

പ്രധാനപ്പെട്ട ചില തുറമുഖങ്ങളെപ്പററിയാണു മുകളിൽ സൂചിപ്പിച്ചതു്. മദ്ധ്യആൻഡമാനിലെ കടമട്ലാ (Kadamatla), ഉട്ടറാ (Uttara), ബൊറോണിയൽ (Boronyol), ശ്യംകുണ്ഡ് (Shyamkund) എന്നിവിടങ്ങളിലും വടക്കേ ആൻഡമാനിലെ തുഗാപ്പൂർ (Tugapur), കൽറാ എന്നിവിടങ്ങളിലും ജെട്ടികൾ തീന്നിരിക്കുന്നു.

15

# വിമാനത്താവളം

രണ്ടാംലോകമഹായുദ്ധകാലത്താണ് ഈ ദ്വീപുകളുടെ വികസനം നടക്കാതിരുന്നതിൻെറ തിക്തഫലങ്ങൾ ശരിക്ക് അധികാരികൾക്ക മനസ്സിലായതു്. പ്രതിരോധ സജ്ജീകരണങ്ങൾ ഇവിടെ വിപുലമായതോതിൽ ചെയ്തിരുന്നെങ്കിൽ ശത്രുക്കളുടെ മുന്നേററത്തെ വളരെയധികം നിയന്ത്രിക്കുന്നതിന്ന സാധിക്കുമായിരുന്നു. മിന്നൽ വേഗത്തിലുള്ള ജപ്പാൻകാരുടെ പുരോഗതി, ഈ ദ്വീപുകളും ഉപേക്ഷിക്കുന്നതിന്ന ബ്രിട്ടീഷുകാരെ നിർബ്ബന്ധിതരാക്കി. അധികം എതിർപ്പൊന്നും ഇല്ലാതെയാണ ദ്വീപുകൾ അവരുടെ സ്വാധീനത്തിൽ കൊണ്ടുവന്നതെന്നു മുമ്പ് പറയുകയുണ്ടായല്ലോ.

പോർട്ട്ബ്ളെയറിൽ വിമാനങ്ങൾ അടിയന്തിര കാലത്തു വന്നിറങ്ങുന്നതിന്നും പറന്നുയരുന്നതിന്നും വേണ്ട സജ്ജീകരണങ്ങൾ കുറഞ്ഞതോതിൽ ചെയ്തിരുന്നെന്നാണ് അറിവു്. ഒന്നുരണ്ടു ചെറിയ വിമാനങ്ങൾ ഇവിടെ ഇട്ടിരുന്നത്രേ!

ഇവിടെ തുടൎന്നു ഭരിക്കുവാൻ ആഗ്രഹിച്ചിരുന്ന ജപ്പാൻകാർ ഇവിടത്തെ ഗതാഗതസൗകര്യങ്ങൾ വിപുലമാക്കുന്നതിന്ന പ്രത്യേകം പ്രാധാന്യം നല്കി. ഇതിൻെറ ഭാഗമെന്നനിലയിൽ പോർട്ട്ബ്ളെയറിലെ വിമാനത്താവളം വിപുലീകരിക്കുന്നതിന്ന ശ്രമിച്ചതു് അവരാണ്. 'ലംബാലൈൻ' വിമാനത്താവളത്തിൽ പരിഷ്കാരങ്ങൾ വരുത്തി ഒരു നല്ല താവളമാക്കിയതും അവർതന്നെ.

ലംബാലൈൻ വിമാനത്താവളത്തിന്ന രണ്ടു റൺവേകളാണ് ഉള്ളതു്. നൂററിയൻപത്തിയഞ്ചു് അടി വീതിയുള്ള റൺവേകൾ നാല്പത്തിയഞ്ചു ഡിഗ്രിയിലാണ്

ഒന്നിച്ച് ഒരു കേന്ദ്രത്തിൽ ചേരുന്നതു്. 4833 അടിയാണു് ഓരോന്നിൻെറയും നീളം. ജപ്പാൻകാരുടെ കീഴടക്കത്തിനു ശേഷം ഈ താവളം കുറേനാരം ഉപയോഗമില്ലാതെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയുണ്ടായി. ഈ സങ്കേതത്തിൻെറ അററകുററപ്പണികരം തീർത്തു് 1961–ൽ ഇവിടെ ഒരു വിമാനസർവ്വീസ് ആരംഭിച്ചു. നല്ല കാലാവസ്ഥയുള്ള കാലങ്ങളിൽ മാത്രമേ വിമാനഗതാഗതം നിർവ്വഹിച്ചിരുന്നുള്ളു. ഒരു റൺവേമാത്രം ഉപയോഗിച്ചുകൊണ്ടാണു് ഇതു നടത്തിയിരുന്നതും. ഏതാണ്ടു് ഏഴുലക്ഷം ഉറുപ്പിക ചെലവുചെയ്തു് 1963–ൽ രണ്ടാമത്തെ റൺവേയും നന്നാക്കിയെടുത്തു.* എന്നാൽ ഭാരംകൂടിയ വിമാനങ്ങരംക്കു് ഉപയോഗിക്കുന്നതിനു പററിയതായിത്തീർന്നില്ല ഈ താവളം. അതൃപ്തികരമായ ഈ സ്ഥിതി പരിഹരിക്കുവാൻ നടപടികരം എടുക്കുന്നതിനു് അമാന്തമുണ്ടായില്ല. സ്ഥലംപരിശോധിച്ചു വേണ്ട വികസനസൗകര്യങ്ങരം രൂപാൾചെയ്യുന്നതിനു് ഒരു വിദഗ്ദ്ധസംഘം 1963–ൽത്തന്നെ ഇവിടം സന്ദർശിച്ചു. അവരുടെ അഭിപ്രായം സ്വീകരിച്ചു നടപ്പിലാക്കിയ പണികരം പൂർത്തിയായതു് 1964–ൻെറ അവസാനഘട്ടത്തിലാണു്. 1966 ഏപ്രിൽ 18–ാംതീയതി ഇന്ത്യൻ എയർലൈൻസ് കോർപ്പറേഷൻെറ ഒരു സ്കൈമാസ്റ്റർ വിമാനം പരീക്ഷണാർത്ഥം പറന്നു് ഈ താവളത്തിലിറങ്ങി. തുടർന്നു മേയ്മാസം 3–ാംതീയതി കൽക്കത്തയിൽനിന്നു നേരിട്ടു് ഒരു വിമാനസർവ്വീസ് ഉൽഘാടനം ചെയ്യപ്പെട്ടു. 'നീലകണ്ഠ്' എന്ന വിമാനം ഡംഡം വിമാനത്താവളത്തിൽനിന്നു കാലത്തു് 8.30–നു് തിരിച്ചു് ഉച്ചയ്ക്കു് 12.30–നു് ലംബാലൈനിൽ ഇറങ്ങി. ഇതിനുമുമ്പു റങ്കൂൺവഴിയാണു വിമാനം ഇങ്ങോട്ടു വന്നിരുന്നതു്. പുതിയ സർവ്വീസ് നേരിട്ടു കൽക്കത്തയിൽനിന്നുള്ളതാണു്. ഇതു ദ്വീപുകളുടെ പുരോഗതിയുടെ മറ്റൊരു നാഴികക്കല്ലാണു നാട്ടിയതു്. ഇടയ്ക്കുള്ള ഒരു താവളം ആശ്രയിക്കാതെ നേരിട്ടു പോർട്ടു് ബ്ളെയറിൽ വരുന്നതുകൊണ്ടു്, മറ്റു നേട്ടങ്ങരംക്കു പുറമേ,

* The Daily Telegrams, May 3, 1966

സമയം മൂന്നുമണിക്കൂറോളം ലാഭിക്കാനും സാധിക്കുന്നു. എല്ലാ കാലാവസ്ഥയിലും വിമാനഗതാഗതം സാദ്ധ്യമായിത്തീരുമ്പോഴ്, ആധുനികസാങ്കേതികയുഗത്തിലേക്ക് ഈ ഒഴിഞ്ഞുകിടക്കുന്ന ദ്വീപുകളും പ്രവേശിക്കുന്നതാണ്. ഏകാന്തതയിലാണു തങ്ങൾ ഒതുങ്ങിയിരിക്കുന്നതെന്നുള്ള മാനസികഭാവം ഇവിടത്തെ പൗരന്മാരിൽനിന്ന് അതു നീക്കം ചെയ്യും.

16

# നിരത്തുകൾ

ആൻഡമാൻദ്വീപുകളെ സംബന്ധിച്ചിടത്തോളം കടൽഗതാഗതംപോലെതന്നെ പ്രാധാന്യം അർഹിക്കുന്നതാണു കരയിലെ സഞ്ചാരസൗകര്യങ്ങളും. ജനങ്ങൾക്കുതമ്മിൽ സമ്പർക്കം സ്ഥാപിക്കുന്നതിനു റോഡുകളില്ലെങ്കിൽ ഓരോ കൂട്ടരും ഒരേ ദ്വീപിൽത്തന്നെ സ്വയം സൃഷ്ടിച്ച ഓരോ ദ്വീപായിക്കഴിയുന്നതിനു് ഇടയായിത്തീരുമല്ലോ. സാമ്പത്തികവും സാമൂഹ്യവുമായി എല്ലാ മൈത്രീബന്ധങ്ങളുടേയും അടിസ്ഥാനമിടുന്നതു നിരത്തുകളത്രേ. റോഡുകൾ ഉണ്ടായാൽ പരാശ്രയം കൂടാതെ പരസ്പരം സഹകരിക്കുന്നതിനു സ്വാഭാവികമായി താല്പര്യവും സാഹചര്യങ്ങളും സംജാതമാകും. ഇതുകൊണ്ടൊക്കെയാണു നിരത്തുകളുടെ നില ഒരു നാട്ടിലെ സാമ്പത്തികാഭിവൃദ്ധിയുടെ സൂചികയാണെന്നു വിദഗ്ദ്ധന്മാർ വിധിക്കാറുള്ളതു്. നിരത്തുകൾ ഒരു പ്രധാന മാനദണ്ഡമായി സ്വീകരിച്ചാൽ, ദ്വീപുകളുടെ നില തുലോം പരിതാപകരമാണെന്നേ പറയാനൊക്കൂ.

ജപ്പാൻകാരുടെ അധിനിവേശത്തിനുമുമ്പു് ദ്വീപുകളിൽ നല്ല നിലവാരം പുലർത്തിയിരുന്ന റോഡുകൾ താരതമ്യേന കുറവായിരുന്നു. മുഖ്യമായി തടവുപുള്ളികളുടെ നിയന്ത്രണത്തിന്നായി വേഗത്തിലുള്ള സഞ്ചാരത്തെ സഹായിക്കാൻവേണ്ടിയാണു് റോഡുകൾ പണിതീർത്തിരുന്നതെന്നു പറയാം. അന്നു് 110 നാഴിക നീളം വരുന്ന മെററൽറോഡും 50 നാഴികയോളമുള്ള മററു നിരത്തുകളും ഉണ്ടായിരുന്നെന്നാണു കണക്കു്. അന്നത്തെ നിരത്തുകളത്രയും തടങ്കൽപ്പുള്ളികളെക്കൊണ്ടു് ചെയ്യിച്ചവയും ആയിരുന്നു. ആ ഹതഭാഗ്യരുടെ വിയർപ്പും കണ്ണുനീരും വീണു കുതിർന്നിരുന്ന മണ്ണിൽ പുരോഗതിയുടെ ബീജങ്ങൾകൂടി വിതയ്ക്കപ്പെട്ടു എന്നും പറയണം. എന്നാൽ സൈനികലക്ഷ്യത്തെ

ആധാരമാക്കിയായിരുന്നു ജപ്പാൻകാർ ഇവിടെ പുതിയ പാതകഠം പണിചെയ്തതു്. റോഡുനിർമ്മാണക്കാര്യത്തിൽ ഒരു രാജ്യത്തിൻെറ പ്രതിരോധപദ്ധതികൂടി കണക്കിലെടുക്കേണ്ടതു് അത്യാവശ്യംതന്നെ. അതിർത്തിപ്രദേശങ്ങളിൽ അതു് ഒരു മുഖ്യകാര്യമായിത്തീരുന്നു. സ്ഥിതിഗതികഠം സമയനഷ്ടമില്ലാതെ മനസ്സിലാക്കാനും പ്രതിരോധത്തിനു വേണ്ടി സൈന്യവിന്യാസം വളരെവേഗം സാധിക്കാനും നിരത്തുകഠം അത്യാവശ്യമാണെന്നു പറയേണ്ടതില്ല. ചുരുക്കത്തിൽ ആരോഗ്യമുള്ള ശരീരത്തിലെ രക്തധമനികഠം പോലെയാണു് രാജ്യശരീരത്തിലെ റോഡുകഠം. ആളുകളെ നിർബ്ബന്ധിതവേലയ്ക്കു വിധേയരാക്കിയാണു് ജപ്പാൻകാർ ദ്വീപുകളിലെ പ്രധാനനിരത്തുകളൊക്കെ പണിചെയ്തതു്. ഇന്നു് ദ്വീപുകളിൽ കാണുന്ന മിക്കവാറും എല്ലാ പ്രധാനപ്പെട്ട നിരത്തുകളും ജപ്പാൻകാരുടെ പ്ലാനനുസരിച്ചു തീർത്തിട്ടുള്ളവയാണെന്ന സത്യം മറച്ചുവയ്ക്കേണ്ടതില്ല. തെക്കെ ആൻഡമാൻദ്വീപിൽ 102 നാഴികയോളം റോഡുകഠം ഇങ്ങനെ ഉണ്ടായി. പൊതുമരാമത്തുവകുപ്പുകാർ പില്ക്കാലത്തു് ഇവ അററകുററപ്പണി നടത്തി മെച്ചപ്പെടുത്തി.

രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്താണു് ദ്വീപുകളിലെ മുഖ്യമായ അഭിവൃദ്ധിപരിപാടികഠംക്കു് ആയം വീണതു്. അതു് ഇന്നു് ഏററവും പ്രധാനപ്പെട്ട ഒന്നായി പരിണമിച്ചിരിക്കുന്നു. ദ്വീപുകളുടെ ഓണംകേറാമൂലകളിൽ ഒളിഞ്ഞുകിടക്കുന്ന അന്തമില്ലാത്ത വിഭവങ്ങഠം മനുഷ്യോപയോഗത്തിനു് പ്രയോജനപ്പെടുത്തുവാൻ ഇവ കൂടാതെ കഴിയുന്നതല്ല. തീരപ്രദേശങ്ങളിൽ എത്രനല്ല തുറമുഖങ്ങഠം രൂപംകൊണ്ടാലും ഉഠംനാടുകളിലെ വിഭവങ്ങഠം ആദായകരമായി അവിടേക്കു പ്രവഹിക്കുവാൻ സാധിച്ചില്ലെങ്കിൽ ഫലം ഉണ്ടാകുന്നതല്ല. വിപണനത്തിനുവേണ്ടിയുള്ള ഉല്പന്നങ്ങഠം, ഉണ്ടാകുന്ന സ്ഥലത്തുതന്നെ കുന്നുകൂടുന്നതുകൊണ്ടു്, ദേശീയസമ്പത്തു പെരുകുന്നതല്ല. വനം വെട്ടിയഴിച്ചു് വിശാലമായ ഭൂപ്രദേശങ്ങഠം വികസിപ്പിക്കുവാനുള്ള പദ്ധതികഠം ഇന്നു നിരവധിയുണ്ടു്. വൻതോതിൽ

റബ്ബർത്തോട്ടങ്ങളും മററും ഇത്തരം പ്രദേശങ്ങളിൽ വളരാൻ ആരംഭിച്ചുകഴിഞ്ഞു.

ദ്വീപസമൂഹങ്ങളിലെ പ്രധാനപ്പെട്ട മൂന്നു ദ്വീപുകളെ കോർത്തിണക്കുന്ന ഒരു വലിയ തായ്നിരത്ത് (Trunk Road) പണിചെയ്യുകയെന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട ഒരു പദ്ധതി. അതു പൂർത്തിയാകുമ്പോൾ 250 നാഴികയോളം നീളം വരുന്ന ഒരു രാജപാത ദൃശ്യമാകും. തെക്കെയററത്തെ ചിരിയാടപ്പൂരിൽ തുടങ്ങി വടക്കേയററത്തുള്ള ബ്ളെയർ ഉൾക്കടൽത്തീരംവരെ എത്തുന്ന തായ്നിരത്ത് ദ്വീപുകളുടെ സാമ്പത്തികശരീരത്തിലെ രക്തധമനിയായിരിക്കും. അതു കടന്നുപോകുന്ന സ്ഥലങ്ങളിൽ ഇരുവശത്തും പുതിയ ജീവിതത്തിൻെറ വിത്തുകൾ കിളിച്ച് ഐശ്വര്യസമ്പന്നമായ ജീവിതമലർവാടികൾ പുഷ്പിച്ചുതുടങ്ങും. കടൽവഴിയായി പോകാൻ കപ്പലുകൾ കാത്തിരിക്കാതെ, ആളുകൾക്ക് വടക്കേയററംമുതൽ തെക്കേയററംവരെ സ്വതന്ത്രമായി ഇച്ഛാനുസരണം സഞ്ചരിക്കാമെന്നുള്ള സ്ഥിതിവിശേഷം സംജാതമാകും. അപ്പോൾ ഇന്നത്തെ ഏകാന്തതാന്ധകാരത്തിൽനിന്ന് ഒട്ടുമുക്കാലും മേഖലകൾ പ്രകാശത്തിൻെറ വഴിത്താരയിലേക്കു കടക്കുന്നതുമാണ്. വിനോദസഞ്ചാരികൾക്ക് വിരുന്നൊരുക്കി വിരാജിക്കുന്ന ദ്വീപുകളിലെ ഏററവും മനോഹരങ്ങളായ പ്രകൃതിദൃശ്യങ്ങൾ ഈ നിരത്തു കടന്നുപോകുന്ന പ്രദേശങ്ങളിലുണ്ട്.

ഈ തായ്നിരത്ത് പണിതീക്കുന്നതിനു വേണ്ടിവരുന്ന അദ്ധ്വാനത്തിൻെറയും പണച്ചെലവിൻെറയും തോത് സാധാരണനിലയിലുള്ളതല്ലെന്നു വിശേഷിച്ചു പറയേണ്ടതായിട്ടുണ്ട്. മനുഷ്യപാദസ്പർശം ഏററിട്ടില്ലാത്ത ഘോരവിപിനങ്ങളുടെ ഹൃദയത്തിലൂടെ വേണം അതു കടന്നുപോകുവാൻ. ശക്തിയായ മഴയും വിരോധികളായ ആദിവാസികളും തൊഴിലാളികളെ ദുസ്സഹപ്പെടുത്തുന്ന കീടജീവികളും ഈ പണിയുടെ പുരോഗതി കുറയ്ക്കുന്നുണ്ട്. ഉറപ്പില്ലാത്ത മണ്ണാണ് പൊതുവെ ദ്വീപുകളിലെല്ലാം ഉള്ളത്. അതിനാൽ മണ്ണിടിഞ്ഞു് മാർഗ്ഗം മുടങ്ങുന്നതും അസാധാരണമല്ല. പാലങ്ങൾ പണിയാനും പല പ്രാദേശികവൈഷ

മൃങ്ങളുണ്ട്. എങ്കിലും അനതിവിദൂരഭാവിയിൽ ഈ തീ്‌യ്നിരത്ത് പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുക. ദ്വീപുകളുടെ സമ്പൽക്കരമായ ഭാവിക്ക് ഇതു് ഒരാവശ്യംതന്നെ. രംഗാചങ്ങ് (Rangachang) മുതൽ ഫെറാർഗഞ്ച് (Ferrarganj) വരെ ഇപ്പോഠംത്തന്നെ തീൎന്നിട്ടുള്ള റോഡും ഈ നിരത്തിൻെറ ഒരു ഭാഗമായിത്തീരും. ഇതുവരെ ഇരുപത്തിയേഴ നാഴിക നീളത്തിൽ പണി പൂർത്തിയായിട്ടുമുണ്ട്.

ആധികാരികങ്ങളായ കണക്കുകളിൽ താറിട്ട 287.35 കിലോമീററർ റോഡും സാധാരണരീതിയിലുള്ള 144.63 കിലോമീററർ റോഡും ദ്വീപിലുണ്ട്. 111.24 കിലോമീററർ നീളം വരുന്ന നിരത്തുകളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

17

# വനങ്ങളും വനവിഭവങ്ങളും

ആൻഡമാൻദ്വീപുകളെ സമീപിക്കുമ്പോൾ ഒരാൾക്ക് ആദ്യം ബോദ്ധ്യപ്പെടുന്നത് അവിടത്തെ സമ്പന്നമായ സസ്യസമൃദ്ധിയാണ്. മൊട്ടക്കുന്നുകൾ എങ്ങും കണ്ടെത്താനില്ല. എവിടെയും പച്ചപൊതിഞ്ഞുനില്ക്കുന്ന മരതകക്കുന്നുകൾതന്നെ. ദീർഘനാളുകൾ കടലിൽ കഴിച്ചശേഷം ആദ്യമായി കര കാണുമ്പോൾ മനസ്സിലുദിക്കുന്ന ആഹ്ലാദം ഒന്നു വേറെതന്നെ. പ്രകൃതിരമണീയമായ കരയാകുമ്പോൾ കൗതുകം ശതഗുണീഭവിക്കും. ഇതാണ് ആൻഡമാനിലേക്ക് ആദ്യമായി ചെല്ലുന്ന ഒരാളിന് യാത്രയുടെ അന്ത്യത്തിൽ അനുഭവപ്പെടുന്ന ആദ്യത്തെ മനോഭാവം. എന്തൊക്കെ സാങ്കേതികനേട്ടങ്ങൾ കൈവന്നാലും, എത്ര ഉന്നതമായ തോതിലുള്ള ഭദ്രതാബോധം കടലിൽ ഉണ്ടായിരുന്നാലും, കടൽ ഒരിക്കലും മനുഷ്യൻെറ ക്രീഡാരംഗമായിത്തീരുന്നതല്ല. അവൻെറ ആനന്ദം കരയിൽത്തന്നെ. എത്രതന്നെ വിഭവരഹിതമായിരുന്നാലും, കപ്പൽത്തട്ടിൽ നിന്നുകൊണ്ടു കര ദർശിക്കുമ്പോൾ അവൻെറ ഹൃദയം തുടിക്കും. അക്ഷികൾ വികസിക്കും. ആനന്ദത്തിൻെറ തേനലകൾ വ്യാപിച്ചു ശരീരമാകെ കുളിരു കോരിയിടും.

പ്രകൃതിസൗന്ദര്യം ഉപരിപ്ലവങ്ങളായ വസ്തുതകളിലാണു നിക്ഷിപ്തമെങ്കിലും എല്ലാക്കാലത്തും അതു മനുഷ്യനു നൂതനാനുഭവങ്ങൾ ദാനംചെയ്യുവാൻ പര്യാപ്തമായി തുടരുന്നതാണ്. അവൻെറ മനോവികാരങ്ങളേയും വിചാരങ്ങളേയും നൂതനമേഖലകളിലേക്കു പിടിച്ചുകയററുന്നതിനാണ് അതു സഹായിക്കാറുള്ളത്. അനുഭൂതികളുടെ നാമ്പുകൾ ഹൃദയത്തിലുതിക്കാൻ, കാത്തിരുന്നു കിട്ടുന്ന മഴപോലെ, അതു സഹായിക്കുന്നു. പ്രകൃതിഭംഗികൾ എത്ര അനുഭവിച്ചാലും പഴയതായിത്തീരാത്തതു പുതിയ പുതിയ ഭാവങ്ങൾ അതിൽനിന്നു സിദ്ധിക്കുന്നതുകൊണ്ടുതന്നെ.

മററൊരു ജീവിക്കും കൈവന്നിട്ടില്ലാത്ത ഈ മനോഭാവ് ത്തെ മാറ്റേററി വളർത്തിക്കൊണ്ടു പോകുവാൻ കഴിയാത്ത വനു്, ഭൂതലത്തിൽ പുതിയ വികാരപ്രപഞ്ചം സൃഷ്ടിക്കു വാൻ കഴിയുകയില്ല.

പ്രകൃതി നട്ടുവളർത്തുന്ന നന്ദനോദ്യാനങ്ങളിൽ കടന്നു ചെല്ലുന്ന മനുഷ്യൻ, ക്രമേണ ആ സൗന്ദര്യത്തിൻെറ സത്ത യിലേക്കും, അവിടെയുള്ള വിഭവങ്ങളുടെ മൂല്യങ്ങളിലേക്കും ശ്രദ്ധിച്ചുതുടങ്ങുന്നു. ദ്വീപുകളിൽ പ്രവേശിക്കുന്ന ഒരാളും ഇ തുതന്നെയാണു ചെയ്യുന്നതു്. ദ്വീപുകളെ പച്ചപ്പട്ടുകൊണ്ടു പൊതിയുന്ന സസ്യസഹസ്രങ്ങളിൽ, തനിക്കു കൂടുതൽ പ്ര യോജനപ്പെടുന്നവ ഏതൊക്കെയെന്നു തരംതിരിച്ചു പഠി ക്കുന്നു. വിലയേറിയവയാണു കൂടുതലെന്നു് അറിയുമ്പോഠം അവയെ പ്രയോജനപ്പെടുത്തുന്നതിനുള്ള വിധങ്ങളെക്കുറിച്ചു ചിന്തിച്ചുതുടങ്ങും. മനുഷ്യൻ അവനറിയാതെ സ്വാർത്ഥ തല്പരനായിത്തീരുകയാണു്.

ആൻഡമാനിലെ പ്രകൃതിസൗന്ദര്യം ആസ്വദിച്ചു് ആരംഭിച്ച പ്രവൃത്തി, ഇങ്ങനെ ഒരു പുതിയ സരണിയി ലേക്കു നമ്മെ കൊണ്ടുപോകുന്നു. മാറവുള്ള മരങ്ങളേയും വി ലയേറിയ വനവിഭവങ്ങളേയും തിരക്കിപ്പിടിക്കുവാൻ ഇ വിടെയെത്തിയവർ വളരെ നേരത്തെ പ്രയത്നിച്ചുതുടങ്ങിയ താണു്. വിലയുള്ള മരങ്ങഠം ഏതൊക്കെയെന്നു തിരക്കി ത്തുടങ്ങുമ്പോഴാണു വിസ്മയത്തിൻെറ സദ്യ നമുക്കു സിദ്ധി ക്കുന്നതു്.

അംബരചുംബികളായ വന്മരങ്ങളുടെ ഉന്നതങ്ങളായ ശിഖരങ്ങഠം, നീലാകാശത്തുകൂടി സ്വച്ഛന്ദം നീങ്ങിമാറുന്ന വെള്ളിമേഘങ്ങളുമായി മൗനസംഭാഷണത്തിലേർപ്പെടുന്ന തായി നമുക്കു തോന്നും. മരങ്ങളിലൊക്കെ ചുററിപ്പടന്നു് ഊക്കും ഊർജ്ജസ്വലതയും ആർജ്ജിച്ചു തളിർത്തും പൂത്തും കിട ക്കുന്ന കാട്ടുവള്ളികഠം, നിരവധിയാണു്. തരുക്കളെ ത മ്മിൽ ബന്ധിച്ചും, മരക്കൂട്ടങ്ങളിൽ ജീവിതം നയിക്കുന്ന ജന്തുക്കഠംക്കു പാലങ്ങളൊരുക്കിയും ആണു് അവ വിരാജി ക്കുന്നതു്. വൃക്ഷങ്ങളുടെ പട്ടകളിലും ഉണങ്ങിയ ശിഖരങ്ങ ളിലും വേരോടിച്ചു്, മണ്ണിൽ തൊടാതെ, കഴിഞ്ഞുകൂടുന്ന

എത്രയെത്ര മനോഹരങ്ങളായ ഓർക്കിഡുകളാണ് (Orchids) ഈ കാനനങ്ങളിലുള്ളത്! സൗരഭ്യവും സൗന്ദര്യവും പ്രസരിപ്പിച്ചുകൊണ്ടും, വർണ്ണശബളങ്ങളായ ചിത്രശലഭങ്ങളെ നിരന്തരം ആകർഷിച്ചുകൊണ്ടും, അഹങ്കരിച്ചു കാററിൽ നൃത്തംവെയ്ക്കുന്ന കാനനസുന്ദരികൾ കണ്ണിനും കരളിനും കുളിരുകോരിയിടും. കാനനദേവതയുടെ കബരീഭാരത്തിലെ ഭൂഷണങ്ങളാണ് ഇവയെല്ലാം. നിരുപദ്രവികളെന്നു പുറമേ തോന്നിക്കുമെങ്കിലും, അന്യസസ്യങ്ങൾ ആർജ്ജിക്കുന്ന ആഹാരത്തിൽനിന്നു് ഒരു പങ്ക് അപഹരിച്ച്, നിസ്സംശയരായി, കൂസലില്ലാത്തവരായി, ജീവിക്കുന്ന പരോപസസ്യങ്ങളുടെ പട്ടിക വളരെ ദീർഘമാണ്. യാതൊരു ലുബ്ധുമില്ലാതെ, വെയിലിൻെറ വെളിച്ചവും ചൂടും സ്വീകരിക്കാനായി സ്വന്തം പച്ചിലച്ചാർത്തു പരക്കെ വിരിച്ച്, ഹരിതച്ഛത്രംപോലെ കഴിയുന്ന വല്ലിക്കുടിലുകളുടെ അടിയിൽ, ഉച്ഛിഷ്ടംകൊണ്ടു തൃപ്തിയടയുന്ന പുല്ലുകൾക്ക് എണ്ണമില്ല. ഇങ്ങനെ എന്തെല്ലാമാണ് ഇവിടത്തെ വനത്തിലേക്കു പദമൂന്നുന്ന ആളിനു കാണാൻ കഴിയുന്നത്!

ആൻഡമാൻദ്വീപുകളിൽ മണ്ണിൻെറ വൈവിദ്ധ്യം വളരെയാണ്. ഈ വൈവിദ്ധ്യം അവിടെ കുരുക്കുന്ന കാട്ടുചെടികളിലും ദൃശ്യമാണ്. ദൂരെനിന്നു നോക്കുമ്പോൾ പച്ചപ്പട്ടുപോലെ തോന്നുന്ന മേഖല, വൈവിദ്ധ്യത്തിൻെറ രംഗമണ്ഡപമാണെന്ന് അടുത്തുചെല്ലുമ്പോൾ അറിയാറാകും. പട്ടിൻെറ ഊടും പാവും ഓരോയിടത്തും ഓരോന്നുതന്നെ. ഭാരതത്തിലെ വനജാതികളെക്കുറിച്ചു വിദഗ്ധപഠനം നടത്തിയിട്ടുള്ള ചാമ്പിയൻ (H. G. Champion) ആൻഡമാനിൽ പതിനൊന്നു വിഭാഗങ്ങളിൽ പെടുത്താവുന്ന വനമേഖലകളുണ്ടെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.* ഇതിൽനിന്നു് വനവൈവിദ്ധ്യത്തിൻെറ ഏകദേശരൂപം അനുമാനിക്കാൻ വൈഷമ്യമില്ല.

കടലോരത്തിറങ്ങുന്ന ഒരാളിന്, വേലിയേററത്തിൻെറ ഗതിവിഗതികളെ വിഗണിച്ചു സാമർത്ഥ്യത്തോടെ

* Forest Types of India and Burma by H. G. Champion (1936)

ജീവിതം നയിക്കുന്ന സസ്യങ്ങളായിരിക്കും, ആദ്യം കാണാനിടവരുന്നത്. ആയിരം പൊയ്ക്കാലുകളിൽ എഴുന്നുനില്ക്കുന്ന അനേകായിരം കണ്ടൽചെടികൾ കൗതുകത്തോടെ അയാൾ നോക്കിനില്ക്കുമെന്നു തീർച്ചയുണ്ട്. വെള്ളത്തിൻെറ ഏറ്റമുണ്ടാകുമ്പോൾ കുലുക്കമോ ഇറക്കം സംഭവിക്കുമ്പോൾ തളർച്ചയോ തട്ടാതെ, ഈ വന്മരങ്ങൾ അവിടെ വിരാജിക്കുന്നു. ചതുപ്പുപ്രദേശങ്ങളിലെ പ്രത്യേക സാഹചര്യങ്ങളിൽ ചഞ്ചലപ്പെടാതെ നിലനില്ക്കുവാൻ സഹായിക്കുന്ന രീതിയിലാണ് ഈ സസ്യങ്ങളുടെ പരിണാമമെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല.

കണ്ടൽകാടുകളിൽ വിഭിന്നജാതികളിൽ പെടുന്ന സസ്യങ്ങളുണ്ട്. ഇവിടെ ധാരാളമുള്ളവ റൈസോഫോറ (Rhizophora mucronata) ബ്രൂഗിയേറാ, (Bruguiera gymnorihiza) തുടങ്ങിയവയാണ്. ആകപ്പാടെ 230 ചതുരശ്രനാഴികയോളം കണ്ടൽകാടുകൾ വന്നേക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. മുകളിൽ പറഞ്ഞ രണ്ടിനങ്ങൾ കമ്പിത്തപാൽ തൂണുകൾക്കും മററും അത്യന്തം ഉത്തമങ്ങളാണ്. ഭാരതത്തിലെ ആവശ്യം നിറവേററാൻ വേണ്ടവണ്ണം വിഭവങ്ങൾ ഇവിടെയുണ്ടുതാനും.* വേലിയേററമനുഭവിക്കുന്ന തീരങ്ങളിൽ ചിലയിടത്ത് പന്നച്ചെടികൾ (Ferns) വളർന്നു പന്തലിച്ചു നില്ക്കുന്നതു കാണാം; പ്രത്യേകിച്ച് Asplenium acerifolium എന്ന ജാതി. ചതുപ്പുനിലങ്ങളിലെ ഒരുതരം പനച്ചെടി(Phoenix palludosa)യുടെ കാര്യം എടുത്തു പറയാം.

വേരിലും തടിയിലും തണ്ടിലും ഇലയിലും പുഷ്പങ്ങളിലും കായ്കളിലും ചതുപ്പുനിലങ്ങളിലെ സസ്യങ്ങളിൽ സവിശേഷതയുടെ മുദ്രകൾ പതിഞ്ഞിരിക്കുന്നു. സസ്യശാസ്ത്രവിശാരദന്മാക്ക് ഒരു ജീവിതകാലമത്രയും നിരീക്ഷിക്കുവാനും പഠിക്കുവാനും ചിന്തിക്കുവാനും ഉള്ള സംഗതികൾ ഈ സസ്യങ്ങളിൽ അന്തർലീനങ്ങളായിട്ടുണ്ട്. സാമ്പത്തികസാദ്ധ്യതകൾ ധാരാളമുള്ള ജാതികളിലാണ് താല്പര്യമെങ്കിൽ ആൻഡമാൻ ഗോലിമരവും (Mimusops littoralis

* Andaman and Nicobar Islands by J. Banerji. I. F. S.— Indian Forester, 4th World Forestry Congress Number, 1954.

—ഇതിനെ ഇംഗ്ലീഷിൽ സാധാരണ ആൻഡമാൻ ബുള്ളററ് വുഡ് എന്നാണു പറയുക.) പൂൻസ്സാർ മരവും (Calophyllum inophyllum) അതിനു വകതരുന്നതായിരിക്കും. രണ്ടാമതു പറഞ്ഞ മരത്തിൻെറ തടിയാണു് പണ്ടു കപ്പലിലെ തൂണു കറംകളും മററും ധാരാളം ഉപയോഗിച്ചു വന്നിരുന്നതു്. മററു കാര്യങ്ങറംക്കു് ഇന്നു് ഈ തടിയുടെ വില ഇടിഞ്ഞിട്ടില്ല.

വനത്തിലെ പ്രത്യേകതകറം കാണാൻ ഇറങ്ങി ത്തിരിച്ചിരിക്കുന്ന നമുക്കു മററു വിശദവിവരങ്ങളിലേക്കു് കടന്നാൽ വളരെ സമയം ചെലവാക്കേണ്ടിവരും. അതി നാൽ ഇനി നമുക്കു് ദ്വീപിൻെറ ഉള്ളിലേക്കു കടക്കുക.

ഇതാ! നാം വനമേഖലയിൽ മറെറാരിടത്തു് വന്നു കഴിഞ്ഞു. താഴ്ന്ന പ്രദേശമാണിവിടമെങ്കിലും ഒട്ടും ചതുപ്പു നിലമല്ല; കുന്നിൻെറ പ്രാന്തപ്രദേശം. മരങ്ങളുടെ പൊക്കം കണ്ടു് അത്ഭുതം തോന്നുന്നു, ഇല്ലേ? ഇവിടെയാണു് ആൻ ഡമാൻദ്വീപുകളിലെ ഏററവും ഉയരത്തിൽ വളരുന്ന വൃക്ഷങ്ങളുള്ളതു്. ആണ്ടിൻെറ എല്ലാക്കാലവും ഒരുപോലെ പച്ചപിടിച്ചുനില്ക്കുന്ന പ്രദേശം. മരങ്ങളുടെ ദലങ്ങറം ഒരി ക്കലും പൊഴിയുന്നതായിത്തോന്നുകയില്ല. ഇലകറം നിര ന്തരം കുരുക്കുന്നു; തളിക്കുന്നു, വളരുന്നു. പഴയതൊക്കെ പഴുത്തു പൊഴിഞ്ഞാലും പച്ചമേലാപ്പിനു് പരുക്കൊന്നും പററാറില്ല. വളവും കോട്ടവുമില്ലാതെ വളന്നു് ഉയന്നു വി രാജിക്കുന്ന വന്മരങ്ങളിൽ പടന്നു കേറിയിരിക്കുന്ന വള്ളി കറംക്കു് എന്തു കരുത്താണെന്നു ശ്രദ്ധിക്കുക! സുന്ദരനും ആജാനുബാഹുവുമായ ശിവമൂത്തിയുടെ കണ്ഠത്തിലും ഭുജങ്ങ ളിലും ചുററിപ്പുളഞ്ഞു സ്ഥാനംപിടിച്ചിട്ടുള്ള സപ്പസഞ്ചയ ങ്ങളെപ്പോലെ, ഇവിടത്തെ അമിതപ്രഭാവരായ വന്മരങ്ങ ളിൽ എത്രയാണു് കാനനവള്ളികറം ചുററിപ്പടന്നിരിക്കു ന്നതു്! ഈ വന്മരങ്ങറം എന്തൊക്കെയാണെന്നു് അറിയാൻ താല്പര്യമില്ലേ?

ഇതാ, ഈ നില്ക്കുന്ന വൻമരമാണു് ഗുജ്ജൻ (Diptero-carpus alatus). ഇതിനു കുറഞ്ഞതു് നൂററിമുപ്പതടിയെങ്കിലും പൊക്കം കാണും. നമ്മുടെ കഴുത്തിനൊപ്പംവരുന്ന ഉയര ത്തിൽ ഇതിൻെറ തടിയുടെ ചുററളവെന്തെന്നു നോക്കൂ:

പതിനേഴടിയോളം! ഈ മരം വെട്ടിയിറക്കിയാൽ കുറഞ്ഞതു് ഇരുപത്തിരണ്ടു കണ്ടി നല്ല ഉരുപ്പടി കിട്ടാതിരിക്കുകയില്ല. തടിയുടെ ഗുണങ്ങൾ പറയാൻ തുടങ്ങിയാൽ വളരെയുണ്ടു്! ഉണങ്ങി പാകംവരുമ്പോൾ വിളർത്ത തവിട്ടുനിറമായിരിക്കും. അകത്തു് അസ്വീകാര്യങ്ങളായ ആരുകളും കെട്ടുകളും കുറവുതന്നെ. നല്ലതുപോലെ ചിന്തേരിട്ടു മിനുക്കുകടലാസു പിടിച്ചു മിനുസപ്പെടുത്തിയാൽ അതിന്റെ അഴകു പതിന്മടങ്ങു വദ്ധിക്കുകയും ചെയ്യും. എന്നാൽ ഒരു കുറവുള്ളതും പറയട്ടെ, വേനല്ക്കാലത്തു് ഈർപ്പം നഷ്ടപ്പെടുന്ന സ്വഭാവമുള്ളതുകൊണ്ടു തടി വലിയും. മഴക്കാലമാകുമ്പോൾ ഈർപ്പം പിടിച്ചു് അല്പം വീക്കുകയും ചെയ്യും. എന്നാൽ സമശീതോഷ്ണമേഖലകളിൽ കോട്ടംകൂടാതെ ഇതു് ഉപയോഗിക്കാം. യൂറോപ്യൻനാടുകളിൽ ഈ തടിക്കു പ്രിയമുള്ളതിൻെറ കാരണം ഇതുതന്നെ. ഈടും ശക്തിയുമുള്ളതാണെങ്കിലും മണ്ണുമായി സമ്പക്മുണ്ടാകുന്ന പണികൾക്കു് ഇതു് ഒഴിവാക്കുന്നതാണു് ഉത്തമം. പണിയുടെ കാര്യമാണല്ലോ പറഞ്ഞതു്. അറക്കാനും ആശാരിക്കു വേലചെയ്യാനും ഇതിൽ പ്രയാസമൊന്നുമില്ല. സംസ്കരിച്ചെടുക്കാനും വൈഷമ്യമില്ല. അങ്ങനെ ചെയ്തു് തീവണ്ടിപ്പാളങ്ങളുടെ നിരത്തുരുപ്പടിയായി ഉപയോഗിക്കുകയും ചെയ്യാം. ആദ്യകാലങ്ങളിൽ ഇതേ ആവശ്യത്തിനായി കൊല്ലംതോറും 1200 കണ്ടിയോളം ഇംഗ്ലണ്ടിലെ തീവണ്ടിക്കമ്പനിക്കാർ വാങ്ങിയിരുന്നു. വെട്ടിയിറക്കി വേണ്ട തോതിൽ അറുത്തു് ഉരുപ്പടിയാക്കുവാൻ സാധിക്കുമെങ്കിൽ ഈ തടി ലോഭമില്ലാതെ സമ്പാദിക്കാവുന്നതാണു്.

ഗുജ്ജനെപ്പററി പറഞ്ഞുതുടങ്ങിയാൽ ഇങ്ങനെ നീണ്ടുപോകാതെ നിവൃത്തിയില്ല. എങ്കിലും ഇപ്പോൾ ഇത്രമതി. ഇനി അടുത്തുനില്ക്കുന്ന മറെറാരു മരത്തെപ്പറ്റിയാകട്ടെ. ഇതാണു് വെള്ള ചുഗ്ഗം (Terminalia bialata). ആശാരിപ്പണിക്കു് അത്യന്തം ഉപയോഗപ്പെടുന്ന ഉരുപ്പടികൾ ഇതിൽനിന്നു സമ്പാദിക്കാം. വീട്ടുപകരണങ്ങൾ, കാറിൻെറയും ബസ്സുകളുടെയും ചട്ടക്കൂട്ടുകൾ, സീലിംഗ് തുടങ്ങി നൂറുകൂട്ടം കാര്യങ്ങൾക്കു് അതു് ഉതകുകയും ചെയ്യും.

അതിൻെറ അടുത്തുതന്നെ മറെറാരു മരം നില്ക്കുന്നില്ലെ, അതാണ് കോക്കോ (Albizzia lebbek) സംസ്കൃതത്തിൽ ശിരിഷയെന്നും മലയാളത്തിൽ വാകയെന്നുമാണു പറയുന്നത്. നെന്മേനിവാക ഇതല്ല. തടി ഉണങ്ങിയാൽ നല്ല നിറമായിരിക്കും. സ്വൎണ്ണച്ഛവിയുള്ളതിനാൽ കണ്ണിന് കൗതുകമുളവാക്കും. എത്ര മിനുസപ്പെടുത്തുന്നോ അത്രയ്ക്കു പോളിഷു കിട്ടും. ഇന്ത്യയിൽ കിട്ടുന്ന ഒന്നാന്തരം തടികളിലൊന്നാണിതു്. മുറിയിലെ ഉപകരണങ്ങൾക്കു മാത്രമല്ല, കപ്പലിലും തീവണ്ടിയിലും മുറികൾ ആഡംബരമായി ഒരുക്കുന്നതിനുള്ള ആവശ്യങ്ങൾക്കും ഇതു് ധാരാളമായി ഉപയോഗിച്ചുവരുന്നു.

ആൻഡമാൻ തടികളെക്കുറിച്ചു പറയുമ്പോൾ സാധാരണയായി ആരും ആദ്യം പരാമശിക്കുന്ന ഒന്നുണ്ടു്; അതാണ് പഡാക്ക്. (Pterocarpus dalbergioides). പഡാക്ക് അത്ര പ്രശസ്തനാണ്. കേരളത്തിലെ ഈട്ടിയുടെ കുലത്തിൽപ്പെടുന്ന ആളുമാണ്. ഇല കണ്ടില്ലേ? ഏതാണ്ടു് ഈട്ടിയുടേതുപോലെതന്നെ. പഡാക്കിൻെറ പ്രശസ്തി അനഹമാണെന്നും പറഞ്ഞുകൂടാ. ഇരുണ്ട ചുവപ്പുമുതൽ വിളത്ത ചന്ദനനിറംവരെ നിറഭേദങ്ങൾ ഇതിനു കാണാറുണ്ടു്. ഈട്ടിയേപ്പോലെ അത്ര കറുപ്പല്ല. ചില തടിക്കഷണങ്ങളിൽ അഴകേറിയ നിരവധി കറുത്ത രേഖകൾ അങ്കിതമായിരിക്കുന്നതും കാണാം. തേക്കിനേപ്പോലെ, കാലാവസ്ഥാവ്യത്യാസത്താൽ ആകൃതിക്കോ പ്രകൃതിക്കോ കോട്ടമുണ്ടാകാത്ത സ്വഭാവമുള്ള, അപൂൎവ്വം തടികളിലൊന്നാണ് പഡാക്ക്. കടുപ്പമുണ്ടെങ്കിലും അറുത്തെടുക്കുവാൻ പണിയില്ല. കണ്ണാടികണക്കെ മേനിവരുത്തുകയും ചെയ്യാം. വളരെ കട്ടികുറഞ്ഞ പോളകളായി വാൎന്നെടുക്കുവാൻ വഴിയുള്ളതുകൊണ്ടു് അലങ്കാരപ്പണികൾക്ക് ഉത്തമമാണ്. പഡാക്കുതടിയിലുണ്ടാക്കിയ പ്രോപ്പല്ലർ (Propeller) ഉറപ്പിച്ചിട്ടുള്ള ഒരു വിമാനം ഉയരത്തിൽ പറക്കുന്നതിനുള്ള ലോകറക്കാഡ് നേടിയിട്ടുള്ള വസ്തുത വിസ്മരിച്ചുകൂടാ. വിമാനങ്ങളിൽ ഉപയോഗിക്കുന്നതിന് രണ്ടാംലോകമഹായുദ്ധകാലത്തു് ഈ തടി ധാരാളം സ്വീകരിച്ചിരുന്നു. ഇതിൽ നിമ്മി

ച്ച പതിനെട്ടിഞ്ചു വ്യാസംവരുന്ന വിമാനപ്പങ്കാ, ആയിരം മണിക്കൂർ കഴിഞ്ഞിട്ടും പുതിയതുപോലെ ഇരുന്നതായി പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്.* ലണ്ടനിലെ ബാങ്ക് ആഫ് ഇംഗ്ലണ്ടിലെ കൗണ്ടർ പണിചെയ്തിട്ടുള്ളതു പഡാക്കിലാണെന്നു് അവിടത്തെ ഉദ്യോഗസ്ഥന്മാർ ഊറ്റം കൊള്ളാറുണ്ട്. കടലിൻെറ സന്തതികളായ ദ്വീപുകളിലെ പെരുമപെററ പൈതലായ പഡാക്ക്, വള്ളമുണ്ടാക്കാൻ കൊള്ളുകയില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളു. കടൽവെള്ളത്തിൽ വസിക്കുന്ന തടിതുരപ്പൻ കീടങ്ങളെ പ്രതിരോധിക്കാനും ഈ തടിക്കു ശേഷിയുണ്ട്.

താങ്ങുതടിയും മുഴയും ഉണ്ടാകുന്നതും പഡാക്കിൽ അപൂർവ്വമല്ല; ചില താങ്ങുതരു(Props)ക്കൾ വളരെ വലിപ്പത്തിൽ രൂപംപ്രാപിക്കാറുണ്ട്. അതിൻെറ ഉള്ളിലെ നാരുകളുടെ രൂപരേഖകൾ വളരെ കൗതുകം വരുത്തുന്ന ചിത്രങ്ങൾപോലെയാണു് പ്രശോഭിക്കുക. അലങ്കാരോപകരണങ്ങൾ—പ്രത്യേകിച്ച് മേശകൾ—ഉണ്ടാക്കാൻ ഇതു് ഉത്തമമാണു്. ഒരൊററത്താങ്ങുതടിയിൽനിന്നെടുത്ത ഒററപ്പലകകൊണ്ടുണ്ടാക്കിയ തീൻമേശ കിച്ച്നർപ്രഭുവിനുണ്ടായിരുന്നതായി ഫോസ്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു പന്ത്രണ്ടടി ഒൻപതിഞ്ചു നീളവും ഏഴടി വീതിയുമുണ്ടായിരുന്നു. പഡാക്കിൻെറ പെരുമയെപ്പററി ഇനിയും പറയാൻ തുടങ്ങിയാൽ എവിടെ നിർത്തണമെന്നറിയാതെ വിഷമിക്കേണ്ടിവരും.

എല്ലാക്കാലത്തും പച്ചില വഹിക്കുന്ന സസ്യജാലങ്ങളുള്ള വനവിഭാഗങ്ങളിലെ മരങ്ങളെപ്പററിയാണല്ലോ പറഞ്ഞുവരുന്നതു്. സാമ്പത്തികപ്രാധാന്യമുള്ള അത്തരം ഇനങ്ങൾ ഇനിയും ഉണ്ട്. ആൻഡമാൻ പൈൻവാ(Lagerstromia hypoleuca), ചപ്ലാഷ് (Artocarpus chaplash), പപ്പീത (Sterculia companulata) തുടങ്ങിയവ ഇതിൽപ്പെടുന്നു. തീപ്പെട്ടിവ്യവസായികൾക്കു് താല്പര്യമുള്ള രണ്ടിനങ്ങളാണു് പപ്പീതയും സെമൂലും (Bombax insigne). ഇതിൽ പപ്പീത ത്തുവെള്ളയും ഭാരംകുറഞ്ഞതും ചൊവ്വൊത്തതും ആകയാൽ തീപ്പെട്ടിനിർമ്മാ

* Some Notes on Andaman Timbers by E. L. P. Foster (1945)

ണത്തിന് പ്രിയംതന്നെ. തേക്കുപോലെ ചിതൽ തിന്നാത്ത ഒന്നാണിതും. ഉപ്പുവെള്ളത്തിൽ കാണാറുള്ള കീടങ്ങളെ നല്ലതുപോലെ നേരിടുവാൻ ഇതിനു ശക്തിയുണ്ട്. തോണികൾ, കടൽപ്പാലങ്ങൾ തുടങ്ങിയവയുടെ പണിക്കാണ് ഈ തടി ധാരാളം ഉപയോഗിക്കുക. ചുപ്പാഷും തുരപ്പൻകീടങ്ങളെ പരാജയപ്പെടുത്തുവാൻ ശക്തമാണ്. ഭാരം അധികമില്ലതാനും. അതിനാൽ തോണിനിർമ്മാണത്തിനാണ് ഈ തടി കൂടുതൽ ഉതകുന്നതു്.

മറെറാരു പ്രധാനപ്പെട്ട ജാതിയാണു വെള്ളധൂപ്പ് അഥവാ വെള്ളമഹാഗനി. (Canarium euphyllum). വെള്ളമഹാഗനിയെന്നു പറയാറുണ്ടെങ്കിലും ഇതിനു മഹാഗനിയുമായി കടലും കടലാടിയും തമ്മിലുള്ള ബന്ധമേയുള്ളു. വെണ്ണയുടെ നിറമാണു തടിക്ക്. സംസ്കരിച്ചെടുക്കുവാൻ വിഷമമില്ല. പണിക്ക് എളുപ്പം. ഏററവും അധികം ഉപയോഗിക്കുന്നതു തീപ്പെട്ടിനിർമ്മാണത്തിൽത്തന്നെ. ഭാരതത്തിലെ ലംബാപതി (Sideroxylon longepetiolatum) കഴിഞ്ഞാൽ ഏററവും പററിയ തീപ്പെട്ടിത്തടി ഇതാണെന്നു പറയാം.

വനത്തെപ്പററി തിരക്കിയപ്പോൾ സ്വാഭാവികമായി ഇവിടത്തെ വന്മരങ്ങളെപ്പററിയാണ് ഇതുവരെ അറിയിച്ചതു്. അതുകൊണ്ടു മററുള്ള സസ്യവർഗ്ഗങ്ങൾ കുറവാണെന്നോ അവയെ അവഗണിച്ചെന്നോ തോന്നരുതു്. വള്ളിച്ചെടികളുടെ കൂട്ടത്തിൽ ഇവിടെ പ്രാമുഖ്യം നേടിയിട്ടുള്ളതു ചൂരലാണ്. പല ഇനങ്ങളിൽ പെടുന്ന ചൂരലുകൾ ഐശ്വര്യമായി ഇവിടത്തെ വനങ്ങളിൽ വളരുന്നുണ്ട്. ഇതിൽ ചില ജാതികൾ ഇവിടെമാത്രം ഉള്ളവയുമാണ്. ഒരു ഉദാഹരണമാണ് Calamus andamanicus എന്നതു്. പണ്ടു ചൂരൽ അധികവും വെട്ടിയിറക്കി ബർമ്മയിലും മലയയിലും കൊണ്ടുപോയിരുന്നതായിട്ടറിയാം. ചൂരലിനുള്ള വർദ്ധിച്ചുവരുന്ന ആവശ്യത്തെ തൃപ്തിപ്പെടുത്തുവാനായി ചൂരൽത്തോട്ടം സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് ആരംഭിച്ചു. 1964-ൽ 535 ഏക്കർ സ്ഥലം ചൂരൽത്തോട്ടകൃഷിയിൽ വന്നിട്ടുണ്ട്. ഇവിടത്തെ കരകൗശലവ്യവസായങ്ങളിൽ പ്രയോജനപ്പെടുത്തി നല്ല വരുമാനം

ഉണ്ടാക്കുവാൻ ഇതു് ഇടയാക്കുമെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല.

കേരളത്തിൽ കാണുന്ന ഒട്ടുമുക്കാലും കാട്ടുചെടികൾ ഇവിടെയും വളരുന്നു. പൂമരുതും ആഴാന്തയും പുന്നയും കണിക്കൊന്നയും ഇവിടെ കാണുമ്പോൾ കേരളകാന്താരത്തിലാണെന്നേ തോന്നുകയുള്ളു. ഹിമാലയത്തിൻെറ പൂർവ്വസാനുക്കളിൽ കാണുന്ന സുന്ദരമായ Podocarpus neriifolius ഇവിടെയും സുലഭമാണു്. ഏററവും പ്രാചീനമായ ചില വർഗ്ഗം പനകളും കുറവല്ല. Cycas rumphii എന്ന പനയുടെ—ഇതിനെ കളറെന്നാണു ചിലയിടങ്ങളിൽ പറയാറു്—കാര്യം എടുത്തുപറയട്ടെ. കേരളത്തിൽ തോട്ടുവക്കുകളിലും കടലോരങ്ങളിലും ധാരാളമുള്ള പൂക്കൈത (Pandanus) ഇവിടെയും ഉണ്ടു്. പായലു(Algae)കളിൽത്തന്നെ പല ഇനങ്ങളെയും ശാസ്ത്രകാരന്മാർ കണ്ടിരിക്കുന്നു. ഇവിടത്തുകാരെന്നു പറയാവുന്നവയെ ലോഗ്ദ്വീപിലും പോർട്ട്ബ്ളെയർ പ്രദേശങ്ങളിലും ധാരാളമായി കണ്ടെത്താം. ഭാരതത്തിലെ കടലോരങ്ങളിൽ ഇല്ലാത്തവയും കുറവല്ല. ഭാരതത്തിൽ ആകെ കണ്ടെത്തിയിട്ടുള്ള സൂകരി(Lichens)കൾ ഏതാണ്ടു് എണ്ണൂറു ജാതികളിൽ പലതും ദ്വീപുകളിലുണ്ടു്. വന്മരങ്ങളുടെ ശീതളച്ഛായയിലും തെളിഞ്ഞ സങ്കേതങ്ങളിലും മററും നിരവധി കുസുമങ്ങൾ ധരിച്ചുകൊണ്ടു് ആയിരക്കണക്കിനു കാട്ടുചെടികൾ അലസതാവിലസിതരായി ഇവിടെ കഴിയുകയാണു്.

കേരളാരണ്യത്തിലെ രാജാവായ തേക്കിനെ ഇവിടെയും കുടിയിരുത്തുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടു്. തേക്കിൻെറ വളർച്ചയ്ക്കു പററിയ പരിതഃസ്ഥിതിയുണ്ടു് ഇവിടെയും. തേക്കു് ഇങ്ങോട്ടു കുടിയേറാൻ തുടങ്ങിയതു് 1894–നോടു സമീപിച്ച കാലത്താണെന്നു പറയാം. അന്നു ചെറിയ ചില തേക്കുതോട്ടങ്ങൾ തുടങ്ങുകയുണ്ടായി. എന്നാൽ തേക്കിൻവിത്തു കിട്ടാനും വേലക്കാരെ ലഭിക്കാനും ഉണ്ടായിരുന്ന വൈഷമ്യത്താൽ പുരോഗതിയുണ്ടായില്ല. 1929–തോടുകൂടി ഈ പരിപാടി നിൎത്തി. ആദ്യകാലത്തു വേരുറച്ച തേക്കുകൾ ക്രമാധികം സമൃദ്ധിയായി വളരുന്നതുകൊ

ണ്ടാണ് ഈ തോട്ടം പുനരാരംഭിക്കുവാൻ അധികാരികൾ തയ്യാറായതു്. പരീക്ഷണാർത്ഥം കുറെ പ്രദേശങ്ങളിൽ തേക്കുവെച്ചു. അതിൻെറ വളർച്ച അത്യന്തം തൃപ്തികരമായി. കൊല്ലംതോറും 1500 ഏക്രയെന്ന ക്രമത്തിനാണു തേക്കുവച്ചു നടത്തുവാൻ തീരുമാനിച്ചതു്. നിലമ്പൂർ വനങ്ങളിൽനിന്നുമാണു കൂടുതലായി തേക്കരി ഇവിടെ കൊണ്ടുവന്നതു്. ഇതുകൊണ്ടു തേക്കുതോട്ടപ്രദേശത്തിൻെറ പേർ നിലമ്പൂരെന്നു വീണു. രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്തായിരുന്നു ഇതിൻെറ പ്രാരംഭം. 1944–ൻെറ അവസാനത്തിൽ 5693 ഏക്ര സ്ഥലം തേക്കുതോട്ടത്തിൻെറ പരിധിയിൽ ഉൾപ്പെട്ടിരുന്നു. മദ്ധ്യആൻഡമാൻ വനവിഭാഗത്തിലാണ് ഇതു് ഉൾപ്പെടുന്നതു്.

ഇതുപോലെ കോലരക്കുകൃഷി പരീക്ഷിച്ചുനോക്കുന്നതിനു പദ്ധതിയുണ്ടായിരുന്നു. അതിൻെറ സാമ്പത്തികസാദ്ധ്യതകൾ അന്വേഷണത്തിലിരിക്കുകയാണെന്നാണറിവു്.

വനസമ്പത്തുകൾ തൃപ്തികരമായതോതിൽ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രധാനമായ പ്രതിബന്ധം ദ്വീപുകളിലെ ഗതാഗതസൗകര്യക്കുറവുകളാണ്. അതു പരിഹൃതമാകുമ്പോൾ പുരോഗതി നിശ്ചയമാണുതാനും. ഇന്നുള്ളതിൽ എത്രയോ മടങ്ങു വരുമാനം വനസമ്പത്തുകളിൽനിന്നു് അന്നു ലഭ്യമാകും.

വനംവകുപ്പ് ആൻഡമാൻസിൽ ആരംഭിച്ചതു് 1883–ൽ ആയിരുന്നു. അന്നു ഫെറാറിനെ വനംവകുപ്പുദ്യോഗസ്ഥനായി ഇവിടെ നിയമിച്ചു. അത്യന്തം എളിയതോതിൽ വനസമ്പത്തുകൾ പ്രയോജനപ്പെടുത്തുന്നതിന് അന്നു പ്രാരംഭമിട്ടു. ഏതാണ്ടു് ഒരു ഡസൻ ആനകളെയാണു വെട്ടിയിട്ട തടി യഥാസ്ഥാനങ്ങളിലെത്തിക്കുവാൻ ഉപയോഗിച്ചുവന്നിരുന്നതു്. പൊതുമരാമത്തുവകുപ്പിൻെറ കീഴിൽ ഒരു തടിമില്ലും തുടങ്ങി.

ആദായകരമായി നൂതനരീതികൾ സ്വീകരിച്ചപ്പോൾ വനംവകുപ്പിലെ പണികൾ ക്രമമായി പുരോഗമിക്കുകയുണ്ടായി. 1941—42–ൽ 60,000 കണ്ടി തടിയാണു വെട്ടി

യിറക്കിയതെന്നു കാണുന്നു. കണ്ടിക്ക് അൻപതു ക്യുബിക്കടി എന്ന കണക്കിൽ എഴുപതു കണ്ടി തടിയാണു ദിവസമൊന്നുക്ക് അറുത്ത് ഉരുപ്പടികളാക്കുവാൻ സാധിച്ചിരുന്നത്. 1964-ൽ വനംവകുപ്പിൽ ഉദ്യോഗസ്ഥന്മാരടക്കം 4108 ആളുകളാണു ജോലിയിലിരുന്നത്. ആ വർഷത്തെ ആദായം 1,40,10,652 ഉറുപ്പികയായിരുന്നു. ചെലവ് 1,25,34,204 ക.യും. അറത്തൊരുക്കിയ ഉരുപ്പടികളായി 21,641 കണ്ടിയും, തടിയായി 8,523 കണ്ടിയും ഭാരതവൻകരയിലേക്കു കയററിയയച്ചു. വനവിഭവങ്ങളിൽ തടിയും വിറകും കരിയും വകയിൽ 54.64 ലക്ഷം ക.യും. മുള, ചൂരൽ, മററിനങ്ങൾ എന്നീ വകയിൽ 3.02ലക്ഷം ക.യും ആണു നേടിയത്. ഏക്കറൊന്നിനു പന്ത്രണ്ടുകണ്ടി തടിയാണു വനത്തിൽനിന്ന് ഇന്നു ശേഖരിക്കുവാൻ സാധിക്കുന്നത്. ഭാരതത്തിലുള്ള വനങ്ങളിലെ സമ്പാദനവുമായി താരതമ്യപ്പെടുത്തിയാൽ ഇതു കുറവാണെന്നു പറയാതെ തരമില്ല.

പുതിയതായി മനുഷ്യരോടൊപ്പം കുടിപാർപ്പു തുടങ്ങിയിട്ടുള്ള പല സസ്യങ്ങളും ഇന്നു ദ്വീപുകളിലുണ്ട്. തേക്കിൻെറയും റബറിൻെറയും കാര്യം മുമ്പു സൂചിപ്പിച്ചുകഴിഞ്ഞു. എന്നാൽ കനത്ത കളകളായി തീർന്നിട്ടുള്ള ചില ചെടികൾ ഭാരതത്തിലെ മററുപ്രദേശങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ടല്ലോ. ഇതിൽ വെസ്റ്റ്ഇൻഡീസിൽ നിന്നു വന്നിട്ടുള്ള യൂപ്പിറേറാറിയം (Eupatorium odoratum) ഈ ദ്വീപിലെ വനങ്ങളിൽ പ്രാബല്യം സ്ഥാപിച്ചിട്ടുണ്ട്. ലോകത്തിലെ സസ്യങ്ങളിൽ ഏററവും വൈപുല്യമുള്ള പുല്ലുകൾ (Graminae) എഴുനൂററിയൻപതോളം ജാതികൾ ഭാരതത്തിലുണ്ട്. ഇവയിൽ മിക്കതിൻെറയും പ്രതിനിധികളെ ദ്വീപുകളിലും കാണാൻ വൈഷമ്യമില്ല.

18

# കുററവാളികളുടെ ലോകം

ആൻഡമാൻദ്വീപുകഠം കുപ്രസിദ്ധി ആജ്ജിച്ചിട്ടുള്ളതു കുററവാളികളുടെ സങ്കേതം എന്ന നിലയിലാണല്ലോ. കഴിഞ്ഞ അദ്ധ്യായങ്ങളിൽ പലയിടത്തും തടങ്കൽപുള്ളികളുടെ അദ്ധ്വാനമാണു പല പരിപാടികളുടെയും പുരോഗതിക്കുള്ള വിത്തുകഠം പാകിയതെന്നു പറയുകയുണ്ടായിട്ടുണ്ട്. തുറമുഖപ്പണിമുതൽ പുരപണിവരെ അവരുടെ പ്രയത്നത്തിൻെറ പങ്ക് സ്വീകരിച്ചിട്ടുണ്ട്. തടങ്കൽപ്പാളയമായി പോർട്ട്ബ്ളെയറിൻെറ പരിസരങ്ങഠം രൂപംകൊള്ളുന്നതിനു് എത്രയോ മുമ്പു തുടങ്ങിയതാണു പണികഠംക്കായി കുററവാളികളെ ഇവിടേക്കു കൊണ്ടുവരുവാൻ. ഇത്രയധികം അദ്ധ്വാനശക്തി ഇവിടത്തെ വികസനത്തിനു് അപ്പിച്ച കുററവാളികളെക്കുറിച്ച് അല്പം കൂടുതൽ ചിന്തിച്ചിട്ട് ഇനി മുമ്പോട്ടു പോകാം.

എത്രയും ഗൗരവമേറിയതും ദുരുദ്ദേശത്തോടുകൂടിയതും എന്നു വിധിക്കപ്പെട്ടിട്ടുള്ള കഠിനങ്ങളായ കുററങ്ങഠം ചെയ്തിട്ടുള്ള ആളുകളെ, അഹമായ ശിക്ഷ അനുഭവിപ്പിക്കുന്നതിനായി, ആൻഡമാൻദ്വീപുകളിൽ പററിയ ഒരു സങ്കേതം സ്ഥാപിക്കുന്നതു് ഉചിതമായിരിക്കുമെന്നു തീരുമാനിക്കപ്പെട്ടതു് 1857—ൽ ആണു്. ഈ ആവശ്യത്തിനുതകുന്ന ഒരു സങ്കേതം, എല്ലാക്കാര്യങ്ങളും കണക്കിലെടുത്തു്, നിശ്ചയിക്കുന്നതിനു വിവരങ്ങഠം ശേഖരിക്കാനും അവയെ ആസ്പദമാക്കി ശുപാശ് നടത്താനും, ഫ്രെഡ്രിക് മോവട്ട് നിയുക്തനായി. നേരത്തെ ക്യാപ്ററൻ ബ്ളെയർ നിർദ്ദേശിച്ച സങ്കേതംതന്നെയാണു ഡാ. മോവട്ടും ശുപാശ്ചെയ്തതു്. അങ്ങനെയാണു പോർട്ട്ബ്ളെയർ അതിന്നായി തിരഞ്ഞെടുത്തതും. ആദ്യത്തെ സങ്കേതം സ്ഥാപിതമായതു് 1788—ൽ ആയിരുന്നെന്നും അതു് 1792—ൽ വടക്കു കോൺവാലീസ് തുറമുഖത്തു കൊണ്ടുപോയെന്നും, കോൺവാലീ

സ് സങ്കേതം 1796-ൽ പരിത്യജിച്ചെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ സംഭവങ്ങൾക്കുശേഷം വീണ്ടും ആ സ്ഥാനം ഇവിടെ പുനഃസ്ഥാപിതമായതു് 1856-ൽ ആണു്. കടൽക്കൊള്ളക്കാരെ നിലയ്ക്കുനിർത്തുന്നതിനുള്ള ഉദ്യമങ്ങളുടെ ഭാഗമായിട്ടാണു് ഇതുണ്ടായതും. 1857-ൽ ഭാരതത്തിൽ നടന്ന സ്വാതന്ത്ര്യസമരത്തിൽ സജീവമായി ഭാഗഭാക്കുകളായവരെ ബ്രിട്ടീഷ്കോയ്മ നാടുകടത്തുന്ന പരിപാടി ആരംഭിച്ചപ്പോൾ, കുററവാളികൾക്കായുള്ള സങ്കേതത്തിൻെറ ആവശ്യം പൂർവ്വാധികം വർദ്ധിച്ചു. അങ്ങനെ ആൻഡമാനിലെ പദ്ധതി അമാന്തമെന്യേ രൂപംകൊണ്ടു.

പീനൽസങ്കേതം (Penal Settlement) തെക്കെ ആൻഡമാൻദ്വീപും സമീപത്തുള്ള മററു ചെറിയ ദ്വീപുകളും ചേർത്തുള്ള, വിശാലമായ മേഖല ആയിരുന്നു. 1905-ൽ ഇതിന്റെ വിസ്തീർണ്ണം 473 ചതുരശ്രനാഴികയായിരുന്നു. അതിൽ 327 ചതുരശ്രനാഴിക പൂർണ്ണമായി അധീനത്തിൽ കൊണ്ടുവന്നു. ബാക്കിയുള്ള പ്രദേശങ്ങൾ കൊടുംവനങ്ങളായിരുന്നു; ആദിവാസികളുടെ—പ്രത്യേകിച്ചു ജറുവകളുടെ—ആവാസമേഖലയായിരുന്ന കഠിനകാന്താരങ്ങൾ. നിയന്ത്രണത്തിലെടുത്ത പ്രദേശം കുടിവാസത്തിനും കന്നുകാലികൾക്കു മേച്ചിലിനും കൃഷിക്കും ആയി ഉപയോഗപ്പെടുത്തി. ഈ സങ്കേതം ഇപ്രകാരം തടങ്കൽപ്പാളയമായി രൂപാന്തരപ്പെടുത്തണമെന്ന കാര്യം ഈസ്റ്റിന്ത്യാക്കമ്പെനിയുടെ അവസാനത്തെ നടപടികളിലൊന്നായിരുന്നു എന്ന കാര്യവും ഇവിടെ പറയട്ടെ.

പോർട്ട്ബ്ളെയർ സങ്കേതത്തെ രണ്ടുഭാഗങ്ങളായിട്ടാണു തിരിച്ചിരുന്നതു്; സ്വതന്ത്രമേഖലയെന്നും തടവുപുള്ളികളുടെ പ്രദേശമെന്നും. ആദ്യത്തെതിൽ, അതിൻെറ പേരിൽനിന്നു വ്യക്തമാകുന്നതുപോലെ, സ്വതന്ത്രപൗരന്മാരാണു് അധിവസിച്ചിരുന്നതു്. ഇവിടെനിന്നു കൾശനമായി ഒററപ്പെടുത്തിയാണു കുററവാളികളുടെ പ്രദേശത്തെ നിർത്തിയിരുന്നതെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല. ഈ താവളത്തിൽ പ്രത്യേകാനുമതികൂടാതെ ആർക്കും കടക്കുവാൻ പാടില്ലായിരുന്നു. താമസത്തിനു വാർഷികാനുമതി

പ്പത്രം ആവശ്യമാണ്. അനുമതികിട്ടിയിരുന്നവർ തടങ്കൽ പുള്ളികളുമായി സമ്പർക്കമൊന്നും വരാത്തതരത്തിൽവേണം ജീവിക്കുവാൻ. കശ്ശനമായ ഈ നിയമം ലംഘിക്കുന്നവർ ശിക്ഷാവിധേയരാകുകയോ നിഷ്കാസിതരാകുകയോ ചെയ്യും. സ്വതന്ത്രമേഖലയിൽ റോസ്ദ്വീപ്, അബർഡീൻ, ഹാഡോ, ഗാരാചെരേമാ എന്നിവിടങ്ങൾ ഉൾപ്പെട്ടിരുന്നു. വൈപ്പർദ്വീപ്, വിംബർളിഗഞ്ച് എന്നിവിടങ്ങളായിരുന്നു തടങ്കൽ അനുഭവിച്ചിരുന്നവരുടെ പ്രദേശം.*

തടങ്കൽപാളയത്തിലെ പുള്ളികളുടെ ജീവിതം എന്തായിരുന്നു എന്നറിയുന്നതിന് സ്വാഭാവികമായി ആക്കും താല്പര്യമുണ്ടാകുമെന്നു തീച്ചയാണ്. ജീവപര്യന്തം ശിക്ഷ നല്കി ഇവിടെ അയയ്ക്കുന്ന പുള്ളി ആദ്യത്തെ ആറുമാസം സെല്ലുലാർ ജയിലിൽ കഴിയേണ്ടതായിട്ടുണ്ട്. ഇവിടത്തെ അച്ചടക്കം അതികഠിനമാണ്. ഇതു കഴിഞ്ഞാൽ നാലരക്കൊല്ലം കഠിനവേലകൾക്കുള്ളവരുടെ അണികളിലായി അയാളുടെ സ്ഥാനം. വേലകഴിഞ്ഞു് രാത്രിയിൽ ബാരക്കിൽ അടച്ചിടും. എടുക്കുന്ന പണിക്ക് കൂലിയില്ല. എന്നാൽ അയാളുടെ കഴിവുകൾക്ക് അംഗീകാരം കിട്ടും. അടുത്ത അഞ്ചുകൊല്ലം തൊഴിലാളിയായ പുള്ളിയായിത്തന്നെയാണ് ഇയ്യാൾ തുടരുന്നതെങ്കിലും, മറ്റുള്ള പണിക്കാരുടെ മേൽനോട്ടം വഹിക്കാനും മററുചില ചില്ലറ ഉദ്യോഗങ്ങൾ നോക്കാനും അഹ്നായിത്തീരും. അനാമത്തു ചെലവുകൾക്ക് അല്പം അലവൻസ് കിട്ടുന്നതിനു വ്യവസ്ഥയുണ്ട്. ഈ തുക ഇഷ്ടാനുസരണം ചെലവാക്കുകയോ പ്രത്യേക സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുകയോ ചെയ്യാം. ഇപ്രകാരം പത്തുകൊല്ലം കഴിയുമ്പോൾ അവധി ടിക്കറ്റിന് (leave ticket) അഹ്നായി. ഇങ്ങനെയുള്ളവരെ സ്വാശ്രയശേഷിയുള്ളവരായിട്ടാണ് അംഗീകരിക്കുക. ഈ അവസ്ഥയിൽ ഏതെങ്കിലും ഒരു ഗ്രാമത്തിൽ സ്വപ്രയത്നംകൊണ്ട് ജീവിതം നയിക്കാം. കൃഷിചെയ്യുകയോ കന്നുകാലികളെ വളത്തുകയോ അതുപോലെ മറ്റെന്തെങ്കിലും ജീവിതവൃത്തി

* Provincial Gazetters of India: Andaman and Nicobar Islands.



ഒരു കണ്ടൽകാട്ട്. മരങ്ങളുടെ ഉയരം നോക്കുക.



മധുപുരത്തെ താവളത്തിൽ പണിക്കുള്ള ആനകൾ



ഡാ. സാവർക്കർ തടവിൽ കിടന്നിരുന്ന മുറി



യാർ മുഹമ്മദ്—1903–ൽ പെഷവാറിൽനിന്നു കൊണ്ടുവന്ന ഒരു കുററവാളിയാണ്. 1923–ൽ ശിക്ഷ തീൎന്നു. പക്ഷേ, മടങ്ങിയില്ല. ജയിൽപുള്ളിയായിരുന്ന ഒരു വനിതയെ വിവാഹം ചെയ്തു് ഇവിടെ സ്ഥിരവാസമാക്കി. അവരിൽ സന്തതികളുണ്ടായില്ല. ഭാര്യയുടെ അനുമതിയോടെ ഒരു മാപ്പിളസ്ത്രീയെ വിവാഹം ചെയ്തു. ഇന്നു് മൂന്നു കുട്ടികളുള്ള യാർ മുഹമ്മദിനു് 88 വയസ്സുണ്ടു്.



രംഗാചങ്ങിലുള്ള സഹകരണ കേരത്തോട്ടം PHOTO

SHOWLA



ചാത്തം സാമിൽ. ഏഷ്യയിലെ ഏററവും വലിയ ഒന്നായ് ഈ മിൽ വളരെ പഴക്കമുള്ളതാണ്



കടൽപ്പശു



ആൻഡമാൻ പീപ്പിൾസ് ആട്ട് ക്ലബ്ബ് അംഗങ്ങളുടെ വില്ലുപാട്ട്

സ്വീകരിച്ച് വലിയ നിയന്ത്രണവിധേയനല്ലാതെ കഴിയാൻ അവസരമുണ്ടാകുന്നു. ഈ ഘട്ടത്തിൽ, സ്വകുടുംബത്തെ തടങ്കൽപ്പാളയത്തിലേക്കു കൊണ്ടുവരുവാൻ സമ്മതം കൊടുക്കുന്നതാണ്. ഇങ്ങനെയുള്ള സ്വാതന്ത്ര്യങ്ങളൊക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അയാൾ സ്വതന്ത്രനല്ല. പൗരാവകാശങ്ങളൊന്നും അയാൾക്ക് ഇല്ലതാനും. തടങ്കൽപ്പാളയം വിടാനോ അലസനായിരിക്കുവാനോ അനുവാദമില്ല. ഇരുപത്തിയഞ്ചുകൊല്ലം തടങ്കൽപ്പാളയത്തിൽ കഴിച്ചാൽ, പിന്നെ പൂർണ്ണമായോ ഉപാധികളോടുകൂടിയോ, മോചിപ്പിക്കാം. സ്വാശ്രയശേഷിമാന് വീട്, ആഹാരം, തൊഴിലുപകരണങ്ങൾ എന്നിവ അനുവദിച്ചുകിട്ടും. നികുതികളൊന്നും കൊടുക്കേണ്ട ഉത്തരവാദിത്വമൊട്ടില്ലതാനും. പിന്നെയും മൂന്നുകൊല്ലം കഴിയുമ്പോൾ സഹായങ്ങളൊന്നും സിദ്ധിക്കുന്നതല്ല. സാധാരണപൗരന്മാരെപ്പോലെ നികുതികൾ അടയ്ക്കുകയും വേണം.

സ്ത്രീകളായ കുററവാളികളെ സംബന്ധിക്കുന്ന കാര്യങ്ങളും ഏറക്കുറെ മുകളിൽ പറഞ്ഞിട്ടുള്ളതുതന്നെ. എന്നാൽ അവരുടെ കാര്യത്തിൽ കാഠിന്യത്തിനല്ല, കാരുണ്യത്തിനാണ് കൂടുതൽ പ്രാധാന്യമെന്നൊരു വ്യത്യാസമുണ്ട്. സ്ത്രീകളെ രണ്ടു വകുപ്പിലായി തിരിക്കുന്നു; ജയിലിലുള്ളവരും അല്ലാത്തവരും. അനുവാദം വാങ്ങി ഏതെങ്കിലും കുടുംബത്തിൽ വേലയിലേപ്പെടുകയോ വിവാഹംകഴിച്ച് ഭർത്താവിനോടൊത്തു കഴിയുകയോ അല്ലെങ്കിൽ, സ്ത്രീകളെല്ലാം ജയിലിൽ കിടന്നേ പററൂ. സ്ത്രീകളുടെ ജയിലിൽ ജോലി നോക്കുവാൻ രണ്ടു പുരുഷന്മാർക്കേ അനുവാദമുള്ളു; ആശുപത്രിയിലെ ഉദ്യോഗസ്ഥനും ജയിലിലെ ആശാരിക്കും. അഞ്ചുകൊല്ലത്തെ തടങ്കലിനുശേഷം വിവാഹിതയാകാനും വീട്ടുവേലയ്ക്കു പോകാനും അവർ യോഗ്യയായിത്തീരും. പതിനഞ്ചുകൊല്ലം കഴിഞ്ഞാൽ ഭർത്താവിനോടൊത്തു തടങ്കൽപ്പാളയം വിടാം. എന്നാൽ വിവാഹിതരായ രണ്ടു കൂട്ടരും ശിക്ഷാവധി കഴിഞ്ഞിട്ടുള്ളവരായിരിക്കണമെന്നു് നിർബ്ബന്ധമുണ്ട്. ദമ്പതികൾ ഒന്നിച്ചുവേണം സ്ഥലം

വിടാൻ. അവിവാഹിതയാണെങ്കിൽ ഇരുപതു സംവത്സരം ജയിലിൽ കഴിഞ്ഞശേഷമേ മോചിതയാകൂ.

തടവുപുള്ളികളെ തരംതിരിക്കുന്നതു് പല അടിസ്ഥാനത്തിലാകാം. ഒന്നു്, തൊഴിലിനെ ആശ്രയിച്ചുള്ളതു്, പണിപ്പുള്ളി(labouring convict)യും മറേറതു സ്വാശ്രയം (Self supporters) നേടിയവരും. ഇതിൽ ആദ്യത്തെ വിഭാഗക്കാർ പ്രത്യേകം പ്രാവീണ്യം ഉള്ളതും അല്ലാത്തതും ആയ എല്ലാ പണികളും ചെയ്യുവാൻ നിർബ്ബന്ധിതരാണു്. മറേറത്തരക്കാർ കൃഷി തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെടുവാൻ അനുമതി ലഭിച്ചിട്ടുള്ളവരത്രേ. സാമ്പത്തികാടിസ്ഥാനത്തിൽ ഉള്ള വിഭജനത്തിൽ പുള്ളികൾക്കു ലഭിക്കുന്ന അലവൻസിൻെറ മാനദണ്ഡമാണു സ്വീകരിക്കുക. അതുപോലെ റാഷൻ ഉള്ളവരെന്നും ഇല്ലാത്തവരെന്നും ഒരു പകുക്കലുണ്ടു്. എല്ലാ പണിപ്പുള്ളികളും ആദ്യത്തേതിൽ പെടും. ബാക്കിയുള്ളവർ അല്ലാത്തതിലും.

ജാതിബോധത്തെ നിയന്ത്രിക്കാനോ നിമ്മാജ്ജനം ചെയ്യാനോ അല്ല, അതു് ഉറപ്പിക്കാനും ഉത്തേജിപ്പിക്കാനും ഉപകരിക്കുന്ന രീതിയിലാണു് പരിപാടികൾ ആസൂത്രണംചെയ്തിരുന്നതു്. സ്വാശ്രയശേഷി നേടിയ ഒരു പുള്ളിക്കു സ്വന്തക്കാരെ ഇവിടേക്കു കൊണ്ടുവരുന്നതിനു് അനുമതികൊടുക്കുമെന്നു് മുമ്പു പറഞ്ഞല്ലോ. നില ഇതായിരുന്നെങ്കിലും, ബന്ധുജനങ്ങൾ ഇവിടെ വരുവാൻ ഒട്ടും താല്പര്യം കാണിച്ചിരുന്നില്ലെന്നുള്ളതായിരുന്നു കൂടുതൽ അനുഭവം. അതിനാൽ, സ്ത്രീകളുടെ ജയിലിലുള്ള ഒരു വനിതയെ, ഒരു പുള്ളിക്കു വിവാഹംചെയ്യാൻ അനുമതി നല്കുന്നതു് സാധാരണമായിരുന്നു. എന്നാൽ ഇതിനും ചില വ്യക്തമായ വ്യവസ്ഥകളുണ്ടായിരുന്നു. അധികാരികളുടെ അനുമതി വാങ്ങണം. ഒരേ ജാതിയിൽപ്പെട്ടവർ തമ്മിലേ വിവാഹം പാടുള്ളു. പുരുഷനു് സ്വാശ്രയശക്തിയുണ്ടായിരിക്കണം. ഈ ഉപാധികളൊക്കെയുണ്ടെങ്കിൽ വിവാഹിതരാകുന്നതിനു് അനുമതി കൊടുക്കും. സൂപ്രണ്ടു് ആ അനുമതി രേഖാമൂലം വ്യക്തമാക്കും. ദമ്പതിമാരെ അയാളുടെ സന്നിധിയിൽ വരുത്തി, അവക്കു ബാധകമായ ആചാരക്രമ

ത്തിൽ വിവാഹിതരായിരിക്കുന്നു എന്നു് ജയിൽ റിക്കാർഡിൽ രേഖപ്പെടുത്തും. വിവാഹം നിയമപ്രാബല്യമുള്ളതായിത്തീരുന്നതു് ഇപ്രകാരമായിരുന്നു. ഇത്തരത്തിൽ തടവുപുള്ളികഠം തമ്മിൽ നിരവധി വിവാഹങ്ങഠം നടന്നിട്ടുണ്ടു്.

മുഖ്യമായി ഒരു ശിക്ഷാപദ്ധതിയായിരുന്നതിനാൽ തടങ്കൽപ്പാളയത്തിലെ ലാഭചേതങ്ങഠം അധികാരികഠം കാര്യമായി കണക്കാക്കിയിരുന്നില്ല. ഇവിടത്തെ ചെലവിൻെറ രൂപം ധരിക്കുവാൻ ചില കണക്കുകഠം പഴയ വിവരണങ്ങളിൽനിന്നു് ഉദ്ധരിക്കാം. താഴെ കൊടുക്കുന്ന തുക ആയിരംരൂപാ കണക്കിലുള്ളതാണു്.

| 1890—1891 | | 1900—1901 | | 1905—1906 | |
|---|---|---|---|---|---|
| വരവു് | ചെലവു് | വരവു് | ചെലവു് | വരവു് | ചെലവു് |
| 474 | 1297 | 571 | 1734 | 910 | 2186 |

സെല്ലുലാർ ജയിൽ (Cellular Jail) എന്ന പേരിൽ സ്ഥാപിതമായിരുന്ന ജയിലിൽ ഓരോ പുള്ളിയേയും ഓരോ മുറിയിലാണു് ഇട്ടിരുന്നതു്. മൂന്നു നിലകളിൽ ഏഴു വരികളിലായി 698 മുറികളാണു് ഇവിടെ ഉണ്ടായിരുന്നതു്. ഇന്നു് അതിൻെറ നാലുവരികളേ അവശേഷിച്ചിട്ടുള്ളു. പകൽ പണിയെടുപ്പിക്കുന്നനേരം മാത്രമേ അവരെ പുറത്തുവിടൂ. അപ്പോഴേ അവക്കു് ഒന്നിച്ചുകൂടാനുമൊക്കൂ. ബാക്കിയുള്ള സമയമത്രയും ഒറ്റയ്ക്കു് ഓരോ മുറിയിൽ ഒതുങ്ങിക്കൂടണം. ചെറിയ മുറിയാണു്. പിൻവശത്തെ ഭിത്തിയിൽ വളരെ ഉയരത്തിൽ ഇരുമ്പഴിയുള്ള ഒരു ജന്നലും മുൻവശത്തു് ഇരുമ്പുകമ്പിയിട്ട വാതിലും മുറിക്കു് ഉണ്ടു്. കഠിനമായ ഇഷ്ടികയിൽ നിർമ്മിച്ച ബലമുള്ള ഭിത്തി കാണുമ്പോഠംത്തന്നെ ഭയം തോന്നും. ഒരു കേന്ദ്രത്തിൽനിന്നു് ഏഴു ശാഖകഠം പോലെയാണു് അതു പണിതിരിക്കുന്നതു്. കേന്ദ്രത്തിൻെറ മുകളിലത്തെ നിലയിൽ നില്ക്കുന്ന പാറാവുകാരനു് ഓരോ

ശാഖയിലേയും ഓരോ മുറിയുടെയും മുൻവശം കാണാം. ഇവിടെ ജാഗ്രതയോടെ കഴിയുന്ന നോട്ടക്കാരൻ എപ്പോഴും ആയുധധാരിയായി നിലയുറപ്പിച്ചിരിക്കും. ആകാശത്തു നിന്നു നോക്കിയാൽ ഭീമാകാരമായ ഒരു നക്ഷത്രമീൻ കടൽക്കരയിൽ കയറിയിരിക്കുകയാണെന്നു തോന്നും, ജയിലിൻെറ ആകപ്പാടെയുള്ള രൂപം കണ്ടാൽ.

തടവുമുറിയിൽ കഴിയുന്ന ഹതഭാഗ്യന് മറവിയെന്നൊരു സംഗതി കാണുകയില്ല. പുതിയ അനുഭവങ്ങളുണ്ടാകുവാൻ വഴിയില്ലാത്തതിനാൽ പഴയ അനുഭൂതികളെ ഊതിത്തെളിച്ച് ഉജ്ജ്വലപ്പെടുത്തിക്കൊണ്ടിരിക്കും അയാളുടെ പ്രതിഭാശക്തി. കൈകാലുകൾ മാത്രമല്ല, നാവും അവിടെ ബന്ധിതമാണ്. 1911 ജൂണിൽ അവിടെ കയററിയ സാവക്കറിനു പതിനെട്ടുമാസത്തിനുശേഷമാണ് ഒരു കത്തെഴുതുവാൻപോലും അനുമതി കൊടുത്തതു്! ആണ്ടിൽ ഒരിക്കൽ മാത്രം കത്തെഴുതുവാൻ പിന്നീടു് അനുവാദം കൊടുത്തു. ഇങ്ങനെ പതിന്നാലു കൊല്ലമാണ് വീരസാവക്കർ അവിടെ നരകിച്ചതു്!

സെല്ലുലാർ ജയിലിൻെറ സ്ഥാനം പോർട്ട്ബ്ളെയറിൻെറ കിഴക്കേ അററത്തുള്ള കടൽക്കരയിലാണ്. അതിൻെറ മൂന്നുവശത്തും, ശാന്തിയില്ലാത്ത മനുഷ്യചേതനയെപ്പോലെ, അരനിമിഷംപോലും സ്വസ്ഥതയില്ലാതെ ഇളകിമറിയുന്ന അഗാധമായ ആഴിയാണ്. അവിടെ നിന്നുകൊണ്ടു് കിഴക്കോട്ടു നോക്കിയാൽ അഗാധനീലിമയുള്ള ബംഗാൾഉൾക്കടലാണു കാണുക. മനുഷ്യസ്വാതന്ത്ര്യത്തിൻെറ കുരുതിക്കളമെന്നോണം ഈ ജയിൽ ഇവിടെ സ്ഥാപിതമാകാൻ ഇടവന്നതെങ്ങനെയെന്നു നിശ്ചയമില്ല. ഒരു പക്ഷേ, ഇവിടെ അതു പണിയാതിരുന്നെങ്കിൽ, കാണികളെ പ്രകൃതിസൗന്ദര്യത്തിൻെറ അമേയഭാവങ്ങൾ ആസ്വദിക്കാനായി ക്ഷണിക്കുന്ന ഒരു ഉദ്യാനം ഇവിടെ രൂപം കൊള്ളുമായിരുന്നു. എന്നാൽ ഇന്നത്തെ കഥ ഇതല്ല. മനുഷ്യന്, മനുഷ്യനോടുള്ള മനുഷ്യത്വമില്ലായ്മകളുടെ സ്മരണകളേ, അവിടെ നില്ക്കുമ്പോൾ തോന്നുകയുള്ളൂ. ഈ ജയിൽ കെട്ടിടത്തിൻെറ ഓരോ ഇഷ്ടികയിലും കരളലിയിപ്പി

ക്കുന്ന കദനകഥകളിൽനിന്നു് ഊറിവീണിട്ടുള്ള കണ്ണുനീരിൻെറ ഉപ്പു് ഉണങ്ങിപ്പിടിച്ചിട്ടുണ്ടു്. എത്രയെത്ര മനുഷ്യജീവിതങ്ങൾ വീർപ്പുമുട്ടി ഇവിടെ മുരടിച്ചു മരിച്ചിട്ടുണ്ടു്! പേലവചിന്തകൾ ചിറകൊടിഞ്ഞു് ഇവിടത്തെ മരവിച്ച തറയിൽ വീണിട്ടില്ല! ദീർഘനിശ്വാസങ്ങളും ദീനരോദനങ്ങളും എത്രയായിരിക്കും ഇവിടെ പ്രതിധ്വനിച്ചിട്ടുള്ളതു്! ഇന്നും ഇവിടത്തെ അന്തരീക്ഷത്തിൽ ആയിരമായിരം ഭീകരപ്രേതങ്ങൾ അലഞ്ഞുതിരിയുന്നുണ്ടാകും!

ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി വീറോടെ വാദിച്ചിട്ടുള്ള, ജീവിതത്തിലെ സകലതും അർപ്പിച്ചിട്ടുള്ള, ധീരദേശാഭിമാനികൾ എത്രയെത്ര ദിനരാത്രങ്ങളാണു് ഇവിടെ ചെലവാക്കേണ്ടിവന്നിട്ടുള്ളതു്! രാജ്യസ്നേഹത്താലും പൗരുഷത്താലും ഒടുങ്ങാത്ത സ്വാതന്ത്ര്യവാഞ്ഛയാലും ഭരണാധികാരികളുടെ അപ്രീതി സമ്പാദിച്ച സാവർക്കർ, തിലകൻ തുടങ്ങിയ ചരിത്രപുരുഷന്മാർ മുതൽ അതിഹീനമായ നരഹത്യയ്ക്കു ശിക്ഷിക്കപ്പെട്ടിട്ടുള്ള കൊലപ്പുള്ളികൾവരെ, ഇവിടെ സർക്കാരിൻെറ 'അതിഥികളായി' കഴിഞ്ഞിട്ടുണ്ടെന്ന സംഗതി വിസ്മരിച്ചുകൂടാ. 1905–ൽ ഈ സങ്കേതത്തിൻെറ പണി പൂർത്തിയായശേഷം ഇവിടെ നരകയാതന അനുഭവിക്കുവാൻ ഇടവന്നിട്ടുള്ളവരുടെ കണക്കു കൃത്യമായി പറയാൻ ഇന്നാവില്ല. ആൻഡമാൻദ്വീപുകളെക്കുറിച്ചു ചിന്തിക്കുമ്പോൾ നരകത്തിൻെറ തലസ്ഥാനമായിരുന്ന ഈ സങ്കേതമാണു് ഇന്നും സ്മരണയിൽ ഉയരുക. ഇനി എത്രനാൾ കഴിഞ്ഞാൽ ഈ ദുരന്താദ്ധ്യായത്തിൻെറ കാര്യം ഭാരതീയർ വിസ്മരിക്കും?

ജയിൽമുറിയിൽ അടയ്ക്കപ്പെടുന്ന ആളിനു് അവിടെ എന്തൊക്കെ സൗകര്യങ്ങൾ നല്കപ്പെട്ടിരുന്നു? അതു് അധികം ചിന്തിക്കാതിരിക്കുകയാണു ഭേദം. വിരിച്ചുകിടക്കാനും പുതയ്ക്കാനും രണ്ടു കട്ടിയുള്ള കമ്പിളി. ഇതിൽക്കവിഞ്ഞു് ഒന്നും അയാളുടേതായി അവിടെ ഇല്ല. വൈകുന്നേരം നാലുമണിക്കു കഠിനാദ്ധ്വാനം തീർന്നാൽ നടുവു നിവർത്തി ഒന്നു നീണ്ടുകിടക്കുവാൻ അവിടെ തറയല്ലാതെ മററൊന്നുമില്ല. മുറിയിൽ തള്ളി, കതകു പൂട്ടിയാൽ പിന്നെ അടുത്ത

പ്രഭാതത്തിലേ അവിടെ വാർഡർപോലും എത്തിനോക്കൂ. കാലത്തു്, അഞ്ചുമണിക്കു്, മണി കേട്ടാൽ പുള്ളികഠം തയ്യാറാകണം. പത്തുമണിവരെ കഠിനാദ്ധ്വാനമായിരിക്കും. പിന്നെ ഭക്ഷണം കഴിഞ്ഞു് പണികഠം തുടരുന്നു. അതു നാലുമണിവരെ നീണ്ടുനില്ക്കും. അതുകഴിഞ്ഞാൽ വിശ്രമിക്കാം.*

എന്തായിരുന്നു ജയിൽപ്പുള്ളികളുടെ വേലകഠം? അതു നിശ്ചയിക്കുന്നതു് ആരോപിക്കപ്പെട്ട കുററത്തിൻെറയും നല്കിയിട്ടുള്ള ശിക്ഷയുടെയും സ്വഭാവം അനുസരിച്ചാണു്. എങ്കിലും, ഒട്ടുമുക്കാലുംപേരും ആദ്യത്തെ മൂന്നുമാസം ഇരുമ്പുചക്ക വലിക്കേണ്ടതു് നിർബ്ബന്ധമാണു്. കാലത്തു തുടങ്ങുന്ന ഈ വേല വൈകുന്നേരം നാലുമണിവരെ തുടരുന്നു. ഇടയ്ക്കു് തെല്ലു വിശ്രമം കിട്ടിയെന്നും ഇല്ലെന്നും വരും. എന്നാൽ, ദിവസം എത്രമാത്രം എണ്ണയാട്ടിയിരിക്കണം എന്നുള്ളതാണു് സമയത്തെക്കാഠം പ്രധാനം. നിശ്ചിതമായ അളവിൽ എണ്ണ ഉല്പാദിപ്പിക്കുവാൻ നാലുമണിക്കുമുമ്പു് സാധിച്ചില്ലെങ്കിൽ, അതു കണക്കിനു് ആവുന്നതുവരെ പണിഞ്ഞേ പററൂ. ഇതിൽനിന്നു് ഒഴിവില്ല. ആയാസംകൊണ്ടു് മോഹാലസ്യപ്പെട്ടാലും ക്ഷീണംകൊണ്ടു തളർന്നുവീണാലും നിശ്ചയിക്കപ്പെട്ട ജോലി തീർത്തേ പററൂ. ഇത്തരം കഠിനമായ അദ്ധ്വാനം ഏതു് അരോഗദൃഢഗാത്രനേയും അല്പദിവസങ്ങഠംക്കുള്ളിൽ തകൎക്കുമെന്നു വിശേഷിച്ചു പറയേണ്ടതായിട്ടില്ല. ഏകാന്തതയും മനംമടുപ്പിക്കുന്ന പെരുമാററവും അനുഭവിച്ചു്, അവശേഷിക്കുന്ന മനുഷ്യത്വവും ചോർന്നുപോകാതെയിരിക്കുന്നതു് പുള്ളികളിൽ അപൂർവ്വം തന്നെ. ചക്കിനു ചുററുമുള്ള വേല മൂന്നുമാസത്തിൽക്കൂടുതൽ തുടർച്ചയായി കൊടുക്കുന്നതു സാധാരണമല്ല. എന്നാൽ ജയിലധികാരികളുടെ അഹിതത്തിനു പാത്രമായാൽ, അതു് എത്രകാലം വേണമെങ്കിലും അവൎക്കു നീട്ടിക്കൊണ്ടിരിക്കാം. അതിനുള്ള അധികാരം ജയിൽഉദ്യോഗസ്ഥന്മാൎക്കു് ഉണ്ടായിരുന്നു.

ഏററവും കടുത്ത കുററങ്ങഠംക്കുള്ള ശിക്ഷയുടെ ഭാഗമാ

* Echo From Andamans—Letters of Veer Savarkar (1947)

യിട്ടാണ് എണ്ണച്ചക്കു വലിക്കുന്ന പണി കൊടുക്കാറുള്ളതെന്നു മുമ്പു സൂചിപ്പിച്ചല്ലോ. വീരസാവക്കരോടൊപ്പം ജയിൽവാസം സഹിച്ച പതിനാറുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന നാനാഗോപാൽ എന്ന ബാലനെ, ജയിലധികാരികൾ ദ്രോഹിച്ചിട്ടുള്ളതിൻെറ കരളലിയിപ്പിക്കുന്ന കഥ സാവക്കറുടെ സ്മരണകളിൽ ചിത്രീകരിച്ചിട്ടുണ്ട്. സാവക്കരെയും മററുചില പുള്ളികളെയും രാഷ്ട്രീയത്തടവുകാരായി പരിഗണിക്കുന്നതിനുവേണ്ടി ഈ യുവാവ് ഒരു പ്രക്ഷോഭണം ജയിലിൽ സംഘടിപ്പിച്ചതിനു ശിക്ഷയായി ഇരുമ്പുചക്കു വലിക്കുവാൻ അവനെ തളച്ചിട്ടു. ആജാനുബാഹുക്കൾപോലും വിമ്മിഷ്ടപ്പെട്ടു ചലിപ്പിക്കുന്ന ഈ ചക്ക് വലിക്കുവാൻ അനാഗതശ്മശ്രുവിനെ നിയോഗിക്കണമെങ്കിൽ എന്തായിരുന്നിരിക്കും ജയിലധികാരികളുടെ മനുഷ്യസ്നേഹമെന്ന് ഊഹിക്കാം. ഇരുമ്പുചക്കു വലിക്കുവാൻ സാവക്കറും പല സന്ദർഭങ്ങളിൽ നിർബ്ബന്ധിതനായിട്ടുണ്ട്. കൂനിന്മേൽ കുരു എന്നകണക്കെ, തടവുപുള്ളികൾ സഹിക്കേണ്ട ശിക്ഷകളിൽ മററുചിലതു്, ഇരുട്ടറത്തടവ്, ഏകാന്തത്തടവ് തുടങ്ങിയവ ആയിരുന്നു. 1911 ആഗസ്റ്റ് 30—ാംതീയതിമുതൽ 1912 ജനുവരി 15—ാംതീയതിവരെ സാവക്കർ ഇരുട്ടറത്തടവ് അനുഭവിച്ചിട്ടുണ്ട്. സാവക്കർ അനുഭവിച്ച ദുരിതങ്ങളുടെ ഡയറിക്കുറിപ്പ് കേസരിവാരികയിൽ ഒരിക്കൽ ചേർത്തിരുന്നതു് ഓർമ്മിച്ചുപോകുന്നു.* മററു തടവുപുള്ളികൾക്കുവേണ്ടി എഴുതിയ കത്തുകൾ കൈവശം കണ്ടതിന് അദ്ദേഹത്തെ ഒരുമാസത്തെ ഏകാന്തത്തടവിനു വിധിച്ചു. ചകരി ചതച്ച് കയറു പിരിക്കുവാൻ വിസമ്മതിച്ചതിന് ഏഴുദിവസം ഇരിക്കുവാൻ വയ്യാത്ത നിലയിൽ ആമംവെച്ചു പൂട്ടിയിട്ടു. എന്തിന്! ഈ പട്ടിക നീട്ടുന്നില്ല.

ചക്കിനു ചുററുമുള്ള പണിയുടെ കാലാവധി കഴിഞ്ഞാൽപ്പിന്നെ കുറഞ്ഞ ശിക്ഷയെന്നനിലയിൽ നാളികേരം പൊതിച്ചുതുടങ്ങണം. ദിവസമൊന്നുക്ക് ഒരാൾ

---

* കേസരി, Vol. 15; No. 16

ഇത്ര നാളികേരമെങ്കിലും പൊതിച്ചിരിക്കണമെന്നുണ്ട്. അതു തീരാതെ വിശ്രമത്തിനനുവദിക്കുകയില്ല.

ജയിലധികാരികൾക്കു തൃപ്തിതോന്നുന്നതരത്തിൽ ഈ കാലഘട്ടങ്ങൾ തരണംചെയ്താൽ 'ഭയങ്കരന്മാര'ല്ലാത്തവരെ പുറത്തുള്ള വേലയ്ക്ക് എടുത്തുതുടങ്ങും. ഇതു് ആശ്വാസകരമായ കാര്യമാണ്. കാരണം, വെളിച്ചവും കാററും ഏല്ക്കാൻ അവസരമുണ്ടല്ലോ. മററുള്ളവരുമായി ചില്ലറ സമ്പർക്കങ്ങൾക്കും സാദ്ധ്യതയുണ്ട്. ഇത്തരക്കാരെയാണ് വിവിധസങ്കേതങ്ങളിലെ ബാരക്കുകളിൽ താമസിപ്പിക്കുന്നതു്. ഹാഡോ, ദലാനിപ്പൂർ, ജംഗ്ലിഘാട്ട് എന്നിവിടങ്ങളിൽ ബാറക്കുകൾ സ്ഥാപിതമായിരുന്നു. കുഴികളെടുക്കാനും തെങ്ങുംതൈകൾ നടാനും റോഡുണ്ടാക്കാനും മററു മരാമത്തുപണികൾ നടത്താനും ആണ് ഇവരെ മുഖ്യമായി ഉപയോഗിച്ചുവന്നതു്. ഇത്തരം നിർഭാഗ്യവാന്മാരുടെ വിയർപ്പിൻെറ പശചേർന്ന് കന്നിമണ്ണിലാണ് പോർട്ട് ബ്ളെയറിനു സമീപം ഇന്നു കാണുന്ന പ്രധാനപ്പെട്ട ജനപദങ്ങളെല്ലാം കരുത്തുവളർന്നതു്. അവിടങ്ങളിൽ ഇന്നു തളിർത്തുനില്ക്കുന്ന തരുക്കൾക്കെല്ലാം വികാരനിർഭരങ്ങളായ സ്മരണകൾ നന്ദിപൂർവ്വം ഉണർത്തിക്കാനുണ്ടാവും. മൂകങ്ങളായി, കാലാകാലങ്ങളിൽ കനികളണിയാറുള്ള ഈ തരുക്കൾ എന്നെങ്കിലും വാചാലങ്ങളായിത്തീർന്നാൽ കദനത്തിൻെറ കരളലിയിക്കുന്ന കാവ്യങ്ങൾ പാടുന്നതായിരിക്കും!

കാലത്തു് ആരംഭിക്കുന്ന കഠിനാദ്ധ്വാനം ഏതാണ്ട് നാലുമണിവരെ ഇവർക്കും ചെയ്യാനുണ്ട്. അതുകഴിഞ്ഞാൽ രാത്രി എട്ടുമണിവരെ ഈ പുള്ളികൾക്കു സ്വതന്ത്രരായി ഈ മേഖലയിൽ അലഞ്ഞുതിരിയാൻ അവസരമുണ്ട്. ജീവിതത്തിലെ നങ്കൂരമററ് വിധിയുടെ ഓളങ്ങളിൽനിന്നടിക്കുന്ന ശൈത്യക്കാറേററ് ഇവരൊക്കെ കടൽക്കരയിലാണ് ചെന്നുപററാറുള്ളതു്. ബോധമില്ലാത്ത കരുത്തനെപ്പോലെ പിച്ചും പേയും പറഞ്ഞുകൊണ്ട്, പാറകളിൽ തലതല്ലിപ്പൊളിക്കുന്ന സാഗരംനോക്കി, അങ്ങ് അപ്പുറത്ത് വളരെ വിദൂരതയിലുള്ള ഗ്രാമവും അതിലെ നിരവധി സ്നേഹസമ്പന്നരേയും സ്വപ്നം കണ്ടുകൊണ്ട്, കദനഭാരത്താൽ കുനി

ഞ്ഞിട്ടുള്ള ശിരസ്സുമായി, പടിഞ്ഞാറെ ചക്രവാളത്തിൽ കണ്ണുനട്ടിരിക്കുന്ന മനുഷ്യരൂപങ്ങളെ ആയിരിക്കും അന്തി വെളിച്ചത്തിൽ അധികവും കാണാനിടയായിരുന്നതു്. ''ഇതാ ഇവിടെ നിങ്ങളുടെ ഭാരമെല്ലാം തൂക്കിയിട്ടു് ആത്മാവിനു് മോചനംകൊടുത്തുകൊള്ളൂ,'' എന്നു മൂകഭാഷയിൽ മാടിവിളിക്കുന്ന വൃക്ഷശിഖരങ്ങളുടെ ക്ഷണം എത്രപേരാണു സ്വീകരിച്ചിട്ടില്ലാത്തതു്! മരങ്ങളിൽ തൂങ്ങിനില്ക്കുന്ന മനുഷ്യജഡങ്ങൾ അക്കാലങ്ങളിൽ ധാരാളം കണ്ടിട്ടുള്ളവർ ഇന്നും ജീവിച്ചിരിപ്പുണ്ടു്. സമീപദേശത്തുള്ള കാടുകളിൽ അഭയം തേടിയിരുന്നവരെ തിരഞ്ഞുപിടിക്കുന്നതിൽ അധികാരികൾ അലസത കാണിച്ചിരുന്നില്ല. എന്നാൽ, അവിടേക്കു് ഒളിച്ചുകടക്കുന്നവരധികവും ആദിവർഗ്ഗക്കാരുടെ അമ്പേററു് അപമൃത്യുവിന്നിരയാകുകയായിരുന്നു പതിവു്. നിരാധാരതയും നിസ്സഹായതയുംകൊണ്ടു് അണകെട്ടിനിത്തിയിരുന്ന പകയും വൈരാഗ്യവും ചില അവസരങ്ങളിൽ, അനിയന്ത്രിതമായി പൊട്ടിയൊഴുകുമ്പോൾ, മനുഷ്യരോഷത്തിൻെറ മഹാപ്രളയം ഈ പ്രദേശങ്ങളെ മുക്കിക്കളയും. എന്നാൽ ഇങ്ങനെ അങ്കുശമില്ലാതെ മനുഷ്യവികാരത്തെ അഴിച്ചുവിടുന്നവരെ തൂക്കിലിടുവാനുള്ള യുക്താധികാരം ഉദ്യോഗസ്ഥന്മാൎക്കു് ഉണ്ടായിരുന്നു. അതു പ്രയോഗിക്കുവാനും അവർ മടിച്ചിരുന്നില്ലെന്നാണു് ചരിത്രം പറയുന്നതു്.

ഭാരതത്തിൽനിന്നു്, സ്വതന്ത്രരായ ആളുകളെ ഈ കേന്ദ്രം സന്ദൎശിക്കുന്നതിനു സമ്മതിച്ചിരുന്നില്ല. ഈ നരകത്തിൻെറ നടുക്കു് പുതിയ ജീവിതത്തിൻെറ നാമ്പുകൾ ക്രമേണ ഉയൎന്നുതുടങ്ങി. സെല്ലുലാർജയിലിനു ചുററുമുള്ള പ്രദേശത്തു് ജയിൽപുള്ളികളെക്കൊണ്ടു് അത്യന്തം മനോഹരമായ മലർവാടി നിൎമ്മിച്ചിരുന്നതായി അന്നു് ഇവിടം സന്ദൎശിച്ച ഉദ്യോഗസ്ഥന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്.

തടവുപുള്ളികളുടെക്കൂട്ടത്തിൽ പുരുഷന്മാർ മാത്രമായിരുന്നില്ലെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. മാനസികമായി സ്ത്രീകളുടെ ദുരിതം പുരുഷന്മാരെ അപേക്ഷിച്ചു് എത്രയും കഠിനമായിരുന്നു. മനുഷ്യനു സംഭവിക്കാവുന്ന അധഃപത

നത്തിൽ സാഹചര്യങ്ങൾക്ക് എത്രമാത്രം സ്വാധീനമുണ്ടെ ന്നു വ്യക്തമാകുവാൻ ഇവരുടെ ഓരോ കഥകൾ അപഗ്രഥി ച്ചാൽ മതി. ചരിത്രാതീതകാലംതൊട്ട്, തലമുറതലമുറ യായി, കുടുംബവലയത്തിലെ സൗഖ്യമായ അന്തരീക്ഷ ത്തിൽ, സ്നേഹാദരങ്ങളുടെ സുഖോഷ്മാവേററ് ജീവിച്ചുശീ ലിച്ച വനിതകൾക്ക്, സകലബന്ധങ്ങളും അററ്, വേദന യുടെ തീജ്വാല സഹിച്ച്, ജയിൽനിയമങ്ങളുടെ കാഠിന്യം ഏററ്, അമിതാധ്വാനത്തിൻെറ ഭാരം ഭേസി ജീവിക്കാൻ ഇടവരുമ്പോൾ മനുഷ്യത്വമില്ലായ്മ എന്ന മഹാകൂപത്തിന്റെ അടിത്തട്ടിലേക്കു് അനുക്രമം ആണ്ടുപോകുകയേ വഴിയു ള്ളല്ലോ. അക്കാലത്തു ജയിലിൽ കഴിഞ്ഞിരുന്ന വനിത കളുടെ പ്രസ്താവയോഗ്യങ്ങളല്ലാത്ത കഥകൾ ഇതൊക്കെ ആണു തെളിയിക്കുന്നതു്.

സാഹചര്യങ്ങൾ ഇങ്ങനെയൊക്കെ ആയിരുന്നെങ്കി ലും, കൂടെക്കൂടെ ആണുങ്ങളും പെണ്ണുങ്ങളും ഒന്നിച്ചുകൂടുവാ നുള്ള അവസരങ്ങളും ഉണ്ടാകുമായിരുന്നു. ആണിനെയും പെണ്ണിനെയും വരിതിരിച്ചു നിർത്തി തങ്ങൾക്കിഷ്ടമുള്ള വരെ ജീവിതസഖാവായി വരിക്കുന്നതിനായിരുന്നു വ്യ വസ്ഥ. ഇതു സംബന്ധിച്ച സംഗതികൾ മുമ്പ് ഒരിടത്തു് സൂചിപ്പിച്ചിട്ടുമുണ്ട്. ഈ സ്വയംവരത്തിൽ ആണുങ്ങൾ ക്കാണു് അവസാനത്തെ വാക്കെങ്കിലും പെണ്ണിന്റെ മനോ ഭാവത്തിനും പ്രാധാന്യം കൊടുത്തിരുന്നു. മുമ്പു പറഞ്ഞ ഉപാധികൾക്കു വിധേയമായി അവർക്കു വിവാഹിതരാകാം. അപ്പോൾ ജയിൽ വിട്ടു് പുറത്തെവിടെയെങ്കിലും വീടു കെട്ടി കുടുംബജീവിതം തുടരാവുന്നതാണു്. തടവുപുള്ളി യെന്ന സ്ഥിതിക്കു വിരാമമുണ്ടാകുകയില്ലെങ്കിലും, ഇങ്ങ നെ പുതിയ കുടുംബബന്ധങ്ങൾ ആരംഭിക്കുന്നവരെ പ്ര ത്യേകപരിഗണനയോടെയാണു് കരുതിയിരുന്നതു്. സാ ഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ അലഞ്ഞുതിരിഞ്ഞു് ഒന്നിച്ചു കൂടാനിടവന്നിട്ടുള്ള രണ്ടു ജീവിതങ്ങൾ, പുതിയ ചുററുപാ ടിൽ പുഷ്ടിച്ചു ഫലവത്താകുകയായിരുന്നു പതിവു്. തട വുപുള്ളികളുടെ വൈവാഹികബന്ധങ്ങളിൽനിന്നു് അവ തരിച്ച സന്താനപരമ്പരകൾ പ്രതീക്ഷയിൽ കവിഞ്ഞു്

ജീവിതത്തിൽ വിജയിച്ചിട്ടുള്ളതിന് ഉദാഹരണങ്ങൾ എത്രയോ ഉണ്ട്. തടവുപുള്ളികളിൽ ചിലർ ജന്മദേശത്തു പോയശേഷം ഇവിടേക്കു മടങ്ങിവന്നിട്ടുള്ളതും കുറവല്ല. കുററാരോപണത്തിൻെറ നിഴൽവീശിയ ജീവിതങ്ങളെ നാട്ടിൽ വീണ്ടും സ്വീകരിക്കാനുള്ള വൈമനസ്യമായിരിക്കും ഇതിനു കാരണം. ഭാരതത്തിൽ ജന്മദേശത്തുണ്ടായിരുന്ന ബന്ധുക്കളും മിത്രങ്ങളും ഇവരെ പരിത്യജിക്കുവാൻ താല്പര്യം കാണിച്ചിരുന്നതു് കഷ്ടമാണെന്നു പറയാതെ തരമില്ല. ഇങ്ങനെ ഭഗ്നാശരായി തിരിച്ചുവന്നിട്ടുള്ളവർ ഇവിടെ നൂതനസരണി സംവിധാനംചെയ്തു. പലരും ഈ തിക്താനുഭവത്തിനു വിധേയരാകാൻ മടിച്ച് മടങ്ങിപ്പോയില്ല. വൈരാഗ്യങ്ങളും നിഷേധങ്ങളും നിർമ്മിച്ച ദുരന്തസാഗരത്തിൻെറ നടുവിൽ ഇവർ നവലോകത്തിൻെറ ദ്വീപുകൾ സൃഷ്ടിച്ച് ചൈതന്യമാർജ്ജിച്ചു. അവിടെ കെട്ടിയുണ്ടാക്കിയ പർണ്ണശാലകളിൽ പരാജയപ്പെടാത്ത മനുഷ്യത്വത്തിൻെറ മണിവിളക്കുകൾ പ്രകാശിച്ചുതുടങ്ങി. തിരിഞ്ഞുനോക്കുമ്പോൾ പിറകിൽ കഠിനമായ കൂരിരുട്ടു മാത്രമാണെങ്കിലും, അതൊന്നും ശ്രദ്ധിക്കാതെ, പുതിയ കൈത്തിരിയുമായി, അനുഭവങ്ങളുടെ പാഥേയവും വഹിച്ച് ധീരമായ പദംവച്ച് അവർ മുമ്പോട്ടു പോയി. പുതിയ ജീവിതത്തിൻെറ അരുണോദയത്തിലേക്കാണ് അവർ നടന്നതു്. ധീരസാഹസികത്വത്തിന് ഇതിൽ വലിയ ഉദാഹരണങ്ങൾ എവിടെ കണ്ടെത്താനുണ്ട്? 'ലോക്കൻസ്' എന്ന പേരിൽ അറിയപ്പെടുന്ന അനേകായിരം ജനങ്ങൾ ഈ ധീരസാഹസികത്വത്തിൻെറ ചെങ്കൊടി ഏററുവാങ്ങി മുന്നേറുന്നവരാണ്. നിരാശയുടെ വിഷക്കാറ്റേററാലും ജീവിതതരു മുരടിക്കാതെ പുതിയ നാമ്പുകൾ അണിഞ്ഞു് ചൈതന്യത്തോടെ വളരുമെന്നുള്ളതിൻെറ പ്രത്യക്ഷമായ പ്രതീകങ്ങളാണ് ഇവർ.

19

# ഒരു വൈസ്രായിയുടെ അന്ത്യം

1872 ജനുവരി 24-ാം തീയതി സപരിവാരം മേയോപ്രഭു കൽക്കത്തയിൽനിന്നു യാത്രപറഞ്ഞു് തിരിച്ചപ്പോഠം, മടങ്ങി വൈസ്രായിമന്ദിരത്തിലേക്കു് എത്തുകയില്ലെന്നു് ആരും കരുതിയില്ല. ഏഷ്യയിലെ ഏററവും വലിയ പ്രദേശത്തിലെ അനിഷേദ്ധ്യഭരണാധികാരിയായിരുന്ന മേയോപ്രഭു, ലോകത്തിലെ ഏററവും മികച്ച സാമ്രാജ്യശക്തിയുടെ പ്രതിനിധിയും കൂടിയായിരുന്നെന്ന വസ്തുത ഓർമ്മിക്കണം. ആദ്യം ബർമ്മയും മടക്കയാത്രയിൽ ആൻഡമാൻ ദ്വീപസമൂഹങ്ങളുടെ ചില പ്രദേശങ്ങളും വൈസ്രായിയുടെ സന്ദർശനപരിപാടിയിൽ ഉഠംപ്പെടുത്തിയിരുന്നു. ആൻഡമാൻ ദ്വീപുകളിലെ പ്രത്യേകസാഹചര്യങ്ങഠം നേരിട്ടു മനസ്സിലാക്കുന്നതിനും അവിടത്തെ പദ്ധതികളുടെ പ്രത്യേകതകഠം ബോദ്ധ്യമാക്കുന്നതിനും വൈസ്രായി ഈ സ്ഥലം സന്ദർശിക്കുന്നതു് ഉചിതമായിരിക്കുമെന്നും, അതിനു നീക്കിവയ്ക്കുന്ന സമയം വ്യഥാവിലാകുകയില്ലെന്നും സൂപ്രണ്ടിൻെറ നിരന്തരമായ നിർബ്ബന്ധം വളരെനാളായിട്ടു് ഉണ്ടായിരുന്നു. അതു സ്വീകരിച്ചാണു് മേയോപ്രഭു യാത്രാപരിപാടിയിൽ ആൻഡമാൻസും ഉഠംപ്പെടുത്തിയതു്. ബർമ്മയിലെ തിരക്കുപിടിച്ച സന്ദർശനങ്ങഠം സമാപിച്ചപ്പോഠം വൈസ്രായിയേയും പത്നിയേയും പരിവാരങ്ങളേയും വഹിച്ചുകൊണ്ടു് 'ഗ്ലാസ്ഗോ' കപ്പലും അകമ്പടി സേവിച്ചിരുന്ന 'ഡാക്കാ'യും തെക്കോട്ടേക്കു് തിരിച്ചു. കപ്പലുകഠം ഫെബ്രുവരി 8-ാം തീയതി പ്രഭാതത്തിൽ പോർട്ട്ബ്ലെയർ തുറമുഖത്തു് നങ്കൂരമടിച്ചു. അവർ അവിടെ എത്തിയപ്പോഠം ആചാരവെടികഠം മുഴങ്ങി. മറെറങ്ങും ദർശിച്ചിട്ടില്ലാത്ത പ്രകൃതിസൗന്ദര്യം ആസ്വദിച്ചുകൊണ്ടു് മേയോപ്രഭു കപ്പൽത്തട്ടിൽ നില്ക്കുകയായിരുന്നു. ആളുകഠം കരയിൽനിന്നു് കൈവീശി ആഹ്ലാദം പ്രകടമാക്കി. ലോഭ

മില്ലാത്ത വെയിൽ അവിടമെങ്ങും തെളിച്ചു. ആകാശത്തു് വെള്ളിമേഘങ്ങാം അഴകു പെരുക്കി.

പ്രഭാതഭക്ഷണത്തിനുശേഷം സമയം നഷ്ടമാക്കാതെ പരിപാടിയനുസരിച്ചു റോസ്ദ്വീപും വൈപ്പർദ്വീപും പരിശോധിക്കുവാൻ വൈസ്രോയി പുറപ്പെട്ടു. റോസ്ദ്വീപിലായിരുന്നു എല്ലാ ആഫീസുകളുടെയും ആസ്ഥാനം. വിശിഷ്ടാതിഥിയെ മാന്യമായവിധത്തിൽ സ്വീകരിക്കുന്നതിനു സകലവിധമായ സജ്ജീകരണങ്ങളും അവിടെ ചെയ്തിരുന്നു. അവിടെനിന്നു്, കുററവാളികളെ പാപ്പിച്ചിരുന്ന വൈപ്പർദ്വീപിലേക്കാണു വൈസ്രോയിയും പരിവാരവും പോയതു്. അലങ്കാരങ്ങളെക്കാാം അധികം ബന്തവസ്സിലാണു് ഇവിടെ അധികാരികാം സ്വാഭാവികമായി ശ്രദ്ധിച്ചിരുന്നതു്. നിരാശാഗത്തത്തിലാണ്ടിരിക്കുന്ന കുററവാളികളിൽനിന്നു് അപ്രതീക്ഷിതമായി ആക്രമം അപകടം പിണയാൻ അനുവദിച്ചുകൂടല്ലോ. വൈസ്രോയിയുടെ ദയാദാക്ഷിണ്യത്തിനു് ആവലാതിപ്പത്രങ്ങാം സമപ്പിക്കുന്നതിനും പ്രത്യേകം ചില വ്യവസ്ഥകാം ചെയ്തിരുന്നു. സന്ദശ്നത്തിൻെറ പേരിൽ ആക്കെങ്കിലും ആനുകൂല്യങ്ങാം കിട്ടുമെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ എന്നു കരുതിയാണു് ഇതിനു് ഏപ്പാടുണ്ടാക്കിയതു്. സന്ദശ്നവും പരിശോധനയും മററും യഥാസമയം പൂത്തിയായി.

വൈകുന്നേരം ധാരാളം ഇളവുസമയം ഉണ്ടെന്നുകണ്ടപ്പോാം, മറെറാരു പരിപാടികൂ കോപ്പുകൂട്ടുവാൻ വൈസ്രോയി നിദ്ദേശിച്ചു. പോർട്ട്ബ്ളെയർ തുറമുഖത്തിൻെറ വടക്കുഭാഗത്തായിട്ടുള്ള ഹാരിയട്ട്മലയിൽ ഒരു ചികിത്സാകേന്ദ്രം സ്ഥാപിക്കുന്നതു് ഉചിതമായിരിക്കുമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. അതിനുള്ള സ്ഥലം നേരിട്ടു പരിശോധിക്കുക എന്നുള്ളതായിരുന്നു സന്ദശ്നോദ്ദേശം. ഹാരിയട്ട്മലയെക്കുറിച്ചു മറെറാരവസരത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങാം ഓമ്മിക്കുമല്ലോ.

''ഇനിയും ഒരു മണിക്കൂർ പകലൊണ്ടു്. നമുക്കു ഹാരിയട്ട്മലയിലേക്കു പോകാം.'' — സായാഹ്നമായപ്പോാം വൈസ്രോയി നിദ്ദേശിച്ചു.

പോർട്ട്ബ്ളെയർ തുറമുഖത്തിലേക്കു വരുമ്പോൾ വലത്തുഭാഗത്ത് ആകാശത്തിലേക്ക് എഴുന്നുനില്ക്കുന്ന ഏററവും വലിയ കുന്നാണു ഹാരിയട്ട്മല. കടലോരംമുതൽ കുന്ന് ആരംഭിക്കുന്നു. എങ്കിലും, അടിവാരത്തിലേക്കു സഞ്ചാരികളെ കൊണ്ടുവരുന്ന വഞ്ചികൾക്കും ബോട്ടുകൾക്കും സൗകര്യമായി അടുക്കുന്നതിന്ന് ഒരു ജെട്ടിയുണ്ട്. പോപ്പ് ടൗൺ എന്നാണ് ഇവിടത്തെ പേർ. സാമാന്യം നല്ല ഏററമുള്ള കുന്നിൻചരുവിൽക്കൂടി, മുകളിലേക്കു പോകുവാൻ നടന്നേ മതിയാവൂ. അന്നത്തെ പരിപാടികൾക്കുശേഷം എല്ലാവരും നന്നേ ക്ഷീണിച്ചിരുന്നു. എന്നാൽ വൈസ്രോയി അതൊന്നും കൂട്ടാക്കിയില്ല. ക്ഷീണം ബാധിച്ചിരുന്ന ലക്ഷണം അദ്ദേഹത്തിന്നില്ലായിരുന്നുതാനും. എങ്കിലും, അദ്ദേഹത്തെ വഹിക്കുവാൻ ഒരു കഴുതയെ ഏപ്പാടു ചെയ്തിരുന്നു. എന്നാൽ അതിനെ ഉപയോഗപ്പെടുത്തുവാൻ തയ്യാറാകാതെ അദ്ദേഹം നടന്നു കുന്നു കയറിത്തുടങ്ങി. മററുള്ളവർ യഥാക്രമം അനുഗമിച്ചു. ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ അവർ ഹാരിയട്ട്മലയുടെ മകുടത്തിലെത്തി. സമയം സായംസന്ധ്യയായി. പടിഞ്ഞാറെ ചക്രവാളത്തിൽ, മേഘപടലങ്ങൾക്കപ്പുറത്തു കതിരോൻ യാത്ര പറയാൻ തുടങ്ങിയിരിക്കുന്നു. അത്യന്തം ഹൃദയഹാരിയായ സായംസന്ധ്യവീക്ഷിച്ചു വൈസ്രോയി കാററുമേററ് അവിടെ കുറേനേരം നിന്നു.

''എത്രമനോഹരം! എത്രമനോഹരം!''—അദ്ദേഹം കൂടെക്കൂടെ പതുക്കെ പറഞ്ഞുകൊണ്ടിരുന്നു. ''ഇവിടെ രണ്ടു ദശലക്ഷം ജനങ്ങൾക്കു കുടിപാക്കാം.'' അദ്ദേഹം അടുത്തുണ്ടായിരുന്ന സെക്രട്ടറിയോടു തിരിഞ്ഞുപറഞ്ഞു— ''ഞാൻ കണ്ടിട്ടുള്ളതിൽ ഏററവും മനോഹരമായ സ്ഥലമാണിവിടം.''

സൂര്യൻ അസ്തമിച്ചുകഴിഞ്ഞു. എത്രപെട്ടെന്നാണ് ഇരുട്ടു വ്യാപിച്ചത്!

വൈസ്രോയിയും പരിവാരവും സാവകാശമായി കുന്നിറങ്ങിത്തുടങ്ങി. സംരക്ഷണാത്ഥം അദ്ദേഹത്തിനു ചുററും ഒരു രക്ഷാശൃംഖലതന്നെ അധികാരികൾ സൃഷ്ടിച്ചിരുന്നു.

ചുററിനുമുള്ള കഠിനകാനനം രാത്രിയുടെ ഭീകരതയെ വദ്ധിപ്പിച്ചു. കാട്ടുചീവീടുകളുടെ ഝങ്കാരം അന്തരീക്ഷത്തിൽ മുന്തിനിന്നു. മുമ്പേ നടന്നിരുന്ന തീവെട്ടിക്കാരാണ് ഇരുട്ടിൽ വെളിച്ചം കാണിച്ചിരുന്നതു്. താഴെ തുറമുഖത്തു ദീപമാലകളാൽ സമലംകൃതമായ നാലു കപ്പലുകരം മുത്തുക്കുടകരംപോലെ വിരാജിക്കുകയാണ്. കപ്പൽത്തട്ടിൽ ആളുകരം നോക്കിനിന്നു. കുന്നിൻമുകളിൽ നിന്നു ചരിവൊപ്പിച്ചു ദീപസരിത്തു് ഒഴുകിയൊലിക്കുന്നതുപോലെ അഴകേറിയ ഘോഷയാത്ര, അടിവാരത്തിലേക്കു നീങ്ങുന്നു. കപ്പലിലെ കുഴലുകരം ശബ്ദം ഉയത്തി. മണികരം കുറച്ചുനേരം ആഹ്ലാദം പൊഴിച്ചു. കല്ലും പാറയും വന്മരങ്ങളുടെ എഴുന്നുനിന്നിരുന്ന വേരുകളും മററും ജാഗ്രതയോടെ ശ്രദ്ധിച്ചു സാവധാനത്തിലാണ് ആളുകരം നടന്നതു്....

അവരെല്ലാം കടലോരത്തു് എത്തി. മുമ്പിൽ ദീപവാഹികരം. ചുററിലും രക്ഷാസേനയിലെ ഉയന്ന ഉദ്യോഗസ്ഥന്മാർ—ഇങ്ങനെയാണു വൈസ്രായി കടൽത്തീരത്തിലെത്തിയതു്. എന്തോ ഉത്തരവുകരം നല്കാൻ അനുമതി വാങ്ങി സൂപ്രണ്ടു പിന്നിലേക്കു മാറി. ബോട്ടിലേക്കുള്ള പാലത്തിലെ പടികയറുവാൻ വൈസ്രായി ആദ്യത്തെ ചുവടുവച്ചു.

മിന്നൽപോലെ ഒരു തിളക്കം.

എന്തോ കടുത്ത ഒരു ശബ്ദം അടുത്ത നിമിഷത്തിൽ!

ആളുകരം സ്തബ്ധരായി!

മേയോപ്രഭുവിൻെറ പുറത്തു് ആജാനുബാഹുവായ ഒരാരം ആഞ്ഞു് കുത്തിപ്പിടിച്ചിരിക്കുന്നു! അടുത്ത നിമിഷത്തിൽ പത്തുപന്ത്രണ്ടു് ആളുകരം അവിടേക്കു കുതിച്ചു് അവൻെറമേൽ ചാടിവീണു.

ബഹളത്തിൽ ദീപശിഖകരം അണഞ്ഞു! സവ്വത്ര അന്ധകാരം. ആളുകളുടെ രോഷത്തിൻെറ പ്രതിദ്ധ്വനികളാൽ അന്തരീക്ഷം മുഖരിതമായി. ഊരിയ വാളുമായി പലരും നില്ക്കുകയാണ്.

കെട്ടുപോയ തീവെട്ടികരം വീണ്ടും കത്തിച്ചപ്പോരം മുട്ടുവരെ വെള്ളത്തിൽ വേച്ചുവേച്ചുനില്ക്കുന്ന പ്രഭുവിനെ താ

ങ്ങിപ്പിടിച്ചു രക്ഷാസേനയിലെ ആളുകം സഹായിക്കുക യാണ്. അക്രമിയെ പിടിച്ചു മാററിക്കഴിഞ്ഞു. അയാം ബ്ബന്ധിതനാണ്.

നെററിയിൽ ഉലഞ്ഞുവീണ മുടി പിറകോട്ട് ഒതുക്കി ക്കൊണ്ടു സെക്രട്ടറിയോടു ക്ഷീണസ്വരത്തിൽ മേയോ പറഞ്ഞു: "അവർ എന്നെ മുറിപ്പെടുത്തി."—ശക്തി സംഭരിച്ച് അദ്ദേഹം ഉറക്കെ പറഞ്ഞു: "സാരമില്ല, എനിക്കൊന്നും പററിയില്ല. മുറിവു കഠിനമല്ല."

എന്നാൽ താങ്ങിപ്പിടിച്ചിരുന്ന ആളുകം കണ്ടതു് അദ്ദേഹം ക്ഷീണിതനാകുന്നതാണ്. കോരിയെടുത്ത് അ വർ അദ്ദേഹത്തെ അടുത്തുകിടന്നിരുന്ന ഒരു വണ്ടിയിൽ കിടത്തി. വെളിച്ചം കൂടുതൽ തെളിച്ചപ്പോം, വൈസ്രാ യിയുടെ കുപ്പായം നനഞ്ഞു രക്തം പുറത്തേക്കു പ്രവഹിക്കു ന്നതാണ് അവർ കണ്ടതു്. കൈകൊണ്ടു പൊത്തിപ്പിടി ച്ചും തുണികെട്ടിയും രക്തപ്രവാഹം തടയാൻ പരിചാരകർ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരുന്നു. കിടന്നകിടപ്പിൽ നിന്ന് എഴുന്നേററിരിക്കുവാൻ മേയോപ്രഭു ശ്രമിച്ചു. എന്നാൽ അദ്ദേ ഹത്തിൻെറ ശിരസ്സ് പിറകോട്ടു പതിക്കുകയാണ് ഉണ്ടാ യതു്.

"എൻെറ തല പൊക്കിപ്പിടിക്കു!" — അദ്ദേഹം ആജ്ഞാപിച്ചു.

പിന്നെ ആ ചുണ്ടുകം ചലിച്ചില്ല. ശരീരം അന ങ്ങിയില്ല.

സർവ്വം ശാന്തം!

മേയോപ്രഭുവിൻെറ ജഡം താങ്ങിയെടുത്തു കപ്പലി ലേക്കു പോകാനുള്ള ബോട്ടിൽ കിടത്തി. ശരീരം മരവി ച്ചു തുടങ്ങിയിരിക്കുന്നു. എങ്കിലും ശിരസ്സ് താങ്ങിപ്പിടി ച്ചിരുന്നു. തണുത്ത പാദങ്ങം തിരുമ്മി ചൂടുവരുത്തുവാൻ മററു ചിലർ വൃഥാശ്രമം നടത്തുന്നുണ്ടു്.

ബന്ധിതനായ അക്രമി ഇതൊക്കെ നോക്കിക്കൊണ്ടു ബോട്ടിൽ ഇരിക്കുന്നുണ്ട്—തികഞ്ഞ ബന്ധവസ്സിൽ. അ യാളോടു് ഈ കൃത്യം ചെയ്യാനുണ്ടായ കാരണങ്ങളെക്കുറിച്ചു രക്ഷാസേനയിലെ ആളുകളിൽ ചിലർ ചോദ്യംചെയ്തു.

എന്താണ് ഇതിനു് അയാളെ പ്രേരിപ്പിച്ചതെന്ന ചോദ്യത്തിനു് അയാറം പറഞ്ഞതിതുമാത്രമാണ്:

''ദൈവത്തിൻെറ ആജ്ഞയനുസരിച്ചു്''—അയാരം ആവത്തിച്ചുകൊണ്ടിരുന്നു—''ആളുകളാരും ഞ്യനിക്കു പങ്കാളികളായിട്ടില്ല. ദൈവം മാത്രമാണ് എൻെറ സഹകാരി.''

ആയാസപൂണ്ണമായ പരിപാടികഴിഞ്ഞു മടങ്ങിയെത്തുന്ന വൈസ്രായിക്കു വിഭവസമൃദ്ധമായ വിരുന്നുണ്ണാൻ വേണ്ടി കപ്പലിൽ തിരുതകൃതിയായി ശ്രമങ്ങരം നടന്നിരുന്നതു പൂത്തിയായി. സവ്വത്ര സജീവരംഗങ്ങരം. വൈസ്രായിയുടെ പത്നി ഭത്താവിൻെറ വരവും കാത്തു കപ്പൽത്തട്ടിൽ കാററുമേററു കഴിഞ്ഞുകൂട്ടുകയാണ്.

എന്നാൽ ബോട്ടു കൊണ്ടുവരുന്നതു മേയോപ്രഭുവിന്റെ ജഡമാണെന്നു് അവർ എങ്ങനെ കരുതും?

ബോട്ടിലെ ദീപങ്ങരം ഏറ്റവും കുറച്ചിരുന്നു. അതിൽ നടക്കുന്ന സംഭവങ്ങരം ആരും അറിയേണ്ടന്നു കരുതിയാണ് അങ്ങനെ ചെയ്തതു്. കപ്പലിൻെറ വശത്തു ബോട്ടു് അടുത്തശേഷം ജഡം സാവധാനമായി, ജാഗ്രതയോടെ, കപ്പലിലേക്കു് എടുത്തു.

ഇതികത്തവ്യതാമൂഢരായി, കപ്പലിലെ ആളുകരം!

എങ്ങും മൂകത.

എന്നാൽ മൂകത, പൊട്ടിക്കരച്ചിലുകരംകൊണ്ടു സ്ഫടികപ്പാത്രംപോലെ തകന്നു, അടുത്ത നിമിഷത്തിൽ.

വൈസ്രായിയുടെ സഹധമ്മിണിയെ സമാശ്വസിപ്പിക്കുവാൻ ആക്കും കഴിഞ്ഞില്ല.

മേയോപ്രഭുവിൻെറ ജഡം അദ്ദേഹത്തിൻെറ ക്യാബിനിൽ കിടത്തി.

നേരം വെളുത്തപ്പോരം കരയ്ക്കു തടിച്ചുകൂടിയിരുന്നവർ കണ്ടതു്, പരേതനോടുള്ള ബഹുമാനസൂചകമായി പകുതി ഇറക്കിക്കെട്ടിയ പതാകയാണ്.

അക്രമിയിൽനിന്നു് ആവുന്നത്ര വിവരങ്ങരം ശേഖരിക്കാനുള്ള ശ്രമങ്ങരം നടന്നു. കാലത്തു സൂപ്രണ്ടു ചോദിച്ചപ്പോരം അയാരം പറഞ്ഞു: ''ഞാനാണു കുറ്റം ചെയ്തതു്.''

സംഭവം നടന്നതിനെക്കുറിച്ചു വിശദവിവരങ്ങൾ ദൃക്സാക്ഷികളുടെ തെളിവുകളായി രേഖപ്പെടുത്തി.

മുറപ്രകാരമുള്ള കോടതിവിചാരണ അന്നുതന്നെ നടന്നു. കോടതിയിൽവച്ച് കുററവാളി തൻെറ നിരപരാധിത്വം ബോധിപ്പിക്കുകയാണു ചെയ്തതു്. എന്നാൽ ദൃക്സാക്ഷികളുടെ വിവരങ്ങളും മററും അടിസ്ഥാനമാക്കി അയാളെ തൂക്കിക്കൊല്ലാൻ വിധിച്ചു.

വിചാരണാവിവരങ്ങൾ കൽക്കത്തയിലെ ഉന്നതാധികാരക്കോടതിയിലേക്കു് അയച്ചു. ഫെബ്രുവരി 20-ാം തീയതി കീഴ്ക്കോടതിയുടെ വിധി ശരിവച്ചുകൊണ്ടു പ്രഖ്യാപനമുണ്ടായി. അതു നിറവേറ്റാൻ കുററവാളിയെ വൈപ്പർദ്വീപിൽ കൊണ്ടുപോയി, മാച്ച് 11-ാംതീയതി കാലത്തു തൂക്കിക്കൊന്നു.

ആരായിരുന്നു ഈ കൃത്യം ചെയ്ത ആൾ?

ആക്കും അറിയാൻ താൽപര്യം ഉണ്ടാകും, തീച്ച.

ഷെർ ആലി എന്നായിരുന്നു അയാളുടെ പേരെന്നാണു് അറിവു്. വടക്കുപടിഞ്ഞാറൻപ്രവിശ്യയിലെ കാലാൾപ്പൊലീസിലെ ഒരു ഭടനായിരുന്നു അയാൾ. കുലശത്രുവായിരുന്ന ഒരാളെ കൊലപ്പെടുത്തിയതിനു് അയാൾ ശിക്ഷിക്കപ്പെട്ടു. മരണശിക്ഷയായിരുന്നു അതെങ്കിലും, കോടതിയുടെ കാരുണ്യംകൊണ്ടു് അതു് ജീവപര്യന്തം നാടുകടത്തലാക്കി. അങ്ങനെ അയാൾ ആൻഡമാനിലെത്തി.

തൻെറ കുലശത്രുവായ ഒരാളെ നശിപ്പിച്ചതു്, അയാളുൾപ്പെടുന്ന സമൂഹത്തിലെ സാമാന്യനീതിയനുസരിച്ചു്, കുററകരമായിരുന്നില്ല. അതിനു കിട്ടിയ ശിക്ഷ തികച്ചും അനഹ്മായിരുന്നെന്നാണു് അയാൾ ദൃഢമായി വിശ്വസിച്ചതു്. ഇതിനു പകരംചോദിക്കാൻ അയാൾ പ്രതിജ്ഞ ചെയ്തു. ഉന്നതനായ ഒരു യൂറോപ്യനെ വധിച്ചുവേണം പകവീട്ടാൻ എന്നു് അയാൾ ഉറച്ചു. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി, കരുതലോടെയാണു് അയാൾ ജീവിച്ചതു്. തടങ്കൽപ്പാളയത്തിലെ സൂപ്രണ്ടായിരുന്നു അയാളുടെ ആദ്യത്തെ ഉന്നം. തടവിലിരുന്നകാലത്തു് അധികാരികൾക്കു് അതൃപ്തി തോന്നുന്നതു് ഒന്നും അയാൾ ചെ

സ്സിട്ടില്ല. അതിനാൽ ഷെർ ആലിക്ക് 'ലീവ് സർട്ടിഫിക്കററ്' കിട്ടുകയും ചെയ്തു. അധികം അപകടകാരികളല്ലാത്തവരെന്നു കരുതുന്നവക്കാണ് ഈ പത്രിക കിട്ടുന്നതെന്നു മുമ്പു പറഞ്ഞിട്ടുള്ളതു് ഓക്കുമല്ലോ.

ഹോപ്പ്ടൗണിലാണു ഷെർ ആലിയെ ജീവിക്കാനനുവദിച്ചിരുന്നതു്. അയാഠം ക്ഷുരകവൃത്തി സ്വീകരിച്ചു. അവിടെ എത്തിയശേഷം മൂന്നു കൊല്ലമായി തൻെറ ജീവിതാഭിലാഷം സാക്ഷാത്കരിക്കുന്നതിനായി കാത്തുകാത്തു കഴിഞ്ഞു. അങ്ങനെ ഫെബ്രുവരി 8—ാം തീയതി എത്തി. വൈസ്രായിയുടെ ആഗമനവിവരം അന്നു് അന്തരീക്ഷത്തിൽ പ്രതിദ്ധ്വനിച്ച ആചാരവെടികഠം പ്രഖ്യാപിച്ചപ്പോഠം, ഷെർ ആലി ആയുധം തേച്ചു മൂച്ചുകൂട്ടി. സൂപ്രണ്ടിനേയും വൈസ്രായിയേയും ഒന്നിച്ചു കൊലപ്പെടുത്തണമെന്നു് അയാഠം നിശ്ചയിച്ചു.

സായാഹ്നത്തിൽ അയാളുടെ ഇരകഠം ഹോപ്പ്ടൗൺ ജെട്ടിയിലിറങ്ങുന്നതു് ആശയോടെ അയാഠം നോക്കിനിന്നു. എന്നാൽ സുശക്തമായി സംവിധാനംചെയ്തിരുന്ന രക്ഷാനടപടികഠംകാരണം എന്തെങ്കിലും പ്രവത്തിക്കുവാൻ അയാഠംക്കു സാധിച്ചില്ല. അയാളുടെ മാനസികാന്തരീക്ഷത്തിൽ നിരാശയുടെ കാർമേഘങ്ങഠം തടിച്ചുകൂടി. എങ്കിലും, പിന്മാറാൻ തയ്യാറായില്ല. സ്വന്തം വീട്ടുപടിക്കൽക്കൂടി കടന്നുപോയ വൈസ്രോയിയേയും പരിവാരത്തെയും, കുറെനേരം പിന്തുടൎന്നുനോക്കി. ഫലമുണ്ടായില്ല. അവരുടെ മടക്കവുംകാത്തു ജെട്ടിക്കുസമീപം നിലയുറപ്പിച്ചു. അയാളെ ആരും അത്ര ഗൗനിച്ചതുമില്ല.

ഒടുവിൽ ജീവിതാഭിലാഷം ഷെർ ആലി സാധിച്ചു.

അതികായനായിരുന്ന ഷെർ ആലിയെ ആമംവെച്ചു തടവിൽ പാപ്പിച്ചിരുന്ന കാലത്തു്, കായശേഷിയുടെ കാഠിന്യം പ്രദശിപ്പിക്കുന്ന കൃത്യങ്ങഠം പലതും അയാഠം ചെയ്തിട്ടുണ്ടു്. അവസാനനിമിഷംവരെ പശ്ചാത്താപത്തിന്റെ ചിന്തഅയാളിൽ കടന്നിട്ടില്ല. മറിച്ചു്, ചെയ്ത കൃത്യത്തിൽ ബാലിശമായ സംതൃപ്തിയും അഭിമാനവും അന്ത്യംവരെ വച്ചുപുലത്തുകയുണ്ടായി.

20

# ചില വിവരങ്ങൾകൂടി

## കൃഷി

ആൻഡമാൻദ്വീപുകളെപ്പററി അറിയേണ്ട മററു പല വിവരങ്ങളും ഉണ്ടു്. എന്നാൽ വളരെ വിശദമായി അവ അവതരിപ്പിക്കുകയെന്നതു് ഈ പുസ്തകത്തിൻെറ പരിധിയിൽ പെടുന്നില്ല. അതിനാൽ അങ്ങനെയുള്ള ചില സംഗതികൾ ചുരുക്കി ഇവിടെ സൂചിപ്പിക്കട്ടെ. ആകപ്പാടെയുള്ള ചിത്രം പൂർത്തിയാകുന്നതിനു് ഈ രൂപരേഖകൾ ഉപകരിക്കുമെന്നാണ പ്രതീക്ഷ.

ദ്വീപുകളിലെ കാലാവസ്ഥ തെങ്ങുകൃഷിക്കു് അത്യന്തം അനുകൂലമാണു്. എന്നാൽ മനഃപൂർവ്വം കൃഷിചെയ്തു തുടങ്ങിയതിൽപ്പിന്നെയാണ തെങ്ങു് ഇവിടെ വ്യാപിക്കുവാൻ തുടങ്ങിയതു്. കൃഷിയോ അത്തരം പണികളോ ചെയ്യുവാൻ ശ്രമമോ താൽപര്യമോ കാണിച്ചിട്ടുള്ളവരല്ല ഇവിടത്തെ ആദിവാസികൾ. അതുകൊണ്ടു പ്രാചീനകാലങ്ങളിൽ അങ്ങുമിങ്ങും തെങ്ങു കണ്ടിട്ടുള്ളതായി സഞ്ചാരികൾ രേഖപ്പെടുത്തിയിട്ടുള്ളതു സ്വതന്ത്രമായി സ്വയം വളൎന്നുവന്ന മരങ്ങളെപ്പററിയാണു്. കടലൊഴുക്കിനും കാററിനും വിധേയമായി ദ്വീപുകളുടെ തീരങ്ങളിൽ ചെന്നടുത്ത നാളികേരങ്ങൾ ക്രമേണ കുരുത്തു വളൎന്നു പെരുകുകയാണ ചെയ്തതു്. ആദിവാസികളിൽ ആരുംതന്നെ നാളികേരം താൽപര്യത്തോടെ ഉപയോഗിച്ചിരുന്നില്ല. അവർ അതു സ്വീകരിക്കാൻ ആരംഭിച്ചതുതന്നെ അന്യർ ഉപയോഗിക്കുന്നതു മനസ്സിലാക്കിയാണു്.

കുററവാളികളുടെ താവളമായി ഇവിടം തീൎന്നതോടുകൂടി തെങ്ങുവെയ്ക്കുന്നതിനു വേണ്ട ആൾക്കാരെ കിട്ടുന്നതിനു വഴിയുണ്ടായി. മനഃപൂർവ്വമുള്ള തെങ്ങുകൃഷി, വിപുലമായി തുടങ്ങിയതു് തടവുപുള്ളികൾതന്നെ. ആദായമുണ്ടാക്കുവാ

നല്ല വഴിയെന്ന രൂപത്തിൽ വലിയതോതിൽ തെങ്ങിൻ തോപ്പു വച്ച് പുലർത്തുവാൻ ശ്രമങ്ങളാരംഭിച്ചതു്. ഏതാണ്ട് അരനൂററാണ്ടിനു മുമ്പാണെന്നു പറയാം. സ്വാതന്ത്ര്യം ലഭിച്ചകാലത്തു് മൂവായിരം ഏക്കർ സ്ഥലത്തോളം തെങ്ങുകൃഷിയിലുണ്ടായിരുന്നു. വീര്യമുള്ള മണ്ണും ലോഭമില്ലാതെ വെയിലും ശക്തിയായ മഴയും അന്തരീക്ഷത്തിൽ താരതമ്യേന ഏറിയ ഈർപ്പവും തെങ്ങു തഴച്ചുവളരുവാനുള്ള സാഹചര്യങ്ങളൊരുക്കിയിട്ടുണ്ട്. ഈ പ്രദേശം ജപ്പാൻകാരുടെ അധീനത്തിൽ ഇരുന്നകാലത്തു് തടിയുടെയും മററും ആവശ്യത്തിനായി ധാരാളം തെങ്ങ് മുറിച്ചുതള്ളി. ഈ കൈയേററത്തിൻെറ ഫലമായി നല്ല തോപ്പുകൾ പലതും നാശത്തിൻെറ വക്കിലെത്തി. ജപ്പാൻകാർ ചെയ്ത വിനാശം കൂടുതൽ തീക്ഷ്ണമാകുന്നതിനു് ചെല്ലിയുടെ വർദ്ധന സഹായിച്ചു. ഇങ്ങനെയുള്ള ചുററുപാട് കേരകൃഷിയെ തളർത്തുകയുണ്ടായി.

ദ്വീപുകൾക്കു മാത്രമല്ല, നാടിനു പൊതുവെ നന്മവരുത്തുവാൻ സാദ്ധ്യതകളുള്ള കേരകൃഷിയുടെ വമ്പിച്ച കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിനു് ഇനിയും കൂടുതൽ പരിശ്രമങ്ങൾ ആവശ്യമായിട്ടാണിരിക്കുന്നതു്. തെങ്ങുകൃഷിക്കുപറ്റിയ സാഹചര്യങ്ങളുണ്ടായിരുന്നിട്ടും തേങ്ങ മററുള്ള സ്ഥലത്തുനിന്നു്—നിക്കോബറിൽനിന്നു്—വരുത്തുകയാണു് ആവശ്യങ്ങൾ നിറവേററാൻ. ഒരു നാളികേരം പോർട്ട് ബ്ളെയറിൽ വാങ്ങണമെങ്കിൽ അതിനു് മദിരാശിയിലോ കല്ക്കത്തയിലോ ഉള്ള വിലയേക്കാൾ ഏറെ കൊടുത്തേ സാധിക്കൂ!

1951-ൽ സർക്കാരിൻെറ നിർദ്ദേശമനുസരിച്ച് ഒരു തെങ്ങുകൃഷിവിദഗ്ദ്ധൻ ഇവിടം സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയുണ്ടായി.* കേരകൃഷി ഇവിടെ ഭേദപ്പെടുത്തുവാൻ ചില ശുപാർശകൾ അദ്ദേഹം ചെയ്തു. കേന്ദ്രസർക്കാരിൻെറ ആഭിമുഖ്യത്തിൽ, ഇന്ത്യൻ നാളികേരകമ്മററിയുടെയും ആൻഡമാൻഭരണവകുപ്പിൻെറയും കീഴിൽ ചില പദ്ധതികൾ 1953—56-ൽ നടപ്പിലാക്കുകയുണ്ടായി.

* C. M. John, Formerly Director, Central Coconut Research Station, Kasargode.

പദ്ധതിയുടെ കാലാവധി പൂർത്തിയായശേഷം ആ നടപടികഠം ഇവിടത്തെ കൃഷിവകുപ്പിൻെറതന്നെ ചുമതലയിലാണ് ഇന്നു നടത്തപ്പെടുന്നതു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ രണ്ടും, മൂന്നാംപദ്ധതിയിൽ മൂന്നും പരിപാടികളാണുണ്ടായിരുന്നതു്. തെങ്ങുകൃഷി പുതിയ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നതിനു ലക്ഷ്യംവച്ചുള്ളവയാണ് ഇതെല്ലാം. മൂന്നാംപദ്ധതിയിൽ വനം തെളിച്ചു് 2100 ഏക്കറും കുടികിടപ്പുകളിൽ 1500 ഏക്കറും തെങ്ങുവെയ്ക്കുന്നതിനു പരിപാടിയുണ്ടായി. അതിന്നായി 13.211 ലക്ഷം ക.യാണു കൊള്ളിച്ചിരുന്നതു്.

തൈവിതരണകേന്ദ്രങ്ങഠം സ്ഥാപിച്ചു് മെച്ചപ്പെട്ടതും വിലകുറഞ്ഞതുമായ തെങ്ങിൻതൈകഠം താല്പര്യമുള്ള കൃഷിക്കാക്കും മററും വിതരണം ചെയ്യുവാൻ മൂന്നാംപദ്ധതിയിൽ ഒരു പ്രത്യേകപരിപാടിയും നിശ്ചയിച്ചു. അതിനു് 1.400 ലക്ഷം ഉറുപ്പികയാണു നീക്കിവച്ചതു്. രണ്ടു കേന്ദ്രങ്ങളിലാണ് ഇങ്ങനെയുള്ള സങ്കേതങ്ങഠം സ്ഥാപിതമായതു്; ഒന്നു് ആൻഡമാൻദ്വീപുകളിലെ ആവശ്യത്തിനും മറേറതു് നിക്കോബർദ്വീപിലെ ആവശ്യങ്ങഠംക്കും.

കാടുതെളിച്ചു് പത്തേക്കർ എന്ന ക്രമത്തിൽ, കൃഷിക്കാക്കു തെങ്ങുവയ്ക്കുവാൻ, വിതരണംചെയ്യുകയാണ് മറ്റൊരു പരിപാടി. സഹകരണസംഘങ്ങഠം ഈ പ്രവർത്തനത്തിനു മുമ്പോട്ടു വരുമ്പോഠം കൂടുതൽ സ്ഥലം നല്കുന്നു. അവക്കു തെങ്ങുകൃഷി തുടങ്ങുന്ന കൊല്ലം ഏക്കറൊന്നിനു 110 ക. യെന്ന തോതിലും പിന്നീടു് ആറുകൊല്ലക്കാലം 80 ക. എന്ന ക്രമത്തിലും വായ്പകഠം അനുവദിക്കുന്നുണ്ടു്. ഇതുവരെയായി പതിമ്മൂന്നു സഹകരണസംഘങ്ങഠം രൂപീകരിക്കപ്പെട്ടിട്ടുമുണ്ടു്. അവരുടെ പ്രവർത്തനം തൃപ്തികരമാണെന്നാണ് ഔദ്യോഗികപ്രസ്താവനകളിൽനിന്നു് അറിയുന്നതു്.

കനകം വിളയുന്ന മണ്ണെന്നു പറയുവാൻ ഇവിടത്തേതിൽ ഉത്തമമായ കന്നിമണ്ണില്ല. കേരളക്കരയിൽ സമൃദ്ധിയായുണ്ടാകുന്ന എല്ലാ വിളകളും ഇവിടെ വിളയും. നെല്ലാണ് ഇതിൽ പ്രധാനം. 1964—65–ൽ നെൽക്കൃഷിയിലിരുന്നതു് 16,991 ഏക്കർ ഭൂമിയാണ്. നേന്ത്രൻ, മര

ച്ചീനി, ചേന, കിഴങ്ങുവർഗ്ഗങ്ങൾ, വെണ്ട, വഴുതന തുടങ്ങിയ പച്ചക്കറികൾ, മാങ്ങാ, കറുമൂസ, മധുരനാരങ്ങാ, ചെറുനാരങ്ങാ, ചീമച്ചക്ക തുടങ്ങിയ ഫലവൃക്ഷങ്ങൾ, തുടങ്ങിയവ വിളഞ്ഞുകിടക്കുന്നതു കണ്ടാൽ കൊതി തോന്നും. കേരളത്തിലുള്ളവയെക്കാൾ എത്രയോ വലിപ്പമുണ്ട് ഇവിടത്തെ ഫലങ്ങൾക്ക്!

## വളർത്തുമൃഗങ്ങൾ

കൃഷ്കൻെറ ബന്ധുക്കളായ കന്നുകാലികളുടെ കാര്യവും സൂചിപ്പിക്കാം. വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ മേച്ചിൽസ്ഥലങ്ങൾ വേണ്ടുവോളമുണ്ട്. പശുക്കളെയും എരുമകളേയും മററും കെട്ടിവളർത്തുന്ന പതിവ് ഇവിടെ ഇല്ല. സ്വതന്ത്രരായി വിഹരിക്കാൻ വിട്ടേക്കുകയാണു ചെയ്യുന്നതു്. നല്ല ആരോഗ്യത്തോടെ, കൊഴുത്തുതടിച്ചു വളരുന്ന ഗോക്കളെ കാണുമ്പോൾ മനസ്സു നിറയും. വൻകരയിലെ മാതിരി പട്ടിണിക്കോലങ്ങളെ ഇവിടെ കാണാനില്ല. 1961–ലെ കന്നുകാലിസെൻസസ് അനുസരിച്ച് അക്കാലത്ത് 7,388 പശുക്കളും, 8,357 എരുമകളും, 8,621 ആടും ഇവിടെ ഉണ്ടായിരുന്നു. ഇന്നു് ഈ എണ്ണം എത്രയോ വർദ്ധിച്ചിരിക്കും. സ്ഥിതി ഇതാണെങ്കിലും പാലിനും ക്ഷീരോൽപ്പന്നങ്ങൾക്കും വലിയ വിലയാണ് ഇവിടെ.

വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തിന്നാവശ്യമായ വൈദ്യസഹായം നല്കുന്നതിനു് ഏർപ്പാടുകളും ചെയ്തിരിക്കുന്നു. വിവിധകേന്ദ്രങ്ങളിലായി ഡിസ്പെൻസറികൾ അഞ്ചും, വൈദ്യസഹായകേന്ദ്രങ്ങൾ പതിനൊന്നും ഉണ്ട്. ഇതിൽ ഏററവും പഴക്കമുള്ള ഡിസ്പെൻസറി 1921–ൽ ജംഗ്ലിഘാട്ടിലാണു സ്ഥാപിതമായതു്.

## വിദ്യാഭ്യാസം

ഇന്ത്യയുടെ നാനാഭാഗങ്ങളിൽനിന്നു് ആളുകൾ പല കാരണങ്ങളാൽ ഇവിടെ സ്ഥിരവാസം തുടങ്ങുന്നതിനു് ഇടവന്നിട്ടുണ്ടല്ലോ. ഇവരെല്ലാം ഭിന്നഭാഷകൾ സംസാരിക്കുന്നവരാണ്. ഇതു് വിദ്യാഭ്യാസകാര്യത്തിൽ പല പ്രശ്ന

ങ്ങളും ഉണ്ടാകുന്നുണ്ട്. ബോധനം മാതൃഭാഷയിൽക്കൂടി നല്ലകയെന്ന നയം സ്വീകരിക്കുവാൻ എപ്പോഴും സാധി ക്കുന്ന സാഹചര്യമല്ല ഇവിടെയുള്ളത്. ഒരു ക്ലിപ്തമായ എണ്ണം വിദ്യാർത്ഥികൾ ഒരേ മാതൃഭാഷയുള്ളവരായിട്ടില്ലെ ങ്കിൽ ആ ഭാഷയിൽ അദ്ധ്യയനം സാധിക്കുക വൈഷമ്യ മാണല്ലോ. ജാപ്പനീസ് അധിനിവേശത്തിനുമുമ്പ് പോർട്ട് ബ്ളെയറിൽ ഒരു ഹൈസ്കൂളും മററു ദ്വീപുകളിൽ അവി ടവിടെയായി കുറെ പ്രാഥമികവിദ്യാലയങ്ങളുമാണ് ഉണ്ടാ യിരുന്നത്. ഈ ദ്വീപസമൂഹങ്ങൾക്കു പൊതുവേയുള്ള സാ ക്ഷരതാശതമാനം 33.6 ആയിരുന്നു 1964—65—ൽ. ഇന്ത്യ യിലെ ആകപ്പാടെയുള്ള നിലവാരം നോക്കുമ്പോൾ —അ തായത് 24 ശതമാനം—ഇത് അത്ര അതൃപ്തികരമായ തോ തല്ലെന്നു വ്യക്തമാണ്. ഇതേ കാലഘട്ടത്തിൽ ഈ ദ്വീപ സമൂഹങ്ങളിൽ 121 വിദ്യാലയങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ ഹയർസെക്കണ്ടറിസ്കൂളുകൾ മൂന്നും, മിഡിൽ സ്കൂളുകൾ എട്ടും, പ്രാഥമികവിദ്യാലയങ്ങൾ അൻപത്തി യൊന്നും, ജൂനിയർ ബേസിക് സ്കൂളുകൾ അൻപത്തി യെട്ടും, ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ ഒന്നും ഉൾപ്പെ ടുന്നുണ്ട്. ഹിന്ദി, ഉറുദു, ബംഗാളി, മലയാളം, തമിഴ്, തെലുങ്ക്, ബർമ്മീസ്, കാരേൻ, നിക്കോബറീസ് എന്നീ ഭാഷകളിലാണ് അദ്ധ്യയനം പ്രാഥമികവിദ്യാശാലകളിൽ നിർവ്വഹിക്കുന്നത്. സെക്കണ്ടറികാലഘട്ടത്തിൽ ഹിന്ദി, ഉർദു, ബംഗാളി, മലയാളം, ഇംഗ്ലീഷ് എന്നിവയാണ് അംഗീകൃതഭാഷകൾ. ആകെ അദ്ധ്യാപകരുടെ എണ്ണം 354—ം വിദ്യാർത്ഥികൾ 8,833—ം ആയിരുന്നു.

ഉപരിവിദ്യാഭ്യാസത്തിനു സഹായധനം ലഭിച്ച് ഭാരതത്തിലെ വിദ്യാകേന്ദ്രങ്ങളിൽ അഭ്യസനം നടത്തുന്ന വിദ്യാർത്ഥികൾ ഇതേ കാലഘട്ടത്തിൽ 34 ആയിരുന്നു. അറുപതു മുതൽ നൂറ് ഉറുപ്പികവരെ ആണ് സഹായധനം. ഇതുകൂടാതെ വിദ്യാർത്ഥികളുടെ യാത്രച്ചെലവും കൊടുക്കു ന്നുണ്ട്.

## വൈദ്യസഹായം

വൻകരയിൽനിന്നു വളരെദ്ദൂരെ സ്ഥിതിചെയ്യുന്ന ഈ ദ്വീപുകളിൽ അധിവസിക്കുന്ന ആളുകൾക്കു വൈദ്യസഹായം വേണ്ട തോതിൽ ലഭ്യമാകേണ്ടതു് ഒരടിയന്തിരാവശ്യമാണു്. വൈദ്യസഹായത്തിനു് അതിപ്രധാനമായ സ്ഥാനം എല്ലാ രാജ്യത്തും നല്കിവരുന്നു. പൗരന്മാരുടെ സുഖജീവിതത്തിൽ താല്പര്യമുള്ള ഭരണാധികാരികൾ ഇതിനുവേണ്ടി എല്ലാ നടപടികളും കൈക്കൊള്ളാറുണ്ടെന്നു പറയേണ്ടതില്ല.

ജപ്പാന്റെ അധിനിവേശം അവസാനിച്ച കാലഘട്ടത്തിൽ, അടിയന്തിരമായി ഇവിടെ വൈദ്യസഹായം എത്തിച്ചിരുന്നില്ലെങ്കിൽ അന്നു ദ്വീപിലെ എത്രയെത്ര ആളുകൾ അകാലമൃത്യുവിന്നിരയാകുമായിരുന്നു! ദ്വീപുകളിൽ ആകെ ഉണ്ടായിരുന്നതു മൂന്നു് ആശുപത്രികളും കഷ്ടിച്ചു് അരഡസനോളം ഡിസ്പെൻസറികളുമാണു്. പോർട്ടു് ബ്ളെയർ, ബംബൂഫ്ളാററ് എന്നിവിടങ്ങളിലായിരുന്നു ആശുപത്രികൾ. മറെറാന്നു് കാർനിക്കോബറിലും. പില്ക്കാലത്തു് ലോംഗ് അയലണ്ടിൽ ഒന്നു തുടങ്ങി. ഇന്നു രംഗത്തു്, മായാബന്തർ, ഡിഗ്‌ലിപ്പൂർ എന്നിവിടങ്ങളിലും ആശുപത്രികളുണ്ടു്; ആകെ ഒൻപതെണ്ണം. ഡിസ്പെൻസറികൾ മുപ്പത്തിയാറും. ഇവ കൂടാതെ വിദൂരസ്ഥലങ്ങളായ ഗ്രാമങ്ങളിലേക്കു 'സഞ്ചരിക്കുന്ന ഡിസ്പെൻസറികൾ' പോകുന്നുമുണ്ടു്.

ഇപ്പോഴുള്ള ആശുപത്രികളിൽ ആകെ 418 കിടക്കകൾക്കാണു സൗകര്യമുള്ളതു്. വൈദ്യസഹായത്തിനും പൊതുജനാരോഗ്യയത്നങ്ങൾക്കുമായി 16,34,735 ഉറുപ്പികയാണു ചെലവഴിച്ചതു്. അതായതു് ഒരാളിനു ശരാശരി 22.4 ഉറുപ്പിക! എല്ലാ മരുന്നുകളും സൗജന്യംതന്നെ. വൻകരയിലേതുമായി താരതമ്യപ്പെടുത്തിയാൽ ഇവിടത്തെ നില എത്രയോ മികച്ചതാണെന്നു പറയേണ്ടതില്ല.

ഇവിടെയുള്ള മറെറാരു പ്രത്യേകത മഹാമാരികളായ കോളറ, വസൂരി, ഡിഫ്‌തീറിയ, എന്നിവയിൽനിന്നു

സമ്പൂണ്ണമായ രക്ഷയാണ്. പ്ലേഗും പേപ്പട്ടിവിഷവും തീരെയില്ല. ദ്വീപിലേക്കു വരുന്നവരെല്ലാം കരുതൽ കുത്തിവയ്പുകൾ നിബ്ബന്ധിതമായി ചെയ്യിരിക്കണമെന്നുള്ള വ്യവസ്ഥയുടെ പ്രാധാന്യം ഇതിൽനിന്നു് ഊഹിക്കാം.

## വൈദ്യുതി

ആധുനികജീവിതസൗകര്യങ്ങളിൽ പ്രാധാന്യമുള്ള ഒരു ഘടകമാണല്ലോ വൈദ്യുതിയുടെ ലഭ്യത. അധിവാസ കേന്ദ്രങ്ങളായ പ്രധാന സങ്കേതങ്ങളിലെല്ലാം വൈദ്യുതി ഉൽപ്പാദിപ്പിച്ചു വിതരണംചെയ്യുന്നതിനു വ്യവസ്ഥയുണ്ടു്. 1964–ൽ ഉൽപ്പാദിപ്പിക്കപ്പെട്ടതു് 20,83,635 കിലോ വാട്ട് വൈദ്യുതി ആയിരുന്നെന്നാണു കണക്കു്.

## തപ്പാൽ

പോർട്ട് ബ്ളെയറിലാണ് ആദ്യത്തെ തപ്പാലാപ്പീസ് സ്ഥാപിതമായതു്. അന്ന് അതു ബമ്മാ പോസ്റ്റ് മാസ്റ്റർജനറലിൻെറ മേഖലയിലായിരുന്നു. 1890–ൽ ഒരേ ഒരു പോസ്റ്റാപ്പീസ് ഉണ്ടായിരുന്ന ദ്വീപുകളിൽ 1964 ൽ ഇരുപത്തിമൂന്നെണ്ണമുണ്ടു്. ഇതിൽ ശാഖാപോസ്റ്റാപ്പീസുകളും ഉൾപ്പെടുന്നു.

കമ്പിയില്ലാക്കമ്പിമുഖാന്തിരം സന്ദേശങ്ങൾ അയയ്ക്കുന്നതിനും സ്വീകരിക്കുന്നതിനും വേണ്ട സങ്കേതങ്ങൾ പത്തു സ്ഥലങ്ങളിലുണ്ടു്. പോർട്ട്ബ്ളെയറും ബമ്മാതീരത്തിലെ ഡയമണ്ട്ദ്വീപും തമ്മിൽ കമ്പിയില്ലാക്കമ്പിമുഖേനയുള്ള സമ്പക്കം 1905 മുതൽ വിജയകരമായി സ്ഥാപിതമായി. അതുപോലെ തടങ്കൽസങ്കേതത്തിലെ വിവിധ കേന്ദ്രങ്ങൾതമ്മിൽ ടെലിഫോൺമുഖേനയും ബന്ധിക്കപ്പെട്ടിരുന്നു. ഇന്ന് സന്ദേശങ്ങൾ പകരുന്നതിനുള്ള സൗകര്യങ്ങൾ എത്രയും വിപുലമായിത്തീന്നിട്ടുണ്ടു്. 1964–ൽ ആകെയുണ്ടായിരുന്ന റേഡിയോലൈസൻസുകളുടെ എണ്ണം 1,651 ആയിരുന്നെന്നാണു കണക്കു്.

## സഹകരണം

സഹകരണപ്രസ്ഥാനത്തിനു ഭാരതത്തിലെവിടെയും നല്കിവരുന്ന പ്രാധാന്യം ഇവിടെയും അനുവർത്തിച്ചുവരുന്നുണ്ടു്. 1964—65-ൽ ആകെ 143 സഹകരണസംഘങ്ങളിലായി 9,458 പേർ അംഗങ്ങളായിട്ടുണ്ടായിരുന്നു.

## വ്യവസായം

വ്യവസായപ്രവർത്തനങ്ങളിൽ മുഖ്യമായിട്ടുള്ളതു് തടിയെ ആധാരമാക്കിയുള്ളവയാണു്. വ്യവസായവികസനം സാദ്ധ്യമായിത്തീരുന്നതിനു ഗതാഗതസൗകര്യം പുഷ്ടിപ്പെട്ടേ കഴിയൂ. വൻകരയിൽ തൊഴിലില്ലാത്തവരുടെ എണ്ണം ഒരു പ്രശ്നം ആയിരിക്കുമ്പോൾ ഇവിടെ വേണ്ടത്ര തൊഴിലാളികളെ കിട്ടുകയില്ലെന്നതാണു പ്രശ്നം! വനവിഭവങ്ങൾ ലോഭമില്ലാതെ ലഭ്യമാണു്.

ആകപ്പാടെയുള്ള 43 അംഗീകൃതവ്യവസായസ്ഥാപനങ്ങളിൽ 18 എണ്ണം തടിസംബന്ധിച്ചവയാണു്. ചാത്തമിലുള്ള സാമില്ലും പൊതുമരാമത്തുവകുപ്പിലെ രണ്ടു വർക്ക്ഷാപ്പും അഞ്ചു് പരിശീലന—ഉല്പാദനകേന്ദ്രങ്ങളും ഒഴിവാക്കിയാൽ ബാക്കിയുള്ളവ സ്വകാര്യമേഖലയിലാണു് ഉള്ളതു്. ജാവയിൽ ഉപയോഗത്തിലിരുന്ന ഒരു സാമിൽ വാങ്ങി 1915—ൽ ചാത്തമിൽ സ്ഥാപിച്ചു. ഉല്പാദനം പെരുക്കുവാൻ പിന്നീടു് 1927—ൽ ബർമ്മയിൽനിന്നു് ഒരു പുതിയ മിൽകൂടി വരുത്തി ഇതിനോടു ചേർത്തു. ഇന്നു് ഏഷ്യയിലെ ഏററവും വലിയ ഒരു തടിമില്ലാണു് ഇതെന്നു് അവകാശപ്പെടുന്നു. 1,138 തൊഴിലാളികൾ ഇവിടെ പണിയിലുണ്ടു്. സ്വകാര്യമില്ലുകൾ ആറെണ്ണത്തോളം വരും. അതിൽ 42 തൊഴിലാളികളേ ഉള്ളൂ. പ്ലൈവുഡ് സംബന്ധിച്ച രണ്ടു സ്വകാര്യസ്ഥാപനങ്ങളുള്ള കാര്യവും മറന്നുകൂടാ. വൻകരയിലെ വ്യവസായശാലകളിലേക്കു സാധനങ്ങൾ തയ്യാറാക്കി അയയ്ക്കുകയാണു് ഇവിടെ ചെയ്യുന്നതു്. 423 തൊഴിലാളികളോളം ഉണ്ടു് പ്ലൈവുഡ് വ്യവസായത്തിൽ. തടിസംബന്ധിച്ച മറെറാരിനമാണു് തീപ്പെട്ടിക്കോലു തയ്യാറാക്കുന്നതു്. ഇവ തയ്യാറാക്കി ഭാരതത്തിലെ

വ്യവസായകേന്ദ്രങ്ങളിലേക്കു് അയച്ചുവരുന്നു. ഉല്പാദനപ്രവർത്തനങ്ങളിൽ 14 വിദഗ്ദ്ധരും 114 തൊഴിലാളികളും ഏർപ്പെട്ടിരിക്കുന്നു. വീട്ടുപകരണങ്ങൾ തയ്യാറാക്കുന്നതിനു് നാലു സ്വകാര്യസ്ഥാപനങ്ങളുണ്ടു്. അതിൽ അൻപതോളം തൊഴിലാളികൾ പ്രവർത്തിക്കുന്നു. ആറു വ്യവസായസഹകരണസംഘങ്ങളാണു് ദ്വീപുകളിൽ ഉള്ളതു്.

കൈത്തൊഴിലും ചെറുകിടവ്യവസായയൂണിററുകളും ഏഴെണ്ണമേ ഉള്ളെന്നാണു കണക്കു്. ജയിൽപ്പുള്ളികളുടെ കരകൗശലപരിപാടികളിൽനിന്നു് 1964-ൽ 4,450 ക.യുടെ മുതൽ ഉണ്ടാക്കിയിരുന്നെന്ന സംഗതിയും പറയട്ടെ.

അംഗീകൃതഫാക്ടറികളിൽ ആകെ 1964—ൽ 2,358 തൊഴിലാളികൾ ഉണ്ടായിരുന്നു. ഈ കാലഘട്ടത്തിൽ ഫാക്ടറീസ് നിയമപരിധിയിലുള്ള പതിനഞ്ചു ഫാക്ടറികളാണു് ദ്വീപുകളിലുണ്ടായിരുന്നതു്.

തൊഴിലാളികളുടെ കാര്യം പറഞ്ഞുവന്നതുകൊണ്ടു് ഒരു സംഗതികൂടി ഇവിടെ സൂചിപ്പിക്കട്ടെ. സർക്കാർവകുപ്പുകളിൽ ആകെയുള്ള ജോലിക്കാരിൽ 50.20 ശതമാനവും പൊതുമരാമത്തുവകുപ്പിലാണു്. ഉദ്യോഗസ്ഥന്മാരടക്കം 1964 മാർച്ച് 31—ാംതീയതി 8,775 പേർ ഉണ്ടായിരുന്നു. പിന്നീടു് ഏററവും അധികം ആളുകൾ തൊഴിലിൽ ഏർപ്പെട്ടിരുന്നതു് വനംവകുപ്പിലാണു്; അതായതു് 23.52 ശതമാനം. മുമ്പു പറഞ്ഞകാലത്തു് 4,105 പേരുണ്ടായിരുന്നു ഈ വകുപ്പിൽ. അങ്ങനെ പൊതുമരാമത്തും വനവും ചേരുമ്പോൾ സർക്കാർതൊഴിലാളികളുടെ എഴുപത്തിനാലു ശതമാനത്തോളമാകും. സർക്കാരിൻെറ വിവിധവകുപ്പുകളിൽ ആയി 17, 456 പേരാണു് ഉണ്ടായിരുന്നതു്.

## മത്സ്യബന്ധനം

മത്സ്യബന്ധനത്തിനു് ഇത്രയേറെ സാദ്ധ്യതയുള്ള പ്രദേശങ്ങൾ മററു് അനവധിയില്ല. 1870—ൽ ഡാ. ഡേ (Dr. F. Day) ഇവിടം സന്ദർശിച്ചു മത്സ്യവിഭവങ്ങളെപ്പററി ശാസ്ത്രീയമായി അന്വേഷണം നടത്തി. ആൻഡമാൻദ്വീപുകൾക്കു ചുററുമുള്ള കടലിൽ സാമ്പത്തികപ്രാധാന്യമുള്ള

അനവധി മത്സ്യങ്ങളുണ്ടെന്നുള്ള വിശ്വാസത്തെ അദ്ദേഹത്തിന്റെ നിരീക്ഷണങ്ങരം സ്ഥിരീകരിച്ചു. അതിനുശേഷം 1928–ലും (Rao & Hora), 1932–ലും (Mukerji), 1939–ലും (Herre) ഇത്തരം അന്വേഷണങ്ങരം നടത്തിയിട്ടുണ്ട്. ഈ പര്യടനങ്ങരം പ്രധാനമായി മത്സ്യവിഭജനപ്രവത്തനത്തിനായിരുന്നു ശ്രദ്ധിച്ചതു്.

ആൻഡമാനിൻെറ ചുററുമുള്ള കടലിൽനിന്നു് ഇരുനൂറോളം ജാതികളിൽപ്പെടുന്ന മത്സ്യങ്ങരം സാധാരണ പിടിക്കാറുണ്ടെന്ന സംഗതി സ്മരിക്കുമ്പോരം മത്സ്യസമൃദ്ധിയുടെ രൂപം ഏതാണ്ടു് ഊഹിക്കാവുന്നതാണു്. എന്നാൽ ഇതിൽ മുപ്പത്തിമൂന്നിനങ്ങരം മാത്രമേ കുറഞ്ഞതോതിലെങ്കിലും പിടിച്ചു പ്രയോജനപ്പെടുത്താറുള്ളു. ശാസ്ത്രീയമായ അടിസ്ഥാനത്തിൽ മത്സ്യബന്ധനം സംവിധാനംചെയ്താൽ ആസന്നഭാവിയിൽ ആണ്ടുതോറും 2,000 കണ്ടി മത്സ്യം കരയ്ക്കു കയററാവുന്നതാണെന്നാണു വിദഗ്ദ്ധാഭിപ്രായം.

മത്തി, അയല, കണമ്പു് മകരശ്രാവു്, അടവാലൻ തിരണ്ടി, നാവേട്ട, പൂമീൻ, ആവോലി, ചൂര, കണമീൻ, വരിമീൻ, അയക്കോര, ചെമ്മീൻ, ബാമീൻ തുടങ്ങിയവയാണു കൂടുതൽ പിടിക്കാറുള്ളതു്. പ്രകൃതിവിഭവങ്ങരം കണക്കിലെടുത്താൽ മത്സ്യവ്യവസായത്തിനാണു് ഇവിടെ ഒന്നാംസ്ഥാനം ലഭിക്കേണ്ടതു്. എന്നാൽ ആ പദവി ഇതിനു് ഇവിടെ ഉണ്ടാകുവാൻ കാലം ഇനിയും എത്ര കഴിഞ്ഞാലൊക്കും?

ഇന്ത്യാസമുദ്രത്തിലെ ഏററവും വിഭവസമൃദ്ധമായ മേഖലയാണു് ഇവിടം. കടലും ഉരംക്കടലുകളും ചേന്നു കടൽതീരം അത്യന്തം വ്യാപ്തിയുള്ളതായി സ്ഥിതിചെയ്യുന്നു. വൈവിദ്ധ്യമാന്ന മത്സ്യജീവിതത്തിനു് എല്ലാ സാഹചര്യങ്ങളും ഇവിടെ ഉണ്ടു്.

ഇന്നാട്ടുകാരായ മത്സ്യത്തൊഴിലാളികരം ഇവിടെയില്ല. അവരവരുടെ ആവശ്യത്തിനുവേണ്ടി ആദികാലംമുതൽ മീൻപിടിച്ചു പോരുന്നുണ്ടു്. എന്നാൽ അതൊരു ആദായമാഗ്ഗമായിത്തീരുവാൻ ഇവിടെ ഇടവന്നില്ല. അതിനാൽ മത്സ്യവ്യവസായത്തിൻെറ ഹരി ശ്രീ മുതൽ ഇവിടെ ആരം

ഭിക്കേണ്ട പരിതഃസ്ഥിതിയാണു കുറച്ചുകാലം മുമ്പുവരെ ഉണ്ടായിരുന്നത്. മീൻപിടുത്തത്തിനു പേരുകേട്ട പ്രദേശങ്ങളിൽനിന്നു മത്സ്യത്തൊഴിലാളികളെ ഇങ്ങോട്ട് ആകർഷിക്കുവാൻ കൂടുതലായി സാധിച്ചാൽ, അതു ദേശീയസമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുമെന്നു തീർച്ചയാണ്. കേരളത്തിൽനിന്നു കുറെ തൊഴിലാളികൾ ഇവിടേക്കു വന്നിട്ടുണ്ട്. ആധുനികരീതിയിലുള്ള മത്സ്യബന്ധനമുറകൾ സാധാരണമായിത്തീരുമ്പോൾ ഇന്നത്തേതിൽ എത്രയോ മടങ്ങു മത്സ്യം ലഭ്യമായിത്തീരും. 1963—64-ൽ 158 കണ്ടി മത്സ്യം മാത്രമാണു തെക്കെ ആൻഡമാനിൽ പിടിച്ചത്! ഇതിൽ ഏറിയ പങ്കും ചൂണ്ടയിട്ടാണു പിടിച്ചിട്ടുള്ളതും!

സ്രാവ് ഇവിടത്തെ കടലിൽ വളരെ ഉണ്ട്. ചില സ്ഥലങ്ങളിൽ കുളിക്കാനിറങ്ങുന്നത് എത്രയും അപകടകരവുമാണ്. കണ്ണൻകൊട്ടി (Sphyrna blochii), ചട്ടിത്തലയൻ (Sphyrna zygaena), ചടയൻ (Sphyrna tudes), കൊരങ്ങൻ (Chilloscyllium griesum), ഉടുമ്പുസ്രാവ് (Stegostoma Fasciatum), കള്ളസ്രാവ് (Galeocenda articus), മൂക്കൻസ്രാവ് (Eulamia melanoptera), പാൽസ്രാവ് (Scoliodon palsorra) തുടങ്ങിയവ ഇതിൽ പെടും. സ്രാവിന്റെ യകൃത്തിൽനിന്നു സംഭരിക്കാവുന്ന നെയ്യ് ജീവകപ്രധാനമത്രേ. സ്രാവുതോൽ വിലപിടിപ്പുള്ള വസ്തുതന്നെ. ഇറച്ചിയും പത്രവും (Fin) പ്രിയപ്പെട്ട ആഹാരം പാകംചെയ്യാൻ ഉപകരിക്കുന്നു. ആപൽക്കാരികളായ സ്രാവുകളെ ഇങ്ങനെ ഏതെല്ലാം തരത്തിലാണ് ഉപയോഗപ്പെടുത്താവുന്നത്!

## സാംസ്കാരികരംഗം

വിവിധസാംസ്കാരികമേഖലകളിൽനിന്നുള്ള ജനങ്ങൾ കൂടിക്കലർന്നു ജീവിക്കുന്നതിനാൽ വിഭിന്നങ്ങളായ ഘടകങ്ങളുടെ സമന്വയത്തിനു് ഇവിടെ താരതമ്യേന കൂടുതൽ സാദ്ധ്യതകളുണ്ട്. ഇതു യഥാർത്ഥത്തിൽ സംഭവിച്ചിട്ടുമുണ്ട്. വൻകരയിൽ പലയിടങ്ങളിലും ശാപമായി നിലനില്ക്കുന്ന വർഗ്ഗീയത ഇവിടെ ഇല്ല. എന്നാൽ അടുത്തകാ

ലത്തു ചില സാമൂഹ്യവിരുദ്ധന്മാരുടെ സ്വാത്ഥതാൽപര്യ ത്താൽ ഈ വിഷബീജത്തെ ഇവിടത്തെ അന്തരീക്ഷത്തി ൻെറ പരിശുദ്ധി തകക്കാൻ കടത്തിവിടാൻ ശ്രമങ്ങരം നട ക്കുന്നുണ്ടു്. അധികാരികളും ബഹുജനങ്ങളും ഇക്കാര്യത്തിൽ ജാഗ്രതയോടെ വത്തിച്ചില്ലെങ്കിൽ ആപത്തുണ്ടാകും. ഒരു കുടുംബത്തിൽത്തന്നെ വിഭിന്നജാതികളിൽ പെടുന്നവരെ ഇവിടെ കാണാം. ആരും അന്യോന്യം ജാതിതിരക്കുന്ന പ തിവും ഇല്ല. വിവാഹബന്ധത്തിനും ജാതി ഒരു തടസ്സ മല്ല. ഒരു കുടുംബത്തിൽത്തന്നെ ഹിന്ദുവും ക്രിസ്ത്യാനിയും മുസൽമാനും എല്ലാം വിവാഹം ചെയ്തും മറ്റും ജീവിക്കുന്നതു് വിരളമല്ലതാനും.

പോർട്ട്ബ്ളെയറിലാണു് സാംസ്കാരികപ്രവത്തന ങ്ങളുടെ കേന്ദ്രങ്ങരം സ്ഥാപിതമായിട്ടുള്ളതു്. മലയാളി കഠംക്കു്, വളരെ ഭംഗിയായി പ്രവത്തിക്കുന്ന ഒരു കേരള സമാജമുണ്ടു്. നാടകങ്ങരം, നാടൻകലകഠം, സാഹിത്യ സമ്മേളനങ്ങരം, ആഘോഷങ്ങരം തുടങ്ങിയവ ഇവർ സം ഘടിപ്പിക്കാറുള്ളതു് പ്രത്യേകം പറയേണ്ട സംഗതിയാ ണു്. കേരളസമാജംവകയായി ഒരൊന്നാന്തരം കെട്ടിടം പണിതീത്തിട്ടുണ്ടു്.

ഇതുപോലെ തമിഴക്കു തമിഴർസംഘവും, ബംഗാളി കഠംക്കു് അതുൽസ്മൃതിസമിതിയും, ഹിന്ദിക്കാക്കു് ഹിന്ദി സാഹിത്യകലാപരിഷത്തും ഉണ്ടു്. വിഭിന്ന സാംസ്കാരിക വിഭാഗങ്ങളുടെ താല്പര്യങ്ങരം കുറെ അധികം ഇവ കൈ കാര്യം ചെയ്യുന്നുണ്ടു്.

ആൻഡമാൻ പീപ്പിഠംസ് ആട്ട്സ് ക്ലബ് എന്ന സാംസ്കാരികസംഘടന വിഭിന്ന സാംസ്കാരികവിഭാഗ ങ്ങളിൽ പെടുന്നവരെ ഒന്നിച്ചു കോത്തിണക്കി പ്രവത്തി ച്ചുവരുന്നു. ഹിന്ദി, തമിഴ്, തെലുങ്കു്, മലയാളം എന്നീ ഭാഷകളിലുള്ള കലാരൂപങ്ങരം ഇവരുടെ ആഭിമുഖ്യത്തിൽ വിദഗ്ദ്ധമായി അവതരിപ്പിക്കുന്നതു് സാധാരണമാണു്.

21

# ജന്തുലോകം

ശാസ്ത്രജ്ഞന്മാരും വിജ്ഞാനകുതുകികളും ആൻഡമാൻ ദ്വീപുകളെ ആദ്യകാലംതൊട്ട് വളരെ താല്പര്യത്തോടെ വീക്ഷിച്ചിട്ടുണ്ട്. എങ്കിലും ഇവിടത്തെ ജന്തുക്കളെയും സസ്യങ്ങളെയും അവ അർഹിക്കുന്ന തോതിൽ ആധികാരികങ്ങളായി പഠിച്ചുകഴിഞ്ഞോ എന്നു സംശയമാണ്. പഴയകാലത്തെ ധീരസാഹസികന്മാർ സമാഹരിച്ചിട്ടുള്ള വിവരങ്ങളാണ് ഇന്നും അധികമുള്ളത് എന്നു പറയാം. അവയൊക്കെ എത്രമാത്രം ശരിയാണെന്നു നിശ്ചയിക്കുന്നതിനും കൂടുതൽ കാര്യങ്ങൾ ശേഖരിക്കുന്നതിനും വൻതോതിലുള്ള പര്യടനങ്ങൾ ആവശ്യമായിട്ടുണ്ട്. മററെല്ലാററിലും എന്നപോലെ ഇവിടെയും ആത്മാർത്ഥതയുള്ള അദ്ധ്വാനശീലരെ പ്രതീക്ഷിച്ച് ഇവിടത്തെ കന്നിമണ്ണ് കാത്തിരിക്കുകയാണ്. ഗ്രേററ് നിക്കോബറിലെ വിവരങ്ങൾ ശേഖരിക്കുന്നതിനും മാതൃകകൾ സമ്പാദിക്കുന്നതിനും വേണ്ടി 1965—66–ൽ ഒരു വിദഗ്ദ്ധസംഘം പര്യടനം നടത്തുകയുണ്ടായി. ഇതു് എത്രയും സ്വാഗതാർഹമായ ഒരു സംഗതിയാണെന്നു് എടുത്തു പറയേണ്ടതില്ല. വിവിധവിജ്ഞാനശാഖകളിൽ വൈദഗ്ദ്ധ്യം സമ്പാദിച്ച ഭാരതീയശാസ്ത്രജ്ഞന്മാർ അന്നു് സമാഹരിച്ച വസ്തുതകൾ കണക്കിലെടുക്കുമ്പോൾ, ഇനിയും അറിയപ്പെടേണ്ട സംഗതികൾ എത്രമാത്രമാണെന്നു് ഊഹിക്കാം. ആൻഡമാൻ ദ്വീപുകളിലും കൂലങ്കഷങ്ങളായ പഠനങ്ങൾ പലതും നിർവ്വഹിക്കുവാൻ ഇപ്രകാരമുള്ള പര്യടനങ്ങൾ വേണ്ടിവരുമെന്നു തീർച്ചയാണ്. വിജ്ഞാനശാഖകൾക്കു് ഇതുവഴി നല്കുന്ന മുതൽക്കൂട്ടിനു് ഭാവിതലമുറകൾ നമ്മോടു കടപ്പെട്ടിരിക്കും.

ജന്തുമാതൃകകൾ ശേഖരിക്കാനും ശാസ്ത്രീയമായി പഠിക്കുവാനും വിഭജിക്കുവാനും പരിശ്രമിച്ച പുരോഗാമികളിൽ

പ്രമുഖൻ ഡോ. വോൺ ലിയ്ബിഗ് (Dr. G. Von Leibig) ആയിരുന്നു. അദ്ദേഹത്തിൻെറ പഠനഫലങ്ങരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ് ഈ ശാഖയിൽ നമുക്കു കണ്ടെത്താവുന്ന ആദ്യത്തെ പ്രസിദ്ധീകരണം.[1] ഇതു കഴിഞ്ഞാൽ പഴയകാലത്തു് ഗണ്യമായി മാതൃകകരം സമ്പാദിച്ച വിദഗ്ധൻ ഹോഡ്ജ് (Captain T. H. Hodge) ആണ്. പക്ഷികളെ പ്രത്യേകമായി നിരീക്ഷിച്ച ഒരു വ്യക്തിയാണ് ടൈററ്ലർ (Lt. General Tytler). അദ്ദേഹം പോർട്ട്ബ്ളെയറിലെ ഗവണ്ണർ ആയിരുന്നു. ഇന്ത്യൻ നാഷനൽ കാൺഗ്രസ്സിൻെറ സ്ഥാപകനും പിതാവും എന്നു പ്രശസ്തനായിട്ടുള്ള അല്ലൻ ഒക്ടേവിയൻ ഹ്യൂം (A. O. Hume) ഈ ദ്വീപുകളിലെ പക്ഷിവൃന്ദങ്ങളെ പഠിക്കുവാൻ വളരെ ശ്രമിച്ചിട്ടുണ്ടെന്ന വസ്തുത പ്രത്യേകം പറയേണ്ട സംഗതിയാണ്. 1872–ൽ പക്ഷിമാതൃകകരം ശേഖരിക്കുന്നതിനുവേണ്ടി ഡാവിസൺ എന്ന പ്രവർത്തകനെ ദ്വീപിലേക്കു് അദ്ദേഹം നിയോഗിച്ചു. ഡാവിസൺ രണ്ടായിരത്തോളം പറവകളെ ആറുമാസംകൊണ്ടു് സമ്പാദിച്ചു. 1873–ൽ സുഹൃത്തുക്കളോടുകൂടി ഹ്യൂം ഒരു മാസം ദ്വീപുകളിൽ പര്യടനം നടത്തി. ഈ സഞ്ചാരത്തെ സംബന്ധിച്ച് വിശദവും രസകരവും ആയ വിവരണം അടുത്ത കൊല്ലം പ്രസിദ്ധപ്പെടുത്തി. മുൻകാലങ്ങളിലെ ശേഖരങ്ങളെപ്പററിയുള്ള വിശദമായ വസ്തുതകളും അതിൽ ഉരംക്കൊള്ളിച്ചിരുന്നു.[2]

ആദ്യകാലത്തു് ഇത്തരം പ്രയത്നങ്ങരം സജീവമായിരുന്നുതാനും. എന്നാൽ പിന്നീടു് അതു മന്ദീഭവിച്ചെന്നു പറയാം. ബട്ട്ലർ (Butler 1899, 1900), ആബട്ടും ക്ലോസ്സും (Abbot & Kloss 1903), ഓസ്മാസ്ടൻ (Osmaston 1905—1908) എന്നിവരുടെ പ്രവർത്തനങ്ങളാണ് ഗണ്യങ്ങളായവ. ഇതിനുശേഷം പ്രധാനപ്പെട്ട പരിപാടികരം പറയത്തക്കതായിട്ടില്ല.

അപകടകാരികളായ സസ്തനികരം (മനുഷ്യനെ ഒഴി

---

1 Journal of Asiatic Society 1958, Page 267.

2 Additional Remarks on Avifauna of the Andamans by A. O. Hume (Stray Feathers-1) 1873.

വാക്കിയാൽ!) ഇവിടെ ഒന്നുമില്ലതന്നെ. പന്ത്രണ്ടു ജാതി പാമ്പുകളോളം കണ്ടെത്തിയിട്ടുണ്ട്. സൂര്യപ്പാമ്പ് (Xeno-peltis unicolor) ഒളിവണ്ണമുള്ളവയാണ്. പുനംതോണ്ടി കൃഷിയിടങ്ങളിലും കുറ്റിക്കാടുകളിലും ജീവിക്കുന്നു. ആൻഡമാൻദ്വീപുകളിൽനിന്നുമാത്രമേ ഇതിനെ കണ്ടെത്തിയിട്ടുള്ളു. വിഷമില്ലാത്ത ഈ പാമ്പ് തനി സ്വദേശിതന്നെ. ചുവപ്പുവാലനാണ് മറ്റൊന്ന് (Elaphe Oxylephala Boie). ആൻഡമാൻവനങ്ങളിൽ ധാരാളമായിക്കാണാം; കടലോരങ്ങളിൽ പ്രത്യേകിച്ച്. വിഷമുള്ളതല്ല. വിഷമില്ലാത്ത മറെറാരിനമാണ് തടിപ്പാമ്പ് (Oligodon woodmasoni). അപകടകാരായ ഇനങ്ങളും ഇല്ലാതില്ല. ഇതിൽ പ്രധാനിയാണ് മൂർഖൻ (Naja naja Lin). വനങ്ങളിൽ വേലചെയ്യുന്നവരെ ഭയപ്പെടുത്തുന്ന ഒന്നാണ് പിററ്വൈപ്പർ(Pitviper). എന്നാൽ ഇതിൻെറ കടി മാരകമല്ല. കടൽപ്പാമ്പുകളുടെ കാര്യവും ഇവിടെ പറയട്ടെ. ഇന്ത്യയിൽ അത്യന്തം അപൂർവ്വമായ ഒരു കടൽപ്പാമ്പ് (Laticanda Colubrina) ഇവിടത്തെ കടലിൽ ധാരാളം കണ്ടിട്ടുണ്ട്. ഇവിടെ മാത്രമുള്ള ഒരുജാതി (Trimerssurus purperomaenlatus andersoni)യുടെ കാര്യം ഇവിടെ പരാമർശിക്കട്ടെ.

വീട്ടുപല്ലികൾ ധാരാളമുണ്ട്—ചെറുതും വലിയതും. അവയുടെ ശബ്ദം മറെറങ്ങും കേട്ടിട്ടില്ലാത്തതരത്തിൽ കേൾക്കുകയും ചെയ്യും. വീടുകളുടെ തട്ടിലും മററും സ്വൈരമായി പ്രാണികളെ പിടിച്ചുതിന്നു വളരുന്ന പല്ലിയെ (Hemidaetylus brooki) നിരീക്ഷിക്കുവാൻ നല്ല നേരമ്പോക്കാണ്. മറെറങ്ങും കണ്ടിട്ടില്ലാത്ത പച്ചനിറമുള്ള ചെറിയ പല്ലിയെ ഇവിടെ എനിക്കു കാണാൻ സാധിച്ചു. പോർട്ട് ബ്ളെയറിലും ഫെറാർഗഞ്ചിലും ഇതിനെ കാണുകയുണ്ടായി. പച്ചിലപോലെ ഹരിതനിറമുള്ള ഇതു് അഴകുള്ള ഒരു ജീവിയാണ്. ചെടികളിൽ ജീവിക്കുന്ന മറെറാരു ജാതിയെ (Calotes Versicolor)യും കാണാൻ വിഷമമില്ല.

ഓന്തു് താരതമ്യേന കുറവാണ്. എങ്കിലും ഇല്ലാതില്ല.

മുതലയും ചീങ്കണ്ണിയും വടക്കെ ദ്വീപിലാണു കൂടുത

ലുള്ളത്. പ്രത്യേകിച്ച് Crocodilus porosus, Crocodilus palustris എന്നിവ.

ആഹാരത്തിനുതകുന്ന കടലാമ (Chelonia mydas) ധാരാളമുണ്ട്. ഇതിൻെറ തോടിനു് നല്ല വില കിട്ടും.

ഭാരതത്തിൽ ധാരാളം കാണുന്ന തവള (Rana cyano-phylyetis) ഇവിടെയുണ്ട്. അതുപോലെ മററു ജാതികളും ഇല്ലാതില്ല.

കാട്ടുകളിൽ സാധാരണ കാണാറുള്ള കാട്ടുപന്നി (Sus scrofa andamanensis) ആണു് ഏററവും വലിപ്പമുള്ള സസ്തനജീവി. ഭാരതത്തിലെ കാട്ടുപന്നിയുമായി താരതമ്യപ്പെടുത്തിയാൽ ഇതു് ആകാരത്തിൽ എത്രയോ ചെറുതാണു്. മുപ്പതുമുതൽ എണ്പതുവരെ റാത്തൽ മാത്രമാണു് ഇവയുടെ തൂക്കം. ഭാരതത്തിലെ പന്നികൾ മുന്നൂറു റാത്തലോളം തൂക്കം വരും. ആദിവാസികളുടെ ആഹാരമായിത്തീരുന്ന ജീവിയാണിതു്. ഒരുതരം കാട്ടുപൂച്ചയെ (Paradoxurus tyleri)കണ്ടിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അതു് എത്രമാത്രം ശരിയാണെന്നു നിശ്ചയിക്കുക വിഷമംതന്നെ.

വൻകരയിൽ ഇല്ലാത്ത പക്ഷികൾ താരതമ്യേന കുറവാണു്. പരാമർശനമർഹിക്കുന്നവയും ഇല്ലാതില്ല. എന്നാൽ, ഭാരതത്തിലെ പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തിയാൽ പറവകൾ കുറവുതന്നെ. ഏതാണ്ട് 225 ജാതികൾ ഇവിടെ തരംതിരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ബോംബെ മേഖലയിൽ ഇവ നാനൂറിലധികം ആണെന്നു പറയുമ്പോൾ ഇവിടത്തെ കുറവിൻെറ തോതു് ഊഹിക്കാം.* വാവൽ ധാരാളം കാണാം. ഇവയിൽ എത്രയെണ്ണം തനിസ്വദേശികളാണെന്നു പറയാൻ കഴിവില്ല. വർഗ്ഗനിർണ്ണയം ശരിക്കു നടന്നിട്ടുമില്ല. ഇതിൽ ഒന്നു് (Cynoterus brachyotis brachysoma) ഇവിടത്തെ പ്രത്യേകതയാണെന്നറിയാം.

ദേശാടനക്കാരായ പക്ഷികൾ ചിലതു് ഈ ദ്വീപുകൾ ചിലകാലങ്ങളിൽ താവളമാക്കാറുണ്ട്.

ഉടുമ്പു്, കാട്ടുകളിൽ കുറവല്ല. തേമാങ്കുകളെ കണ്ടിട്ട

* The Birds of Andaman and Nicobar Islands by Humayun Abdulali. (1965)

ള്ളതായി ചിലർ പറയാറുണ്ടെങ്കിലും അതിൻെറ നിജ സ്ഥിതിയെക്കുറിച്ച സംശയിക്കാതെ തരമില്ല. വാനരങ്ങൾ തീരെയില്ല.

ചിത്രശലഭങ്ങൾ എത്ര വേണമെങ്കിലും ഇവിടെ കാണാം. വൈവിദ്ധ്യമാന്ന, വർണ്ണാങ്കിതങ്ങളായ, മനോഹര ജീവികളെ പ്രഭാതത്തിൽ നോക്കിക്കൊണ്ടിരിക്കുന്നതു വിനോദംതന്നെ. എന്നാൽ ഇവയേക്കാൾ ഏറെ രാത്രിയിലെ ശലഭങ്ങൾ (moths) ആണ്.

വൻകരയിൽനിന്നു ഇവിടെ വരുന്നവക്കു ഭയവും വെറുപ്പും ഉളവാക്കുന്ന പഴുതാരകൾ (Scolopendra) പലതരത്തിലുണ്ട്. ഇത്രയധികം വലുപ്പം ഉള്ളവയെ മററവിടെയും കാണാൻ സാധിച്ചിട്ടില്ല.

വന്യജന്തുക്കൾ കുറവാണെന്നു മുമ്പു സൂചിപ്പിച്ചല്ലോ. വരത്തനെങ്കിലും വളരെ പ്രാധാന്യമുള്ള ഒരുത്തനെപ്പറ്റി— മാനിനെപ്പററി—ഇവിടെ സ്മരിക്കാതിരിക്കുവാൻ കഴിയുകയില്ല. അത്രയധികം സാമ്പത്തികപ്രാധാന്യം അവ ആജ്ജിച്ചിരിക്കുന്നു. പുള്ളിമാൻ (Cervus unicolor), കുരമാൻ (Muntiacus muntijak) തുടങ്ങിയവയാണു കൂടുതൽ. വിളകൾ നശിപ്പിക്കുന്നതിൽ ഇത്രയും പങ്കുള്ള മറ്റൊരു ജീവി ദ്വീപിലില്ല. മാനിനെ ഇവിടെ കൊണ്ടുവിടുന്നതുവരെ ഇത്തരം ജന്തുക്കൾ ഇവിടെ ഉണ്ടായിരുന്നില്ല. പ്രകൃതിശത്രുക്കളില്ലാത്ത സാഹചര്യത്തിൽ, മാൻ കണക്കില്ലാതെ പെരുകി. മനുഷ്യൻെറ മനഃപൂർവ്വമുള്ള നടപടികൾകൊണ്ട്, തികച്ചും നിരപായക്കാരായ ജീവികളും സസ്യങ്ങളും മററും പുതിയ ചുററുപാടിൽ കടുത്ത വിനകളായി പരിണമിക്കാറുണ്ട്.* ഇതിനു എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാനുണ്ട്. യൂറോപ്പിൽനിന്നു ന്യൂസിലണ്ടിൽ കൊണ്ടെത്തിച്ച ചില സസ്യങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിക്കട്ടെ. വെള്ളക്കാർ എത്തുന്നതുവരെ, ആസ്ത്രേലിയയിൽ മുയലുകൾ ഉണ്ടായിരുന്നില്ല. എന്നാൽ അവർ അതിനെ അവിടെ എത്തിച്ചതോടെ ഒരു പുതിയ സാഹചര്യം

* ഗ്രന്ഥകാരൻെറ 'പുതിയ ചക്രവാളങ്ങൾ' കാണുക. പുറം 12.

രൂപംകൊള്ളാൻ തുടങ്ങി. പ്രകൃതിശത്രുക്കൾ ഇല്ലാത്ത ചുററു പാടിൽ മുയൽ ക്രമാതീതമായി പെരുകി. അവിടെ അത്യ ധികം നാശനഷ്ടങ്ങൾ അവ വരുത്തിത്തുടങ്ങി. മുയലുകളു ടെ മുന്നേററം തടയാൻ ഇന്നു മനഃപൂർവ്വം പദ്ധതികൾ സംവി ധാനം ചെയ്തിരിക്കുന്നു! ജമേക്കയിൽ കടത്തിവിട്ട കീരി യുടെ കഥയും ഇതുതന്നെയാണു പറയുന്നത്. ഇതുപോലെ യാണ് ആൻഡമാൻദ്വീപുകളിലെ മാനിൻെറ അവസ്ഥ യും. ഹിംസ്രജീവികളെ നേരിടാൻ അവസരമില്ലാത്തതു കൊണ്ട് ഇവ ക്രമാതീതമായി വളർന്നു പെരുകിയിരിക്കുന്നു. ഇന്നു മാൻ ഇവിടെ ഒരു വിപത്താണ്. കർഷകർ ഇത്രയേ റെ വെറുക്കുന്ന മറെറാരു ജന്തുവില്ല. ഭാരതത്തിൽ നിരുപ ദ്രവിയായ, നിഷ്ക്കളങ്കതയുടെ പ്രതീകമായ, മാൻ ഇവിടെ കടുത്ത വിപത്താണെന്നു പറഞ്ഞാൽ അധികംപേരും വിശ്വസിച്ചെന്നു വരുന്നതല്ല. എങ്കിലും ഇതു പരമാർത്ഥ മാണ്.

ആഫ്രിക്കാക്കാരനായ കരയൊച്ചിൻെറ കഥയും ഇതു തന്നെയാണ് വ്യക്തമാക്കുന്നത്. ഇത് (Achatina fulica) ഇവിടെ കൊണ്ടുവിടപ്പെട്ട ഒരു പ്രാണിയാണ്. പ്രകൃതി ശത്രുക്കളുടെ അഭാവത്തിൽ ഇതും പെരുകി കടുത്ത വിന യായി ഭവിച്ചിരിക്കുന്നു. ആരാമച്ചെടികളെയും അടുക്കള ത്തോട്ടത്തേയും മാത്രമല്ല കൃഷിയിടങ്ങളിലെ വിളകളെയും ഇത് വൻതോതിൽ നശിപ്പിക്കുന്നുണ്ട്. ഈ പ്രാണിയെ നിർമ്മാർജ്ജനം ചെയ്യുവാൻ ഇവിടത്തെ കൃഷിവകുപ്പ് 'വാര ങ്ങൾ' സംഘടിപ്പിച്ചുവരുന്നുണ്ടെങ്കിലും വിജയം വിദൂര തയിൽ വിരാജിക്കുന്നതേയുള്ളു!

വലിയ കരഞണ്ട് (Cadisoma carnifex) തെക്കെ ആൻഡ മാനിലെ കടലോരങ്ങളിൽ സാധാരണമായി കാണുന്നു. കടൽപ്പശുക്കൾ (Dugong dugo) കടലുകളിൽ അപൂർവ്വമായി കാണാം.

സസ്തനികളെപ്പററി വിശദമായ ഒരു പഠനം പ്രസി ദ്ധപ്പെടുത്തിയിട്ടുള്ള മില്ലറുടെ അഭിപ്രായത്തിൽ കടൽപ്പശു ക്കളും വാവലും ഒഴിച്ച് മറെറല്ലാം മനഃപൂർവ്വവും അല്ലാ

തെയും മനുഷ്യർ ഇവിടെ കടത്തിക്കൊണ്ടു വന്നിട്ടുള്ളവയാണു്.*

സസ്തനികളിൽ ഏതാണ്ടു് ഇരുപതു ജാതികൾ (Species) മാത്രമേ ഇവിടെയുള്ളു. ഇതിൽ പന്ത്രണ്ടെണ്ണം ദ്വീപുകളിൽ മാത്രമേയുള്ളുതാനും. വൻകരയുമായി ദ്വീപുകൾക്കു് ബന്ധമുണ്ടായിരുന്നു എന്ന വാദത്തെ ദുർബ്ബലപ്പെടുത്തുന്നുണ്ടു്, ജന്തുക്കളുടെ വിരളത. ഭൂതലത്തിൽ സസ്തനികൾ പരിണാമപ്പെടുന്നതിനു മുമ്പാണു്, ഒരുപക്ഷേ, വൻകരയുമായി ബന്ധമുണ്ടായിരുന്നെങ്കിൽ, ഈ പ്രദേശം ഒററപ്പെട്ടുപോയതെന്നു മുമ്പു സൂചിപ്പിച്ചതു് ഓർമ്മിക്കുമല്ലൊ.

* Proceedings U. S. Nat. Mus. (1902) 24. 751—798.

★

# സഹായകഗ്രന്ഥങ്ങൾ


1 Adventures and Researches Among Andaman Islanders by F. J. Mouat (1863).
2 Aborginal Inhabitants of the Andaman Islands by E. H. Man (1883).
3 Notes on the Languages of the South Andamanese by M. V. Portman (1898).
4 History of Our Relations with the Andamanese, 2 Vols. (1899).
5 In the Andamans and Nicobars by B. C. Kloss. (1902).
6 Census Report 1901 by Sir R. C. Temple (1903).
7 Census Report 1931 by M. C. C. Bonington.
8 Census Report 1951 by A. K. Ghosh (1956).
9 Provincial Gazetteers of India: Andaman and Nicobar Islands (1909).
10 The Andaman Islanders by A. R. Brown.
11 On the Vegitation of the Andaman Islands by S. Kurz.
12 The Andaman Islands by F. A. M. Dass (1937).
13 Andaman Timbers by M. M. Srinivasan (1962).
14 Vocabulary of Dialects spoken in the Nicobar and Andamans by Roepstroff (1875).
15 The Spotted Deer by Gace West (1957).
16 Statistical Outline of Andaman and Nicobar Islands 1964—1965.
17 The Gondwana System and Related Formations by C. S. Fox—Memoirs Geological Survey of India Vol. LVIII (1931).
18 The Oceans Round India by R. B. S. Sewell (1937).
19 An Outline of the Vegitation of India by C. C. Calder (1937).
20 Contributions to the Flora of Andaman and Nicobar Islands by K. Thothathri—Bulletin of the Botanical Survey of India Vol. IV (1962).

21 Fishes of India by F. Day Vols. I & II (Reprint 1958).

22 Geographical Distribution of Indian Fishes by F. L. Hora Vol. V (197).

23 Four New Races of Birds From Andaman and Nicobar Islands by Humayun Abdulali.

24 The Birds of Andaman and Nicobar Islands by Humayun Abdulali (1962).

25 Echo From Andamans by Letters of Veer Savarkar (1947).

26 Census of India 1961 Vol. XVII Andaman and Nicobar Islands (1964).

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M 910 Acc. No. 28726

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 17 MAR 1971 | 11 JAN 1982 | 20 MAR 19 |
| 27 MAR 1971 | 4 MAY 1982 | 14 APR 1993 |
| 12 MAY 1971 | 15 MAY 1982 | 12 AUG 1994 |
| 1 SEP 1973 | 13 JUL 1982 | 8 DEC 1994 |
| 23 JAN 1975 | 29 APR 1983 | 4 OCT 1 |
| 5 SEP 1975 | 29 JUN 1985 | 27 AUG 1 |
| 21 OCT 1975 | 7 SEP 1986 | 15 AUG |
| 25 MAY 1976 | 19 NOV | |
| 26 NOV 1977 | 22 JUL 1989 | |
| 25 APR 1978 | | |
| 15 AUG 1978 | | |
| 22 AUG 1981 | | |
| 7 OCT 1981 | | |
| 23 NOV 1981 | | |

ന 910 28726

നരേന്ദ്രനാഥ്. ആർ. കോന്നിയൂർ

കുന്നിവണ്ണ്.

KOTTAYAM PUBLIC LIBRARY

Call No. M ൯൧൦ Acc. No. ൨൮൭൨

Author നരേന്ദ്രനാഥ് ബന്നൂർ ജേറിആർ

Title ദാനിമണ്ണ്